U8:1:N6
32K6·2

U8:1:N6
32K6.2
249669

MUL
249669

...IGAN BINDING ...KS
... COMM...

61

# മൂന്നു വൻകരകളിലൂടെ

(രണ്ടാം ഭാഗം)

(Malayalam)

Moonnu Vankarakalilute—Part II

JOURNEY ROUND THE WORLD

By K. P. S. MENON

Translated by

K. N. GOPALAN NAIR

First Published October 1966

Copies 3000

Printed at

INDIA PRESS, KOTTAYAM

Price Rs. 2.00

Copyright: Author

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOK STALL

Kottayam Kerala State India

249669
53342
U8:1:N6
32K6.2

# മൂന്നു വൻകരകളിലൂടെ

(രണ്ടാം ഭാഗം)

കെ. പി. എസ്. മേനോൻ

വിവർത്തനം

കെ. എൻ. ഗോപാലൻനായർ

UNIVERSITY LIBRARY
20 APR 1967
MADRAS

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം.

വില ക. 2·00

Published under the auspices of
the Southern Languages Book Trust, Madras.
The Trust is helped by the Government of
India, the South Indian State Governments
and Universities and the Ford Foundation.
Third Programme — Malayalam No. 17

Translation rights into Malayalam for this edition
assigned to: Sahitya Pravarthaka Co-operative
Society Ltd., Kottayam Kerala State

S1856 B1145 28/66-67 1-3000

# ആമുഖം

ദക്ഷിണഭാഷാബുക്ക്ട്രസ്റ്റ് തമിഴ്, തെലുഗു, മലയാളം, കന്നഡ എന്നീ ദ്രാവിഡഭാഷകളിൽ ഉത്തമ ഗ്രന്ഥങ്ങളുടെ വിവർത്തനം, പ്രകാശനം എന്നീ മണ്ഡലങ്ങളിൽ സ്തുത്യർഹമായ സാഹിതീസേവനം നടത്തിപ്പോരുന്നുവെന്നു കാണുന്നതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്.

ഭാഷാസംസ്ഥാനങ്ങളുടെ ആവിർഭാവം വിഘടനാവാസനകളെ ഉത്തേജിപ്പിക്കുന്നുവെന്ന സന്ദേഹത്തിനു പ്രാബല്യം ചില കേന്ദ്രങ്ങളിലെങ്കിലും സിദ്ധിച്ചുവരുന്ന ഈ ഘട്ടത്തിൽ പ്രസ്തുത ബുക്ക്ട്രസ്റ്റിന്റെയും അതുപോലുള്ള മററു സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ സാംസ്കാരികമണ്ഡലത്തിലുളവാക്കുന്ന വൈകാരികമായ ഏകമതീഭാവം വേണം ഇന്ത്യയുടെ സമഗ്രമായ ഐക്യത്തിനുതന്നെ സഹായം നല്കുവാൻ. മൂലദ്രാവിഡഭാഷയുടെ സന്താനങ്ങളെന്ന നിലയിൽ സഹോദരീഭാവമുള്ള ദക്ഷിണേന്ത്യൻഭാഷകൾ തമ്മിൽ ഉണ്ടാകുന്ന ഐക്യം ഭാരതത്തിലെ ഇതരഭാഷകളുമായി അവയ്ക്കു സാമീപ്യവും സമ്പർക്കവും വർദ്ധിപ്പിക്കുന്നതിനുതകുന്ന ഒരു പ്രധാനോപാധിയായിത്തീരുമെന്നുള്ളതു നിസ്തർക്കമാണു്. ചുരുക്കിപ്പറഞ്ഞാൽ ഏതു ദേശാഭിമാനിയായ ഭാരതീയനും പ്രിയംകരമായിരിക്കേണ്ട ഇന്ത്യയുടെ ഐക്യത്തിനു് ദക്ഷിണഭാരതീയരുടെ പ്രഥമസംഭാവനയാണു് ദക്ഷിണഭാഷാബുക്ക് ട്രസ്റ്റിന്റേതുപോലുള്ള സാഹിതീസപര്യ. ഈ സംഘ

ടനയുടെ പ്രവർത്തനങ്ങൾ ദക്ഷിണേന്ത്യൻഭാഷകളെ സമഞ്ജസമായി ഇണക്കിച്ചേർത്ത് പരോക്ഷമായെങ്കിലും ദേശീയചിത്തവൃത്തി നാട്ടാരിൽ രൂഢമൂലമാകവാൻ പ്രയോജകീഭവിക്കട്ടെ.

ദക്ഷിണഭാഷാബുക്ക്ട്രസ്റ്റിന്റെ പ്രവർത്തനപരിധി കൂടതൽ വ്യാപകവും പ്രകാശമാനവും പ്രയോജനപ്രദവുമാകട്ടെ എന്നാണ് എന്റെ ആത്മാർത്ഥമായ ആശംസ.

—പട്ടം താണുപിള്ള

# യൂറോപ്പ്

# ഉള്ളടക്കം


3. യൂറോപ്പ്

| | | |
|---|---|---|
| 1 | ലണ്ടൻ | 9 |
| 2 | ജർമ്മനി | 31 |
| 3 | ജനീവാ | 51 |
| 4 | ബൽഗ്രേഡ് | 59 |
| 5 | ബുഡാപ്പെസ്റ്റ് | 73 |
| 6 | മോസ്കോ | 93 |
| 7 | ക്രൈമിയാ | 111 |
| 8 | വീണ്ടും മോസ്കോ | 145 |
| | ഉപസംഹാരം | 156 |

UNIVERSITY LIBRARY
20 APR 1967
MADRAS

അദ്ധ്യായം മൂന്നു്

# യൂറോപ്പ്

## 1 ലണ്ടൻ

*ലണ്ടൻ, 1964 ആഗസ്റ്റ്, 12*

രാത്രിയിൽ ആറുമണിക്കൂർ പറന്നു് ഞങ്ങരം ന്യൂയോക്കിൽനിന്നു ലണ്ടനിലെത്തി. 9.30 P. M. നു് ന്യൂയോക്കിൽനിന്നു പുറപ്പെട്ട ഞങ്ങരം ന്യൂയോക്കു സമയക്കണക്കിൽ 3.30 A. M. നു്, അഥവാ ലണ്ടൻ ഗ്രീഷ്മകാലസമയം 9.30 A. M. നു ലണ്ടനിലെത്തി. ഇതിനു മുമ്പു ഞാൻ ന്യൂയോക്കിൽനിന്നു ലണ്ടനിലേക്കു വിമാനയാത്ര ചെയ്തിട്ടുള്ളതു്, ഐക്യരാഷ്ട്രസഭാ ജനറൽ അസംബ്ളിയുടെ പ്രഥമയോഗത്തിൽ പങ്കെടുക്കാൻ മിസിസ് പണ്ഡിററ് ഇൻഡ്യൻ പ്രതിനിധിസംഘാംഗങ്ങളുമൊത്തു പോയിരുന്ന 1946–ാമാണ്ടിലാണു്. അന്നു ന്യൂഫൗണ്ട്ലാൻഡിലെ ഗാൻഡർ എന്ന സ്ഥലത്തു രണ്ടു മണിക്കൂർനേരത്തെ താമസമുരംപ്പെടെ പതിനാറു മണിക്കൂർകൊണ്ടാണു് ഈ യാത്ര മുഴമിച്ചതു്. അററ്ലാൻറിക്ക് സമുദ്രം തരണംചെയ്യാൻ ആറു മണിക്കൂർ മതിയെന്നു വന്നിരിക്കുന്നു, ഇപ്പോരം. എത്ര പ്രമോദകരമായിരിക്കുന്നു ഇതു്! എങ്കിലും ഈ യാത്ര അല്പംകൂടെ ദീർഘിച്ചിരുന്നെങ്കിൽ എന്നു ഞാൻ ചിന്തിച്ചുപോയി. അങ്ങനെയെങ്കിൽ കുറേനേരംകൂടെ വിമാനത്തിലിരുന്നു് ഉറങ്ങാൻ കഴിഞ്ഞേനെ, ഞങ്ങരംക്കു്. എയർ ഇൻഡ്യാ, പതിവുപോലെ, ആഗ്രഹിക്കാവുന്ന എല്ലാ സൗകര്യങ്ങളും ഞങ്ങരംക്കു ചെയ്തുതന്നിരുന്നു. ഏതു രാജ്യത്തിനും അഭിമാനിക്കത്തക്ക സേവനമാണവരുടേതു്.

സൗമ്യമായൊരു ശിശിരത്തുവിനെത്തുടന്നു തെളിവുററ ഗ്രീഷ്മകാലം ലഭിക്കയാൽ അസാധാരണഭാഗ്യമനുഭവിക്ക

യാണു് ഇംഗ്ലണ്ടു് എന്നാണു ന്യൂയോർക്കിൽവച്ചു ഞങ്ങറം അറിഞ്ഞിരുന്നതു്. പക്ഷേ, ഞങ്ങറം വന്നിറങ്ങിയപ്പോഠം അന്തരീക്ഷമാകെ മൂടിക്കെട്ടിയ മട്ടിലായിരുന്നുവെന്നുതന്നെയല്ല, മഴ ചെറുതായിട്ടു ചാറുന്നുമുണ്ടായിരുന്നു. ''ഇംഗ്ലണ്ടിൽ sun-day ഇല്ല'' എന്ന കോളറിഡ്ജിന്റെ പ്രസ്താവന ഓർമ്മയിലെത്തിയ ഞാൻ, ലണ്ടൻ നഗരത്തിന്റെ സ്വാഭാവിക കാലാവസ്ഥതന്നെയിതു് എന്നു വിളിച്ചുപറഞ്ഞുപോയി. പലവർഷക്കാലം ഞാൻ മോസ്ക്കോവിൽ പാർത്തിരുന്നു എന്നറിയാമായിരുന്ന ഒരു ചെറുപ്പക്കാരൻ ഉദ്യോഗസ്ഥൻ പറഞ്ഞു: ''ഒരുവേള താങ്കറം റഷ്യയിലെ കാലാവസ്ഥകൂടെ കൂട്ടത്തിൽ കൊണ്ടുപോന്നതാവണം; ഇന്നലെവരെ, ഇവിടെ നല്ല സൂര്യപ്രകാശം നിറഞ്ഞ തെളിഞ്ഞ കാലാവസ്ഥയായിരുന്നുവല്ലോ.'' ''അതല്ല, ഇതു നിങ്ങളുടെ രാജ്ഞിക്കുവേണ്ടിയുള്ള പ്രത്യേക കാലാവസ്ഥയായിരിക്കണം,'' വിവാഹം, കിരീടധാരണം തുടങ്ങി രാജ്ഞിയുടെ ജീവിതത്തിലെ പ്രധാനപ്പെട്ട അവസരങ്ങളിലെല്ലാംതന്നെ മഴ പെയ്തുകൊണ്ടിരുന്നതായി കേട്ടിട്ടുള്ള ഓർമ്മവച്ചു ഞാൻ തിരിച്ചടിച്ചു. പല രാജ്യങ്ങളിലും പ്രചാരത്തിലിരിക്കുന്ന വിശ്വാസപ്രകാരം ശുഭലക്ഷണമാണതു്. പോളണ്ടിലെ ആദ്യത്തെ ഇൻഡ്യൻ അംബാസഡർ എന്ന നിലയിൽ ഞാൻ അധികാരപത്രം സമർപ്പിച്ചതിനെത്തുടർന്നു് ഉടനേതന്നെ മഴയാരംഭിച്ചു. അതു് ഇൻഡ്യയും പോളണ്ടും തമ്മിലുള്ള ബന്ധം മംഗളദായകമായി എന്നും നിലനില്ക്കാൻപോകുന്നതിന്റെ ലക്ഷണമാണെന്നു പ്രസിഡന്റ് സവാഡ്സ്കി (കഴിഞ്ഞ ആഴ്ചയിലാണു് അദ്ദേഹം നിര്യാതനായതു്.) അഭിപ്രായപ്പെടുകയുംചെയ്തു.

ഇവിടെ നമ്മുടെ ഹൈക്കമ്മീഷണർ ഡാക്ടർ ജീവരാജ് മെഹ്ത്തായുടെയും അദ്ദേഹത്തിന്റെ പത്നി ഹൻസാ മെഹ്ത്തായുടെയും അതിഥികളായിട്ടാണു് ഞങ്ങറം താമസിക്കുന്നതു്. ഞാൻ ഓക്സ്ഫോഡിൽ പഠിച്ചിരുന്ന കാലത്താണു് മിസിസ് മെഹ്ത്തായെ ആദ്യം കണ്ടിട്ടുള്ളതു്. ലണ്ടനിൽ പഠിച്ചുകൊണ്ടിരുന്ന അവർ അന്നു സന്ദർശനാർത്ഥം ഓക്സ്ഫോർഡിൽ വന്നിരുന്നതാണു്. ഇൻഡ്യക്കാ

രിയായ ഒരു പെൺകുട്ടിയുടെ ദശ്നം ഓക്സ്ഫോർഡിൽ അപൂവ്വലഭ്യമായ ഒരാനന്ദാനുഭവമായിരുന്നതിനാൽ, ഞങ്ങളെല്ലാം അവരുടെ ചുററും ചെന്നുകൂടി. ഇൻഡ്യയിൽ മടങ്ങിയെത്തി അവർ അതിസമത്ഥനായ ഒരു ഡോക്ടറെ പരിണയിച്ചു. മഹാത്മാഗാന്ധിയുടെ മാസ്മരാകഷ്ണത്തിനധീനരായ അവർ രണ്ടുപേരും, ഇൻഡ്യൻ സ്വാതന്ത്ര്യസമ്പാദനത്തിനുവേണ്ടി അദ്ദേഹം നയിച്ചിരുന്ന പ്രസ്ഥാനത്തിന്നു സ്വയം സമപ്പിച്ചു; രണ്ടുപേരും നമ്മുടെ രാഷ്ട്രീയ ജീവിതത്തിൻെറ വിവിധ തുറകളിൽ മായാത്ത കാല്പാടുകരം ശേഷിപ്പിച്ചിട്ടുമുണ്ടു്. എഴുപതിനുമേൽ പ്രായമായ ജീവരാജ് ഇപ്പോരം ലോകത്തിലെ നമ്മുടെ ഏററവും വലിയ നയതന്ത്രകാര്യാലയത്തിൻെറ തലവനാണു്; മാത്രമല്ല, അദ്ദേഹത്തെക്കാരം ചെറുപ്പക്കാരായ പലരേയും ലജ്ജിപ്പിക്കുമാറുള്ള കാര്യശേഷിയോടും ചുറുചുറുക്കോടുംകൂടെ പ്രവൃത്തിയെടുക്കുകയും ചെയ്യുന്നു.

ഹൈക്കമ്മീഷണറോടു് അദ്ദേഹത്തിൻെറ ചെറുപ്പകാലത്തുണ്ടായതായി കേട്ടിട്ടുള്ള ഒരു സംഭവത്തെപ്പററി ചോദിക്കാൻ ഞാൻ ധൈര്യപ്പെട്ടില്ല. കഥയിതാണു്. പഴയ കൂട്ടത്തിലെ പ്രശസ്ത ഭരണകാര്യവിചക്ഷണരിലൊരാളായിരുന്നു, ഹൻസയുടെ പിതാവായ സർ മനുഭായ് മെഹ്ത്താ. വിപ്ലവസംരംഭങ്ങളിൽ തൻെറ പെണ്മക്കരം ബന്ധപ്പെടുന്നതിനെപ്പററി കലശലായ വെറുപ്പുണ്ടായിരുന്ന അദ്ദേഹം ഒരു ദിവസം തന്റെ ജാമാതാക്കരം രണ്ടുപേരെയും ഇക്കാര്യംകൊണ്ടു നന്നായി ശകാരിച്ചു: ''നിങ്ങളെന്തെടുക്കുകയാണു് എൻെറ പെൺകുട്ടികളെക്കൊണ്ടു്? അവരെന്തൊക്കെ വഷളത്തമാണിക്കാണിക്കുന്നതു്? ജയിലിൽ പോകാൻപോലും കൂസലില്ലാതായല്ലോ അവക്കു്!'' എന്നിട്ടദ്ദേഹം വിലപിച്ചു: ''എത്ര നല്ല കുട്ടികളായിരുന്നതാണവർ; നല്ല അടക്കവും ഒതുക്കവുമുള്ള പെൺകിടാങ്ങരം!'' ''അങ്ങയുടെ സന്നിധിയിൽ അടക്കവുമൊതുക്കവുമുള്ളവരായിരുന്നിരിക്കാം അവർ,'' ജീവരാജ് പറഞ്ഞു: ''പക്ഷേ, അവരെ കൂടുതൽ നന്നായിട്ടറിയാവുന്നതു ഞങ്ങരംക്കാണല്ലോ!'' ഈ സംഭവത്തെപ്പററി ഞാൻ ഒരി

ക്കൽ എന്റെ ശ്വശ്രൂരൻ സർ ശങ്കരൻനായരെ പറഞ്ഞു കേരംപ്പിക്കയുണ്ടായി. അദ്ദേഹവും പഴയ കൂട്ടത്തിൽപ്പെട്ട പ്രമാണിയാണല്ലോ—ദേശഭക്തനെങ്കിലും രാജസ്ഥാനത്തോടു ഭക്തിയും കൂറുമുള്ള ആരം. അദ്ദേഹത്തിന്റെ മകളുമായുള്ള ബന്ധത്തിൽ എന്റെ നിലയും ഇതോടെ പരുങ്ങലിലായിപ്പോയിട്ടുണ്ടാകാം എന്നു ചിന്തിച്ചിട്ടാവണം, അദ്ദേഹം ആർത്തലറിച്ചിരിച്ചുപോയി.

കെൻസിങ്ടൺ പാലസ് ഗാഡ്ൻസിലാണ് നമ്മുടെ എംബസിമന്ദിരം നില്ക്കുന്നതു്. കോടീശ്വരകേന്ദ്രം (മില്യനേഴ്സ് റോ) എന്നാണ് ഈ സ്ഥലത്തെപ്പററി പറയാറുള്ളതെങ്കിലും, ഇപ്പോരം ഇവിടെ പാക്കുന്നതിൽ കോടീശ്വരപദവി അവകാശപ്പെടാവുന്ന ഏക വ്യക്തി, ഹൈദരാബാദിലെ നിലൂഫർ രാജകുമാരിയാണ്. ഒരൊററക്കോടീശ്വരനം ശേഷിപ്പില്ലാത്ത റഷ്യാരാജ്യത്തിന്റെവകയാണ് അവിടെയുള്ളതിൽ മൂന്നു മന്ദിരങ്ങരം. കോടീശ്വരന്മാർ പരമാവധി വെറുക്കുന്ന ഒരാളുടെ—സ്വതന്ത്രഭാരതത്തിന്റെ ആദ്യത്തെ ഹൈക്കമ്മീഷണറായിരുന്ന വി. കെ. കൃഷ്ണമേനോന്റെ—നിബ്ബന്ധമായ ശുപാശ്പ്രകാരം വാങ്ങിയതാണ് നമ്മുടെ എംബസി സ്ഥാപിച്ചിട്ടുള്ള മന്ദിരം. ഇംഗ്ലണ്ടിൽ കഴിച്ചുകൂട്ടിയിരുന്ന തന്റെ ക്ലേശഭൂയിഷ്ഠമായ ദീഘകാലജീവിതത്തിന്നു നിരക്കുംപടി ഹൈക്കമ്മീഷൻ ആഫീസിലെ ഒരു ചെറിയ അറമാത്രമാണ് അദ്ദേഹം സ്വന്തം ആവശ്യത്തിന്ന് ഉപയോഗപ്പെടുത്തിയിരുന്നതെങ്കിലും, തന്റെ രാജ്യത്തിന്റെ അന്തസ്സും അഭിമാനവും പുലത്തുവാൻതക്കവിധം ഏററവും വിശിഷ്ടമായൊരു കേന്ദ്രത്തിൽ ഏററവും വിശിഷ്ടമായൊരു മന്ദിരംതന്നെ വേണം ഹൈക്കമ്മീഷണരുടെ വസതിയും കാര്യാലയവുമായി തിരഞ്ഞെടുക്കേണ്ടതു് എന്നദ്ദേഹം കരുതി. അദ്ദേഹത്തിന്റെ ആ ചിന്താഗതി ശരിയുമാണ്.

അമേരിക്കയിലെ താമസംകൊണ്ടു തെല്ലൊന്നു താറുമാറായിപ്പോയ ഞങ്ങളുടെ സിരകരംക്കു് വളരെ ആശ്വാസദായകമായിരിക്കുന്ന, കെൻസിങ്ടൺ പാലസ് ഗാർഡൻസിലെ ശാന്തിപ്രദമായ അന്തരീക്ഷം. വാസ്തവം പറ

ഞാൽ ന്യൂയോക്കുമായി താരതമ്യപ്പെടുത്തുമ്പോരം ലണ്ടൻ നഗരമൊട്ടാകെത്തന്നെ പ്രശാന്തമോഹനമാണെന്നു തോന്നിപ്പോകുന്നു. ഇവിടെയും വാഹനങ്ങളുടെ ഗതാഗതം തിരക്കുററതുതന്നെയാണെങ്കിലും, അതു ന്യൂയോക്കിലെപ്പോലെ സംഭ്രമകരമോ സംത്രാസപ്രവണമോ അല്ലെന്നതുതന്നെ ഒരു കാരണം. ലോകത്തിലെ മറെറാരു നഗരത്തിനുമില്ലാത്തൊരു പൗരാണികമേന്മയും പ്രൗഢിയുമുണ്ടു് ലണ്ടന്നു്. ആധുനികജീവിതസമ്പ്രദായത്തിൻെറ സന്താനങ്ങളെന്നു വിശേഷിപ്പിക്കാവുന്ന അത്യുന്നതങ്ങളായ ബഹുനിലമന്ദിരങ്ങരം ഇവിടെ വളൎന്നുവന്നിട്ടില്ല; എങ്കിലും സൎവ്വവ്യാപിയായ ഹിൽററൺ ഹോട്ടൽ മുപ്പതുനില ഉയരത്തിൽ കിളൎന്നുനില്പുണ്ടുതാനും. ''സോപ്പുപെട്ടിയടുക്കിയമാതിരി ഇത്തരം കെട്ടിടങ്ങരം ഇവിടെ അധികമുണ്ടാകാതിരിക്കട്ടെ എന്നാണെൻെറ പ്രാൎത്ഥന,'' ഞങ്ങളുടെ കാറിന്റെ ഡ്രൈവർ പറഞ്ഞു.

ഓക്സ്ഫോർഡിൽ ചേൎന്നു പഠിക്കാൻ പോകാനായി 1918—ൽ ഞാനിവിടെ വന്നിറങ്ങിയകാലത്തുണ്ടായിരുന്ന പ്രതാപവും ഗൗരവവുമൊക്കെ ഏറെ നഷ്ടപ്പെട്ട നിലയിലാണു് ലണ്ടൻ ഇന്നു്. ലണ്ടൻതെരുവുകളിൽ ഇന്നു കാണുന്ന ആളുകളെ ഒരുനോക്കു നോക്കിയിട്ടു്, അവരെ, ഏതാനും ദശകങ്ങരംക്കുമുമ്പു് ഇവിടെ കാണപ്പെട്ടിരുന്നവരുമായി താരതമ്യപ്പെടുത്തിനോക്കിയാൽമതി, ഒരു മഹാസാമ്രാജ്യത്തിൻെറ തലസ്ഥാനമെന്ന പദവി ആ നഗരത്തിന്നു് എന്നേ നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു എന്നു് ആൎക്കും അനായാസമായി ബോദ്ധ്യപ്പെടാൻ, എന്നാണു് മോസ്കോവിലെ സ്വീഡിഷ് അംബാസഡറും നയതന്ത്രപ്രതിനിധികളിൽ മൂത്ത കാരണവരുമായിരുന്ന സോരംമാൻ എന്നോടു് ഒരവസരത്തിൽ പറഞ്ഞതു്. ഇന്നു് ആളുകരംക്കു വസ്ത്രധാരണത്തിൻെറ ചിട്ടയിലൊന്നും പഴയകാലത്തുണ്ടായിരുന്നത്ര നിഷ്കൎഷയില്ല. പണ്ടു് എല്ലാവരും ഹാററ് ധരിച്ചിരുന്നു; അധികവും ബൗളർ ഹാററ്. ഫ്ളാനൽ ട്രൗസേഴ്സും ട്വീഡ് കോട്ടും ധരിച്ചു്, ഹാററില്ലാതെ നടക്കുന്നതിൽ അഭിമാനിച്ചിരുന്ന ഓക്സ്ഫോർഡ്‌വിദ്യാൎത്ഥികളായ

ഞങ്ങൾപോലും ലണ്ടനിലെത്തുന്ന അവസരങ്ങളിൽ, ശ്രദ്ധ ഏരപ്പാളികളെന്നു ഗണിക്കപ്പെടാതിരിക്കാൻവേണ്ടി— ഇൻഡ്യക്കാൎക്ക ഹാററ് തീരെ ചേച്ചയല്ലെന്നിരുന്നിട്ടുപോലും—നിയമേന ഹാററ് ധരിച്ചുപോന്നു. ഹാററ് ധരിച്ചാൽ അഴകായിത്തോന്നിയിട്ടുള്ള ഒരേയൊരിൻഡ്യക്കാരൻ, അതുപയോഗിക്കാൻ കൂട്ടാക്കാത്ത ജവഹർലാൽ നെഹ്റുവായിരുന്നു. 1950–ൽ ഞങ്ങൾ അമേരിക്കയിൽ പോയിരുന്ന അവസരത്തിൽ ഇംഗ്ലീഷ് സൂട്ടും ഹാററുമായിരുന്നു അദ്ദേഹത്തിൻെറ വേഷം. നെഹ്റുവും ഐൻസ്റ്റീനും കൈകോൎത്തുപിടിച്ചു നില്ക്കുന്നനിലയിൽ അന്നെടുത്തതും അവർ രണ്ടുപേരുടെയും കൈയൊപ്പു ചാൎത്തിയതുമായ ഒരു ഫോട്ടോയാണ് ഏററവും വിലപ്പെട്ടതായികരുതി ഞാൻ ഭദ്രമായി സൂക്ഷിച്ചുപോരുന്ന സമ്പാദ്യങ്ങളിലൊന്ന്. സൗദിഅറേബ്യാ തുടങ്ങിയ രാജ്യങ്ങളിൽനിന്നെത്തിയിരുന്ന പല പ്രമാണികളും നൂറുകണക്കിലും ആയിരക്കണക്കിലുമൊക്കെ ഡോളർ ചെലവാക്കി അമേരിക്കയിൽനിന്ന് ഒട്ടധികം സാധനങ്ങൾ വാങ്ങിക്കൂട്ടിയപ്പോൾ ആകെക്കൂടെ പന്ത്രണ്ടു ഡോളറിൻെറ ഒരു ഹാററു മാത്രമാണു നെഹ്റു വാങ്ങിയത്. അനുജിക്ക് അങ്ങാടിയിൽ പോയി വല്ലതുമൊക്കെ വാങ്ങാനുള്ള ഭ്രമമിളകിക്കാണുമ്പോഴൊക്കെ—അതെത്ര മിതമായ തോതിലായാലും—ജവഹർലാൽ നെഹ്റു കാട്ടിത്തന്ന ഈ മാതൃക അവളെ ഓൎമ്മിപ്പിക്കുകയാണ് ഞാൻ ചെയ്യാറ്.

ഇംഗ്ലീഷുകാരുടെ പെരുമാററസമ്പ്രദായത്തിൽ വന്ന പ്രകടമായ മാററം, ലണ്ടനിലെ നാടകശാലയിൽവച്ചു പ്രത്യേകിച്ചും എൻെറ ശ്രദ്ധയെ ആകൎഷിച്ചു. പ്രത്യേക സന്ദർഭങ്ങൾക്കായുള്ള വിശേഷമട്ടിലുള്ള സൂട്ടും മററും ആരും ധരിച്ചുകണ്ടില്ല. പഴയകാലത്താണെങ്കിൽ, മുഖ്യസ്ഥലക്കുള്ള ഡ്രസ്സ് സൎക്കിൾ സീററുകളിലിരിക്കണമെന്നുള്ളവർ അത്തരം സൂട്ടുധരിച്ചിരിക്കണമെന്നതു നിൎബ്ബന്ധമായിരുന്നു; സ്ത്രീകൾ വിശേഷപ്പെട്ട മേലങ്കികളും വെട്ടിത്തിളങ്ങുന്ന ആഭരണങ്ങളും ധരിച്ചേ വരുമായിരുന്നുള്ളുതാനും. 'ശങ്കക്കാരൻ പ്രഭു' (The Reluctant Peer) എന്നതായിരുന്നു

ഞങ്ങൾ കണ്ട നാടകം. അതും ശരിക്കു് ഇന്നത്തേക്കാലത്തി ൻെറ പ്രാതിനിധ്യംവഹിക്കുന്നതായിരുന്നു. പ്രഭുപദവി വഹിക്കമൂലം പ്രധാനമന്ത്രിയാകാൻ നിവൃത്തിയില്ലാതിരി ക്കെ നിർബ്ബന്ധിച്ചു പ്രധാനമന്ത്രിയാക്കപ്പെട്ട സർ അലക് ഹോമിൻെറ സഹോദരൻ വില്യം ഡഗ്ലസ് ഹോമെഴുതിയ തായിരുന്നു നാടകം.

സ്വസഹോദരൻെറ ബിംബം മനസ്സിൽ വഹിച്ചുകൊ ണ്ടാണു നാടകകർത്താവു് അതെഴുതിയതെന്നു വ്യക്തമാക്കുന്ന ചില സൂചനകളും പ്രയോഗങ്ങളുമൊക്കെ ആ നാടകത്തിലു ണ്ടു്. വിക്ടോറിയൻകാലഘട്ടത്തിൻെറ അവശേഷിപ്പാ യ ഒരു കുശിനിക്കാരനെ ചിത്രീകരിച്ചിട്ടുണ്ടു്, അതിൽ. നാടകത്തിലെ ഏററവും രസംപിടിച്ച ഒരു കഥാപാത്രം അയാളാണു്. ''നീ പഴമയുടെ പ്രതീകമാണു്'' എന്നാണു വൃദ്ധയായ പ്രഭ്വിമാതാവു് അയാളോടു പറയുന്നതു്. അ പ്പറയുന്ന അവർതന്നെ പഴമയുടെ പ്രതീകമാണു്, അവരുടെ അമേരിക്കക്കാരി സ്നുഷയുടെ കണ്ണുകളിൽ. അവളാണെ ങ്കിലോ, പ്രധാനമന്ത്രിപദം സ്വീകരിക്കാൻവേണ്ടി അറു നൂറുകൊല്ലത്തെ പാരമ്പര്യമുള്ള പ്രഭുപദവി ഉപേക്ഷിക്കാ നൊരുങ്ങുന്ന തൻെറ ഭർത്താവിൻെറ പെരുമാററത്തിലുള്ള അമർഷം ഹേതുവായി തിരഞ്ഞെടുപ്പിൽ അയാൾക്കെതിരാ യി പ്രചരണത്തിനു മുതിരുന്നവളും. മുക്കാലും കമ്മ്യൂണിസ്റ്റാ യ ഒരുവനിൽ പ്രേമബദ്ധയായ അവളുടെ പതിനെട്ടുകാരി മകളുടെ ദൃഷ്ടിയിൽ അവളും പഴമയുടെ പ്രതീകംതന്നെ. തൻെറ മകൾ ഒരു കമ്മ്യൂണിസ്റ്റിൻെറ ഭാര്യയായിത്തീരുന്ന അവസ്ഥയെപ്പററി സങ്കല്പിക്കാൻകൂടെ അശക്തയാണു്, പ്രഭ്വി; അവർ പരിഭ്രാന്തയായിപ്പോയി. ക്രൂഷ്ചോവ് ഒരു കമ്മ്യൂണിസ്റ്റായിരുന്നിട്ടും അയാളും വിവാഹം കഴിച്ചി ട്ടുള്ള സ്ഥിതിക്കു്, മകൾ ഒരു കമ്മ്യൂണിസ്റ്റിനെ പരിണ യിക്കുന്നതിനെച്ചൊല്ലി പ്രഭ്വി പരിഭ്രമിക്കേണ്ടതില്ലെന്നാ ണു പ്രഭ്വിമാതാവു സമാധാനപ്പെടുത്തിയതു്. 1909 മുതൽ ലണ്ടൻനാടകവേദിയിൽ പഴകിയിട്ടുള്ള അതീനീ സെയ് ലറാണു പ്രഭ്വിമാതാവിൻെറ ഭാഗമഭിനയിച്ചതു്. അവരതു പൊടിപ്പനാക്കുകയും ചെയ്തു.

ഇതേനാടകം ജീവരാജ് മെഹ്ത്താ കണ്ടപ്പോഠം സിബിൽ തോൺഡൈക്കാണ പ്രഭുപിമാതാവിൻെറ ഭാഗം അഭിനയിച്ചിരുന്നതു്. ഞാൻ കോളേജിൽ പഠിച്ചിരുന്ന കാലത്തു ഗ്രീക്ക് ക്ലാസ്സിക്കൽ നാടകങ്ങളിലും അക്കാലത്തു വളരെ പ്രചാരത്തിലിരുന്ന 'ഗ്രാൻഡ് ഗൈനോഠം' നാടകങ്ങളിലും നായികയുടെ ഭാഗം അവരഭിനയിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. പത്തുകൊല്ലം മുമ്പു മദ്രാസ് രാജ്ഭവനിൽ അവരും ഞാനും ഗവണ്ണറുടെ അതിഥികളായി പാത്തിരുന്നപ്പോഴാണ് ഒടുവിൽ ഞാൻ സിബിൽ തോൺഡൈക്കിനെ കണ്ടിട്ടുള്ളതു്. എൺപതുകഴിഞ്ഞ അവർ ഇന്നും ജനപ്രീതി നേടി വിജയിച്ചുകൊണ്ടിരിക്കുന്ന ഒരു നടിയാണ്.

*ലണ്ടൻ, ആഗസ്റ്റ്, 14*

ലണ്ടൻ ഒരുകാലത്തും എൻെറ ഇഷ്ടനഗരങ്ങളിലൊന്നായിരുന്നിട്ടില്ല എന്നു സമ്മതിച്ചേതീരൂ. എനിക്കിഷ്ടപ്പെട്ട നഗരം ഓക്സ്ഫോഡാണെന്നു നിസ്സംശയമായി പറയാം. ലണ്ടനോടുള്ള അഹിതം വളന്നുവരാൻ കാരണം, ഒരുവേള, ഓക്സ്ഫോർഡിനോടുള്ള ഈ മമതയാണെന്നും വരാം. പഠിപ്പിനു പട്ടണത്തിനു മേലുണ്ടെന്നു പണ്ടുകാലം മുതൽ സങ്കല്പിച്ചിരുന്ന—ഇന്നത്തെക്കാഠം ഞങ്ങളുടെ കാലത്തു പ്രാധാന്യം നല്കി പരിഗണിച്ചിരുന്നൊരു വ്യത്യാസമാണതു്—മേന്മയാണ് ഇതിൻെറ കാര്യം. ഗൗണിന്നവകാശികളായ ഞങ്ങഠം ടൗണിനെ അവജ്ഞയോടെ ഗണിച്ച് ഔന്നത്യം നടിച്ചിരുന്നു. ഇടയ്ക്കു മൂന്നോ നാലോ ദിവസത്തേക്കൊക്കെ ലണ്ടനിൽച്ചെന്നു താമസിച്ച് ഔദ്യോഗിക സല്ക്കാരങ്ങളിൽ സംബന്ധിക്കയോ, നാടകങ്ങഠം കാണുകയോ, (ലോകത്തിലെ ഏററവും മെച്ചപ്പെട്ട നാടകങ്ങളാണ് അവിടെ കാണാൻ തരപ്പെട്ടിരുന്നതു്) ഓക്സ്ഫോർഡിൽവച്ച് ഉഗ്രവ്രതത്തോടെ കാത്തുസൂക്ഷിക്കുന്ന കന്യാശുദ്ധി കളഞ്ഞുകുളിക്കയോ ഒക്കെച്ചെയ്തു കാലം കഴിച്ചുകൂട്ടിയെന്നുവരാം. എങ്കിൽപ്പോലും, കഴിയുംവേഗം 'സ്വപ്നദശികളായ സ്തൂപികകളുടെ നഗര'ത്തിലേക്കുതന്നെ മടങ്ങും.

യൗവനാരംഭത്തിൽ ആനന്ദനിർഭരമായ രണ്ടുവർഷം മുഴുവൻ സ്വമാതാപിതാക്കളോടൊത്തു ലണ്ടനിൽ പാർത്തിട്ടുള്ള അനുജിയുടെ മനോഭാവം എൻേറതിൽനിന്നു വളരെ വ്യത്യസ്തമാണു്. അവളെ സംബന്ധിച്ചിടത്തോളം വെസ്റ്റ് മിൻസ്റ്റർ ആബി, സെൻറ്പാാംസ് കത്തീഡ്രൽ, ക്രിസ്റ്റൽ പാലസ്, ടവർ ഒഫ് ലണ്ടൻ തുടങ്ങിയവയ്ക്കെന്നല്ല, മാഡം ടസ്സാഡിൻെറ മെഴുകുശില്പപ്രദർശനാലയത്തിന്നു പോലും, സ്വപ്നത്തിൻേറതായ പുതുമയും മോഹനതയുമുണ്ടായിരുന്നു.

കുറേക്കാലം തുടർച്ചയായി പാർത്തിട്ടുള്ള പ്രദേശങ്ങളോടെല്ലാം അടുത്ത മമതാബന്ധം തോന്നിപ്പോവുക എൻെറ സ്വഭാവമാണു്. അങ്ങനെ, ജീവിതത്തിൻെറ പല ഘട്ടങ്ങളിലായി സിലോൺ, ഹൈദരാബാദ്, ഭരത്പൂർ, വടക്കുകിഴക്കൻ അതിർത്തിസംസ്ഥാനം, ചുങ്കിംഗ്, മോസ്കോ എന്നിവിടങ്ങളോടെല്ലാം തോന്നിയിട്ടുള്ള ഈ ആത്മബന്ധം ഒരുകാലത്തും എനിക്കു ലണ്ടനോടു തോന്നിയിട്ടില്ല. ലണ്ടൻ അത്രയ്ക്കു വലുതും എന്നെ സംബന്ധിച്ചിടത്തോളം അത്രയ്ക്കു് അന്യവും ആയിരുന്നു എന്നു മാത്രമല്ല, എൻെറ സന്ദർശനങ്ങൾ എപ്പോഴും ചുരുങ്ങിയകാലത്തേക്കു മാത്രമായിരുന്നുതാനും. അതാവാം ഈ അന്യഥാത്വത്തിനു കാരണം.

ഇങ്ങനെയൊക്കെയായാലും സ്മരണീയമായ പല സന്ദർഭങ്ങളിലും ഞാൻ ലണ്ടനിൽ ഉണ്ടായിരുന്നിട്ടുണ്ടു്. അമിതപ്രകടനത്തിനു മുതിരാത്ത ഗൗരവബുദ്ധികളെന്നറിയപ്പെടുന്ന ലണ്ടൻ നഗരവാസികൾ, ഒന്നാം ലോകമഹായുദ്ധത്തിൻെറ അന്ത്യത്തിൽ യുദ്ധവിരാമസന്ധി ഒപ്പിട്ട ഘട്ടത്തിൽ, എല്ലാ അതിരുകളും ലംഘിച്ചുകൊണ്ടു് ആനന്ദത്തിലാറാടി മദിച്ചു് ഉത്സവമാഘോഷിക്കുന്നതു ഞാൻ കണ്ടു. ആ യുദ്ധത്തിലെ വിജേതാക്കളായ രണ്ടുപേരും കൂടെ—ജോർജ്ജ് അഞ്ചാമനും പ്രസിഡൻറ് വിത്സണും—ചേർന്നു് ലണ്ടൻതെരുവുകളിലൂടെ പ്രതാപയുക്തമായ ജൈത്രയാത്ര നടത്തുന്നതും ഞാൻ കണ്ടു. പതിനഞ്ചുകൊല്ലങ്ങൾക്കു ശേഷം, ജോർജ്ജ് അഞ്ചാമൻെറ കിരീടധാരണരജതജൂ

ബിലിയാഘോഷത്തോടു ബന്ധപ്പെട്ട ആർഭാടസമന്വിതവും വർണ്ണശബളവുമായ ചടങ്ങുകൾ കാണുമ്പോൾ അനുജിയും എൻെറയൊപ്പമുണ്ടായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിൻെറ അന്ത്യത്തോടടുത്തു സാൻഫ്രാൻസിസ്കോ സമ്മേളനത്തിലേക്കുള്ള മററു പ്രതിനിധിസംഘാംഗങ്ങളോടൊപ്പം ഞാനും ലണ്ടനിലെത്തിയിരുന്ന സന്ദർഭത്തിൽ, 1940–ലെ ജർമ്മൻ ബോംബുവർഷത്തെ നേരിട്ട അതേ ധീരതയോടും മനക്കരുത്തോടുംകൂടിത്തന്നെ V1—V2 റോക്കററുകൾകൊണ്ടുള്ള ആക്രമണത്തെയും ആ നഗരം ചെറുത്തുനില്ക്കുന്ന കാഴ്ചയും ഞാൻ കണ്ടു. ആ സന്ദർശനകാലത്തു് ഡൗണിംഗ്തെരുവിലെ 10–ാംനമ്പർ ഭവനത്തിൽവച്ചു ചർച്ചിലിനെ കാണുവാനും അദ്ദേഹത്തിൻെറ വാക്കുകൾ ചെവിക്കൊള്ളുവാനും മാത്രമല്ല, ബക്കിങ്ങാംകൊട്ടാരത്തിൽവച്ചു ജോർജ്ജ് ആറാമൻ രാജാവു നൽകിയ സ്വീകരണസൽക്കാരത്തിൽ സംബന്ധിക്കാനും—അവിടെ രാജാവും രാജകുമാരികളിരുവരും അതിഥികളുടെയിടയിൽ ചുററിനടന്നു സ്വാതന്ത്ര്യമായും അത്യാകർഷകമാംവിധത്തിലും അവരുമായി ഇടപഴകിയിരുന്നു—എനിക്കവസരം ലഭിച്ചു. ഇത്തരം അനുഭവങ്ങളും അടുത്ത ബന്ധങ്ങളുമൊക്കെയുണ്ടായിട്ടും ലണ്ടനോടു് ഒരന്യഥാത്വംതന്നെയാണു് എന്നിൽ ശേഷിച്ചിട്ടുള്ളതു് എന്നു പറയേണ്ടിയിരിക്കുന്നു. ഏതോ അദൃശ്യമായ അതിർത്തിവരമ്പു് എന്നെയും ലണ്ടനെയും തമ്മിൽ വേർതിരിച്ചു നിർത്തിയിരിക്കുന്നു എന്നാണു തോന്നിയിരുന്നതു്.

ഇന്നിപ്പോൾ പിന്നോക്കം തിരിഞ്ഞുനോക്കുമ്പോൾ ഈ അതിർവരമ്പു നമ്മുടെ ഉള്ളിൽത്തന്നെയുള്ളതായിരുന്നുവെന്നു ബോദ്ധ്യമാകുന്നുണ്ടു്—ഭരിക്കുന്നവനും ഭരണീയനും ഇടയിൽ അനിവാര്യമാംവിധം ഉയർന്നുവരുന്ന അതിർവരമ്പു്. മേല്ക്കോയ്മ നടത്തുന്ന രാഷ്ട്രവും ആ ഭരണത്തിനു വിധേയമായി വർത്തിക്കുന്ന രാഷ്ട്രവും തമ്മിൽ രാഷ്ട്രീയവിധേയത്വത്തിൻെറ ബന്ധവും കൂറുമുണ്ടാകാം, ബുദ്ധിപരമായ വേഴ്ചയുണ്ടാകാം, സാമൂഹ്യമായ കാര്യങ്ങളിൽ സാദൃശ്യം പോലുമുണ്ടാകാം; പക്ഷേ, വൈകാരികമായ ഒരുടുപ്പമുണ്ടാ

കുക ഒരുകാലത്തും സാദ്ധ്യമല്ല. വ്യക്തികാംതമ്മിൽ വൈകാരികൈക്യംകൊണ്ടുള്ള വേഴ്ച സംഭവിക്കും—രവീന്ദ്രനാഥ ടാഗോറും സി.എഫ്. ആൻഡ്രൂസും തമ്മിലും, മഹാത്മാ ഗാന്ധിയും മൂറിയൽ ലെസ്റ്ററും തമ്മിലും, ജവഹർലാൽ നെഹ്റുവും മൗണ്ടുബാററൻ കുടുംബവും തമ്മിലും നിലവിലിരുന്നതരം ആത്മൈക്യം ഉദാഹരണമാണ്. പക്ഷേ, വ്യക്തികാം തമ്മിലല്ലാതെ രണ്ടു രാഷ്ട്രങ്ങാം തമ്മിൽ ഇത്തരം ബന്ധങ്ങളുണ്ടാവുക സാദ്ധ്യമല്ല. ഏതായാലും, ഇൻഡ്യ സ്വാതന്ത്ര്യമായ ഉടൻതന്നെ ഈ അതിർവരമ്പ് അപ്രത്യക്ഷമാകയും, സ്വാഭാവികമായിത്തന്നെ ഇംഗ്ലീഷുകാരും ഇൻഡ്യക്കാരും തമ്മിലുള്ള ബന്ധം അകൃത്രിമമായിത്തീരുകയും ചെയ്തു. തൊട്ടുമുമ്പുവരെ ബ്രിട്ടീഷ്സാമ്രാജ്യത്തോടു വിട്ടുവീഴ്ചയില്ലാതെ പൊരുതിയിരുന്ന വിപ്ലവകാരിക്ക്—ജവഹർലാൽ നെഹ്റുവിന്ന്—വർണ്ണശബളമായ തൻെറ സ്ഥാനവസ്ത്രങ്ങാം ധരിച്ചു നിന്നുകൊണ്ടു ലണ്ടനിലെ ലോഡ് മേയർ 'നഗരത്തിൻെറ സ്വാതന്ത്ര്യം' എന്ന അപൂർവ്വബഹുമതി നൽകിയ ഗിൽഡ്ഹാറം മഹായോഗത്തിലും അതേത്തുടൎന്നു നടന്ന സംസ്ഥാനവിരുന്നിലും സംബന്ധിച്ചപ്പോാം എനിക്കു് ആ നഗരത്തോടു് ആത്മാൎത്ഥമായ മമതാബന്ധം തോന്നിപ്പോയി.

സ്വതേ ഗൗരവക്കാരനായ ലണ്ടൻനിവാസിയും ചിലപ്പോാം ലഘുമാനസനായിപ്പോകുമെന്നതിൻെറ ചില ഉദാഹരണങ്ങാം പഴയകാലത്തും കണ്ടിട്ടുണ്ടു്; മനുഷ്യൻ എന്തായാലും മനുഷ്യൻതന്നല്ലോ. ഒരിക്കൽ ഡി. എസ്. റെഡ്ഡിയും കെ. ററി. എൻ. മേനോനും ഞാനുംകൂടെ ഓക്സ്ഫോർഡിൽനിന്നു ലണ്ടനിലെത്തിയിരുന്നു. കേംബ്രിഡ്ജിൽനിന്നു് എൻ. ആർ. പിള്ളയും വന്നു ഞങ്ങളുടെകൂടെക്കൂടി. ഞങ്ങാം ആകെ നല്ല ഉത്സാഹത്തിമിപ്പിലായിരുന്നു. കാഴ്ചയ്ക്കു നല്ല പ്രൗഢിയുള്ള ആജാനുബാഹുവായ ഒരു പോലീസുകാരൻ ഒരക്ഷരമെങ്കിലും ഉരിയാടാതെ റോഡു മുറിച്ചുകടന്നു പോകാൻ ഞങ്ങളെ സഹായിച്ചു.

''എന്തൊരു ഗംഭീരൻ! ആരും പതുങ്ങിപ്പോകും അയാളുടെ മുമ്പിൽ,'' ഞങ്ങാം അഭിപ്രായപ്പെട്ടു.

''ഒരു വസ്തുവില്ല. ഗാംഭീര്യവുമില്ലാ ശങ്കിച്ചിട്ടു കാര്യവുമില്ല.'' കെ. ററി. എൻ. തക്കിക്കാനാണു ഭാവം.

''ശരി,'' ഞങ്ങൾ പറഞ്ഞു, ''എന്നാൽ പോയി അയാളെ ഒന്നുമ്മവച്ചേച്ചുവാ.''

''ഓഹോ! പററിക്കാം,'' കെ. ററി. എൻ കൂസലില്ലാതെ ഉറപ്പിച്ചുപറഞ്ഞു, ''എന്തു പന്തയം?''

''ഒരു പവൻ.''

എന്താണു സംഭവിക്കുന്നതെന്നു ഞങ്ങൾക്കു ശ്രദ്ധിക്കാൻ കഴിയുന്നതിനുമുമ്പ് കെ. ററി. എൻ. റോഡിൻെറ നടുവിലേക്കു നടന്നുചെന്ന് എത്തിപ്പിടിച്ച് ആ പോലീസുകാരൻെറ രണ്ടു കവിളത്തും ചുംബനമപ്പിച്ചുകഴിഞ്ഞു.

''എ—എന്ത്! എന്താണിത്!'' ആകെ അമ്പരന്നുപോയ പോലീസുകാരൻ താരതമ്യേന വാമനപ്രായനായ കെ. ററി. എൻ—ൻെറ നേരേ തുറിച്ചുനോക്കിക്കൊണ്ടു ചോദിച്ചു:

''ഓ! ഒന്നുമില്ല സ്നേഹിതാ,'' ഒട്ടും അങ്കലാപ്പുകൂടാതെ കെ. ററി. എൻ. തട്ടിവിട്ടു. ''നിങ്ങൾ ക്ഷോഭിക്കയൊന്നും വേണ്ട. അതാ അവിടെ നില്ക്കുന്നില്ലേ മൂന്നുപേർ, അവന്മാർ എന്നെപ്പറഞ്ഞു വാശികേററിക്കൊണ്ടു ചോദിച്ചു, നിങ്ങളെ വന്നുമ്മവയ്ക്കാൻ എനിക്കു ധൈര്യമുണ്ടോ എന്ന്. ഞാനിതാ പന്തയം നേടി. ഇനിയിപ്പോൾ നിങ്ങൾകൂടെ വരൂ. നമുക്കെല്ലം മദ്യപിച്ചു രസിക്കുക!''

''അതു ഭേഷ്!'' പോലീസുകാരൻ സമ്മതിച്ചു. ''വളരെ നന്ന്. ഇരുപതു മിനിട്ടിനുള്ളിൽ എൻെറ ഡ്യൂട്ടി തീരുകയാണ്.''

*ലണ്ടൻ, ആഗസ്റ്റ്, 15*

ഇംഗ്ലണ്ടിലേക്കുള്ള എൻെറ വരവ് അസമയത്തായിപ്പോയി എന്നതിനു സംശയമൊന്നുമില്ല. ഓക്സ്ഫോർഡിൽ വേനലിന്നു പതിവുള്ള അനദ്ധ്യായകാലമാണ്; മോസ്കോവിൽ എൻെറ സഹപ്രവത്തകനായിരുന്നശേഷം ഇപ്പോൾ ന്യൂ കോളേജ് വാർഡനായിരിക്കുന്ന ഹെയ്ററർ ഹോങ്കോങ്ങിൽ പോയിരിക്കയുമാണ്. ലണ്ടനിൽ

പൊതുവേ ആഗസ്റ്റ് ഒരു നിർജ്ജീവമാസമാണ്. എനിക്കു കാണണമെന്നു താല്പര്യമുണ്ടായിരുന്ന എല്ലാവരുംതന്നെ ഒഴിവുകാലമാസ്വദിക്കാൻ നഗരംവിട്ടു പോയിരിക്കുന്നു താനും. ഒലാഫ് കാരോ സ്കോട്ട്ലൻഡിലേക്കു പോയിരിക്കുന്നു; മൂറിയൽ ലെസ്റ്റർ ഡീവൺഷയറിലേക്കും. സാധാരണ താമസിക്കുന്ന ഹാഡൻഹാമിൽനിന്ന്, എവിടെപ്പോകുന്നെന്നുപോലും പറയാതെ എവിടേക്കോ പോയിരിക്കയാണ് ഹെർബർട്ട് തോംപ്സൺ. ഏതായാലും, ഒലാഫ്കാരോവിനെയും മൂറിയൽ ലെസ്റ്ററെയും ടെലഫോണിൽ പിടികിട്ടി. അങ്ങനെ അവരുടെ ശബ്ദമെങ്കിലും കേൾക്കാൻ കഴിഞ്ഞതു വളരെ സന്തോഷമായി.

മൂന്നുകൊല്ലംമുമ്പു തമ്മിൽ കണ്ട അവസരത്തിൽ, മഹാത്മാഗാന്ധിയുടെ ഒരു പ്രതിമ ലണ്ടനിൽ സ്ഥാപിക്കാനുള്ള സംരംഭത്തെപ്പററി വലിയ ഉത്സാഹത്തോടെ മൂറിയൽ ലെസ്റ്റർ സംസാരിച്ചിരുന്നതായി ഞാൻ ഓർമ്മിക്കുന്നു. ഇൻഡ്യൻ ഭരണപരിഷ്കാരനിർദ്ദേശങ്ങളെപ്പററി ആലോചിക്കാൻ 1930–ൽ ലണ്ടനിൽ എത്തിയിരുന്നകാലത്തു മൂറിയലിൻെറ ആതിഥ്യം സ്വീകരിച്ച ഗാന്ധിജി താമസിച്ചിരുന്ന ഈസ്റ്റെൻഡിൽ ഒരു സ്ഥലം അതിനായി തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു. പ്രതിമ സ്ഥാപിക്കാൻവേണ്ടി ധനശേഖരണത്തിനുള്ള അഭ്യർത്ഥന പുറപ്പെടുവിച്ചിട്ടു പ്രതികരണം നിരാശാജനകമായിരുന്നതിനാൽ അക്കാര്യത്തിൽ പുരോഗതി ഒട്ടുമുണ്ടായിട്ടില്ല. ഒരു ബ്രിട്ടീഷ് കാബിനററ് മിനിസ്റ്റർ ആ നിധിയിലേക്കു പത്തു ഷില്ലിംഗ് സംഭാവനചെയ്തുപോൽ! ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന ഈജിപ്ററുകാരനായ ഒരാളെ നാടുകടത്തി തിര്യെ ഈജിപ്റ്റിലേക്കയച്ചപ്പോൾ അയാൾ 10 മുതൽ 10000 പവൻവരെ മതിക്കാവുന്നൊരു തുക തൻെറ വ്യാപാരനഷ്ടംവകയിലും, 10 പവൻ തൻെറ ഒപ്പം തിര്യെ ഈജിപ്ററിനു ചെല്ലാൻ കൂട്ടാക്കാത്ത തൻെറ ഭാര്യ നഷ്ടപ്പെട്ടതിനു പരിഹാരമായും കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു ബ്രിട്ടീഷ് ഗവണ്മെൻറിനെ പ്രതിയാക്കി വ്യവഹാരപ്പെട്ടപ്പോൾ പ്രകടമാക്കിയ അതേ പ്രാധാന്യപരിഗണനയും ഔചിത്യബോധവും

തന്നെയാണല്ലോ ഈ മന്ത്രിയും പ്രകടിപ്പിച്ചതെന്നു ഞാൻ വിചാരിച്ചുപോയി

ഒരു പഴയ സുഹൃത്തായ സർ ഹോറസ് സെയ്മൂറിനെയും പത്നിയെയും കാണാൻവേണ്ടി ഏതാണ്ടു നൂറുമൈൽ സഞ്ചരിച്ച് ഇന്നു ഞങ്ങൾ വെസ്റ്റ്ബറിയിൽ പോയിരുന്നു. അംബാസഡർവർഗ്ഗത്തിൽപ്പെട്ട ശതക്കണക്കിൽ ആളുകളുമായി പില്ക്കാലം ഇടപഴകാനും, തുടർന്നു പല സംവത്സരക്കാലം അംബാസഡറായി പ്രവൃത്തിയെടുക്കാനും എനിക്കു സംഗതിയായിട്ടുണ്ടെങ്കിലും, ഈ പ്രത്യേകഗണത്തിൽനിന്നു് ഞാൻ ആദ്യം സന്ധിക്കാനിടയായിട്ടുള്ളതു സർ ഹോറസിനെയാണു്. 1943-ൽ ഇൻഡ്യയുടെ ഏജൻറ്-ജനറൽസ്ഥാനമേറെറടുക്കാൻ ഞാൻ ചൈനയിലെത്തിയപ്പോൾ അദ്ദേഹം അവിടെ ബ്രിട്ടീഷ് അംബാസഡറായിരുന്നു. പരിചയം വദ്ധിച്ച ക്രമത്തിനു് അദ്ദേഹത്തെപ്പററിയുള്ള സ്നേഹാദരങ്ങളും എന്നിൽ വളൎന്നുകൊണ്ടിരുന്നു. ചൈനയിൽനിന്നു് ഇൻഡ്യയിലേക്കു മടങ്ങിയശേഷം 'നയതന്ത്രലോകത്തിലെ വിവിധ ഇനങ്ങൾ' എന്ന ശീഷ്കത്തിൽ എഴുതിയ ലേഖനത്തിൽ അദ്ദേഹത്തെ ഞാൻ അദ്ദേഹത്തിൻെറ പിൻഗാമിയായിവന്ന സർ റാംഫ് സ്റ്റീവൻസണുമായി താരതമ്യപ്പെടുത്തിയിരുന്നു. സർ ഹോറസ് മുഖ്യമായും നല്ലവനായ ഒരു ഇംഗ്ലീഷ്മാന്യൻെറ ശരിമാതൃകയാണെന്നിരിക്കെ, സർ റാംഫ് നല്ലൊരു നയതന്ത്രകാര്യജ്ഞൻെറ ലക്ഷണങ്ങൾ തികഞ്ഞ ആളാണു് എന്നാണു ഞാനന്നെഴുതിയിരുന്നതു്. ഇതു രണ്ടും തമ്മിൽ പൊരുത്തക്കേടുണ്ടെന്നല്ല. പക്ഷേ, ചില ആളുകളെപ്പററി കുശാഗ്രബുദ്ധികളായ നയതന്ത്രജ്ഞന്മാരെന്ന ധാരണയുണ്ടാകുമ്പോൾ, മററുചിലരെപ്പററി വഴി പതറി നയതന്ത്രമണ്ഡലത്തിൽ എത്തിക്കൂടിയ നാടൻകാരണവന്മാരുടെ പ്രതീതിയാണുണ്ടാവുക. ഈ രണ്ടാമത്തെ ഗണത്തിൽപ്പെട്ടയാളാണു് സർ ഹോറസ്. അദ്ദേഹത്തിനിപ്പോൾ വയസ്സെൺപതായി; അദ്ദേഹത്തിൻെറ ഭാര്യയ്ക്കു് എഴുപതും. വിൽറ്റ്ഷയർ പുൽമേടുകളുടെ ഒരരികടുത്തു കുന്നിൻപുറത്തുനില്ക്കുന്ന മനോഹരമായ ഒരു ഗ്രാമവസതിയിൽ വിശ്രമജീവിതം

നയിക്കയാണവരിപ്പോഠം. പുൽമേടിനുയരെ മുമ്പോട്ടുന്തിനില്ക്കുന്ന കുന്നിൻചരിവിലെ കുണ്ടൻവഴിയിലൂടെ ഞങ്ങളെ കാറിൽ കൊണ്ടുനടന്നു് ആ പ്രദേശത്തിൻെറ ഭംഗിവിശേഷമൊക്കെ ലേഡി സെയ്മൂർതന്നെ ഞങ്ങഠംക്ക കാട്ടിത്തന്നു.

കാരോകുടുംബത്തെയും മൂറിയൽ ലെസ്റ്ററെയുംപോലെ ഇപ്പോഠം ഒഴിവുകാലവിനോദസഞ്ചാരത്തിലായിരിക്കേണ്ടതാണു് സെയ്മൂർദമ്പതികളും. റോമിൽ അവക്കു പതിവായി ആതിഥ്യമനുഷ്ഠിക്കാറുള്ള അമേരിക്കൻമഹിള അടുത്തകാലത്തു നൂററിയൊന്നാംവയസ്സിൽ അന്തരിച്ചുപോയിരുന്നില്ലെങ്കിൽ അവരിപ്പോഠം റോമിലായിരുന്നേനെ. ആ കിഴവിക്കു നൂറുവയസ്സു പൂർത്തിയായ അവസരത്തിൽ അമേരിക്കൻ പ്രസിഡൻറിൻെറ പത്നി മിസിസ് കെന്നെഡി ഒരു അനുമോദനസന്ദേശമയച്ചുകൊടുത്തു. ''എനിക്കിങ്ങനെയൊരു കമ്പിയയയ്ക്കാൻ എന്തു ബന്ധം?'' ശതാബ്ദിക്കാരി അത്ഭുതപ്പെട്ടു. ''എന്നെ അവക്കറിഞ്ഞുകൂടല്ലോ.''

സഹജമായ ഫലിതോക്തിവൈഭവം ഇപ്പോഴും സർ ഹോറസിനെ കൈവെടിഞ്ഞിട്ടില്ലെന്നുകണ്ടതു് എന്നെ സന്തുഷ്ടനാക്കി. കൊളോണിയൽ പോലീസിന്റെ ഇൻസ്പെക്ടർ ജനറലായിരിക്കുന്ന സ്വജാമാതാവിനെ ഞങ്ങഠംക്കു പരിചയപ്പെടുത്തിത്തരുമ്പോഠം അദ്ദേഹം പറഞ്ഞു: ''പക്ഷേ, കോളണിയൊന്നും ഇനി ബാക്കിയില്ലെന്നുമാത്രം.'' തന്റെ പൗത്രിയെയും അദ്ദേഹം ഞങ്ങഠംക്കു പരിചയപ്പെടുത്തിത്തന്നു—വളരെ ആകഷ്കയായ ഒരു പെൺകൊടി. അവളെക്കണ്ടപ്പോഠം ഞങ്ങളുടെ പൗത്രി തിത്തുവിനെ ഓത്തുപോയി. അടുത്തയാഴ്ച ജനീവയിലെത്തി അവളുടെകൂടെ പാക്കാനുള്ളതാണു് ഞങ്ങഠം. സർ ഹോറസ് എനിക്കെഴുതിയിരുന്ന കത്തിൽ അദ്ദേഹത്തിന്റെ ഭവനത്തിൽ പേരക്കിടാങ്ങളുടെ ഒരു ചെറുസൈന്യത്തെത്തന്നെ ഞങ്ങഠംക്കു സന്ധിക്കേണ്ടിവന്നേക്കാമെന്നിരിക്കിലും അവരെക്കൊണ്ടു ശല്യമൊന്നുമുണ്ടാവില്ലെന്നു് ഉറപ്പുനല്കിയിരുന്നു. റഷ്യയിൽ ഞാൻ ദീഘ്കാലശിക്ഷയുടെ ദുരിതമനുഭവിക്കേണ്ടിവന്നതായി താൻ അറിഞ്ഞിരുന്നുവെന്നും ആ

കത്തിൽ സൂചിപ്പിച്ചിരുന്നു. റഷ്യയിലെ എന്റെ ജീവിതം അതിന്റെ ഉത്തരാദ്ധത്തിലെങ്കിലും വളരെ രസകരമായിരുന്നുവെന്നും ഞാൻ ആദ്യമവിടെ എത്തിയ കാലത്തേതിൽനിന്നു വളരെ വ്യത്യസ്തമായ അന്തരീക്ഷമാണു് പില്ക്കാലം അനുഭവപ്പെട്ടിരുന്നതെന്നും ഞാൻ അദ്ദേഹത്തിനു വിശദീകരിച്ചുകൊടുത്തു.

ചൈനയെപ്പറ്റിയായിരുന്നു സംഭാഷണത്തിന്റെ ഏറിയകൂറും. ദാശ്നികനായ ഹുഷീ, നിയമപണ്ഡിതനായ ചുങ്ഹ്സീ തുടങ്ങിയ സംസ്കാരസമ്പന്നരായ പഴയ സുഹൃത്തുക്കളെപ്പററിയൊക്കെ ഞങ്ങരം സംഭാഷണവേളയിൽ അനുസ്മരിക്കയുണ്ടായി. മുൻപറഞ്ഞ രണ്ടുപേരും കാലയവനികയിൽ മറഞ്ഞുകഴിഞ്ഞിരിക്കുന്നു. 1947 മുതൽ തുടച്ചയായി ഗ്രീസിൽ ചൈനാ റിപ്പബ്ളിക്കിന്റെ അംബാസഡറായിരിക്കുന്ന ഇംഗ്ലീഷ്സാഹിത്യപണ്ഡിതൻ വെൻ യുവാൻ—നിങ്ങിന്റെ കാര്യവും സംഭാഷണത്തിനിടയിൽ പൊന്തിവന്നു. ഒരിക്കൽ സ്കോട്ട്ലൻഡിൽ ചെന്നു റോബട്ട് ബേൺസിനെപ്പററി പ്രസംഗിക്കാനുള്ള സാഹസികധീരത കാട്ടിയിട്ടുള്ള ആളാണു വെൻ; ഇംഗ്ലീഷുകാരിൽ ആരും അതിനു ധൈര്യപ്പെടുകയില്ലെന്നു തന്നെയല്ല, അനുവദിക്കപ്പെടുകയുമില്ലെന്നാണു് സർ ഹോറസ് പറഞ്ഞതു്. താനും ഭത്താവും 1946-ൽ ചൈനയിൽനിന്നു വിട്ടുപോരുന്നതിനു രണ്ടാഴ്ച മുമ്പു് മാഡം ചൂ എൻ ലൈ തങ്ങളുടെ ഭവനം സന്ദശിക്കയും വളരെ മനോഹരമായ ഏതാനും ദാരുശില്പചിത്രങ്ങരം സമ്മാനിക്കയും ചെയ്തതിന്റെ കഥ ലേഡി സെയ്മൂർ വിവരിക്കയുണ്ടായി. ചൈനയിലെ സ്ഥിതിഗതികളെക്കുറിച്ചു് എന്താണഭിപ്രായമെന്നു് ആ അവസരത്തിൽ മാഡം ചൂ ചോദിച്ചു: ''സ്വന്തം നാടിനുവേണ്ടി വല്ലതും ചെയ്യാൻ ജനറാലിസിമോ ചിയാങ് കെയ്ഷേക്കിനു് ഒരവസരം നല്കാൻ നിങ്ങരക്കൊക്കെ സന്മനസ്സുണ്ടായെങ്കിൽ, എന്നു ഞാൻ ആഗ്രഹിക്കയാണു്,'' എന്നായിരുന്നു ലേഡി സെയ്മൂറിന്റെ മറുപടി. ''എന്തായിരുന്നു മാഡം ചൂവിന്റെ പ്രതികരണം?'' ഞാൻ തിരക്കി. ''അവർ ചുമ്മാ നിന്നു ചിരി

ച്ചതേയുള്ളൂ.'' ലേഡി സെയ്മൂർ പറഞ്ഞു. എന്നിട്ട്, ആത്മഗതമെന്നോണം അവർ തുടന്നു: ''എത്ര വശീകരണശക്തിയുള്ളൊരു മനുഷ്യനാണ് ആ ചൂ എൻ ലൈ! മാരകമായ ആ വശീകരണതന്ത്രം പാവപ്പെട്ട ആഫ്രിക്കാക്കാരുടെമേൽ അയാൾ എത്ര വിദഗ്ദ്ധമായി പ്രയോഗിച്ചിരിക്കണം!

*ലണ്ടൻ, ആഗസ്റ്റ്, 17*

15–ാംതീയതി രാത്രി ഞങ്ങൾ 'ദി റൈറ്റ് ഓണറബിൾ ജൻറിൽമാൻ' എന്ന നാടകം കാണാൻ പോയിരുന്നു; ലണ്ടനിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നാടകങ്ങളിൽവച്ച്, നാടകീയതയുടെ കാര്യത്തിൽ ഏററവും മെച്ചപ്പെട്ട നാടകം. 'ദി റിലക്ടൻറ് പിയർ' എന്ന നാടകത്തിന്ന് രാഷ്ട്രീയത്തിൻെറ ചേരുവ കുറേ അധികമായിപ്പോയി. രാഷ്ട്രീയത്തിലും ലൈംഗികാവേശത്തിലും നീന്തിത്തുടിക്കുന്ന ഒരു നാടകമാണ് 'ദി റൈറ്റ് ഓണറബിൾ ജെൻറിൽമാൻ.' കഥാനായകനായ സർ ചാൾസ് ഡിൽക്കേ, ഗ്ലാഡ്സ്റ്റൻെറ ഔദ്യോഗികകുപ്പായത്തിന്നവകാശം നേടി ഒരു ഭാവിമുഖ്യമന്ത്രിയാവാൻ സാദ്ധ്യതയുള്ളയാളാണ്. ലിബറൽ കക്ഷിയുടെ പുരോഗമനവിഭാഗത്തിൽ പെട്ടിരുന്ന അദ്ദേഹം, കോളണികളോടുള്ള മനോഭാവത്തിൽ തൻെറ കാലത്തിന്നു നിരക്കാത്തവിധം കൂടുതൽ ഉൽപതിഷ്ണുത്വം കാണിച്ചിരുന്നു. കാലം ഒന്നിന്നുവേണ്ടിയും—യൂണിയൻ ജാക്കിന്നുവേണ്ടിപ്പോലും—നിശ്ചലമായി നില്ക്കാൻ കൂട്ടാക്കില്ലെന്ന സ്മരണീയമായ ഒരു പ്രസ്താവന അദ്ദേഹത്തിന്റെ ഒരു പ്രസംഗത്തിൽ പ്രയോഗിക്കയുണ്ടായി. ഇതൊക്കെയായാലും സ്ത്രീകളുമായുള്ള ബന്ധത്തിൻെറ കാര്യത്തിൽ കേവലം അഴിഞ്ഞ പ്രകൃതക്കാരനായിരുന്നു, സർ ചാൾസ് ഡിൽക്കേ. ഒരമ്മയോടും അവരുടെ പെൺമക്കളോടും ആ വീട്ടിലെ വേലക്കാരിയോടുമൊക്കെ ഏകകാലത്ത് അവിഹിതബന്ധം പുലർത്തിപ്പോകാൻ അദ്ദേഹത്തിന്നു കൂസലുണ്ടായിരുന്നില്ല. വളരെ ഒച്ചപ്പാടിന്നു കാരണമാക്കിയ ഒരു വിവാഹമോചനക്കേസിൻെറ വിചാരണയിൽ സാങ്കേതികകാരണങ്ങളാൽ അദ്ദേഹം തലയൂരിപ്പോ

ന്നുവെങ്കിലും, ബ്രിട്ടീഷ്പൊതുജനാഭിപ്രായത്തിൽ അന്തർലീനമായിരിക്കുന്ന മര്യാദബോധത്തിൽനിന്നു പൊന്തിവന്ന ധാമ്മികരോഷം, പാർലമെൻറിൽനിന്നു രാജിവച്ചു പിരിയാൻ അദ്ദേഹത്തെ നിബ്ബന്ധിതനാക്കി. ആ നാടകത്തിലെ ഓരോ പാത്രത്തിൻെറ ഭാഗവും അത്യുജ്ജ്വലമായിത്തന്നെ രംഗത്തവതരിപ്പിക്കപ്പെട്ടു. ഏതാനും ദശകങ്ങൾക്കപ്പുറം, പ്രൊഫ്യൂമോസംഭവത്തിൻെറ അടിസ്ഥാനത്തിലും ഇതുപോലെതന്നെ എരിവുള്ള ഒരു പുതിയ നാടകം രൂപമെടുത്തുവെന്നുവരാം.

എൻ. ആർ. പിള്ളയുടെ പത്നി ഡിങ്ക്സും—55 വഷക്കാലമായി നിലനില്ക്കുന്ന സൗഹൃദമാണു് ഞങ്ങളുടേതു്— ഞങ്ങളുടെ ഒപ്പം നാടകത്തിനു വന്നിരുന്നു. അവരുടെകൂടെയായിരുന്നു ഞങ്ങൾക്കു് അത്താഴം. അവിടെവച്ചു ഞങ്ങൾ ഡൽഹിയിലെ പോലീസ്വകുപ്പു മേധാവിയായ മെഹ്ത്തായെയും പത്നിയെയും സന്ധിക്കാനിടയായി. താമസത്തിന്നുമാത്രമായി പ്രതിദിനം 15 പവൻ നിരക്കിൽ വാടകകൊടുത്തു ഡോർച്ചെസ്റ്റർ ഹോട്ടലിൽ മുറിയെടുത്തു കഴിഞ്ഞുകൂടുകയായിരുന്നു അവർ. എന്നും കാരുണ്യത്തിൻെറ നിറകുടമായിരുന്നിട്ടുള്ള ഡിങ്ക്സ് അവരെ ഹോട്ടലിൽനിന്നു വിളിച്ചിറക്കിക്കൊണ്ടുവന്നു് തൻെറകൂടെ പാപ്പിച്ചിരിക്കയാണു്; തൻെറ കിടപ്പു് ഒരു ചെറിയ മുറിയിലേക്കു മാററി സ്വന്തം ഉറക്കറയും അവക്കായി ഒഴിഞ്ഞുകൊടുത്തിരിക്കുന്നു.

ഓക്സ്ഫോർഡിൽ പഠിച്ചിരുന്നകാലംമുതലുള്ള മറെറാരു നല്ല സുഹൃത്താണു് കെ. ററി. എൻ. മേനോൻ. അദ്ദേഹത്തിനെയും ഞങ്ങൾ ചെന്നു കാണുകയുണ്ടായി. എത്ര അത്ഭുതകരമായ മാററമാണു് ആ മനുഷ്യനു സംഭവിച്ചിരിക്കുന്നതു്! കൊച്ചിസംസ്ഥാനത്തിന്നു പല ദിവാൻജിമാരെ സംഭാവനചെയ്തിട്ടുള്ള, കേരളത്തിലെ ഒരു പ്രശസ്ത ഹിന്ദുകുടുംബത്തിൽ ജനിച്ചവളന്ന അദ്ദേഹം, ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഓക്സ്ഫോർഡിൽ പഠിക്കാനെത്തി, ഒരു ഇംഗ്ലീഷ്കാരി പെൺകുട്ടിയെ പരിണയിച്ചു്, ക്രിസ്തുമതം സ്വീകരിച്ചു്, ഇപ്പോൾ ബെഡ്ഫോഡ്

ഷയറിലെ ഒരിടവകയിൽ, ചർച്ച് ഒഫ് അനൻഡിയേഷൻ ദേവാലയത്തിൻെറ ചുമതലവഹിക്കുന്ന പുരോഹിതനായി ജോലിനോക്കുന്നു. പിരുപിരുപ്പനും എടുത്തുചാട്ടക്കാരനുമായ കോളേജ്‌വിദ്യാൎത്ഥിയായി ഞാൻ പണ്ട് അറിഞ്ഞിരുന്ന അദ്ദേഹം ഇപ്പോൾ, നല്ല പാകതയുള്ള, എങ്കിലും ഒട്ടും സ്ഥാനഗൗരവം ഭാവിക്കാത്ത, ഇപ്പോഴും പരമസ്നേഹാൎഹനായ, റവറൻറ് കെ. ററി. എൻ. മേനോനായി പരിവൎത്തനപ്പെട്ടിരിക്കുന്നു.

ഐക്യഅറബ്‌റിപ്പബ്ളിക്കിൻെറ അൻവാർ ദമ്പതികൾ, പക്കിസ്ഥാൻെറ ഹിലാലിദമ്പതികൾ, സിലോണിൻെറ മാലലശേഖരാദമ്പതികൾ, തുടങ്ങി മോസ്കോവിൽവച്ചു പരിചയപ്പെട്ടിരുന്ന പല സുഹൃത്തുക്കളെയും ഞങ്ങൾ കാണുകയുണ്ടായി. സോവിയററ്‌യൂണിയനും ചൈനയും തമ്മിൽ നടക്കുന്ന ലോകവ്യാപകമായ മത്സരത്തിൽ ചൈനയാണു ജയിക്കാൻപോകുന്നതെന്നു ഹിലാലി എന്നോടഭിപ്രായപ്പെട്ടു. പക്കിസ്ഥാനും ചൈനയും തമ്മിൽ വളൎന്നുവരുന്ന അഭിനവപ്രേമബന്ധത്തിൻെറ അടിസ്ഥാനത്തിൽ തോന്നുന്ന വ്യാമോഹത്തിൽനിന്നുത്ഭവിച്ച അഭിപ്രായമായിരിക്കാം അതു്.

ഉത്തരവിയററ്നാം സൈനികത്താവളത്തിൽ ആക്രമണം നടന്ന ഉടനേ ചൈനയുടെ ഷാർദഫേറിനെ മാലലശേഖരാ പോയികണ്ടിരുന്നു. അവർ തമ്മിൽ നടന്ന സംഭാഷണം ഇവിടെ ഉദ്ധരിക്കാൻ യോഗ്യമാണെന്നു തോന്നുന്നു. ഉത്തരവിയററ്നാമിലെ സ്ഥിതിഗതികളെപ്പററി എന്താണഭിപ്രായമെന്നു് ആ ചൈനീസ്‌ഉദ്യോഗസ്ഥനോടു മാലലശേഖരാ ചോദിച്ചു:

''രക്തത്തിനു വില രക്തമായിത്തന്നെ വാങ്ങും.'' അദ്ദേഹം പ്രതിവചിച്ചു.

''എങ്ങനെ?''

''വഴികൾ പലതുണ്ട്.'' ആ ചീനനയതന്ത്രോദ്യോഗസ്ഥൻ പറഞ്ഞു: ''അമേരിക്കാ ഒരൊററ യുദ്ധംപോലും ഏഷ്യയുടെ മണ്ണിൽ നേടിയിട്ടില്ല; ഈ യുദ്ധത്തിലും നേടാൻപോകുന്നുമില്ല.''

ജയമോ തോൽവിയോ കൂടാതെ പര്യവസാനിച്ചതെന്നു് അമേരിക്കയിലെ പ്രശസ്തരാഷ്ട്രീയകാര്യവിമർശകനായ ഹാൻസൺ ബാംഡ്വിൻ വിശേഷിപ്പിച്ച കൊറിയൻയുദ്ധത്തെ സൂചിപ്പിച്ചായിരിക്കണം അദ്ദേഹം അങ്ങനെ പറഞ്ഞതു്. വിയററ്നാംയുദ്ധത്തിൻെറയും കഥ അങ്ങനെയൊക്കെത്തന്നെയാവുമെന്നു തോന്നുന്നു, കാര്യങ്ങളുടെ പോക്കു കണ്ടിട്ടു്.

ഇംഗ്ലണ്ടിൽ ഒടുവിലത്തെ ദിവസം ഞങ്ങൾ കഴിച്ചുകൂട്ടിയിരുന്നതു് ഞങ്ങളുടെ മരുമകൾ സുശീലയുടെയും അവളുടെ ഭർത്താവു കെ. വി. മേനോൻെറയും കൂടെയാണു്, എസ്സക്സിലെ അപ്മിൻസ്റ്ററിലാണു് അവരുടെ താമസം. നല്ലൊരു പുൽത്തകിടിയും പൂന്തോട്ടവുമൊക്കെയുള്ള സുന്ദരമായ ഒരു ചെറുഭവനം വാങ്ങി അവർ അതു നല്ല വാസനാവൈഭവത്തോടെ സജ്ജീകരിച്ചു് അലങ്കരിച്ചിരിക്കുന്നു. അയൽക്കാരായ ഇംഗ്ലീഷുകാർ അവരോടു വളരെ സൗഹാർദ്ദപൂർവ്വമാണു പെരുമാറുന്നതെന്നാണു സുശീല പറഞ്ഞതു്. അവർ ആ വീട്ടിൽ താമസത്തിനായി ചെന്നെത്തിയ ആദ്യത്തെ ദിവസംതന്നെ, ഔപചാരികമായ പരിചയപ്പെടുത്തലിനൊന്നും കാത്തുനില്ക്കാതെ അയൽക്കാർ അങ്ങോട്ടു ചെന്നു് അവരെ സന്ദർശിക്കുകയും, അവരുടെ ആഹാരത്തിനുള്ള വിഭവങ്ങൾ കൊടുത്തയയ്ക്കട്ടെയോ എന്നു് ഔദാര്യപൂർവ്വം ആരായുകയുംചെയ്തു. സുശീല ഗർഭവതിയാകകൊണ്ടു് സെപ്തംബർ 12—ാംനു ഭൂലോകത്തിലേക്കു് അവതരിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്ന അവളുടെ ശിശുവിനെ ധരിപ്പിക്കാനുള്ള ഉടുപ്പുകൾ കൊടുത്തയച്ചുതുടങ്ങിയിരിക്കുന്നു, അവരിപ്പോൾ. സ്ഥിരമുദ്രിതാധരനായ, ആരോടും അടുത്തിടപഴകാൻ കൂട്ടാക്കാത്ത, ആ പണ്ടത്തെ ഇംഗ്ലീഷുകാരൻ എത്ര മാറിപ്പോയിരിക്കുന്നു!

വൈകുന്നേരം വിജയനും സുശീലയുംകൂടെ ഞങ്ങളെ കാറിൽ കയററി സൗത്ത് എൻഡ് കടൽപ്പുറത്തു കൂട്ടിക്കൊണ്ടുപോയി. കരയിൽ നടക്കുന്ന നേരമ്പോക്കുകൾ, കടലിൻെറ മോഹനഗാംഭീര്യത്തിൽനിന്നു നമ്മുടെ ശ്രദ്ധയെ വ്യതിചലിപ്പിക്കുന്നു; അലമാലകളുടെ കോലാഹലം വാഹന

പരമ്പരയുടെ ഇരമ്പലിൽപ്പെട്ടു് അമൎന്നുപോകുന്നു. ഏതായാലും ഇംഗ്ലണ്ടിനെ ഇന്നത്തെനിലയിലെത്തിച്ച—അഥവാ ഇംഗ്ലണ്ടിന്നു 19—ാംശതകത്തിൽ കൈവന്ന ഐശ്വര്യത്തിന്നു കാരണഭൂതരായ—ആ സാഹസികനാവികരിലൊരാളായ സർ ഫ്രാൻസിസ് ഡ്രേക്ക് ഉപയോഗിച്ചിരുന്ന ചരിത്രപ്രഖ്യാതമായ 'ദി ഗോൾഡൻ ഹിൻഡ്' എന്ന കപ്പൽ കാണാൻ അവസരം സിദ്ധിച്ചതു് ഞങ്ങളെ സന്തുഷ്ടരാക്കി.

19—ാംശതകത്തിലെക്കാൾ ആകൎഷകമാണു് 20—ാംശതകത്തിലെ ഇംഗ്ലണ്ടു് എന്ന വിചാരത്തിനധീനനാകാതിരിക്കാൻ കഴിയുന്നില്ല, എനിക്കു്. ഈ നൂററാണ്ടിൻെറ പൂൎവ്വാദ്ധത്തിൽ നടന്ന ലോകമഹായുദ്ധങ്ങൾ രണ്ടിലും ഇംഗ്ലണ്ടു് വീണ്ടും തെളിയിക്കുകയുണ്ടായി, ആക്രമിച്ചു രാജ്യം പിടിച്ചടക്കാൻ വരുന്ന ഉദ്ധതനായ വല്ല വിജിഗീഷുവിൻെറയും പാദാഘാതമേററു് അടങ്ങിക്കിടക്കാൻ കൂട്ടാക്കുന്ന കൂട്ടരല്ല തങ്ങളെന്നു്. അതേസമയംതന്നെ, വിജേതാക്കളുടെ പ്രൗഢപാദത്തിൻചുവട്ടിൽ അടങ്ങിക്കിടക്കാൻ കൂട്ടാക്കാത്ത രാജ്യങ്ങൾ വേറെയുമുണ്ടെന്ന ബോദ്ധ്യവും ഇംഗ്ലണ്ടിലാകെ വളൎന്നുവന്നിരിക്കുന്നു. ഈ ബോദ്ധ്യമാണു്, ഇൻഡോനേഷ്യയിലെ ഡച്ച്ഭരണത്തിൻെറയും ഇൻഡോചൈനയിലെ ഫ്രഞ്ചുഭരണത്തിൻെറയും അന്തിമഘട്ടങ്ങളിലെ ആക്ഷേപകരമായ സാഹചര്യങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ—അംഗോളായിൽ ഇന്നും നിലവിലിരിക്കുന്ന പോർട്ടുഗീസ്വാഴ്ചയിലന്തൎഭവിച്ചിരിക്കുന്ന മൎയ്യാദകേടിനെപ്പററി പറയാനുമില്ല—രമ്യവും മാന്യവുമായ രീതിയിൽ ഇൻഡ്യയിലെ സാമ്രാജ്യഭരണത്തിൻെറ ചട്ടക്കൂടു് അഴിച്ചെടുത്തുകൊണ്ടു് അന്തസ്സായി പിന്മാറാൻ അവരെ പ്രേരിപ്പിച്ചതു്. പൗരാണികകാലത്താകട്ടെ, ആധുനികകാലത്താകട്ടെ, മറേറതെങ്കിലും സാമ്രാജ്യത്തിൽ കാണപ്പെട്ടിട്ടില്ലാത്ത അത്ഭുതകരമായ ആയാമ്യതപ്രകടിപ്പിച്ചുകൊണ്ടു്, ഒരു റിപ്പബ്ളിക്കിനെപ്പോലും ഉൾക്കൊള്ളിക്കാവുന്നത്ര വിശാലമായ ചട്ടക്കൂടോടുകൂടിയ ഒരു കോമൺവെൽത്തായി പരിവൎത്തനപ്പെടുകയാണു്, ഈ കാലഘട്ട

ത്തിൽ ബ്രിട്ടീഷ്സാമ്രാജ്യം ചെയ്തതു്. അനിവാര്യമായ തിനെ അതിയോഗ്യമായ രീതിയിൽ അംഗീകരിക്കാനു ള്ള വിവേകം അവിടത്തെ രാജ്യതന്ത്രജ്ഞർ പ്രകടിപ്പിച്ചു. മുപ്പതു കൊല്ലങ്ങൾക്കു മുമ്പു് ആക്കു സങ്കല്പിക്കാൻകഴിയു മായിരുന്നു, അന്നു ജയിലിൽ കിടന്നു് ആയുസ്സു പാഴാക്കി യിരുന്ന ജവഹർലാൽ നെഹ്റുവിനെ 'നഗരത്തിൻെറ സ്വാതന്ത്ര്യം' നല്കി ലണ്ടൻ പട്ടണം ബഹുമാനിക്കുമെന്നു്; ഇൻഡ്യൻ സ്വാതന്ത്ര്യവാദത്തിൻെറമേൽ അക്കാലം നിഷ്ഠ രുണം ചമ്മട്ടിപ്രയോഗം നടത്തിക്കൊണ്ടിരുന്ന ചർച്ചിൽ, തൻെറ പ്രധാനമന്ത്രിപദത്തിൻെറ അന്തിമഘട്ടങ്ങളിൽ പഴയ ഈ ശത്രുവിനോടു് വീരാരാധനയോടടുത്ത ബഹുമാ നത്തോടും വിനയത്തോടും കൂടി പെരുമാറുമെന്നു്! 'ശത്രു' എന്ന പദപ്രയോഗത്തിൽ അത്യുക്തിയുടെ ലേശം കലന്നി ട്ടില്ല. ഒരു സംസ്ഥാനവിരുന്നിൽവച്ചു് തന്റെ തൊട്ടടുത്തി രുന്നിരുന്ന ഇന്ദിരാ നെഹ്റുവിനോടു ചർച്ചിൽ പറയുകയു ണ്ടായി, ''നമ്മൾ തമ്മിൽ ഇത്ര കടുത്ത ശത്രുക്കളായിരുന്ന ശേഷം, ഇപ്പോൾ ഇത്ര നല്ല സുഹൃത്തുക്കളായിരിക്കുന്നതു കുറേ അത്ഭുതംതന്നെ, അല്ലേ?'' ''ഓ, സർ വിൻസ്റ്റൺ, അങ്ങയെ ഞാൻ ഒരിക്കലും ശത്രുവായി ഗണിച്ചിട്ടില്ല.'' ഇന്ദിര പറഞ്ഞു. ''അതു ശരി. പക്ഷേ, ഞാൻ അങ്ങനെ കരുതിയിരുന്നു, അതു തീച്ച.'' എന്നായിരുന്നു ചർച്ചിലി ൻെറ മറുപടി.

1950–ാമാണ്ടു് അമേരിക്കയിൽ ഔദ്യോഗികസന്ദശ് നം നടത്തി മടങ്ങുംവഴി പ്രധാനമന്ത്രി നെഹ്റു ഏതാനും ദിവസം ഇംഗ്ലണ്ടിൽ തങ്ങിയിരുന്നു. ആ അവസരത്തിൽ, അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ആററ്ലി, പ്രതിപക്ഷനേതാവായിരുന്ന ചർച്ചിലിന്നു് അദ്ദേഹത്തെ പരിചയപ്പെടുത്തിക്കൊടുക്കുകയുണ്ടായി. നെഹ്റുവിനോ ടായി ചർച്ചിൽ ആദ്യം പറഞ്ഞ വാക്കുകൾ എന്തായിരു ന്നെന്നോ: ''അമേരിക്കൻ സദസ്സുകൾക്കു നിങ്ങളെ പരി ചയപ്പെടുത്തിക്കൊടുക്കാൻ നിങ്ങളുടെയൊപ്പം ഉണ്ടായിരി ക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചുപോ കയാണു്. എങ്ങനെയാണു ഞാൻ നിങ്ങളെ അവതരിപ്പി

ക്കക എന്നറിയാമോ? 'ഇതാ നില്ക്കുന്നു, ഭയത്തിൻെറയും വിദ്വേഷത്തിൻെറയും മേൽ വിജയം നേടിയ ഒരു മനുഷ്യൻ' എന്നു പറയുമായിരുന്നു ഞാൻ.'' ''വളരെ നന്ദി,'' നെഹ്റു പ്രതിവചിച്ചു: ''ഇതു വലിയ പ്രശംസതന്നെ.'' ''അതെ,'' ചർച്ചിൽ തുടന്നു, ''ഞാനിതു പെട്ടെന്നുണ്ടായ വികാരാവേഗംകൊണ്ടു പറയുന്നതുംമററുമല്ല. അതേപ്പററി നല്ലപോലെ ആലോചിച്ചിട്ടുതന്നെ പറഞ്ഞതാണ്. ആ അത്ഥത്തിൽത്തന്നെ ഉദ്ദേശിച്ചു പറഞ്ഞതുമാണ്.'' പഴയ രാഷ്ട്രീയ പ്രതിയോഗികളോട് ഔദാര്യം കാണിക്കുന്നവിഷയത്തിൽ നെഹ്റുവും ബ്രിട്ടീഷ്രാജ്യതന്ത്രജ്ഞന്മാരുടെ പിമ്പിലായിപ്പോയിട്ടില്ല, ഒരിക്കലും.

## 2 ജമ്മനി

*കൊളോൺ, ആഗസ്റ്റ്, 18*

മഴ പെയ്തുകൊണ്ടിരിക്കുമ്പോഠം ലണ്ടനിൽനിന്നു പുറപ്പെട്ട ഞങ്ങഠം, കനത്ത മൂടൽമഞ്ഞിൽ ഇംഗ്ലീഷ് ചാനൽ കടന്ന്, തെളിഞ്ഞ സൂര്യപ്രകാശത്തിൽ ഫ്രാങ്ക്ഫർട്ടിൽ ചെന്നിറങ്ങി. നമ്മുടെ കോൺസൽ ജനറലായ ചാരി എന്നെക്കാണാൻ വിമാനത്താവളത്തിലെത്തിയിരുന്നു. അദ്ദേഹം ഡൂൺ സ്കൂളിൽ അദ്ധ്യാപകനായിരുന്നിട്ടുണ്ട്; കുമാറിനെയും ശങ്കറിനെയും പഠിപ്പിച്ചിട്ടുമുണ്ട്. അക്കാലംമുതലുള്ള പരിചയമാണു ഞങ്ങഠം തമ്മിൽ. സംഭാഷണരീതി വച്ചുകൊണ്ട് ആളിൻെറ സ്വഭാവം നിണ്ണയിക്കുന്നപക്ഷം ഒരു നിത്യാദ്ധ്യാപകനാണു ചാരി. അദ്ദേഹത്തെ പണ്ഡിതോചിതമായ പഠനപ്രവണതയിൽനിന്നു വിമോചിപ്പിച്ചെടുത്ത്, പവനും ഡോളറും മാക്കുമൊക്കെയായിട്ട് ഇടപഴകുന്നതിൻെറ രുചിയൊന്നറിയിക്കാൻ കരുതിയിട്ടായിരിക്കുമോ ആവോ, വിദേശമന്ത്രികാര്യാലയത്തിൽനിന്നു ചാരിയെ തുടച്ചയായി വാണിജ്യപ്രധാനമായ പ്രവത്തനങ്ങഠം കൂടുതൽ വേണ്ടിവരുന്ന കേന്ദ്രങ്ങളിലേക്കു നിയമിച്ചയച്ചുകൊണ്ടിരിക്കുന്നതു്!

നമ്മുടെ സർവ്വീസിലെ ഏററവും മികച്ച പണ്ഡിതനായിരുന്ന ബാലചന്ദ്രരാജൻ സർവ്വീസിൽനിന്നു വിട്ടുപോകേണ്ട സാഹചര്യങ്ങളുണ്ടായതിനെപ്പററി എനിക്കു വളരെ ഖേദം തോന്നിയിട്ടുണ്ട്. കേംബ്രിഡ്ജിൽ ട്രിനിററി കോളേജിലെ ഏററവും ചെറുപ്പക്കാരായ അദ്ധ്യാപകരിലൊരാളായിരുന്ന അദ്ദേഹമെഴുതിയ ഒരു നോവൽ പ്രസിദ്ധീകരിച്ചപ്പോൾ ആ മാസത്തിലെ ഉത്തമഗ്രന്ഥമായി ബുക്ക് സൊസൈററി അതു തിരഞ്ഞെടുക്കുകയുണ്ടായി. അത്ര പ്രതിഭാശാലിയായിരുന്ന അദ്ദേഹം, വിദേശമന്ത്രികാര്യാലയത്തിലെ ഭരണവകുപ്പുചുമതലവഹിക്കുന്ന ജോയിൻറ് സെക്രട്ടറിയുമായി അസുഖകരമായ എന്തോ ഉരസലുണ്ടായതിനെത്തുടൎന്ന്, ഉദ്യോഗം രാജിവച്ചുകൊണ്ടു് അദ്ധ്യാപകവൃത്തിയിൽ പ്രവേശിക്കയാണുണ്ടായതു്. നയതന്ത്രമണ്ഡലത്തിനു നേരിട്ട നഷ്ടം വിദ്യാഭ്യാസമണ്ഡലത്തിനു നേട്ടമായിത്തീൎന്നു.

ചാരി ഞങ്ങളെ ഫ്രാങ്ക്ഫർട്ട് വിമാനത്താവളത്തിലെ റസ്റ്റാറൻറിലേക്കു ക്ഷണിച്ചുകൊണ്ടുപോയി. അദ്ദേഹവും എയർ ഇൻഡ്യയുടെ അവിടത്തെ പ്രതിനിധി രാമചന്ദ്രനും അനുജിയും ഐസ്ക്രീം കഴിച്ചു; ഞാൻ കാപ്പിയും. ഇൻഡ്യക്കാരനായ ഒരു വെയിററർ ഞങ്ങളെക്കണ്ടു് അടുത്തേക്കു വന്നപ്പോൾ, അയാളോടു ഞങ്ങൾ ഹിന്ദിയിൽ കുശലാന്വേഷണം നടത്തി. ''ഞാൻ അങ്ങയുടെ അടുത്ത നാട്ടുകാരനാണു്.'' അയാളുടെ മറുപടി മലയാളത്തിലായിരുന്നു. ''എൻെറ വീടു തിരുവല്ലായിലാണു്.'' ഞാൻ ജനിച്ചുവളൎന്ന കോട്ടയത്തുനിന്നു പതിനാറു മൈലേയുള്ളു തിരുവല്ലായ്ക്കു്. മാത്യു—അതാണയാളുടെ പേർ—വിഭവവിതരണത്തിൽ പരിശീലനത്തിനായി എത്തിയിട്ടുള്ള ഒരുസംഘം ചെറുപ്പക്കാരിൽപ്പെട്ട ആളാണു്.

നാല്പതു മിനിട്ടുനേരത്തെ വിമാനയാത്രകൊണ്ടു ഞങ്ങൾ കൊളോണിലെത്തി. നമ്മുടെ അംബാസഡർ പാമും പത്മിനിയും ഞങ്ങളെ സ്വീകരിക്കാനെത്തിയിരുന്നു. അവരുടെ കൂടെയാണു ഞങ്ങളുടെ താമസം. എനിക്കു് ഏററവുമധികം വാത്സല്യമുള്ള മരുമകളാണു് പത്മിനി.

1923-ൽ നടന്ന എൻെറയും അനുജിയുടെയും വിവാഹത്തിൽ സംബന്ധിച്ചിരുന്ന കാലത്തു് ഏഴെട്ടു വയസ്സുമാത്രം പ്രായമുള്ളൊരു ബാലികയായിരുന്ന പത്മിനി, ഇന്നിപ്പോൾ അഭിരാമയായ ഒരമ്മൂമ്മയാണു്. ഉദ്യോഗികജോലിയോടു ബന്ധപ്പെട്ടു് ഈ ഭൂഗോളം മുഴുവൻ ചുററിക്കഴിഞ്ഞിരിക്കുന്നു, അവളും ഭത്താവുംകൂടെ. ഞാൻ മോസ്കോവിൽ ജോലിയിലിരുന്ന കാലയളവിനുള്ളിൽ പാം അഞ്ചു രാജ്യങ്ങളിൽ സേവനമനുഷ്ഠിച്ചുകഴിഞ്ഞു—ബൽജിയത്തിലും തായ്ലൻഡിലും ആസ്ട്രേലിയായിലും ആർജൻ്റീനായിലും ജമ്മൻ ഫെഡറൽ റിപ്പബ്ളിക്കിലും. പാം ജമ്മനിയിലെത്തിയതു്, ഇപ്പോൾ ആലിഗഢ് സവ്വകലാശാലാ വൈസ് ചാൻസലറായിരിക്കുന്ന ബദരുദ്ദീൻ തയാബ്ജിയുടെ പിൻഗാമിയായിട്ടാണു്. ഞങ്ങൾ ഡൽഹിയിൽനിന്നു മോസ്കോവിലേക്കു പുറപ്പെടുന്ന അവസരത്തിൽ തയാബ്ജിയുടെ പത്നി സുരയാ പ്രകടിപ്പിച്ച സ്നേഹവായ്പു്, ഞാനൊരിക്കലും മറക്കില്ല. റഷ്യയിൽ എനിക്കു് ആപത്തൊന്നും സംഭവിച്ചുപോകാതിരിക്കാൻവേണ്ടി എൻെറ കൈയിന്മേൽ ഒരു 'രക്ഷ' കെട്ടിത്തന്നു, അവർ; ഒമ്പതുവഷക്കാലം മുഴുവൻ അതിന്നു് അതിൻെറ ശക്തി പുലത്തിക്കൊണ്ടുപോകേണ്ടിവന്നുതാനും. വഷംതോറും ഹൃദയസ്പൃശ്കമാംവിധം എന്നോടു കാരുണ്യം പ്രകടിപ്പിച്ചിരുന്ന മറെറാരു സുഹൃത്താണു ലീലാമണി നായിഡു. അവരെയും എനിക്കു മറക്കാൻ വയ്യ. എല്ലാക്കൊല്ലവും രക്ഷാബന്ധൻദിനത്തിൽ ചരടിൽ കോത്ത ഒരേലസ്സു്, കൈയിൽ കെട്ടിക്കൊണ്ടു നടക്കാൻവേണ്ടി എനിക്കയച്ചുതരുന്ന പതിവിനു മരണകാലംവരെ അവർ മുടക്കം വരുത്തിയിട്ടില്ല.

ഞങ്ങൾ വന്നെത്തി അധികനേരമാകുംമുമ്പു്, ഇൻഡൊനേഷ്യയുടെ ദേശീയദിനാചരണച്ചടങ്ങിൽ സംബന്ധിക്കേണ്ടിയിരുന്നതിനാൽ പാം അങ്ങോട്ടു പുറപ്പെട്ടു. ജക്കാത്തയിൽ നമ്മുടെ അംബാസഡർസ്ഥാനം പല മാസങ്ങളായിട്ടു് ഒഴിഞ്ഞുകിടക്കുകയാണു്. ആ സ്ഥാനത്തേക്കു് ഇനിയും ഒരാളെ നിയോഗിക്കാത്തതു കഷ്ടംതന്നെ. അടുത്ത കാലത്തായി ഇൻഡൊനേഷ്യയുമായുള്ള നമ്മുടെ ബന്ധം

ഒട്ടൊന്നു താറുമാറായിരിക്കയാണല്ലോ. അംബാസഡറെ നിയമിക്കുന്ന കാര്യം നാം താളത്തിലിട്ടിരിക്കുന്നതും അവരെ ചൊടിപ്പിച്ചിട്ടുണ്ടാവണം. പതിനഞ്ചുകൊല്ലം മുമ്പ് ഈ രാജ്യങ്ങൾ രണ്ടും തമ്മിലുള്ള ബന്ധം സൗഹാർദ്ദപൂർണ്ണമായിരുന്നു എന്നു പറഞ്ഞാൽ മതിയാവില്ല; സഹോദരനിർവ്വിശേഷമായിരുന്നു എന്നുതന്നെ പറയണം. ഇൻഡൊനേഷ്യൻ സ്വാതന്ത്ര്യസമരത്തിന്റെ അവസാനകാലങ്ങളിൽ സ്വതന്ത്ര ഇൻഡൊനേഷ്യൻ ഗവണ്മെന്റിന് അഭയംനല്കിയിരുന്നതു് ഇൻഡ്യയാണു്; ഡച്ചുകാർ 1949—ൽ ഇൻഡൊനേഷ്യയിൽ 'പോലീസ് നടപടി'യാരംഭിച്ചപ്പോൾ അതിനെതിരെ പ്രതിഷേധം രേഖപ്പെടുത്താൻ, ആഫ്രിക്കയിലെയും ഏഷ്യയിലെയും രാജ്യങ്ങളുടെ സുപ്രധാനമായ ഒരു സമ്മേളനം വിളിച്ചുകൂട്ടാൻ മുൻകൈയെടുത്തതും ഇൻഡ്യതന്നെ. ജനകീയ ചൈനീസ്റിപ്പബ്ളിക്കിന്റെ ശൈശവാവസ്ഥയിൽ അവരുടെ പുതുഭരണകൂടത്തിന്റെ കാര്യത്തിലും ഇൻഡ്യ തുല്യമായ താല്പര്യം കാണിക്കയും, അവക്ക് ഐക്യരാഷ്ട്രസഭയിൽ പ്രവേശനം നല്കണമെന്ന വാദത്തിന്നു പിൻതുണ നൽകുകയും ചെയ്തു. പക്ഷേ, അന്താരാഷ്ട്രീയ കാര്യങ്ങളിലെ മഹാമനസ്കതയെന്നതു് പലപ്പോഴും പ്രതിഗ്രാഹകന്നു ദഹിക്കാത്ത ഒരു ഗുണവിശേഷമാണു്; ഔദാര്യം കാട്ടുന്നവൻ അതിന്നംഗീകാരം ലഭിക്കുമെന്നു പ്രതീക്ഷിക്കേണ്ടതുമില്ല.

ഇന്നു രാവിലെ ഞാൻ കൊളോണിൽനിന്നു കാറിൽ പുറപ്പെട്ടു്, 35 കിലോമീററർ അകലെ ബോണിലുള്ള നമ്മുടെ ചാൻസറിയിലെത്തി കുടിശ്ശികയായിക്കിടന്നിരുന്ന കത്തെഴുത്തു മുഴുവൻ പൂർത്തിയാക്കിയപ്പോഴേക്കു് ഉച്ചയായി. അഡനോയർ കൊളോണിൽ മേയറായിരുന്നകാലത്തു പണികഴിപ്പിച്ച ഏറെ വിസ്താരമുള്ള ഒരു ആട്ടോബാണിലൂടെ (മോട്ടോർ റോഡ്)യാണു ഞങ്ങൾ സഞ്ചരിച്ചിരുന്നതു്. കൊളോണിന്നു ചുററിലുമായി കാണപ്പെടുന്ന ആ ഹരിതചക്രവും മോഹനമായ ഉപവനഭൂമിയുമൊക്കെ സംവിധാനംചെയ്തതിന്റെ ബഹുമതിക്കും അർഹൻ അദ്ദേഹം തന്നെ. 1932—ൽ ഹിററ്ലറാൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടും

വരെ പതിനേഴുവഷക്കാലം ആ നഗരത്തിലെ മേയറായിരുന്നു, അഡനോയർ. അന്നു മേയർപദവി വഹിച്ചിരുന്നതും ആകസ്മികമായും അകാരണമായും അദ്ദേഹത്തെ അധികാരത്തിൽനിന്നു പുറത്താക്കിയതുമെല്ലാം, പില്ക്കാലം അഡനോയക്കു ഗുണമായി പരിണമിക്കയാണുണ്ടായതു്.

മററു പല കാര്യങ്ങളുടെ കൂട്ടത്തിൽ മോസ്കോവുമായി നയതന്ത്രബന്ധമേപ്പെടുത്തുന്ന കാര്യം ചച്ചചെയ്യാനുംകൂടെയായിട്ടു് 1956—ൽ അഡനോയർ അവിടെയെത്തിയിരുന്ന അവസരത്തിൽമാത്രമാണു ഞാൻ അദ്ദേഹവുമായി കൂടിക്കണ്ടിട്ടുള്ളതു്. അദ്ദേഹത്തിൻെറ ആ സന്ദശ്നകാലത്തുണ്ടായ രണ്ടു നാടകീയസന്ദർഭങ്ങരം ഞാനോമ്മിക്കുന്നു. അദ്ദേഹത്തിന്റെ സന്ദർശനം അവസാനത്തോടടുക്കുംതോറും ചച്ചകരം പരാജയത്തിൽ പര്യവസാനിക്കുവാൻപോകുന്നു എന്ന തോതിൽ ശക്തിപ്പെട്ടുകൊണ്ടിരുന്നു. ഒടുവിലത്തെ ദിവസം ക്രെംലിനിൽ നടത്തപ്പെട്ട ഒരു സംസ്ഥാനവിരുന്നിൽവച്ചു് അദ്ദേഹം പറഞ്ഞു: ''എൻെറ ഇടത്തുഭാഗത്തിരിക്കുന്ന മാന്യനുമായി (ക്രൃഷ്ചോവ്) ഞാൻ അല്പംമുമ്പും കുറേനേരം സംസാരിക്കയുണ്ടായി; അദ്ദേഹത്തിൻെറ വാക്കുകളിൽ വിശ്വാസമപ്പിക്കാം.'' ജമ്മനിയും സോവിയററ്റഷ്യയും തമ്മിൽ നയതന്ത്രബന്ധമേപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നുവെന്നു് അടുത്തദിവസം രാവിലേ പ്രഖ്യാപനമുണ്ടാവുകയുംചെയ്തു.

അഡനോയറുടെ സന്ദർശനകാലത്തു് ആ പ്രശസ്താതിഥിയുടെ ബഹുമാനാത്ഥം ബോറംഷോയ് തിയേറ്ററിൽവച്ചു് 'റോമിയോ ആൻഡ് ജൂലിയററ്' എന്ന ബാലേയുടെ ഒരു പ്രത്യേക പ്രകടനമുണ്ടായിരുന്നതിൽ ഞാനും സംബന്ധിച്ചിരുന്നു. ജൂലിയററിൻെറ ഭാഗം ഉലനോവാ പൊടിപ്പനാക്കി. അവസാനരംഗത്തിൽ ജൂലിയററ് സ്വകാമുകൻെറ മടിയിൽ മരിച്ചുകിടക്കുന്നു; മൊണ്ടേഗ്യുകുടുംബവും കാപ്പുലേകുടുംബവും തമ്മിലുള്ള മത്സരം വരുത്തിവച്ച വിന കണ്ടു പശ്ചാത്താപഭരിതരായ ഇരുകുടുംബങ്ങളിലെയും തലവന്മാർ നടന്നു മുന്നോട്ടു നീങ്ങി പരസ്പരം ആലിംഗനബദ്ധരാവുന്നു. അതേ മുഹൂത്തത്തിൽ, റഷ്യയെയും, ജമ്മനി

യെയും പ്രതിനിധീകരിച്ചുകൊണ്ട് എഴുന്നേററുനിന്ന ബുറം ഗാനിനും അഡനോയറും പരസ്പരം ഹസ്തദാനം ചെയ്യുന്നതായി കണ്ട സദസ്യർ ആകാശഭേദിയാംവിധം കരഘോഷം മുഴക്കി. ഈ രണ്ടു രാജ്യങ്ങളും തമ്മിലുള്ള ശത്രുതമൂലം, കഴിഞ്ഞ രണ്ടു ലോകമഹായുദ്ധങ്ങളിലും ഒട്ടധികം നാശമേറ്റു. ആ ശത്രുതയ്ക്കൊർറുതിവന്നു റഷ്യയും ജർമ്മനിയും തമ്മിലുള്ള ബന്ധത്തിൽ പുതിയൊരു യുഗപ്പിറവിയുടെ ലക്ഷണം കാണാകുന്നുവെന്ന് ഒരു നിമിഷനേരത്തേക്കു തോന്നി. പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ, ഈ വ്യാമോഹം വേഗംതന്നെ തകർന്നുപോയി.

*ബർലിൻ, ആഗസ്റ്റ്, 20*

വളരെയേറെ ബഹുമാനപൂർവ്വം പെരുമാറുന്നവനെങ്കിലും, അല്പവാക്കായ ഒരു ജർമ്മൻകാരനുമൊത്ത്, അസാധാരണസമർത്ഥനായ ഒരു ചെറുപ്പക്കാരൻ 18—ാംതീയതി വൈകുന്നേരം കൊളോണിലെ ഞങ്ങളുടെ വസതിയിലെത്തിയിരുന്നു. അച്ഛൻവഴിക്കു ഗാന്ധിജിയുടേയും അമ്മവഴിക്കു രാജാജിയുടേയും പൗത്രനായ രാജ്മോഹൻ ഗാന്ധിയായിരുന്നു ആ വന്നതു്. ധാർമ്മികപുനരായുധീകരണപ്രസ്ഥാനത്തിൽ മുഴുകിയിരിക്കയാണദ്ദേഹം. ഇതിനേക്കാൾ ഉത്സാഹിയായ ഒരു പ്രവർത്തകനെ ആ പ്രസ്ഥാനത്തിനു ലഭിക്കില്ലതാനും. അദ്ദേഹം അത്രയ്ക്കു് അതിനോടു താദാത്മ്യംപ്രാപിച്ചിരിക്കുന്നു. ധാർമ്മികപുനരായുധീകരണ പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ അമേരിക്കയിൽ ഒരു പ്രസംഗപര്യടനം നടത്തിയിട്ട് ഇൻഡ്യയിലേക്കുള്ള മടക്കയാത്രയിലാണദ്ദേഹം. അദ്ദേഹത്തിൻെറ ആത്മവിശ്വാസത്തിനതിരില്ല. അനുജിയുമായി കണ്ട് അധികം കഴിയുന്നതിനുമുമ്പുതന്നെ അദ്ദേഹം പറഞ്ഞു, ഇൻഡ്യയിൽ അഴിമതിക്കെതിരായി ഒരു കുരിശുയുദ്ധമാരംഭിക്കാൻ താൻ തീരുമാനിച്ചിരിക്കയാണെന്ന്. പാർലമെൻറിൽ പ്രവേശിക്കാനുദ്ദേശിക്കുന്നുവെന്നും പറഞ്ഞു; ഏതു കക്ഷിയുടെ പ്രതിനിധിയായിട്ടോ ഏതു നിയോജകമണ്ഡലത്തിൽ

നിന്നോ വേണം മത്സരിക്കാൻ എന്നും തീരുമാനിച്ചിട്ടില്ലെന്നു മാത്രം.

''അന്തക്കരണമതീവശുദ്ധ—
മതിനാലെൻശക്തി പത്താളുടേ''

എന്ന വിശ്വാസം അദ്ദേഹത്തിൻെറ ശരീരത്തിൻെറ ഓരോ അണുവിലും നിറഞ്ഞുമുററിനില്ക്കുന്നതുപോലെ തോന്നി. ധാർമ്മികപുനരായുധീകരണ പ്രസ്ഥാനത്തിൻെറ മുഴുവൻ ശക്തിയും രാജ്മോഹൻെറ പിന്നിലുണ്ടുതാനും. ഇതൊക്കെയായാലും, വല്ല രാഷ്ട്രീയകക്ഷിയുടെയും പിൻതുണയില്ലാത്തപക്ഷം ഇൻഡ്യയിൽ അദ്ദേഹത്തിനു കാര്യമായി വല്ലതും നേടാൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഏതു കക്ഷിയോടാണു ചേരേണ്ടതെന്നതിനെപ്പററിയുള്ള അദ്ദേഹത്തിൻെറ ചിത്തചാഞ്ചല്യം—അച്ഛൻെറ അച്ഛൻെറ കക്ഷിയിൽ ചേരണോ അമ്മയുടെ അച്ഛൻെറ കക്ഷിയോടു ബന്ധപ്പെടണോ എന്ന മനഃപ്രയാസം—എനിക്കു മനസ്സിലാക്കാനും അദ്ദേഹത്തോടു സഹതപിക്കാനും കഴിയും. ഇതിൽ രണ്ടാമത്തേതിൻെറ കവഞ്ചിപ്രയോഗമേററുകൊണ്ടു് ആദ്യത്തെ കക്ഷി അധികാരത്തിലിരിക്കുന്ന അവസ്ഥയാണു് ഇൻഡ്യയെ സംബന്ധിച്ചിടത്തോളം പ്രത്യാശയ്ക്കു വകനൽകുന്ന ഉത്തമമാർഗ്ഗമെന്നു ഞാൻ വിചാരിക്കുന്നു.

ബർലിനിലേക്കു പുറപ്പെടാനിരുന്ന എന്നെ വിമാനത്താവളത്തിലേക്കു കൊണ്ടുപോയതു് എംബസിയിലെ ഡ്രൈവർ ക്ലീനാണു്. മുമ്പെങ്ങും അയാൾ എന്നോടു് ഒന്നും തന്നെ സംസാരിച്ചിട്ടില്ല. അധികം സംസാരിക്കാൻ കൂട്ടാക്കാത്ത കരുത്തനായൊരു ജർമ്മൻകാരനായിട്ടാണു് അയാളെ ഞാൻ സങ്കല്പിച്ചിരുന്നതു്. പക്ഷേ, സ്വതേ വാചംയമിയായ അയാൾ ഇന്നു വളരെ വാചാലനായി കാണപ്പെട്ടു. എംബസിയിൽ ജോലിക്കു ചേരുന്നതിനുമുമ്പു് എന്തായിരുന്നു അയാൾക്കു പണി എന്ന സരളമായ ഒരു ചോദ്യം ഞാൻ തൊടുത്തുവിട്ടതു സംഭാഷണത്തിൻെറ ചിറ തുറന്നുവിട്ടു. കഴിവുള്ളത്ര അയാളുടെ വാക്കുകളിൽത്തന്നെ ഞാനതു പകർത്താം.

''ഞാൻ പട്ടാളത്തിലായിരുന്നു. രണ്ടരക്കൊല്ലം ഒന്നാം

ലോകമഹായുദ്ധത്തിലും അഞ്ചരക്കൊല്ലം രണ്ടാംലോക മഹായുദ്ധത്തിലുമുണ്ടായിരുന്നു. എനിക്കു മതിയായി. ഒന്നാമത്തെ ലോകയുദ്ധത്തിൽ ഞാൻ സോം മേഖലയിലായിരുന്നു. രണ്ടാമത്തെ ലോകയുദ്ധത്തിൽ ഞാനുംപ്പെട്ട റജിമെൻറ് ഖാർക്കോവിൽവച്ച് ഏതാണ്ടു നാമാവശേഷമായതാണ്. ഞങ്ങൾ കുറച്ചുപേർമാത്രം ചാകാതെ രക്ഷപ്പെട്ടു. റഷ്യാക്കാർ ഞങ്ങളെ പിൻതുടർന്നുകൊണ്ടിരുന്നതിനാൽ തിരക്കിട്ടു നടക്കേണ്ടിയിരുന്നു, ഞങ്ങൾക്ക്. റുമേനിയായിൽവച്ച് ഞങ്ങളെ പുതിയൊരു റജിമെൻറായി സംഘടിപ്പിച്ചു നോർമൻഡിയിലേക്കയച്ചു. കടൽത്തീരത്തിനോടടുത്തൊരു സ്ഥലത്തായിരുന്നു, ഞങ്ങൾ. കടലിലും കരയിലും ആകാശത്തിലുംനിന്നാക്രമണം നടത്തി എല്ലാം തകർത്തുകൊണ്ടിരിക്കയായിരുന്നു, ബ്രിട്ടീഷുകാർ. എന്തു ലക്ഷ്യം നേടാൻവേണ്ടിയാണ് പ്രാണൻ പണയംവച്ച് ഈ യുദ്ധം ചെയ്യുന്നതെന്ന് ഞങ്ങളിൽ ഓരോരുത്തനും ശങ്ക തോന്നിത്തുടങ്ങി. ഒടുവിൽ എന്നെ പിടികൂടി കനേഡിയൻ തടങ്കൽപാളയത്തിലാക്കി. അവർ ഞങ്ങളുടെ ചന്തിക്കു തൊഴിക്കയും 'തന്തയില്ലാത്തവരെ'ന്നു വിളിക്കയുമൊക്കെ ചെയ്തു. ഭക്ഷണം ഞങ്ങൾക്കു തീരെ കിട്ടിയിരുന്നില്ലെന്നുതന്നെ പറയാം. ഞങ്ങൾ പന്ത്രണ്ടുപേർ നാലാഴ്ചക്കാലം മുഴുവൻ ഒരു ഭരണി ജാംകൊണ്ടുമാത്രമാണു ജീവൻപുലർത്തിയിരുന്നതെന്നു പറഞ്ഞാൽ നിങ്ങൾക്കു വിശ്വാസമാവുമോ എന്തോ? ഇല്ല! റൊട്ടിയെന്നൊന്ന് ഇല്ലേയില്ല. ഇതൊക്കെയായാലും തടവുകാർ വിഷമജ്വരം പിടിപെട്ട് ഈച്ചകളെപ്പോലെ ചത്തൊടുങ്ങിക്കൊണ്ടിരുന്ന റഷ്യൻ തടങ്കൽപാളയങ്ങളെക്കാൾ ഭേദമായിരുന്നു, അതുപോലും. ഹിററ്ലർ ഭ്രാന്തനായിരുന്നു എന്നതു വാസ്തവം. എങ്കിലും ലോയിഡ് ജോർജ്ജിനെയും ക്ലെമൻഷോയെയുംപോലുള്ളവരാണ് ഹിററ്ലറെ സൃഷ്ടിച്ചത്. വെഴ്സായ് ഉടമ്പടിയുണ്ടായിരുന്നില്ലെങ്കിൽ ഹിററ്ലറുടെ അവതാരവും സംഭവിക്കുമായിരുന്നില്ല. ആളുകളെപ്പററി വെറുതേ പക തോന്നിയിട്ടു കാര്യമില്ല.''

''പക്ഷേ, രണ്ടാംലോകമഹായുദ്ധത്തിനുശേഷം ജമ്മ

നിയോടുള്ള പെരുമാററം വളരെ ഉദാരമാണല്ലോ, അല്ലേ?'' ഞാൻ ചോദിച്ചു.

''അതെ.'' ക്ലീൻ സമ്മതിച്ചു. ''കുറേ നേരമ്പോക്കു തന്നെ ഈ അമേരിക്കക്കാരുടെ കാര്യം. എല്ലാം തകൎത്തു തരിപ്പണമാക്കിയിട്ട് അവർതന്നെ വീണ്ടും എല്ലാം പണിതുയൎത്തുകയാണ്. അവൎക്ക് അവരുടെ ഉല്പന്നങ്ങൾ—കാറും റഫ്രിജറേറ്ററും ടെലവിഷൻ സെററുമൊക്കെ—വില്ക്കാൻ വിപണിയില്ലാതെവരുമ്പോൾ യുദ്ധവുമായി ആരുടെയെങ്കിലും മേൽ ഉരുണ്ടുകയറും; അല്ലെങ്കിൽ മററുള്ളവരെ പ്രേരിപ്പിച്ചു യുദ്ധത്തിലിറക്കിവിട്ടിട്ട് സഹായിച്ചുകൊടുക്കും. നിങ്ങൾക്കിതു സങ്കല്പിക്കാൻ കഴിയുമോ? ('സങ്കല്പ'മെന്ന വാക്കുതന്നെയാണ് അയാളുപയോഗിച്ചതു്.) രണ്ടാംലോകമഹായുദ്ധത്തിനു തൊട്ടുമുമ്പ് അഞ്ഞൂറു ടൺ നിക്കലൊണ് അമേരിക്കക്കാർ ജൎമ്മനിക്കു വിററതു്. ആയുധനിൎമ്മാണത്തിലേൎപ്പെട്ടിരുന്ന ജൎമ്മനിക്ക് അതത്യാവശ്യമായിരുന്നു. ഇത്ര വലിയ സമ്പത്തും കരുത്തും വ്യവസായസമൃദ്ധിയുമെല്ലാമുള്ള അമേരിക്കാ, യുദ്ധത്തിൽ ചാടിവീഴാതെ ഒഴിഞ്ഞുമാറി നില്ക്കുകയേയുള്ളുവെന്നായിരുന്നു ഹിററ്ലറുടെ കണക്കുകൂട്ടൽ. അമേരിക്കക്കാൎക്ക് എല്ലാം മെച്ചപ്പെട്ട വകകളാണു കിട്ടിക്കൊണ്ടിരുന്നതു്—ഏററവും നല്ല യൂണിഫോം, ഏററവും നല്ല ആയുധങ്ങൾ, ഏററവും നല്ല ആഹാരം. ഓരോ സ്പൂൺ ജാം മാത്രം കഴിച്ചു ഞങ്ങൾ വല്ലവിധവും പ്രാണൻ പുലൎത്തിയിരുന്നപ്പോൾ അവൎക്കു പൊരിച്ചു കോഴിയും അനാനായു(കൈതച്ചക്ക)മൊക്കെ എത്രവേണമെങ്കിലും കിട്ടിയിരുന്നു. ചിലസമയം അമേരിക്കൻ പട്ടാളക്കാർ അതിൻെറയൊക്കെ പങ്കു ഞങ്ങൾക്കും തന്നിരുന്നു.''

അമേരിക്കയെപ്പററി ക്ലീൻ പറഞ്ഞതൊക്കെ ശരിയായിരുന്നുവെന്ന് ബർലിനിൽ കണ്ടതൊക്കെക്കൊണ്ടു ഞങ്ങൾക്കും തോന്നി. അവരും അവരുടെ സഖ്യകക്ഷികളും കൂടെ തകൎത്തുതകൎത്തായി ബർലിനിലുണ്ടായിരുന്നതൊക്കെ തകൎത്തു; എന്നിട്ട് ഇപ്പോഴിതാ ആ നഗരം മുഴുവൻ വീണ്ടും പുത്തനായി പണിതുയൎത്തിയിരിക്കുന്നു. ചാമ്പലിൽനിന്നു ഫീനിക്സെന്നപ്പോലെ ഉയൎന്നുവന്നിരിക്കു

യാണു് ബർലിൻനഗരം. നന്നായി ഇംഗ്ലീഷ് സംസാരിക്കുന്ന ഒരു ജർമ്മൻയുവാവിനെ ഞങ്ങളുടെ തുണയ്ക്കുവേണ്ടി ജർമ്മൻ അധികൃതർ വിട്ടുതന്നിരുന്നു; അയാരം ഞങ്ങളെ എല്ലായിടത്തും കൊണ്ടുനടന്നു കാണിച്ചുതരികയും ചെയ്തു. മററു നഗരങ്ങളിലെന്നപോലെ നഗരത്തിൽനിന്നു വിട്ടു് ഏറെയകലെയല്ല, നഗരത്തിൻെറ ഹൃദയഭാഗത്തുതന്നെയാണു് ഇവിടത്തെ വിമാനത്താവളം സ്ഥിതിചെയ്യുന്നതു്. അവിടെനിന്നു പുറത്തേക്കു കടന്ന ഉടനേതന്നെ, 1948—49-ലെ ബർലിൻ ബ്ലോക്കേഡിനെ തകർത്തുകളഞ്ഞ പ്രസിദ്ധമായ ആകാശയാനത്തിൽ (air lift) മൃതിയടഞ്ഞ 77 പേരെ ഉദ്ദേശിച്ചുണ്ടാക്കിയിട്ടുള്ള സ്മാരകം ഞങ്ങളുടെ വഴികാട്ടി കാണിച്ചുതന്നു. ''ശൂന്യാകാശയുഗത്തിൻെറ അത്ഭുതങ്ങളെപ്പററിയൊക്കെ ആളുകരം പറഞ്ഞുകേരംക്കാറുണ്ടു്.'' അയാരം പറഞ്ഞു, ''പക്ഷേ, ഈ ആകാശയാനം അതിനെക്കാളൊക്കെ പ്രശംസനീയമായ നേട്ടമായിരുന്നുവെന്നാണു് എനിക്കു തോന്നിയിട്ടുള്ളതു്.'' ഫോർഡ് ഫൗണ്ടേഷൻ പണം മുടക്കി സ്ഥാപിച്ചിട്ടുള്ള സർവ്വകലാശാല, ഏഴുലക്ഷം പുസ്തകങ്ങളുള്ള ഗ്രന്ഥശാല, ബഞ്ചമിൻ ഫ്രാങ്ക്ളിൻഫണ്ടുപയോഗിച്ചു നിർമ്മിച്ചിട്ടുള്ള കോൺഗ്രസ്സ് ഹാരം, തുടങ്ങി അമേരിക്കൻ ഔദാര്യത്തിൻെറ സ്മാരകങ്ങളായി ഉയർന്നുവന്നിട്ടുള്ള പല സ്ഥാപനങ്ങളും വഴികാട്ടി ഞങ്ങളെ കൊണ്ടുനടന്നു കാണിക്കയുണ്ടായി. മാർഷൽപ്ലാനാണു് ജർമ്മനിക്കു മോക്ഷപ്രദമായിത്തീർന്നതെന്നു് അയാരം എന്നെ അനുസ്മരിപ്പിക്കയുണ്ടായി. അതിനോടു ഹൃദയപൂർവ്വം യോജിച്ചുവെങ്കിലും, കഠിനപ്രയത്നത്തിനുള്ള സന്നദ്ധതയും തീവ്രദേശാഭിമാനവുമുള്ള ഒരു ജനതയായിരുന്നില്ല ജർമ്മൻകാരെങ്കിൽ, മാർഷൽപ്ലാൻകൊണ്ടുമാത്രം ആ രാജ്യത്തിനു കാര്യമായ നേട്ടമുണ്ടാകുമായിരുന്നില്ല എന്നു ഞാൻ അഭിപ്രായപ്പെട്ടു. ആകർഷകമാംവിധം വിനീതഭാവമവലംബിച്ചുകൊണ്ടു് അയാരം എൻെറ ഈ പ്രശംസയ്ക്കു നന്ദി പറഞ്ഞു. അസാധാരണമെന്നു പറയട്ടെ, ജർമ്മനിയുടെ വമ്പിച്ച നേട്ടങ്ങളെപ്പററി പറയുമ്പോരം ക്ഷമാപണത്തിൻെറ ഛായയുണ്ടായിരുന്നു, അയാളുടെ സ്വരത്തിൽ.

''1870-ലെ വിജയസ്തംഭമെന്നു പറയപ്പെടുന്ന''—ബിസ്മാർക്കിൻെറയും, മോൾക്കേയുടെയും, യുദ്ധമന്ത്രി റൂണിൻെറയും പ്രതിമകളാൽ പരിസേവിതമായ—സ്മാരകം അയാൾ ഞങ്ങൾക്കു കാട്ടിത്തന്നു. ''നിങ്ങളെന്താ 'പറയപ്പെടുന്ന' എന്നു വിശേഷിപ്പിക്കാൻ കാര്യം?'' ഞാൻ ചോദിച്ചു. ''മഹത്തായ ഒരു ജർമ്മൻ വിജയത്തെ അനുസ്മരിപ്പിക്കുന്നതല്ലേ അതു്?'' ''ആയിരിക്കാം,'' അയാൾ പറഞ്ഞു, ''പക്ഷേ, അതിനു സമാധാനസ്തംഭം എന്നു പേരു നല്കിക്കൊണ്ടു് സമാധാനദേവതയുടെ ഒരു പ്രതിമ മുകളററത്തു സ്ഥാപിക്കുന്നതായിരുന്നു ഉത്തമം. ഹിററ്ലറെ കൊലപ്പെടുത്താൻ 1944 ജൂലൈ 20-ാംതീയതി ശ്രമംനടത്തി പരാജയപ്പെട്ടതിനെത്തുടൎന്നു മരണശിക്ഷയനുഭവിക്കേണ്ടിവന്ന ജനറലന്മാരുൾപ്പെടെയുള്ള ഹിററ്ലർവിരുദ്ധസംഘത്തിൻെറ ബഹുമാനാൎത്ഥം സ്ഥാപിച്ചിട്ടുള്ള സ്മാരകവും, 1953 ജൂൺ 17-ാംതീയതി വിപ്ലവത്തിനൊരുമ്പെട്ട പൂൎവ്വജൎമ്മൻതൊഴിലാളികളെ അനുസ്മരിച്ചു നാമകരണം ചെയ്തിട്ടുള്ള 'ജൂൺ 17' തെരുവുമൊക്കെ പശ്ചിമബർലിനിലെ സഞ്ചാരത്തിനിടയിൽ ഞങ്ങൾ കാണുകയുണ്ടായി.

ഡച്ചുകാരനായ മറെറാരു വഴികാട്ടിയെ തുണയ്ക്കു കൂട്ടിക്കൊണ്ടു് ഉച്ചയ്ക്കുമേൽ ഞാൻ പൂൎവ്വബർലിനും സന്ദർശിച്ചു. ''എല്ലാം തകൎത്തു തരിപ്പണമാക്കിയിട്ടു വീണ്ടും പണിതുയൎത്തുന്ന''തെന്നു ക്ലീൻ വിശേഷിപ്പിച്ച ആ പ്രത്യേക കലയിൽ സാമൎത്ഥ്യം പ്രകടിപ്പിക്കുന്ന കൂട്ടർ അമേരിക്കർമാത്രമല്ലെന്നു പൂൎവ്വബർലിൻസന്ദൎശനംകൊണ്ടു് എനിക്കു ബോദ്ധ്യപ്പെട്ടു. ബർലിനിൽ ആദ്യം ചെന്നെത്തിയതു റഷ്യാക്കാരാണല്ലോ. നഗരം തവിടുപൊടിയാക്കുമ്പോൾ കാരുണ്യത്തിൻെറ കണികപോലും കാണിച്ചിരുന്നില്ല, അവർ. ഇപ്പോൾ അവിടം വീണ്ടും പണിതുയൎത്തുന്നകാര്യത്തിലും, ഒട്ടും കുറയാത്ത ഊൎജ്ജസ്വലത പ്രകടിപ്പിച്ചിരിക്കുന്നു, അവർ. മുമ്പു 'സ്റ്റാലിൻ അവന്യൂ' എന്നു നാമകരണംചെയ്തിരുന്ന ഇന്നത്തെ 'കാറൽമാർക്സ് അവന്യൂ'വിലേക്കു് എന്നെ കണ്ണുമൂടിക്കെട്ടിയാണു കൊണ്ടുപോയിരുന്നതെങ്കിൽ, വല്ല വലിയ റഷ്യൻനഗരത്തിലുമാണു ചെന്നുപെട്ടിരിക്കുന്നതെന്നു

ഞാൻ വിചാരിച്ചുപോയേനെ. ഇരുവശങ്ങളിലുമുള്ള കെട്ടിടങ്ങരം ശരിറഷ്യൻമാതൃകയിലാണു പണിതുയത്തിയിട്ടുള്ളതു്. ''അണുകായുധങ്ങരം പ്രദശിപ്പിച്ചുകൊണ്ടു് അവർ സമാധാനഘോഷയാത്ര നടത്താറുള്ളതെ''ന്നു ഞങ്ങളുടെ റഷ്യൻ വഴികാട്ടി തെല്ലു പരിഹാസസ്വരത്തിൽ വിശേഷിപ്പിച്ച അവിടത്തെ കാറൽമാർക്സു് സ്ക്വയർ, മോസ്കോവിലെ റെഡ്സ്ക്വയറിനെ അനുസ്മരിപ്പിക്കാൻപോന്നതാണു്. പത്തുകൊല്ലം മുമ്പു് ഞാൻ ആദ്യമായി ബർലിൻ സന്ദശിച്ചിരുന്നപ്പോരം, പശ്ചിമബർലിനിലെ ഐശ്വര്യസമൃദ്ധിയും നേരേ വിപരീതമായ പൂവ്വജമ്മനിയിലെ അവസ്ഥയും തമ്മിലുള്ള വ്യത്യാസം വളരെ പ്രകടമായിരുന്നു. ഇപ്പോരം അത്രതന്നെ അന്തരം തോന്നുന്നില്ല, കാഴ്ചയിൽ. പൂവ്വബർലിനും ഇപ്പോരം പ്രവത്തനവ്യഗ്രമായി കാണപ്പെടുന്നു. എവിടെ നോക്കിയാലും പ്രയത്നത്തിൻെറ ലക്ഷണംതന്നെ. പൂവ്വജമ്മനിയിൽ ഉപയോഗത്തിലിരിക്കുന്ന താണതരം പെട്രോളിൻെറ ഗന്ധം അന്തരിക്ഷത്തിൽ തങ്ങിനിന്നിരുന്നതിലേക്കു് എൻെറ ശ്രദ്ധയെ ആകഷിക്കാൻ വഴികാട്ടി മറന്നുപോയില്ല. എന്നിട്ടു് അയാരം പറഞ്ഞു, ''പക്ഷേ, പശ്ചിമജമ്മനിയിൽ ഉപയോഗിക്കപ്പെടുന്ന 'മുതലാളി'പെട്രോളിനെക്കാരം ആത്മവീര്യത്തിൽ കൂടുതൽ മെച്ചപ്പെട്ടതിതാണു്.''

കംതേക്കറുടെ വളരെ ഉല്ലാസപ്രദമായ മുത്താഴസല്ക്കാരത്തിൽ പങ്കുകൊണ്ടിട്ടു്, ബർലിൻെറ പൂവ്വ, പശ്ചിമമേഖലകളെ വേർതിരിക്കുന്ന മതിൽക്കെട്ടു കാണാൻ പുറപ്പെട്ടു, ഞാൻ. 1960—ൽ ഞാൻ ബർലിൻ സന്ദശിച്ചിരുന്നപ്പോരം ഈ മതിൽക്കെട്ടുണ്ടായിരുന്നില്ല. അതുകഴിഞ്ഞു് ആറുമാസത്തിനുശേഷമാണു് അതു കെട്ടിപ്പൊക്കിയതു്. കോൺക്രീററുകൊണ്ടു പണിതീത്തു് മുള്ളുകമ്പിച്ചുരുളുകരംകൊണ്ടു് കൂടുതൽ ദുരാരോഹമാക്കിത്തീത്തിട്ടുള്ള ഈ മതിലിന്നു് 160 കിലോമീററർ നീളമുണ്ടു്. നൂറു വാര വീതം അകലത്തിൽ നിരീക്ഷണഗോപുരങ്ങളും—എൻെറ വഴികാട്ടി പറയുന്നതുപോലെയാണെങ്കിൽ അദൃശ്യരായ പോലീസ് നായ്ക്കളും—കാവലിനുണ്ടുതാനും. നൂറു മീററർ വീതിയിൽ

കിടക്കുന്ന ഒരു പ്രദേശം മുഴുവനും ഉടയവനില്ലാഭൂമി —അഥവാ 'മരണമേഖല'—യാണു്. അവിടവിടെയായി മൈനുകളും കുഴിച്ചിട്ടിട്ടുണ്ടു്. മതിലിന്റെ മുകളിലേക്കു തള്ളിനില്ക്കുന്ന എല്ലാ ഭവനങ്ങളും നിർജ്ജനമാക്കപ്പെട്ടിരിക്കുന്നു. അവയുടെ വാതിലുകളും ജനാലകളുമൊക്കെ ഇഷ്ടികവച്ചു കെട്ടിയടച്ചിരിക്കുന്നു. 'മരണമേഖല'യ്ക്കുള്ളിലെ സ്കൂളുകളും സിനിമാകളുമെല്ലാം നിരത്തിലാക്കിയിരിക്കുന്നു. അതിർത്തിക്കിപ്പുറത്തുനിന്നപ്പുറത്തേക്കോ അവിടെനിന്നിങ്ങോട്ടോ സംഭാഷണംനടത്തുന്നതു കർശനമായി നിരോധിച്ചിരിക്കുന്നു. മതിലിനു മീതേക്കൂടെ കടന്നു രക്ഷപ്പെടാൻ ശ്രമിച്ച ഒരാൺകുട്ടിയെ വെടിവയ്ക്കാൻ ഒരിക്കൽ ഒരു പട്ടാളക്കാരൻ വിസമ്മതിച്ച കുററത്തിനു് അയാളുൾപ്പെട്ട പട്ടാളവിഭാഗത്തെ മുഴുവൻ കുററക്കാരാക്കിക്കൊണ്ടു വിചാരണ നടത്തുകയുണ്ടായി. പൂർവ്വബർലിനിലെയും പശ്ചിമബർലിനിലെയും ആളുകൾ അതിർത്തികടന്നു് ഒരിടത്തുനിന്നു മറേറ സ്ഥലത്തേക്കു പൊയ്ക്കൂടാ; ഭാര്യാഭർത്താക്കന്മാരുടെ പരസ്പരസമ്പർക്കംപോലും ഈ മതിൽമൂലം തടയപ്പെട്ടിട്ടു് ബന്ധവിച്ഛേദം സംഭവിക്കുന്നു. മദ്രാസിലെ പൂനമലഹൈറോഡിന്റെ നടുവിലൂടെ നെടുനീളം ഒരു മതിൽ കെട്ടി അതിന്റെ ഒരുവശത്തു റഷ്യാക്കാരും മറുവശത്തു് അമേരിക്കാക്കാരും താവളമുറപ്പിക്കുന്നതുപോലാണിതു്.

ആളുകൾ ഏതാനും നിമിഷം നിശ്ശബ്ദരായിനിന്നു പ്രകടനം നടത്തിക്കൊണ്ടു് കഴിഞ്ഞയാഴ്ച പശ്ചിമബർലിനിൽ ഈ മതിലിന്റെ മൂന്നാം വാർഷികദിനമാചരിക്കുയുണ്ടായി. ഈ മതിൽ എന്തിനായി നിർമ്മിക്കപ്പെട്ടുവോ, ആ ലക്ഷ്യം ശരിക്കും നിറവേറുന്നുണ്ടു്. ശരാശരി രണ്ടായിരംപേർവീതം ദിവസവും പൂർവ്വബർലിനിൽനിന്നു പശ്ചിമബർലിനിലേക്കു കടന്നുപൊയ്ക്കൊണ്ടിരുന്നതിന്റെ ഒഴുക്കു നിലച്ചു. ഇങ്ങനെയൊക്കെയായാലും, മതിൽക്കെട്ടിന്റെ നിർമ്മാണത്തിനുശേഷം കഴിഞ്ഞ മൂന്നു വർഷക്കാലത്തിനുള്ളിൽ 1633 സൈനികരുൾപ്പെടെ 20000 പൂർവ്വബർലിൻ നിവാസികൾ എങ്ങനെയൊക്കെയോ പശ്ചിമബർലിനിലേക്കു കടന്നിട്ടുണ്ടെന്നാണു പറഞ്ഞുകേ

ട്ടതു്. അതിർത്തി കടന്നു പോകാനുള്ള ശ്രമം നടത്തുന്നതായി കാണപ്പെട്ട 53 പേരെ അപ്പോഴത്തന്നെ വെടിവെച്ചുകൊന്നിട്ടുണ്ടു്. അവരുടെ സ്മരണ നിലനിർത്താൻ നിരത്തിന്നരികിൽ പണിതീർത്തിട്ടുള്ള ശവകുടീരത്തിൽ പുതുപുഷ്പങ്ങൾ വിതറിയിരിക്കുന്നു. ഈ മതിൽ കെട്ടിപ്പൊക്കാൻ പത്തുകോടി മാർക്ക് ചെലവായിട്ടുണ്ടെന്നു പൂർവ്വബർലിൻ അധികൃതർതന്നെ സമ്മതിക്കുന്നുണ്ടെന്നാണു് എൻെറ വഴികാട്ടി പറഞ്ഞതു്. കള്ളക്കടത്തിലും കരിഞ്ചന്തയേർപ്പാടിലുമായി മുമ്പു പ്രതിവർഷം മുപ്പതു ബില്യൻ മാർക്ക് നഷ്ടപ്പെട്ടുകൊണ്ടിരുന്നതു് ഒഴിവാക്കാൻ കഴിയുന്നതിനാൽ, ഈ മുതൽമുടക്കു് നിശ്ചയമായും പ്രയോജനകരമാണെന്നു് അവരവകാശപ്പെടുന്നു. പൂർവ്വബർലിൻ മേഖലയിലുള്ളവർ ആ മതിലിനെ ''ഫാസിസ്റ്റുകൾക്കെതിരായുള്ള ഒരു സംരക്ഷണോപാധി''യായി ഗണിക്കുമ്പോൾ, പശ്ചിമബർലിൻകാരുടെ ദൃഷ്ടിയിൽ അതു് ''ഫാസിസ്റ്റ്ചാരന്മാരുടെയും അട്ടിമറിപ്രവർത്തകരുടെയും താവള''മാണു്. ഈ മതിലിന്നു മുകളിലൂടെ പ്രചാരണത്തിൻെറയും പ്രതിപ്രചാരണത്തിൻെറയും പ്രവാഹം അനുസ്യൂതമായി നടന്നുകൊണ്ടിരിക്കയാണു്.

പശ്ചിമജർമ്മനിയിൽ നടന്നുകൊണ്ടിരിക്കുന്ന നുണപ്രചരണംകൊണ്ടു വഞ്ചിതരാകാതെ കരുതിയിരിക്കാൻ പശ്ചിമജർമ്മനിയിലുള്ളവരെ താക്കീതുചെയ്യുന്ന പോസ്റ്ററുകൾ പൂർവ്വജർമ്മൻകാർ ഉയരത്തിൽ സ്ഥാപിച്ചിരിക്കുന്നു. ''ആർക്കാണു മതിൽ കെട്ടാനാവശ്യം? ആർക്കുമില്ല. ഞങ്ങളുടെ തൊഴിലാളികൾക്കു ഭവനനിർമ്മാണത്തിൻെറ തിരക്കിട്ട പണി കിടക്കുന്നു; മതിൽ കെട്ടാനല്ല അവർക്കു നേരം'' എന്ന ഊൾബ്രിക്ക്ററിൻെറ പ്രസ്താവന ഉദ്ധരിച്ചുകൊണ്ടു്—1961 ജൂൺ 15-ാംനു-യിലെ ആ പ്രസ്താവന പുറപ്പെടുവിച്ചു രണ്ടുമാസത്തിനുള്ളിൽ ക്രൂരമായ ഒരു യാഥാർത്ഥ്യമായി ആ മതിൽ ഉയർന്നുവന്നുകഴിഞ്ഞു—പോട്ട്സ്ഡാം സർക്കിളിൽ പ്രദർശിപ്പിച്ചിട്ടുള്ളതായി ഞാൻ കണ്ടുതരം പോസ്റ്ററുകൾ, പശ്ചിമജർമ്മൻകാരും ഉയരത്തിൽ സ്ഥാപിച്ചിരിക്കുന്നു.

കൊറിയയിലെ 38—ാം സമാന്തരരേഖയും വിയററ്നാമിലെ 17—ാം സമാന്തരരേഖയുംപോലുള്ള ഒരു പ്രതീകവും പരിണാമവുമാണീ മതിൽ എന്നും കിഴക്കും പടിഞ്ഞാറും തമ്മിലുള്ള മത്സരത്തിന്റെ ബീജരൂപമായ പ്രാതിനിധ്യം വഹിക്കുന്ന കേന്ദ്രമാണു ബർലിൻ എന്നുമുള്ളതാണു വസ്തുത. ഈ ഭാഗത്തും അല്പസ്വല്പം വിട്ടുവീഴ്ചാമനോഭാവമുണ്ടായിരുന്നുവെങ്കിൽ പശ്ചിമബർലിനും പൂർവ്വബർലിന്നുമിടയിൽ കൂടുതൽ സമ്പർക്കം സാദ്ധ്യമാകുമായിരുന്നു എന്നതിനു സംശയമില്ല. അങ്ങനെ ഈ മതിലിൻെറ ദ്രോഹസ്വഭാവം തെല്ലൊന്നു മയപ്പെടുത്താൻ കഴിഞ്ഞേനെ. പക്ഷേ, അടുത്തകാലത്തെങ്ങും അതു സംഭവിക്കാനുള്ള സാദ്ധ്യത കാണുന്നില്ല. പൂർവ്വബർലിനിൽ എനിക്കു വഴികാട്ടിയായിരുന്ന ഡച്ചുകാരൻ പറഞ്ഞപോലെ, ''അവിഭക്തജർമ്മനിയെന്നപോലെതന്നെ ഉട്ടോപ്യൻ ആശയ(അപ്രാപ്യവും അസാദ്ധ്യവുമായ കാര്യം)മായിത്തീർന്നിട്ടുണ്ടു് അവിഭക്തബർലിനെന്നതും; പക്ഷേ, അങ്ങനെയങ്ങുപേക്ഷിച്ചുകളയാവുന്നൊരാശയമല്ലതാനും അതു്.''

*ഫ്രാങ്ക്ഫർട്ട്, ആഗസ്റ്റ്, 22*

ഇന്നു രാവിലെ ഞങ്ങൾ കൊളോണിൽനിന്നു ഫ്രാങ്ക്ഫർട്ടിലേക്കു പോയിരുന്നു; വിമാനത്തിലല്ല, കാറിൽ. ആട്ടോബാണിലൂടെ കാറോടിച്ചുപോകാനാവും ഞങ്ങൾ ഇഷ്ടപ്പെടുന്നതു് എന്നാണു ഡ്രൈവർ സങ്കല്പിച്ചതു്. അങ്ങനെയായിരുന്നെങ്കിൽ ഇരുപുറത്തുമുള്ള വനഭൂമിയും അതിവേഗം പായിച്ചുപോകുന്ന കാറുകളുടെ അനവസാനമായ നിരകളുമല്ലാതെ മറ്റൊന്നും കാണാനുണ്ടാകുമായിരുന്നില്ല, ഞങ്ങൾക്കു്. അമേരിക്കയുടെ ഒരററത്തുനിന്നു മറേറഅററത്തേക്കു 'ത്രൂവേ'യിലൂടെ സഞ്ചരിക്കുന്നവൻ ഒരു വസ്തു കാണാതെയാണു കടന്നുപോകുന്നതെന്നു സ്റ്റീൻബെക്ക് പറഞ്ഞിട്ടുണ്ടു്. അതുതന്നെയാണു് ഇവിടെയും അവസ്ഥ. ആട്ടോബാണിലൂടെ പോകാതെ, റൈൻനദീതീരംവഴി കിടക്കുന്ന റോഡിലൂടെയാണു ഫ്രാങ്ക്ഫർട്ടിലേക്കു പോകുന്നതെങ്കിൽ, റോഡൊക്കെ മഴപെയ്തു തെന്നിത്തെറിച്ചു

കിടക്കുന്നകാരണത്താൽ വളരെ പതുക്കെയേ വണ്ടിവിട്ടു പോകാനാവൂ എന്നും, അങ്ങനെയാകുമ്പോൾ ജനീവയിലേക്കുള്ള വിമാനത്തിൻെറ സമയത്തിന് അങ്ങു ചെന്നു പററാൻ കഴിയാതെവന്നേക്കുമെന്നും ഡ്രൈവർ സൂചിപ്പിച്ചു. എങ്കിലും, റൈൻനദിയുടെ മോഹനദൃശ്യങ്ങൾ നഷ്ടപ്പെടുകയെക്കാൾ, വിമാനയാത്ര ഒന്നു തെററിക്കുന്നതാവും ഭേദമെന്നാണ് എനിക്കു തോന്നിയതു്.

കൊളോൺമുതൽ ഫ്രാങ്ക്ഫർട്ട്വരെ റൈൻനദീതീരംവഴി നടത്തുന്ന സഞ്ചാരം, രണ്ടായിരംവഷത്തെ നീണ്ട ചരിത്രത്തിലൂടെയുള്ള പര്യടനമാണ്; അതിൽ ഒട്ടും കുറഞ്ഞ ഒരനുഭവമല്ല. കോളണി എന്ന അത്ഥത്തിലുള്ള 'കൊളോണിയാ' എന്ന ലത്തീൻവാക്കിൽനിന്നുത്ഭവിച്ചതാണു കൊളോൺ എന്ന സ്ഥലനാമം. ഇന്നു ജമ്മനി എന്ന പേരിൽ അറിയപ്പെടുന്ന പ്രദേശത്തു് റോമൻഭരണത്തിൻെറ വ്യാപ്തി അവസാനിക്കുന്നതു കൊളോണിലായിരുന്നു. എ. ഡി. 58—ലാണ് അഗ്രാപ്പീനാ ചക്രവത്തിനിയിൽനിന്നു കൊളോണിന്നു് അധികാരപത്രം ലഭിച്ചതു്. കഴിഞ്ഞ ലോകമഹായുദ്ധത്തിൽ ക്രൂരമായ ബോംബാക്രമണത്തിന്നിരയാവുകയാൽ ഭയങ്കരമായ നാശനഷ്ടങ്ങൾ ഒട്ടേറെ ഏപ്പെട്ടുവെങ്കിലും, ഗോത്തിക്ക്ശില്പകലയുടെ വിശിഷ്ടമാതൃകകളിലൊന്നായ അവിടത്തെ ഭദ്രാസനപ്പള്ളി അത്ഭുതകരമാംവിധം രക്ഷപെട്ടു് അന്യൂനമായി നിലനില്ക്കുന്നു.

കൊളോണിൽനിന്നു യാത്രതിരിച്ച് അരമണിക്കൂറിനുള്ളിൽ ഞങ്ങൾ ചരിത്രപ്രസിദ്ധമായ ബോൺനഗരത്തിലൂടെ കടന്നുപോയി. ബോൺനഗരം—കാസ്ത്രാ ബോണൻസിയാ എന്നാണ് അതിൻെറ ലാററിൻരൂപം—റോമാസാമ്രാജ്യത്തിൻെറ പ്രതിരോധനിരയിലെ സുപ്രധാനസ്ഥാനങ്ങളിലൊന്നായിരുന്നു. ക്രിസ്തീയവിശ്വാസം പുലത്താതിരുന്ന കുററത്തിന്നു് കാസ്യസ്, ഫ്ളോറൽഷ്യസ്, എന്ന രണ്ടു സൈനികരെ ഇവിടെവച്ചു വധിക്കയുണ്ടായി. ബോണിന്നു പ്രസിദ്ധിക്കു മറെറാരവകാശമുള്ളതു്, എ. ഡി. 1770—ൽ ഇവിടെയാണ് ബീഥോവൻ ഭൂലോകജാത

നായതു് എന്നതാണു്. ഇന്നു് ഇതു ജമ്മനിയുടെ 'താല്ക്കാലിക തലസ്ഥാന'മാണു്. അവിഭക്തജമ്മനിയെന്ന സ്വപ്നം സാക്ഷാൽക്കരിക്കുന്നതോടെ തലസ്ഥാനം ബർലിനിലാക്കണമെന്ന ലക്ഷ്യം ജമ്മൻ ഫെഡറൽ റിപ്പബ്ളിക്കിന്നുണ്ടെന്നുള്ളതുകൊണ്ടാണു് താല്ക്കാലികതലസ്ഥാനമെന്നു പറഞ്ഞതു്. ഫെഡറൽ റിപ്പബ്ളിക്കിനെ സംബന്ധിച്ചിടത്തോളം മമ്മദാരുണമായൊരവസ്ഥയാണു് പൂവ്വജമ്മനി വേർതിരിഞ്ഞു നില്ക്കുന്നതു്. അവരാഗ്രഹിക്കുമ്പോലെയാണെങ്കിൽ, പിതൃരാജ്യത്തോടു ചേക്കപ്പെടേണ്ടതായി ജമ്മനിയുടെ മറ്റൊരംശംകൂടെ വേറേ അതിത്തിയിൽപ്പെട്ടുകിടക്കുന്നുണ്ടു്—യുദ്ധാനന്തരം പോളണ്ടിനോടു ചേക്കപ്പെട്ട സൈലീഷ്യായും പോമറേനിയായും ഉരംപ്പെട്ട പ്രദേശം. പക്ഷേ, ഈ ആഗ്രഹം പ്രകടിപ്പിക്കയോ പ്രചരിപ്പിക്കയോ ചെയ്യുന്നതിെ ഫലം, റഷ്യയോടുള്ള പോളണ്ടിന്റെ ആശ്രയഭാവം കൂടുതൽ പ്രബലപ്പെടുക എന്നതാവും.

ബോണിൽനിന്നു പുറപ്പെട്ടു് അധികംനേരം കഴിയും മുമ്പു് ഞങ്ങരം ബ്രിട്ടീഷ് എംബസിമന്ദിരം കടന്നുപോയി. ബ്രിട്ടീഷ് വിദേശകാര്യാലയത്തിലെ ഏ വും കാര്യശേഷിയുള്ള അംഗങ്ങളിലൊരാളാണെന്നു് ന്യൂഡൽഹിയിലും പില്ക്കാലം മോസ്കോവിലുംവച്ചു് അടുത്തിടപഴകിയതിൽവച്ചു് എനിക്കു ബോദ്ധ്യപ്പെട്ടിട്ടുള്ള ഫ്രാങ്കു് റോബട്ട്സാണു് ഇപ്പോരം ഈ എംബസിയിൽ ആദ്ധ്യക്ഷ്യംവഹിക്കുന്നതു്. അദ്ദേഹത്തെയും അദ്ദേഹത്തിൻെറ ചേതോരമയായ ഇജിപ്ഷ്യൻ പത്നി സെല്പായെയും സന്ദശിക്കാൻ എനിക്കാഗ്രഹമുണ്ടായിരുന്നു. പക്ഷേ, എന്തുചെയ്യാം—ഞാൻ കൊളോണിലായിരുന്നപ്പോരം അദ്ദേഹം ബർലിനിലായിരുന്നു; ഞാൻ ബർലിനിലെത്തിയപ്പോഴേക്കു് അദ്ദേഹം ബോണിലേക്കു പൊയ്ക്കഴിഞ്ഞിരുന്നുതാനും.

ബോണിൽനിന്നു പുറപ്പെട്ടു് ഏതാനും മിനിട്ടിനുള്ളിൽ ഞങ്ങരം, ഡ്രാഖൻഫെൽസ് അഥവാ ഡ്രാഗൺസ് റോക്കു് എല്പാററിനുമുയരെ തലപൊക്കിനില്ക്കുന്ന സപ്ത പവ്വതപ്രദേശത്തെത്തി. അതേത്തുടന്നു് മഹാനദിയായ റൈനിനെ പുണന്ന ഞങ്ങരം, പിന്നെ മെയിൻസ്വരെ

ആ ബന്ധം വിടാതെതന്നെ തുടന്നു. 'സുവർണ്ണമെയിൻസ്' എന്നു് ഒരുകാലത്തു കേരംവിപ്പെട്ടിരുന്ന ആ പട്ടണം 11 മുതൽ 13–ാംശതകംവരെ പ്രതാപത്തിൻെറ ഉച്ചകോടിയിൽ വർത്തിച്ചിരുന്ന ഹെസ്സ്‌രാജവംശത്തിന്റെ തലസ്ഥാനമായിരുന്നു. റൈൻലാൻഡിലെ ഏററവും പുരാതനവും പ്രസിദ്ധവുമായ സെൻററ് മാർട്ടിൻസ് ഭദ്രാസനപ്പള്ളി അതിൻെറ അത്യുന്നതങ്ങളായ ആറു ഗോപുരങ്ങരം കാട്ടി ആ പഴയകാലത്തെ ഐശ്വര്യപ്രതാപങ്ങളെ വിളംബരം ചെയ്തുകൊണ്ടു് ഇന്നും വിരാജിക്കുന്നു. മറെറാരു പ്രധാനനഗരമായ കോബ്ളൻസിലൂടെയും ഞങ്ങരം കടന്നുപോയി. മുന്തിരിക്ക പ്രസിദ്ധിനേടിയിട്ടുള്ള മോസൽനദി ഇവിടെ വച്ചാണു്, ജന്മിപ്രഭുവിൻെറ ശയ്യാഗാരത്തിലേക്കു ക്ഷണിക്കപ്പെട്ട മുഗ്ദ്ധയായ കർഷകകന്യകയെപ്പോലെ റൈനിലേക്കു് ഒഴുകിച്ചേരുന്നതു്. റൈൻനദി പെട്ടെന്നു വെട്ടിത്തിരിഞ്ഞു് ഒരു കൊടുവളവു സൃഷ്ടിച്ചുകൊണ്ടു്, ഐഫൽ, ഹാൻസ്‌റക്ക്, വെസ്റ്റർവാൽഡ്, റ്റൗണസ് എന്നീ ശൃംഖലിത പർവ്വതപംക്തിക്കിടയിലൂടെ വഴിയുണ്ടാക്കി കടന്നുപോകുന്നതും ഇവിടെവച്ചാണു്. ഇവിടെമുതൽ റൈൻനദി ദുർഗ്ഗമവും ഗതാഗതത്തിന്നു ദുഘടകരവുമായിത്തീരുകയാണു്; സ്വഗാനമാധുരിയാൽ അനവധാനശീലരായ നാവികരെ ആകർഷിച്ചു മുമ്പോട്ടുകൊണ്ടുപോയി അപകടത്തിലാക്കുന്ന അതിസുന്ദരിയും മതിമോഹിനിയുമായ ലോറേലായിയെപ്പററിയുള്ള ഒരിതിഹാസകഥ അതിൽനിന്നു രൂപംപ്രാപിക്കയും ചെയ്തിരിക്കുന്നു. ലോറേലായി എന്ന ഉച്ചാരണമധുരമായ ആ പേരു കേരംക്കുമ്പോളനുഭവിക്കുന്ന സങ്കല്പത്തിൽനിന്നു് ഏറെ ഭിന്നമായ രൂപവും പ്രകൃതിയുമുള്ള, ഘോരരൂപിയും രൂക്ഷകർക്കശവുമായ, ഒരുവലിയ പാറക്കെട്ടാണു് അതു്.

മലഞ്ചെരുവുകളിലും സമതലഭൂമികളിലുംകൂടെയും, വന്യഭൂമികളിലൂടെയും മഹാകാനനങ്ങളിലുംകൂടെയും, ഫലവൃക്ഷത്തോപ്പുകളിലും മുന്തിരിത്തോട്ടങ്ങളിലുംകൂടെയുമൊക്കെ സമാധാനദൗത്യം വഹിക്കുന്ന ഒരു സന്ദേശവാഹകനെപ്പോലെ വളഞ്ഞും പുളഞ്ഞും ഒഴുകിപ്പൊയ്ക്കൊണ്ടിരി

ക്കയാണു്, റൈൻനദി. എന്നിട്ടും, ചരിത്രാതീതകാലം മുതൽ എക്കാലവും ലോകത്തിലെ ഏററവും അസ്വാസ്ഥ്യവും യുദ്ധോദ്യുക്തവുമായ പ്രദേശങ്ങളിലൊന്നായിരുന്നു റൈൻലാൻഡു്. പ്രാന്തപ്രദേശങ്ങളിൽ പാത്തും പതുങ്ങിയും നടക്കുന്നവരോ മുമ്പോട്ടു നടന്നടുക്കുന്നവരോ ആയ ശത്രുക്കളുടെ ചലനങ്ങളെ സൂക്ഷിച്ചുകൊണ്ടു നമ്മുടെ വടക്കുപടിഞ്ഞാറൻ അതിത്തിയിലെ കട്ടംതുക്കായ കുന്നിൻതലപ്പുകളിൽ ഉയൎന്നുനില്ക്കുന്ന കാവൽഗോപുരങ്ങളെപ്പോലെ ഇവിടെ കാണപ്പെടുന്ന ഒട്ടധികം ദുൎഗ്ഗമന്ദിരങ്ങൾ—ചിലതു് രാജസപ്രഭാവത്തോടെ ഏവരെയും വെല്ലുവിളിച്ചു നില്ക്കുന്നവയും, ചിലതു് ഒട്ടും തകരാറേല്പ്പെടാത്തതും, പലതും തകൎന്നുതുടങ്ങിയതുമാണു്—ഈ വസ്തുതയ്ക്കു തെളിവാണു്. ജൎമ്മനി പരസ്പരം വഴക്കടിക്കുന്ന പല സംസ്ഥാനങ്ങളായി വേർതിരിഞ്ഞുകിടന്നിരുന്ന പഴയകാലത്തെ ക്രൂരമാംവിധം അനുസ്മരിപ്പിക്കുന്നവയാണു് ഈ ദുൎഗ്ഗമന്ദിരങ്ങൾ. ഈ ആഭ്യന്തരകലഹങ്ങൾക്കു കഴിഞ്ഞ നൂററാണ്ടിൽ അറുതിയുണ്ടായെങ്കിലും ആ സ്ഥാനത്തു് ലോകവ്യാപകമായ തോതിലുള്ള രാജ്യാന്തരയുദ്ധങ്ങളാരംഭിക്കയും അതിലും റൈൻലാൻഡിനു സുപ്രധാനമായ പങ്കു വഹിക്കേണ്ടിവരികയും ചെയ്തു. റൈൻനദിയെപ്പററി പറയുന്നിടത്തൊക്കെ ജൎമ്മൻകാർ പുല്ലിംഗമുപയോഗിച്ചു പൌരുഷം അദ്ധ്യാരോപിക്കുന്നതു് അത്ഭുതമല്ല.

വോൾഗാമാതാവുമായിട്ടാണു് കൂടുതൽ അടുത്തു വേഴ്ചയ്ക്കു് എനിക്കു സംഗതിയായിട്ടുള്ളതു്. എങ്കിലും, റൈൻപിതാവുമായും പരിചയപ്പെടാൻ സന്ദർഭം ലഭിച്ചതിൽ ഞാൻ സന്തുഷ്ടനാണു്. 'റൈൻപിതാവു്' എന്ന പദപ്രയോഗത്തിന്നു വാസ്തവത്തിൽ പ്രാധാന്യമുണ്ടു്. ജൎമ്മൻ അന്തരീക്ഷത്തെയും അവരുടെ ചരിത്രപശ്ചാത്തലത്തെയും പററി പഠനംനടത്തിയിട്ടുള്ളവർ പുരുഷന്മാരുടെ രാജ്യമാണു ജൎമ്മനി എന്നഭിപ്രായപ്പെട്ടിരിക്കുന്നു. ജൎമ്മനിയിലെ പുരുഷന്മാർ അതെപ്പററി നല്ലപോലെ ബോധവാന്മാരുമാണു്. ആധുനികജൎമ്മനിയുടെ സംസ്ഥാപകനായ ബിസ്മാക്കു്, റഷ്യാക്കാരെപ്പററിയുള്ള കഠിനമായ പുച്ഛം രേഖ

പ്പെടുത്തിക്കൊണ്ടു് അഭിപ്രായപ്പെട്ടിട്ടുള്ളതു് 'ഒരു പെൺ വർഗ്ഗജനത'യാണു് അവരെന്നാണു്—ഇന്നദ്ദേഹം ജീവിച്ചിരുന്നുവെങ്കിൽ അങ്ങനെ പറയാൻ അദ്ദേഹത്തിനു് ഒരു വേള ശങ്ക തോന്നുമായിരുന്നുവെന്നിരിക്കിലും. അച്ഛൻെറയും ഭർത്താവിൻെറയും അധികാരം ചോദ്യംചെയ്യാതെ അംഗീകരിക്കപ്പെടുന്ന നാടാണു് ജർമ്മനി. ഭാര്യയെ പേടിച്ചു കഴിഞ്ഞുകൂടുന്ന പെൺകോന്തന്മാരെപ്പററിയുള്ള കഥകൾ ശേഖരിക്കയാണു തൻെറ മുഖ്യവിനോദമെന്നു് ചീനദാൾനികനായ ഹ്യൂഷീ ഒരിക്കൽ എന്നോടു പറയുകയുണ്ടായി. അദ്ദേഹത്തിൻെറ വമ്പിച്ച കഥാശേഖരത്തിൽ ജർമ്മനിയും ജപ്പാനുമൊഴികെ ലോകത്തിലെ എല്ലാ നാട്ടിൽനിന്നുമുള്ള കഥകളുണ്ടു്. ജർമ്മനി പുരുഷന്മാരുടെ നാടാകകൊണ്ടാണെന്നവരുമോ അതിമാനുഷരെന്നു സ്വയം അവകാശപ്പെട്ടിരുന്ന ഹിററ്ലറെപ്പോലുള്ളവരുടെ മുമ്പിൽ അന്നാട്ടുകാർ മുട്ടുമടക്കിപ്പോയതു്? അതുകൊണ്ടായിരിക്കുമോ, സ്റ്റീഫൻ ലീക്കോക്ക് പറഞ്ഞിട്ടുള്ളതുപോലെ, ജർമ്മനിയിൽ പക്ഷികൾപോലും മരക്കൊമ്പുകളിൽ ക്രമംതെററിക്കാതെ വരിയായിരുന്നു് ഒരു സംഘനേതാവിൻെറ നിയന്ത്രണത്തിനനുസരിച്ചു ഗാനാലാപം ചെയ്യുന്നതു്? പക്ഷേ, റൈൻനദീതീരത്തിൻെറ സൗന്ദര്യമകരന്ദം എത്രയെങ്കിലും നുകരാൻ ലഭിച്ച അവസരം പാഴാക്കിക്കൊണ്ടു ഞാൻ ഇത്തരം ചിന്തകളിൽ വ്യാപൃതനാകുന്നതു വകതിരിവുകേടായിരിക്കുമെന്നു തോന്നുന്നു. റൈൻലാൻഡിൻ്റെ നിസ്തുലമായ സൗന്ദര്യവും മരണംവരെ പൊരുതിയും റൈൻപിതാവിൻെറ സ്വാതന്ത്ര്യം പുലർത്താൻ ശ്രമിച്ച അന്നാട്ടിലെ ജനങ്ങളുടെ സ്വരാജ്യസ്നേഹവും മാത്രമേ—ആക്രമണമാണു് ഏററവും നല്ല പ്രതിരോധതന്ത്രമെന്ന തത്വത്തെ അംഗീകരിച്ച പ്രവർത്തിക്കയാൽ യൂറോപ്പിന്നാകെയും ലോകത്തിനുതന്നെയും വിവരിക്കാനാവാത്തതോതിലുള്ള കൊടുംവിന ചിലപ്പോൾ അവർ വരുത്തിവച്ചിട്ടുണ്ടെങ്കിലും—ഞാൻ എന്നും സ്മരണയിൽ പുലർത്തുകയുള്ളൂ.

# 3 ജനീവാ

*ജനീവാ, ആഗസ്റ്റ്, 23*

ഏതാനും വർഷങ്ങൾക്കു മുമ്പ്, പ്രസിഡൻറ് വോറോഷിലോവിൻെറ ഇൻഡ്യാസന്ദർശനവേളയിൽ അദ്ദേഹത്തിൻെറ സഞ്ചാരങ്ങളിൽ ഞാൻ അനുഗമിച്ചിരുന്നു. പക്ഷേ, കൽക്കട്ടായിലെത്തിയ അവസരത്തിൽ ഏതാനും മണിക്കൂർ നേരത്തേക്കു് അവധി വാങ്ങിക്കൊണ്ടു് ഞാൻ എൻെറ മകൾ അമ്മിണിയെ കാണാൻ പോയി. കൊച്ചിയിൽവച്ചും അതുപോലെ മററൊരു മകളുടെ—മാലതി—ഭവനത്തിൽ കഴിച്ചുകൂട്ടാൻ ഞാൻ അനുമതി നേടി. ബോംബെയിലെത്തിയപ്പോൾ, ഡമാസ്കസിൽനിന്നു് അപ്പോഴവിടെയെത്തിയ മൂന്നാമതൊരു മകളെ—മാലിനി—കാണാൻ പൊയ്ക്കൊള്ളട്ടെയോ എന്നു ഞാൻ ചോദിച്ചു. അപ്പോൾ കുസ്നെസോവ് പറഞ്ഞു, ''ഞങ്ങളുടെയിടയിൽ ഒരു ചൊല്ലുണ്ടു്; നാവികൾക്കു തുറമുഖംതോറും ഭാര്യയുണ്ടു് എന്നു്. മിസ്റ്റർ മേനോനു തുറമുഖംതോറും പുത്രികളാണല്ലോ!'' ഉടനെ വോറോഷിലോവ് ഒരു ഫലിതം തട്ടിമൂളിച്ചു: ''പുത്രികളെ കാണാൻതന്നെയാണിപ്പോക്കെന്നു നിങ്ങൾക്കെന്താ ഉറപ്പ്?''

ഞങ്ങളുടെ ഈ ഭൂപ്രദക്ഷിണയാത്രയിൽ സന്ദർശിക്കുന്ന പ്രധാനപ്പെട്ട ചില കേന്ദ്രങ്ങളിൽ ഞങ്ങളുടെ പുത്രികളുണ്ടെന്നതിനുപുറമേ ജനീവായിൽ ഞങ്ങളുടെ പൗത്രി തിത്തുവുമുണ്ടു്. അവളവിടെയുണ്ടെന്നുള്ളതാണു ജനീവാ സന്ദർശിക്കാൻ ഞങ്ങളെ പ്രേരിപ്പിച്ച മുഖ്യകാര്യം. അവളുടെ ഭർത്താവു് അവിടത്തെ നമ്മുടെ വൈസ് കോൺസലറായിരിക്കുന്ന ഗോപിനാഥാണു്. ഏതാണ്ടു് എൻെറ മട്ടിലുള്ള പാരമ്പര്യമൊക്കെത്തന്നെയാണു ഗോപിനാഥിന്നുമുള്ളതു്—ഓക്സ്ഫോർഡ്, ക്രൈസ്റ്റ്ചർച്ച്, ഡിക്സൺ റിസർച്ച് വിദ്യാർത്ഥി, തുടങ്ങിയ പശ്ചാത്തലത്തിൻെറ പാരമ്പര്യം. യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തിയ വ്യക്തിപ്രഭാവപരിശോധനയിൽ, അടുത്തകാലത്തെങ്ങും അയാൾക്കു നല്കിയപോലെ അത്രയധികം മാർക്കു മററാർക്കും

നല്കാനിടയായിട്ടില്ല. ഇന്നലെ അവരുടെ വിവാഹത്തിന്റെ പ്രഥമ വാർഷികദിനമായിരുന്നു. അതു സംബന്ധിച്ചു ബത്തോളി ദമ്പതികൾ ജനീവാതടാകത്തിന്നഭിമുഖമായി ഉയൎന്നുനില്ക്കുന്ന അവരുടെ രാജസസൗധത്തിൽവച്ചു് ഒരു കുപ്പി ഷാംപേൻ പകൎന്നു വിതരണം ചെയ്തുകൊണ്ടു് അവൎക്കു സൎവ്വസൗഭാഗ്യങ്ങളും നേൎന്നു് ആശംസാപ്രസംഗം നടത്തുകയും, അവരെയും ഞങ്ങളെയും പ്രാമാണികരായവൎക്കു പ്രത്യേകമായി ഒരുക്കിയിട്ടുള്ള 'ഫിഫ്ററിഎയിററ് ക്ലബ്ബി'ൽ കൂട്ടിക്കൊണ്ടുപോയി അതിവിശിഷ്ടമായ അത്താഴംനല്കി സല്ക്കരിക്കയും ചെയ്തു.

ഞങ്ങളുടെ തലമുറയിൽപ്പെട്ടവരേക്കാൾ വളരെയേറെ അവസരങ്ങളാണു തങ്ങളുടെ രാജ്യത്തെ സേവിക്കുന്നവിഷയത്തിൽ ഇന്നത്തെ ചെറുപ്പക്കാൎക്കുള്ളതു്. അക്കൂട്ടത്തിൽത്തന്നെപറയട്ടെ, അവൎക്കു കൂടുതൽ ക്ലേശിച്ചുപണിയെടുക്കേണ്ടതായിട്ടുമുണ്ടു്. വരവുകൊണ്ടു് എങ്ങനെ ചെലവു നടത്തിക്കൊണ്ടു പോകാമെന്നതിനെപ്പററി അല്പലിനുതെല്ലും കാര്യമില്ലാതെ അന്തസ്സിൽ കഴിഞ്ഞിരുന്ന പഴയകാലത്തെ ഐ. സി. എസ്സുകാരായ ഞങ്ങളെപ്പോലെ കഴിഞ്ഞുകൂടാൻ ഇന്നത്തെ ഐ. എ. എസ്സുകാൎക്കും ഐ. എഫ്. എസ്സുകാൎക്കും നിൎഭാഗ്യവശാൽ നിവൃത്തിയില്ലെന്നുമാത്രം. വിദേശത്തു പണിയെടുക്കുന്ന നമ്മുടെ ജൂണിയർ ഉദ്യോഗസ്ഥന്മാൎക്കു വേലക്കാരെവച്ചു ജീവിക്കാൻതക്ക വരുമാനമില്ല. ജീവിതച്ചെലവു വൎദ്ധിച്ചതോതിൽ അവരുടെ വേതനം വൎദ്ധിപ്പിച്ചിട്ടില്ല. ആഹാരം പാകംചെയ്യുകമാത്രമല്ല, പലപ്പോഴും പാത്രം കഴുകിയടുക്കുക തുടങ്ങിയ വീട്ടുപണികൾപോലും അവരുടെ ഭാൎയ്യമാർതന്നെ ചെയ്യണം. ഐ. എ. എസ്സിലും ഐ. എഫ്. എസ്സിലും അടിസ്ഥാനശമ്പളം ആരംഭത്തിൽ 350 രൂപയാണു്. നേരേമറിച്ചു ഞാൻ ഉദ്യോഗമാരംഭിച്ചതുതന്നെ 600 രൂപാ ശമ്പളത്തിലാണു്. ഇന്നത്തേതിനെ അപേക്ഷിച്ചു് അതിന്റെ ക്രയശക്തി അന്നു നാലിരട്ടിയായിരുന്നുതാനും. ഗോപിയുടെ പ്രായത്തിൽ തിരുപ്പത്തൂരിൽ സബ് കളക്ടറായിരുന്നു, ഞാൻ. അന്നു ഞങ്ങൾക്കു് ഒരു നാടൻപാചകൻ,

ഒരു ബട്ട്ലർ, ഡ്രൈവർ, ആയ, അടിച്ചുതളിക്കാരി, ഭിസ്തി, പങ്കാവലിക്കാരൻ എന്നിവക്കു പുറമേ ഒരുപററം ചപ്രാസികളും ശേവുകത്തിന്നുണ്ടായിരുന്നു. പക്ഷേ, അതൊക്കെ വെള്ളക്കാരൻെറ കാലം—അതു് എന്നെന്നേക്കുമായി പോയ്മറഞ്ഞുകഴിഞ്ഞുവല്ലോ. എങ്കിലും, ഒന്നു പറയാം. സാമ്പത്തികവൈഷമ്യത്തെപ്പററിയുള്ള മനഃക്ലേശത്തിൽനിന്നു നമ്മുടെ ഉദ്യോഗസ്ഥന്മാക്കു മോചനംനല്ലാത്തപക്ഷം, ഭരണമണ്ഡലത്തിൽ കാര്യശേഷിയും ആത്മാത്ഥതയും കുറഞ്ഞുകൊണ്ടുവരാനിടയുണ്ടു്.

ഇവിടത്തെ നമ്മുടെ കോൺസൽ ജനറൽ ബാബു ലൂക്കോസാണു്. ഐ. എഫ്. എസ്സിലെ വളരെ പ്രാപ്തനായ ഈ ഉദ്യോഗസ്ഥൻെറ കീഴിലാണു ഗോപിക്കു പ്രവൃത്തിയെടുക്കാനുള്ളതു് എന്നതിൽ ഞങ്ങഠം സന്തുഷ്ടരാണു്. തിരുവിതാംകൂറിലെ പ്രശസ്തമായ ഒരു സിറിയൻ ക്രിസ്ത്യൻ കുടുംബത്തിലെ അംഗമാണദ്ദേഹം. ഇംഗ്ലണ്ടിലെത്തി വൈദ്യവിഷയത്തിൽ ഉന്നതബിരുദം നേടിയ ആദ്യത്തെ ഇൻഡ്യക്കാരിലൊരാഠം അദ്ദേഹത്തിൻെറ അമ്മയുടെ അച്ഛനാണു്. ബാബുവിൻെറ അമ്മയും ഇംഗ്ലണ്ടിൽനിന്നു് ഉയന്ന വൈദ്യശാസ്ത്രബിരുദങ്ങഠം നേടിയിരുന്നു. ഏതെങ്കിലും നാട്ടുരാജ്യത്തിൽ സജ്ജൻ ജനറലിൻെറ പദവിയിലേക്കുയരാൻ കഴിഞ്ഞിട്ടുള്ള ഏകവനിതയാണവർ. ബാബുവിൻെറ സഹോദരിയും വൈദ്യശാസ്ത്രബിരുദം നേടിയെങ്കിലും, ഉറങ്ങിക്കിടക്കുമ്പോഠം കറങ്ങിക്കൊണ്ടിരുന്ന വൈദ്യുതപ്പങ്കായിൽ തലമുടി ചുററിപ്പോവുകയാൽ നിർഭാഗ്യകരമാംവിധം അപകടമരണത്തിന്നിരയായിത്തീരുകയാണുണ്ടായതു്. അടുത്തുതന്നെ ഉറങ്ങിക്കിടന്നിരുന്ന ബാബുവിൻെറ ഭാര്യയും ആ അപകടത്തിൽപ്പെട്ടുപോയതാണെങ്കിലും കഷ്ടിച്ചു മരണത്തിൻെറ പിടിയിൽനിന്നു രക്ഷപ്പെട്ടു. വൈദ്യുതവിശറിയിൽ തട്ടിയതിൽവച്ചു് അവളുടെ വലതു കവിളിൽ ആഴത്തിൽ മുറിവേററതിൻെറ പാടു് ഇപ്പോഴും കാണാനുണ്ടു്. ആ പാടു് അവളുടെ സൗന്ദര്യത്തിൻെറ മാററു വദ്ധിപ്പിച്ചിട്ടേയുള്ളു എന്നു പറഞ്ഞു ഞാൻ അവളെ സമാശ്വസിപ്പിച്ചു; മുഖത്തു് ഇത്തരം പാടുണ്ടാക്കാൻവേണ്ടി

ആഫ്രിക്കൻ സ്ത്രീകൾ ബോധപൂർവ്വം മാംസം കുത്തിക്കീറാറുണ്ടെന്നതിന്നുദാഹരണമായി മോസ്കോവിൽ എൻെറകാലത്തു സുഡാൻ പ്രതിപുരുഷനായിരുന്ന ഒസ്മാൻെറ പ്രതാപശാലിനിയായ പത്നിയുടെ ഉദാഹരണം ചൂണ്ടിക്കാണിക്കയും ചെയ്തു.

ഞങ്ങൾ വന്നെത്തിയ ദിവസംതന്നെ ലൂക്കോസ് അദ്ദേഹത്തിൻെറ മനോഹരമായ വസതിയിൽവച്ച് ഞങ്ങളുടെ ബഹുമാനാർത്ഥം ഒരു അത്താഴസൽക്കാരം നടത്തി. വളരെ ശ്രദ്ധാപൂർവ്വമാണ് അതിഥികളെ തിരഞ്ഞെടുത്തിരുന്നതു്. എൻെറകൂടെ ഓക്സ്ഫോഡിലുണ്ടായിരുന്ന രത്തൻ നെഹ്റു, (അടുത്തകാലത്താണ് സെക്രട്ടറി ജനറലായിരിക്കെ അദ്ദേഹം അടുത്തുൺപററിയതു്.) ജനീവയിൽ ഇൻഡ്യൻ എംബസി ആരംഭിക്കുന്ന കാലത്തിനു മുമ്പ് അനുജിയുടെ ആതിഥേയരായിരുന്നിട്ടുള്ള ബത്തോളിദമ്പതികൾ, (ഇന്നും ഇൻഡ്യൻ സന്ദർശകക്ക് അവരുടെ ഭവനത്തിൽ സ്വാഗതംതന്നെ) അടുത്തകാലത്തു് അന്താരാഷ്ട്രീയ തൊഴിൽകാര്യസംഘടന (I. L. O.)യിൽനിന്നു് അടുത്തുൺവാങ്ങിപ്പിരിഞ്ഞ രഘുനാഥും നല്ലൊരിൻഡ്യക്കാരിയായി പരിവർത്തനപ്പെട്ടിട്ടുള്ള അദ്ദേഹത്തിൻെറ ഫ്രഞ്ചുകാരി ഭാര്യയും, ദൈവം സൃഷ്ടിച്ച നല്ല മനുഷ്യരിലൊരുവനെങ്കിലും പുരുഷപ്രാപ്തിയായശേഷം ജീവിതത്തിൽ ഏറിയപങ്കും രാജ്യഭ്രഷ്ടനായി കഴിച്ചുകൂട്ടേണ്ടിവന്ന നാണു നമ്പ്യാർ തുടങ്ങി എനിക്കേററവും അഭിമതരായ പഴയ സുഹൃത്തുക്കൾ പലരുമുണ്ടായിരുന്നു, അതിഥികളുടെ കൂട്ടത്തിൽ. കാരണവന്മാർക്കു ഹിതകരമല്ലാത്ത ഒരു പ്രേമവിവാഹത്തിലേപ്പെട്ടതിനെത്തുടൎന്നു് 1919—ൽ യൂറോപ്പിലേക്കു കടന്നതാണു്, പിന്നെ അവിടെത്തന്നെ തുടരുകയാണുണ്ടായതു്. അസാധാരണമായ അനേകം പ്രതികൂലസാഹചര്യങ്ങളെ നേരിടേണ്ടിവന്നിട്ടുണ്ടു് അദ്ദേഹത്തിനു്. ഹിററ്ലർ അധികാരത്തിൽ വന്നതിനെത്തുടൎന്നു് റൈസ്റ്റാഗ്ഗു തീവച്ച കുററത്തിൽ പങ്കുണ്ടെന്ന ആരോപണത്തിൻെറ അടിസ്ഥാനത്തിൽ അദ്ദേഹത്തിനു പലമാസക്കാലം തടവിൽ കിടക്കേണ്ടിവന്നു. ബ്രിട്ടീഷ് പാർലമെൻറ് അംഗ

മായിരുന്ന വെഡ്ജ്വുഡ് ബെന്നിന്റെ ശ്രമഫലമായി അദ്ദേഹം മോചിപ്പിക്കപ്പെട്ടുവെങ്കിലും ജർമ്മനിയുടെ അതിർത്തിക്കു പുറത്തുപോകാൻ നിർബ്ബന്ധിതനായി അവിടെനിന്നു പ്രാഗിലെത്തി. അവിടെ പ്രശസ്ത സംസ്കൃതപണ്ഡിതനായ ലെസ്നി അദ്ദേഹത്തിൽ തല്പരനായിഭവിക്കയും സ്വന്തം മകനോടെന്നപോലെയുള്ള സ്നേഹവാത്സല്യങ്ങൾ ചൊരിയുകയുംചെയ്തു. 1939-ൽ ഹിറ്റ്ലർ ചെക്കോസ്ലൊവാക്യായിൽ നടത്തിയ ആക്രമണം നേരിൽ കണ്ട ആളാണ് നമ്പ്യാർ. ഒററ വെടിപോലും വയ്ക്കാതെ ചെക്കോസ്ലൊവാക്യാ ഹിററ്ലർക്കു കീഴടങ്ങിയതും, ജർമ്മൻപട്ടാളക്കാർ അവിടെയെത്തി ഏതാനും മണിക്കൂറുകൾക്കുള്ളിൽത്തന്നെ അന്നാട്ടിലെ സ്ത്രീകൾ അവരുടെയൊപ്പം നൃത്തംചെയ്യാൻ സന്നദ്ധരായതും കണ്ടിട്ട് നാണുവിന്നു് ഏറെ മനോഭംഗം തോന്നി. ചെക്കോസ്ലൊവാക്യായിൽനിന്നു നാണു പോർട്ടുഗലിലേക്കു കടന്നു രക്ഷപ്പെട്ടു. പക്ഷേ, വീണ്ടും ജർമ്മനിയിൽ മടങ്ങിയെത്തി സുഭാസ്ചന്ദ്രബോസിന്റെ കൂടെ ചേരുകയും അദ്ദേഹത്തിന്റെ മുഖ്യ സഹായികളിലൊരുവനായിത്തീരുകയുംചെയ്തു. യുദ്ധം അവസാനിക്കയും ഇൻഡ്യ സ്വതന്ത്രരാജ്യമായിത്തീരുകയുംചെയ്ത കാലത്തു് അപകടകാരികളായ രാഷ്ട്രീയരാജ്യഭ്രഷ്ടരുടെ ബ്രിട്ടീഷ്ഇൻഡ്യൻ പട്ടികയിൽ ഒന്നാംസ്ഥാനത്താണ് നമ്പ്യാരുടെ പേർ പതിഞ്ഞിരുന്നതു്. പക്ഷേ, ജവഹർലാൽനെഹ്റു അദ്ദേഹത്തെ മാതൃരാജ്യത്തിന്റെ വിദേശവകുപ്പിൽ സേവനമനുഷ്ഠിക്കാൻ ക്ഷണിച്ചു. നയതന്ത്രസംബന്ധിയായ പല ജോലികളിലിരുന്നശേഷം ജർമ്മൻഫെഡറൽ റിപ്പബ്ളിക്കിലെ ഇൻഡ്യൻ അംബാസഡറായിരിക്കെ 1959-ൽ അടുത്തുൺവാങ്ങിപ്പിരിഞ്ഞ നാണുവിനെ 'പത്മഭൂഷണ' സ്ഥാനം നല്കി ഇൻഡ്യാഗവണ്മെന്റ് ബഹുമാനിച്ചിട്ടുമുണ്ടു്. അതെത്തുടർന്നു ജനീവായിൽ താമസമുറപ്പിച്ചിട്ടുള്ള അദ്ദേഹം പത്രലേഖകനെന്നനിലയിൽ ഇപ്പോൾ മിതമായ ഒരു സമ്പാദ്യമുണ്ടാക്കിക്കൊണ്ടിരിക്കുന്നു.

*ജനീവാ, ആഗസ്റ്റ്, 25*

ജനീവായിൽനിന്നു ഞങ്ങൾ രണ്ടു സ്ഥലങ്ങളിലേക്കു് ഉല്ലാസയാത്രനടത്തുകയുണ്ടായി. ഒരു യാത്ര ലോസാനിലേക്കായിരുന്നു—സ്വിസർലാൻഡിലെ ദേശീയപ്രദർശനം കാണാൻ. സ്വിസർലാൻഡുകാരുടെ ജീവിതസമ്പ്രദായം ചിത്രീകരിച്ചിരുന്ന മണ്ഡപമാണു് എൻെറ താല്പര്യത്തെ ഏററവുമധികം ഉദ്ദീപിപ്പിച്ചതു്. പല വർഗ്ഗവിഭാഗങ്ങളിൽപ്പെട്ടവരും പല ഭാഷകൾ സംസാരിക്കുന്നവരുമായ ആളുകൾ ഒററ ജനതയായി രൂപംപ്രാപിക്കയും അവരുടേതായ ഒരു പ്രത്യേകജീവിതസമ്പ്രദായം വളർത്തിയെടുക്കുകയും ചെയ്തിട്ടുള്ളതു വാസ്തവത്തിൽ വളരെ ശ്രദ്ധേയമായിരിക്കുന്നു. രണ്ടു ലോകമഹായുദ്ധങ്ങളുടെ അഗ്നിയിൽപ്പെട്ടു ചുററുമുള്ള രാജ്യങ്ങൾ കരിഞ്ഞു ചാമ്പലായിക്കൊണ്ടിരിക്കുമ്പോഴും, നിഷ്പക്ഷതാനയത്തിൽ മുറുകെപ്പിടിച്ചുകൊണ്ടുനിന്നുയാൽ ആക്രമണത്തിൻെറ അഗ്നിപരീക്ഷയ്ക്കു വിധേയമാകാതെ കഴിഞ്ഞുകൂടാൻ സ്വിസർലാൻഡിനു കഴിഞ്ഞതും അതുപോലെതന്നെ ശ്രദ്ധേയമായ വസ്തുതയാണു്. പക്ഷേ, നിഷ്പക്ഷതാനയംകൊണ്ടുമാത്രം സുരക്ഷിതമായി കഴിഞ്ഞുകൂടാമെന്ന വ്യാമോഹമൊന്നും സ്വിസർലാൻഡിനില്ല. ''പ്രതിരോധത്തിനുള്ള ദൃഢനിശ്ചയമാണു് നമ്മുടെ സ്വാതന്ത്ര്യത്തിൻെറ ഉറച്ച അടിസ്ഥാനം'' എന്നു വലിയ അക്ഷരത്തിൽ ആലേഖനംചെയ്തിട്ടുള്ള ഒരു വിളംബരപത്രം പ്രദർശനസ്ഥലത്തു വച്ചിട്ടുണ്ടു്. മാത്രമല്ല, പ്രതിരോധസന്നാഹങ്ങളുടെ ഒരു പ്രത്യേകവിഭാഗംതന്നെ പ്രദർശനത്തിൽ സംവിധാനം ചെയ്തിരിക്കുന്നതായി കാണപ്പെട്ടു. ഈ വിഭാഗം വളരെ വിശേഷപ്പെട്ടതാണെന്നു പറഞ്ഞുകേട്ടുവെങ്കിലും, എൻെറ ഒടിഞ്ഞ കാലിനു വേദനയനുഭവപ്പെട്ടുതുടങ്ങിയതിനാലും, നമ്മുടെ കോൺസൽ പുരുഷോത്തമും അദ്ദേഹത്തിൻെറ സംസ്കൃതചിത്തയായ പത്നി സുശീലയുംകൂടെ ഏർപ്പാടാക്കിയിരുന്ന അത്താഴസൽക്കാരത്തിൽ സംബന്ധിക്കാൻപാകത്തിനു് അങ്ങെത്തേണ്ടിയിരുന്നതിനാലും ഞങ്ങൾ വീട്ടിലേക്കു മടങ്ങുകയാണു ചെയ്തതു്. മോസ്കോ

വിൽ എൻെറ കീഴിൽ പരിശീലനം നേടിയ സമൎത്ഥനായ ഒരുദ്യോഗസ്ഥനാണു് പുരുഷോത്തം.

ഇന്നലെ ഞങ്ങഠം ജനീവായിൽനിന്നു് 200 കിലോമീററർ അകലെ പൎവ്വതപാൎശ്വത്തിലുള്ള ചന്ദോളിൻ എന്ന സുഖവാസകേന്ദ്രത്തിൽ പോയിരുന്നു. പീററർ ഫ്ളെമിങ്ങുമൊത്തു് 1935—ൽ ചൈനയിൽനിന്നു് ഇൻഡ്യയിലേക്കു കരമാൎഗ്ഗം പഴയ തീൎത്ഥാടകമാൎഗ്ഗത്തിലൂടെ സഞ്ചരിച്ചിട്ടുള്ള എല്ലാ മൈലാൎട്ടിനെ—എട്ടുവൎഷങ്ങഠംക്കിപ്പുറം അതേവഴിക്കുതന്നെ ഞാനും സഞ്ചരിക്കാനിടയായി—സന്ദൎശിക്കുകയെന്നതായിരുന്നു യാത്രയുടെ മുഖ്യലക്ഷ്യം. എല്ലാ ആ യാത്രയ്ക്കുമുമ്പു് റഷ്യൻ അധികൃതരുടെ അറിവുകൂടാതെ മദ്ധ്യേഷ്യയിലൊട്ടാകെ ഒരു പര്യടനംനടത്തിയിരുന്നു; അതെപ്പററി 'ഒററയ്ക്കു തുൎക്കിസ്ഥാനിൽ' എന്ന പേരിൽ ഒരു പുസ്തകമെഴുതിയിട്ടുമുണ്ടു്. രണ്ടാംലോകമഹായുദ്ധത്തിനു ശേഷം ഇൻഡ്യയിൽവന്നു പാൎക്കാനിടയായിട്ടുള്ള എല്ലാ, രമണമഹൎഷിയുടെ മാന്ത്രികാകൎഷണത്തിന്നധീനയാവുകയും ആവഴിക്കു് ഇൻഡ്യൻ നാഗരികതയുടെ കാതലായ അംശം കണ്ടെത്തുകയുംചെയ്തു. ഇപ്പോഠം ചന്ദോളിനിലുള്ള ഒരു ഷാലേയിൽ (മരംകൊണ്ടു തീൎത്ത ഗ്രീഷ്മകാലവസതി) പ്രശാന്തമായ ഏകാന്തജീവിതം നയിക്കയാണവർ. ഈ ഭവനത്തിന്റെ ബാൽക്കണിയിൽനിന്നു നോക്കുമ്പോഠം അനശ്വരഹിമകിരീടമണിഞ്ഞുനില്ക്കുന്ന മാററർഹോൺ കൊടുമുടിയുടെ മോഹനദൃശ്യം ഞങ്ങഠംക്കു തെളിഞ്ഞുകാണാമായിരുന്നു. ആണ്ടിലൊരിക്കൽ സ്വിസർലാൻഡുകാരുടെ ഒരു സന്ദൎശകസംഘത്തെ ഇൻഡ്യയിൽ കൂട്ടിക്കൊണ്ടുപോയി വടക്കു നീപ്പാഠംമുതൽ തെക്കു മധുരവരെയുള്ള സ്ഥലങ്ങളെല്ലാം കാണിച്ചുകൊടുത്തുകൊണ്ടുവരിക, എല്ലാ പതിവാക്കിയിട്ടുണ്ടു്. സമയത്തിൻെറ ഏറിയപങ്കും എഴുത്തിലും വായനയിലും ധ്യാനത്തിലും ചെലവഴിച്ചുകൊണ്ടാണു് ചന്ദോളിനിൽ എല്ലാ കഴിഞ്ഞുകൂടുന്നതു്. അവരുടെ കുളിമുറിയിൽ കടന്നു നോക്കിയപ്പോഴാണു് എൻെറ ഒരു ദൌൎബ്ബല്യം—ഉദരശുദ്ധീകരണവേളയിലെ ഏകാന്തസൌഖ്യത്തിൽ പുസ്തകം വായിക്കുന്ന സ്വഭാവം—എല്ലായ്ക്കുമുണ്ടെന്നു

കണ്ടുപിടിച്ചതു്; ഞാനിഷ്ടപ്പെടുന്നതരം പുസ്തകങ്ങളല്ല അവരെ ആകർഷിക്കുന്നതെന്നുമാത്രം. അവിടെ ഒരു പീഠത്തിന്മേൽ ജോയൽ ഗോൾഡ്സ്മിത്തിന്റെ 'A Parenthesis in Eternity' എന്ന പുസ്തകവും 'Hermes: Recherches sur l'experience spirituelle' എന്ന മാസികയുമാണു് കാണപ്പെട്ടതു്.

'നാഗരികത'യുടെ കടന്നാക്രമണംമൂലം പർവ്വതപ്രദേശത്തെ ചെറുഗ്രാമമായ ഈ ചന്ദോളിനിലെ ജീവിതംപോലും അഗാധമായി അലോസരപ്പെട്ടുകൊണ്ടിരിക്കുന്നു എന്നു കേട്ടിട്ടു് എനിക്കു വളരെ ഖേദംതോന്നി. സ്വപൂർവ്വികന്മാർ നൂറുനൂറു വർഷങ്ങളായി ചെയ്തുവന്നിരുന്നതുപോലെ ഭൂമിയിൽ കൃഷിചെയ്യാനാകട്ടെ, കന്നുകാലികളെ സംരക്ഷിക്കാനാകട്ടെ, ഗ്രാമത്തിലെ ചെറുപ്പക്കാർ—ആണുങ്ങളും പെണ്ണുങ്ങളും—ഇപ്പോൾ തയ്യാറില്ല; ഭൂമിയൊക്കെ തരിശ്ശു കിടക്കുകയാണു്. ആളുകൾ പട്ടണങ്ങളെയും വ്യവസായശാലകളെയും തേടി പോയിപ്പോയി, ഗ്രാമത്തിലെ ജനസംഖ്യ ഇപ്പോൾ നൂറിൽ താഴെയായി കുറഞ്ഞിരിക്കുന്നു. അനുകമ്പാർഹരായി അവശേഷിക്കുന്ന അപൂർവ്വം ജനങ്ങളുടെ ഏക ആനന്ദമാർഗ്ഗം ദ്രാക്ഷാമദ്യപാനമാണു്. അവരുണ്ടാക്കുന്ന വീഞ്ഞു് ഞങ്ങൾ സസന്തോഷം രുചിച്ചുനോക്കുകയുണ്ടായി. സുഹൃത്തുക്കളെയും സന്ദർശകരെയുമൊക്കെ അവർ സ്വീകരണമുറിയിലല്ല സ്വീകരിക്കുക; അങ്ങനെയൊന്നു് അവർക്കില്ലതാനും. ''മനുഷ്യൻ മദ്യത്തെ അകത്താക്കുന്നു, പിന്നെ മദ്യം മദ്യത്തെ അകത്താക്കുന്നു, ഒടുവിൽ മദ്യം മനുഷ്യനെ അകത്താക്കുന്നു'' എന്ന പഴയ ആപ്തവാക്യത്തെ ഉദാഹരിക്കുമാറു കുടിച്ചു കുതിമറിഞ്ഞുകൊണ്ടു് അവർ കഴിച്ചുകൂട്ടാറുള്ള മദ്യശേഖരത്തിന്റെ അറയിലാണു് സ്വീകരണമൊക്കെ. ഫലമോ, പർവ്വതപ്രദേശത്തെ ആരോഗ്യസന്ദായകമായ അന്തരീക്ഷത്തിൽ ജീവിച്ചിട്ടും അവർക്കു് അകാലമരണമേപ്പെടുന്നു.

ഞാനും എല്ലായും തമ്മിൽ സംസാരിച്ചിരുന്നതിനിടയിൽ ജവഹർലാൽ നെഹ്റുവിനെപ്പററിയും പറയാനിടയായി. അദ്ദേഹത്തെ നല്ല പരിചയമായിരുന്നു, എല്ലായ്ക്കു്. എല്ലായുടെയൊപ്പം ഇൻഡ്യയിൽ സന്ദർശനത്തിനെത്തിയി

തുന്ന കോടീശ്വരൻ അത്ഭുതപ്പെട്ടുപോയി, അവരെയെല്ലാം വിസ്മരിച്ചുകൊണ്ടു് എല്ലായെ മാത്രം തന്റെ ഒപ്പം ചായ കഴിക്കാൻ നെഹ്റു ക്ഷണിച്ചപ്പോൾ. അദ്ദേഹത്തിന്റെ കഴിഞ്ഞ പിറന്നാളിന്റെ അന്നാണിതു സംഭവിച്ചതു്— 1963 നവംബർ 14-ാംനു. പലർക്കും ഹസ്തദാനംചെയ്തും രണ്ടായിരത്തോളം സ്കൂൾകുട്ടികളുടെ കൂടെ കൂടി കളിച്ചും അല്പം ക്ഷീണിതനായിരുന്നതൊഴിച്ചാൽ യാതൊരു തകരാറും തോന്നുമായിരുന്നില്ല അദ്ദേഹത്തെ കണ്ടാൽ.

ഞങ്ങൾ സംസാരിച്ചിരുന്നതിനിടയിൽ, മേഘാവരണത്തിൽനിന്നു മുക്തമായ മാറ്റർഹോൺ കൊടുമുടി, അതിന്റെ സർവ്വപ്രതാപത്തോടും ഭംഗിവിശേഷത്തോടുംകൂടി തെളിഞ്ഞുകാണായി. ഈ കാഴ്ച ജവഹർലാൽ നെഹ്റുവിനെ എത്രയധികം സംപ്രീതനാക്കുമായിരുന്നില്ല! നെഹ്റുവിന്റെ ആത്മാവിനെത്തന്നെ പ്രതിബിംബിപ്പിക്കുന്ന വാൾട്ടർ ദി ലാ മറേയുടെ വരികൾ ആത്മകഥയിൽ അദ്ദേഹം ഉദ്ധരിച്ചിട്ടുള്ളതിനെ എല്ലായും ഞാനും അനുസ്മരിച്ചു:

‘‘സാന്ധ്യ കുങ്കുമ ബന്ധുരശോഭയിൽ
ശാന്തമോഹനമിശ്ശൈലപംക്തികൾ
എങ്കിലുമവ ശർക്കരാകണ്ടക—
ദുർഗ്ഗമങ്ങളാണാപൽസമൃദ്ധവും
എന്നിട്ടുമെൻ മിഴിയിലിരുന്നുകൊ—
ണ്ടെന്റെയാത്മാവു പാരം കൊതിക്കയാം
സങ്കടഹരമാമാ ഹിമങ്ങളിൽ
ശങ്കിയാതെ കളിച്ചുപുളയ്ക്കുവാൻ.’’

249669
53342
U8:1:N6
32K6.2

## 4 ബൽഗ്രേഡ്

***ബൽഗ്രേഡ്, ആഗസ്റ്റ്, 26***

കഴിഞ്ഞ മൂന്നുമാസക്കാല ... ിമാന
യാത്രനടത്തിക്കൊണ്ടിരിക്കുന ... മെല്ലാ
തെ തോന്നിയതു് ജനീവായി ... ക്കുള്ള
വിമാനത്തിലെ അനുഭവം ... ിമാന

MUL
249669
UNIVERSITY LIBRA...

ത്തിൽ പറന്നു പരിചയിച്ചിരുന്ന ഞങ്ങൾക്ക് ഇപ്പോൾ വളരെ പതുക്കെപ്പറക്കുന്ന പഴയതരം വിമാനത്തിൽ പോകേണ്ടിവന്നു എന്നുമാത്രമല്ല, അതു വളരെ താണു പറക്കുകയും, അനാവശ്യമായി ബേസിലിൽ യാത്ര മുടക്കി താമസം വരുത്തുകയും ചെയ്തു. എങ്കിലും, അങ്ങനെ വന്ന നഷ്ടം മറെറാരുതരത്തിൽ പരിഹരിക്കപ്പെട്ടു എന്നു സമാധാനപ്പെടാം. കാരണം മോണ്ട് ബ്ളാങ്കിൻെറയും മാററർഹോണിൻെറയും മോഹനദർശനമാസ്വദിക്കാൻ അതുമൂലം സാധിച്ചു. സ്വിസ്ജനതയ്ക്ക് അവരുടെ ആൽപ്പ്പർവ്വതനിരയെപ്പററി വലിയ അഭിമാനമാണുള്ളതു്; അതു സ്വാഭാവികവുമാണു്. പക്ഷേ, അവരിലാരെങ്കിലും വല്ല കൊടുമുടിയുടെയും കാര്യം സൂചിപ്പിച്ചുകൊണ്ടു് അതിനു പതിനായിരം അടിയിലധികം ഉയരമുണ്ടെന്നു് ഊററംകൊള്ളുമ്പോഴൊക്കെ, സ്വമാതാപിതാക്കളെ അമ്പരപ്പിലാഴ്ത്തിക്കൊണ്ടു ലൂക്കോസിൻെറ മക്കളായ മീളായും തമ്പിയും കൂസലില്ലാതെ തട്ടിവിടും: ''അത്രേയുള്ളോ! ഞങ്ങൾ അതിനെക്കാളൊക്കെ എത്ര വിശേഷപ്പെട്ട ഗണ്ടൻകൊടുമുടികൾ കണ്ടിരിക്കുന്നു!'' എവറസ്റ്റ് കൊടുമുടിയുടെചുവട്ടിലുള്ള ഖട്മാണ്ഡുവിലാണു് ഇവിടെ വരുന്നതിനു തൊട്ടുമുമ്പ് അവർ പാർത്തിരുന്നതു്.

മ്യൂണിക്കിൽനിന്നു ബൽഗ്രേഡിലേക്കു് ഒരു യൂഗോസ്ലാവിയൻവിമാനത്തിലാണു ഞങ്ങൾ യാത്രചെയ്തതു്. പോകുംവഴി വിമാനം സാഗ്രബിൽ ഒന്നു യാത്രമുടക്കുകയുമുണ്ടായി. പൂർവ്വദിക്കിലാണു ഞങ്ങളെത്തിയിരിക്കുന്നതു് എന്ന വിചാരമുദിപ്പിക്കത്തക്ക കാര്യങ്ങൾ ഒന്നൊന്നായി അനുഭവപ്പെട്ടുതുടങ്ങി. സാഗ്രബിലെ ലാവട്ടറികൾക്കു സ്വിസർലാൻഡിലെ ലാവട്ടറികളിൽ കാണപ്പെട്ട അലൗകികസ്വച്ഛതയുണ്ടായിരുന്നില്ല. സ്വിസർലാൻഡിലെ ലാവട്ടറികളിൽ വിസർജ്ജനകൃത്യങ്ങൾ നിർവ്വഹിക്കുമ്പോൾ ഏതാണ്ടു വലിയ പാതകമാണു നാമനുഷ്ഠിക്കുന്നതെന്നാണു തോന്നിപ്പോവുക; അത്ര ഭംഗിയും സ്വച്ഛതയുമാണവയ്ക്കു്. പക്ഷേ, ഭൂമിമാതാവിൻെറ നിർമ്മലമുഖത്തുതന്നെ വിസർജ്ജനകർമ്മം നിർവ്വഹിക്കാൻ നമ്മുടെ ആളുകളിൽ പലർക്കും

തെല്ലും കുസലില്ലെന്നിരിക്കെ ഇതിനെപ്പററിയൊക്കെ വല്ലതും അഭിപ്രായം പറയാൻ നമുക്കെന്തവകാശം?

യുഗോസ്ലാവിയൻ വിമാനങ്ങളിലെ ആതിഥേയികാംക്ക് പാശ്ചാത്യനാട്ടുകളിലെ ആതിഥേയികളിൽ കാണപ്പെട്ടിരുന്ന ആ എലിസബത്ത് ആഡൻമാതൃകയിലുള്ള പരിഷ്ക്കാരവും മേനിമിനുക്കവുമൊന്നുമുണ്ടായിരുന്നില്ല. അവർ കുറേക്കൂടെ പ്രായമായവരും കൂടുതൽ കാരുണ്യശാലിനികളുമായിരുന്നു. ആകാശചാരികളായ മഹാരാജാക്കന്മാരെ പരിചരിക്കുന്ന ഗന്ധർവ്വകന്യകകളല്ലവർ. സൗഹൃദപൂർവ്വം യാത്രക്കാരുടെ സൗകര്യങ്ങളന്വേഷിച്ചു നടത്തിക്കൊടുക്കുന്ന സഖികളെപ്പോലെയാണവർ പെരുമാറിയിരുന്നതു്.

ബൽഗ്രേഡിലെ അന്തരീക്ഷം പാശ്ചാത്യനാട്ടുകളുടേതിൽനിന്നു മാത്രമല്ല, മോസ്കോവിലേതിൽനിന്നും വ്യത്യസ്തമാണു്. ശാബ്ബത്ത് ആചരണത്തോടുള്ള ഒരു സൗജന്യമെന്നനിലയിൽ ഇവിടെ കടകളെല്ലാം ഞായറാഴ്ച അടച്ചിടുകയാണു പതിവെന്നിരിക്കെ, മോസ്കോവിൽ ഞായറാഴ്ചയ്ക്കുപകരം തിങ്കളാഴ്ചയാണു് കടകാം അടച്ചിട്ടേക്കാറു്. ശാബ്ബത്ത് മനുഷ്യനുവേണ്ടി, എന്നല്ലാതെ മനുഷ്യൻ ശാബ്ബത്തിനുവേണ്ടിയല്ല, എന്നുപറഞ്ഞ യേശുക്രിസ്തു ഒരുവേള റഷ്യാക്കാരുടെ പെരുമാററത്തിൽ അസാംഗത്യമൊന്നും ദശിച്ചില്ലെന്നുവരാം. കാരണം, മനുഷ്യക്ക്—പ്രത്യേകിച്ചു സ്ത്രീകാംക്ക്—അങ്ങാടിയിൽ പോയി വല്ലതുമൊക്കെ വാങ്ങാൻ കൂടുതൽ സൗകര്യപ്പെട്ട ദിവസം ഞായറാഴ്ചയാണു് എന്നതിനു സംശയമൊന്നുമില്ല. മദ്ധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിലെന്നപോലെ ബൽഗ്രേഡിലും 7.30 A.M. മുതൽ 2 P.M. വരെയാണു് ആഫീസുകളിലെ ജോലിസമയം. രാവിലേമുതൽ ഒററയടിക്കു കുറേനേരം പണിയെടുത്തിട്ടു് മദ്ധ്യാഹ്നത്തിനപ്പുറം വിശ്രമിക്കുന്നതാണു് യുഗോസ്ലാവിയയിലെ പതിവു്. ഇക്കാര്യത്തിലും സ്റ്റാലിന്റെ കാലത്തെ മോസ്കോവിൽനിന്നു വ്യത്യസ്തമാണു് ബൽഗ്രേഡ്. അന്നു് മദ്ധ്യാഹ്നത്തോടടുത്തു പണിയാരംഭിച്ചു് രാത്രി വളരെ വൈകുന്നതുവരെ തുടച്ചയായിരുന്നു ജോലിചെയ്യുന്ന പതി

വാണു് മോസ്കോവിലെ ആഫീസുകളിലുണ്ടായിരുന്നതു്. ആഫീസ്ജോലി രാവിലേ ഒമ്പതിനോ ഒമ്പതരയ്ക്കോ ആരംഭിച്ചു് വൈകിട്ടു് അഞ്ചിനോ അഞ്ചരയ്ക്കോ സമാപിപ്പിക്കുന്ന പാശ്ചാത്യസമ്പ്രദായം മോസ്കോ അംഗീകരിച്ചിട്ടില്ല.

പാശ്ചാത്യപൗരസ്ത്യരാജ്യങ്ങൾക്കിടയിൽ കണ്ണിയായി വർത്തിക്കുന്ന നാടെന്നു യൂഗോസ്ലാവിയായുടെ നിലപാടിന്നനുയോജ്യമാംവിധം, വ്യാപാരശാലകളിൽ ചിലതിൻെറ പേരു് സ്ലാവ് ലിപിയിലും മററു ചിലതിന്റേതു് ലത്തീൻ ലിപിയിലുമാണു് ആലേഖനംചെയ്തിട്ടുള്ളതെന്ന കാര്യം എനിക്കു ശ്രദ്ധിക്കാതിരിക്കാൻ കഴിഞ്ഞില്ല. മോസ്കോവിലാണെങ്കിൽ ഇതെല്ലാം സ്ലാവ് ലിപിയിലല്ലാതെ എഴുതിവയ്ക്കില്ല. 1952—ൽ ഞാൻ മോസ്കോവിലെത്തിയപ്പോൾ, അന്നവിടെ ഉപദേഷ്ടാവായിരുന്ന ഗ്രൺദേവിയാ എനിക്കു് ആദ്യമായി പറഞ്ഞുതന്ന കാര്യങ്ങളിലൊന്നു് 'Pectopaн' എന്നതിൻെറ ഉച്ചാരണം 'റസ്റ്റോറാൻ' എന്നാണെന്നും 'റസ്റ്റാറൻറ്' എന്നാണു് ആ വാക്കിന്നു് അർത്ഥമെന്നും ഉള്ളതാണു്. 1955—ൽ ജവഹർലാൽ നെഹ്റു സോവിയററ് യൂണിയനിൽ പര്യടനംനടത്തിയിരുന്നപ്പോൾ, നാടുനീളെ ഒട്ടധികം ബാനറുകൾ വലിച്ചുകെട്ടിയിരുന്നതിലെല്ലാം 'HEPY' എന്ന വാക്കു കാണപ്പെട്ടിരുന്നു. ''എന്താണീ 'HEPY' എന്നുവച്ചാൽ?'' എൻ. ആർ. പിള്ള എന്നോടു ചോദിച്ചു. ഞങ്ങളുടെ അടുത്തുതന്നെ നിന്നിരുന്ന നെഹ്റു ചിരിച്ചുപോയി. സ്ലാവ് ലിപിയിൽ H, P, Y, എന്നീയക്ഷരങ്ങൾക്കു യഥാക്രമം N, R, U, എന്ന ഇംഗ്ലീഷക്ഷരങ്ങളുടെ സ്ഥാനമാണുള്ളതെന്നതിനാൽ 'HEPY' എന്നെഴുതിയിട്ടുള്ളതെല്ലാം NE(H)RU (നെഹ്റു) എന്നാണു വായിക്കേണ്ടതെന്നറിയാൻമാത്രമുള്ള റഷ്യൻഭാഷാപരിചയമുണ്ടായിരുന്നു, അദ്ദേഹത്തിന്നു്.

ഞാൻ താമസിക്കാനിടയായിട്ടുള്ളതിൽവച്ചു് ഏററവും ചേതോഹരമായ ഭവനമാണു് ഇവിടത്തെ എംബസിമന്ദിരം. മനോഹരമായ ഒരാരാമത്തോടുകൂടിയ ഈ ഭവനം അലങ്കാരപ്രൗഢിയും ധാടിയുമിയന്നതല്ലെങ്കിലും, ഹൃദയഹാ

രിയായിരിക്കുന്നു. സെർബിയായുടെ പ്രസിഡൻറായിരുന്ന പച്ചീക്കിൻെറ മകൻ സുഖവാസകേന്ദ്രമായി ഉപയോഗപ്പെടുത്തിയിരുന്നതാണു് ഒരുകാലത്തു് ഇതു്. സരാജെവോവിൽ പൊട്ടിയ ഒരു വെടിയാണു് ഇരുനൂറുലക്ഷം ജനങ്ങളുടെ ജീവനപഹരിക്കയും, ജമ്മൻ, റഷ്യൻ, ഓട്ടോമാൻ, ആസ്ത്രോ–ഹംഗേറിയൻ എന്നീ നാലു പുരാതനരാജവംശങ്ങളുടെ സമ്പൂണ്ണനാശത്തിൽ പരിണമിക്കയുംചെയ്ത ഒരു ലോകമഹായുദ്ധത്തിൻെറ നാന്ദിയായി മുഴങ്ങിയതു്. ആ വെടിവച്ചവനെ ഒരു വിമോചകനായിട്ടാണു യുഗോസ്ലാവിയാക്കാർ കരുതുന്നതു്. അയാളുടെ ചിത്രം കലാമെക്'ദാൻ മ്യൂസിയത്തിൽ സ്ഥാപിച്ചിട്ടുള്ളതു് അനുജി കാണുകയുണ്ടായി.

നമ്മുടെ അംബാസഡർ ടോം മണിയുടെ അതിഥിയായിട്ടാണു് എൻെറ ഇവിടത്തെ താമസം. പക്ഷേ, അദ്ദേഹമിപ്പോഠം ഇവിടെയില്ല. എന്നെ ബാധിച്ചിട്ടുള്ള ഒരു രോഗംതന്നെ അദ്ദേഹത്തിനും പിടിപെട്ടിരിക്കയാൽ അതിനുള്ള ചികിത്സയിലേപ്പെട്ടു് ഒരു സ്നാനചികിത്സാകേന്ദ്രത്തിൽ പോയി താമസിക്കയാണദ്ദേഹം. അടുത്തുതന്നെ അദ്ദേഹത്തിനു സാഗ്രബിലെ ദേശീയപ്രദശ്നത്തിൽ സംബന്ധിക്കാൻ അങ്ങോട്ടും,—അവിടത്തെ ഇൻഡ്യൻവിഭാഗം പ്രദശ്നസ്ഥലത്തെ വിവിധ ഇനങ്ങളിൽ ഏററവും മെച്ചപ്പെട്ട ഇനങ്ങളിൽ ഒന്നാണെന്നു കേട്ടു—തുടന്നു്, ഗ്രീസിലെ രാജാവിൻെറ വിവാഹത്തിൽ സംബന്ധിക്കാൻ ആതൻസിലേക്കും, പിന്നെ ചേരിചേരാരാഷ്ട്രങ്ങളുടെ സമ്മേളനത്തിൽ സംബന്ധിക്കാൻ കെയ്'റോവിലേക്കും പോകാനുള്ളതാണു്. അംബാസഡറുടെ ജോലി 'ഊണും കഴിഞ്ഞു തൂണുംചാരി ഇരിക്കാ'വുന്നതരം 'സുഖിമാൻ' പണിയല്ലെന്നു നിശ്ചയം.

ആഠം സ്ഥലത്തില്ലെങ്കിലും, കുററമററ ഒരാതിഥേയനാണു് ടോം. അദ്ദേഹത്തിൻെറ ഭവനവും (മദ്യശേഖരത്തിൻെറ അറയുഠംപ്പെടെ), കീഴുദ്യോഗസ്ഥന്മാരും, സ്വന്തം കാറു്, ഔദ്യോഗിക ഡ്രൈവറുമൊക്കെയുഠംപ്പെടെ സവ്വവും എൻെറ സ്വാതന്ത്ര്യമായ ഉപയോഗത്തിനു് ഒഴിഞ്ഞുതന്നിരി

ക്കുന്നതായിട്ടാണ്  എനിക്കദ്ദേഹമെഴുതിയിരുന്നതു്. യു ഗോസ്ലാവിയായിൽ ധാരാളം പഴകിയിട്ടുള്ള അദ്ദേഹ ത്തിൻെറ സെക്രട്ടറി ഓം പ്രകാശും പത്നിയും ഞങ്ങൾക്കു വേണ്ട എല്ലാ സൗകര്യങ്ങളും സന്തോഷപുരസ്സരം ചെയ്തുത ന്നുകൊള്ളും; അദ്ദേഹത്തിൻെറ ഇൻഡ്യൻ ഭൃത്യന്മാരായ മുത്തുവും ഖലീലും കഴിഞ്ഞ പത്തുവർഷമായി അദ്ദേഹത്തെ സേവിച്ചുവരുന്നവരും പരമാവധി വിശ്വസ്തരുമാണ്; ഞ ങ്ങളുടെ വസ്ത്രങ്ങൾ കഴുകി വൃത്തിയാക്കി ഇസ്ത്രീക്കിട്ടുതരു ന്നതും മററും അദ്ദേഹത്തിൻെറ യുഗോസ്ലാവ് വേലക്കാരി ചെയ്തുകൊള്ളും; എംബസിയാരംഭിച്ചകാലം മുതൽ അ വിടെ ഡ്രൈവറായിരിക്കുന്ന അസീം വളരെ മര്യാദക്കാര നാണ്; അയാളെ ഞങ്ങൾക്കു വഴികാട്ടിയായി ഉപയോ ഗപ്പെടുത്താം. ഇങ്ങനെ എല്ലാ അംശത്തിലും അദ്ദേഹ ത്തിൻെറ ശ്രദ്ധയെത്തിയിരുന്നു, ഞങ്ങളെ കത്തുമുഖേന സ്വാഗതംചെയ്യുമ്പോൾ.

അസീം എനിക്കിപ്പോൾ വഴികാട്ടി മാത്രമല്ല, സുഹൃ ത്തും ഉപദേഷ്ടാവുംകൂടെയായിത്തീർന്നിരിക്കുന്നു. അയാളു ടെ പേരു കേട്ടിട്ടു തെല്ലൊരു ശങ്കയോടെ ഞാൻ ചോദിച്ചു: മുസ്ലീമാണോ എന്നു്. അതെയെന്നയാൾ പറഞ്ഞു. മുസ്ലീ ങ്ങൾ അധികമായി അധിവസിക്കുന്ന ബോസ്നിയായിലാ ണ് അയാളുടെ വീടു്. അയാൾക്കു പക്ഷേ, കൊറാനിലെ നിർദ്ദേശങ്ങളൊക്കെ അനുസരിച്ചു ജീവിക്കാൻ നേരമില്ല. അയാൾ പള്ളിയിൽ പോവുകയോ ദിവസം അഞ്ചുനേരം വീതംപ്രാർത്ഥിക്കയോ ഒന്നും ചെയ്യാറില്ല. മുറയ്ക്കു പള്ളിയിൽ പോകയും പ്രാർത്ഥിക്കയുമൊക്കെ മാത്രമല്ല, വെളുക്കെ ചിരി ക്കയും ചെയ്തുകൊണ്ടു് ആളുകളുടെ പുറത്തു കഠാര കുത്തിക്കയ റുന്ന പലരേയും അയാൾക്കറിയാം. അത്തരം മനുഷ്യരുമാ യി അയാൾക്കിടപാടു വേണ്ട. ''എൻെറ ജോലി നന്നാ യിട്ടു ചെയ്യുക, ആക്കും ദോഷം ചെയ്യാതിരിക്കുക, എൻെറ കഴിവിൽപ്പെട്ട ഗുണങ്ങൾ മററുള്ളവക്കു ചെയ്തുകൊടുത്തു കുക, അത്രയൊക്കെയേയുള്ളു എൻെറ മതം.'' അയാൾ പറഞ്ഞു.

മതത്തോടുള്ള അസീമിൻെറ സമീപനം, പെട്ടെന്നു

തന്നെ അയാളും ഞാനും തമ്മിൽ ഒരടുത്തബന്ധം സൃഷ്ടിച്ചു കഴിഞ്ഞു. വളരെ ഹൃദയാലുവും തരളചിത്തനുംകൂടെയാണ യാൾ. യൂഗോസ്ലാവിയായിലെ നമ്മുടെ ആദ്യത്തെ അംബാസഡറായിരുന്ന രാജേശ്വർ ദയാലിനെപ്പററി ആരാധനയോളംതന്നെ പോന്ന ബഹുമാനവും, അങ്ങേയററത്തെ സ്നേഹവുമാണയാൾക്കുള്ളതു്. സ്വന്തം അമ്മ മരിച്ച അവസരത്തിൽപ്പോലും, ബൽഗ്രേഡിൽനിന്നു രാജേശ്വർ വിട്ടുപോയ അവസരത്തിലെന്നപോലെ താൻ വാവിട്ടു നിലവിളിച്ചുപോയിട്ടില്ലെന്നാണു് അയാൾ പറഞ്ഞതു്. രാജേശ്വറിനെ യൂറോപ്പിലെവിടെയെങ്കിലും നിയമിച്ചിരുന്നെങ്കിൽ അദ്ദേഹത്തിൻെറകൂടെ ശമ്പളം പററാതെ പണിയെടുക്കാനും താൻ തയ്യാറായേനെ എന്നയാൾ പറഞ്ഞു; ആഹാരംമാത്രം കിട്ടിയാൽമതി. രാജേശ്വറിൻെറ പത്നിയേയും, അവളും അവളുടെ സഹോദരിയും ചേർന്നു ബൽഗ്രേഡിൽ നടത്തിയിരുന്ന സദിരുകളെയുംപറ്റി പറയുമ്പോഴും വലിയ ആദരാഭിനന്ദനങ്ങളാണു് അസീം പ്രകടിപ്പിച്ചതു്.

അസീമിനെക്കാൾ നല്ലൊരു വഴികാട്ടിയെ കിട്ടുക എളുപ്പമല്ല. ബൽഗ്രേഡിലും പരിസരങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന തിരക്കിട്ട ആധുനികമന്ദിരനിർമ്മാണപ്രവർത്തനങ്ങളൊക്കെ ഏറെ ഉത്സാഹത്തോടെ ഞങ്ങൾക്കയാൾ കാട്ടിത്തന്നു. ഡാന്യൂബും സാവായും സന്ധിക്കുന്ന സ്ഥാനത്തു പ്രകൃതിമനോഹരമായ പശ്ചാത്തലത്തിൽ നില്ക്കുന്ന പഴയ നഗരത്തിലേക്കു വിമാനത്താവളത്തിൽനിന്നു കിടക്കുന്ന വഴിയുടെ ഇരുപുറത്തുമായി ഒരു പ്രദേശം മുഴുവൻ നിറഞ്ഞു് ന്യൂഡൽഹിയെ അനുസ്മരിപ്പിക്കുമാറു് ന്യൂ ബൽഗ്രേഡ് എന്ന പേരിൽ ഒരു മഹാനഗരം ഉയർന്നുവന്നിരിക്കയാണു്. ന്യൂബൽഗ്രേഡിൽ പല നിലകളായി ഉയർന്നുവന്നിട്ടുള്ളതിൽവച്ചു് ഏററവും ഉയരം കൂടിയതു് 24 നിലയിൽ പണിതീർത്തുവരുന്ന പാർട്ടി കേന്ദ്രകാര്യാലയമന്ദിരമാണു്.

ബൽഗ്രേഡിൻെറ മറെറാരുഭാഗം മുമ്പു വനമായിക്കിടന്നിരുന്നിടത്തേ നിമ്നോന്നതസ്വഭാവമായ ഭൂമിയിൽ ഗോൾഫ് കളിക്കുള്ള സ്ഥലമൊരുക്കിയിട്ടുണ്ടു്. ഈ കളി

യുഗോസ്ലാവിയാക്കാക്ക് പുത്തനാണെന്നിരിക്കിലും കായികവിനോദങ്ങളിൽ അതീവ തല്പരരായ അന്നാട്ടുകാർ വളരെ ഉത്സാഹത്തോടെ ഇത്തും പരിശീലിച്ചുവരികയാണ്. ഗ്രീഷ്മകാലത്തു കുട്ടികളുടെ ക്യാമ്പുനടത്താനുള്ള സജ്ജീകരണങ്ങരം ചെയ്തിട്ടുള്ളതും, ഒരു ചലച്ചിത്രനിർമ്മാണശാലയും സൈനികഅക്കാദമിയുമൊക്കെ സ്ഥാപിച്ചിട്ടുള്ളതും ഇവിടത്തെ വനഭൂമിയിലാണ്. യുഗോസ്ലാവിയായിലെ പട്ടാളം എല്ലാ അർത്ഥത്തിലും ശരിക്കു ജനകീയപട്ടാളംതന്നെയാണെന്നാണ് നമ്മുടെ അവിടത്തെ മിലിട്ടറി അററാഷേ കർണ്ണൽ സെൻ പറഞ്ഞതു്. അവർ ജനങ്ങളുമായി ബന്ധം പുലർത്തുന്നു—ഇൻഡ്യൻ പട്ടാളത്തെ സംബന്ധിച്ചിടത്തോളം ഇനിയും വളർന്നുവന്നിട്ടില്ലാത്ത ഒരു പ്രവണത.

നഗരത്തിൽത്തന്നെയും, പഴയ കെട്ടിടങ്ങരം പൊളിച്ചുമാററുകയോ പുതുക്കിപ്പണിയുകയോ ചെയ്തുകൊണ്ടിരിക്കുന്ന കാഴ്ചയാണ്, എവിടെനോക്കിയാലും. 65000 പേക്കിരിക്കാവുന്ന പഴയ സ്റ്റേഡിയത്തിൻെറ സ്ഥാനത്തു് 125000 പേക്കിരിക്കാവുന്ന പുതിയ സ്റ്റേഡിയം പണിതീത്തുകൊണ്ടിരിക്കയാണ്. യുഗോസ്ലാവിയായിലെ രാജാക്കന്മാരുടെ ചരിത്രപ്രസിദ്ധമായ പഴയ കൊട്ടാരത്തിൽനിന്നകലെയല്ലാതെ—ആ കൊട്ടാരത്തിലാണ് ബൽഗ്രേഡ് സന്ദശിച്ച അവസരത്തിൽ നെഹ്റുവിനെ പാപ്പിച്ചിരുന്നതു്—ആരുടെയും ശ്രദ്ധയാകഷിക്കുമാറുള്ള വലിപ്പത്തിലും ഭംഗിയിലും 'വൈററ് പാലസ്' ഉയന്നുവന്നിരിക്കുന്നു. ബൽഗ്രേഡിൽനിന്നു് ഇരുപതു കിലോമീററർ അകലെയൊരു കുന്നിൽ പണിതീത്തിട്ടുള്ള 'അവിദിതസൈനിക'ന്റെ സ്മാരകമാണ് മറ്റെന്തിനെക്കാളും ശ്രദ്ധേയമായിരുന്നതു്. മെസ്റ്റ്രോവിക്ക് എന്ന മഹാശില്പിയാണതു സംവിധാനംചെയ്തതു്. യുഗോസ്ലാവിയായുടെ ആറു മുഖ്യഘടകങ്ങളായ സ്ലൊവേനിയാ, ക്രോഷ്യാ, മോണ്ടിനിഗ്രോ, മാസിഡോണിയാ, ബോസ്നിയാ എന്നിവയെ പ്രതിനിധാനംചെയ്തുകൊണ്ടു ശ്ലക്ഷ്ണശിലാനിർമ്മിതവും രാജസപ്രഭാവയുക്തവുമായ ആറു സ്ത്രീരൂപങ്ങരം ആ ശവകുടീരത്തിനു കാവൽനില്ക്കുന്നു. ആ പ്രതിമകളോരോന്നിനും പന്ത്രണ്ടടി

ഉയരവും പതിനഞ്ചു ടൺ ഭാരവുമുണ്ട്. 'എൻെറ നാടാ'യ ബോസ്നിയായിൽനിന്നാണ് ഇതിനാവശ്യമായ മാർബിൾ കൊണ്ടുവന്നതെന്ന് അസീം സാഭിമാനം അവകാശപ്പെടുകയുണ്ടായി.

*ബൽഗ്രേഡ്, ആഗസ്റ്റ്, 27*

ചുരുങ്ങിയകാലത്തേക്കുമാത്രമുള്ളതായിരുന്നു എൻെറ ബൽഗ്രേഡ്സന്ദർശനമെന്നുവരികിൽപോലും യൂഗോസ്ലാവ് ജനതയെപ്പററി എനിക്കു തോന്നിയിരുന്ന വലിയ മതിപ്പിനെ ഊന്നിയുറപ്പിക്കാൻ അതുപകരിച്ചു. സ്റ്റാലിൻഭരണത്തിൻെറ അവസാനവഷങ്ങളിലും അതിനു പിൻപും സോവിയററ്—യൂഗോസ്ലാവ് ബന്ധങ്ങളിലേപ്പെട്ട വിവിധവിപര്യയങ്ങരംക്കു ഞാൻ ദൃക്സാക്ഷിയായിരുന്നു. സ്റ്റാലിനെയും, പിന്നീടു സോവിയററ് യൂണിയൻ കമ്മ്യൂണിസ്റ്റ്പാട്ടിയിലെ കടുത്ത യാഥാസ്ഥിതികരെയും, ഒടുവിൽ, ചീനരെയും ചെറുത്തുനില്ക്കുന്നതിൽ പ്രസിഡൻറ് ടീറേറാ പ്രദശിപ്പിച്ച പ്രാഗത്ഭ്യത്തെയും നയചാതുര്യത്തെയും ഏറെ ആദരാതിശയത്തോടെ ഞാൻ ശ്രദ്ധിച്ചുപോന്നിട്ടുണ്ട്. സ്റ്റാലിൻെറ നിര്യാണത്തിനുശേഷം ഈ രാജ്യങ്ങരം രണ്ടും തമ്മിൽ മുമ്പുണ്ടായിരുന്ന സൗഹൃദം പുനഃസ്ഥാപിക്കുന്നതിനു മുൻകൈയെടുത്തു പ്രവത്തിച്ചതിൽ ക്രൂഷ്ചോവ് പ്രദശിപ്പിച്ച ഔചിത്യബോധത്തെപ്പററിയും എനിക്കു തുല്യഅളവിൽ മതിപ്പു തോന്നിയിട്ടുണ്ട്. 1954—ൽ യൂഗോസ്ലാവിയായിലേക്കു പുറപ്പെടുന്ന അവസരത്തിൽ ക്രൂഷ്ചോവ് എന്നോടു പറഞ്ഞ വാക്കുകരം ഞാൻ ഓമ്മിക്കുന്നു. അദ്ദേഹം പറഞ്ഞു: ''നിങ്ങരം ഒരാളോടു തെററുചെയ്താൽ അയാരംക്കു കോടതിയിൽ പോയി പരിഹാരം നേടാമെന്നിരിക്കിലും, അതുകൊണ്ടുണ്ടായ വിരോധം ബാക്കിനില്ക്കും. തെററു ചെയ്തവൻ സങ്കടമേപ്പെട്ട കക്ഷിയുടെ അടുത്തുചെന്നു ക്ഷമാപണംചെയ്യുന്നതാണ് ഏററവും നല്ല പ്രതിവിധി.'' അതുതന്നെയാണു ക്രൂഷ്ചോവ് ചെയ്തതും. ഞങ്ങളോടൊപ്പം മുത്താഴത്തിൽ പങ്കുകൊണ്ടിരുന്ന പ്രശസ്തരായ രണ്ടു യൂഗോസ്ലാവ് വനിതകളോടു ഞാൻ ഈ സംഭാ

ഷണത്തെപ്പററി പറഞ്ഞപ്പോഠം—മാഡം ഊവാളിക്ക്, മാഡം ഓറേസ്ലാനിൻ എന്നിവരാണതു്—അവർ പറഞ്ഞതു്, പ്രശംസാഹ്മായ ധീരതയാണു് ആ പെരുമാററംകൊണ്ടു ക്രൂഷ്ചോവ് പ്രകടിപ്പിച്ചതു് എന്നാണു്.

ഇൻഡ്യയിലെ യുഗോസ്ലാവ് അംബാസഡറുടെ പത്നിയാണു മാഡം ഊവാളിക്ക്. ഗ്രീഷ്മകാലം ചെലവഴിക്കാൻ ഇപ്പോഠം യുഗോസ്ലാവിയായിലെത്തിയിരിക്കുന്ന അവർ പറഞ്ഞതു്, ഇൻഡ്യയോടു ബന്ധപ്പെട്ട എല്ലാററിനെയും സ്നേഹിക്കുന്ന തനിക്കു്, ഡൽഹിയിലെ പൊടിപറത്തുന്ന കൊടുങ്കാററുകഠംപോലും ആകഷ്കങ്ങളായിട്ടാണു തോന്നുന്നതെന്നാണു്—ശീതകാലത്തു് ഒററപ്പാലത്തിരിക്കുമ്പോഠം, മോസ്കോവിലെ ഹിമവഷ്ത്തെപ്പററിയോത്തു് എനിക്കു കൊതിതോന്നുന്നപോലെയാവാം. മുമ്പു മോസ്കോവിൽ യുഗോസ്ലാവ് അംബാസഡറായിരുന്നശേഷം ഇപ്പോഠം വാഷിംഗ്ടണിൽ അതേജോലിയിലിരിക്കുന്ന മിക്കുണോവിക്കിൻെറ ഭാര്യാസഹോദരിയാണു മാഡം ഒറേസ്ക്കാനിൻ. അന്താദേശീയ രാഷ്ട്രീയകാര്യപഠനനിലയത്തിൽ (International Institute of Politics) പ്രശസ്തമാംവിധം ഗവേഷണപ്രവത്തനങ്ങളിലേപ്പെട്ടിരിക്കുന്ന അവർ തെക്കേനേഷ്യയുടെയും കിഴക്കനേഷ്യയുടെയും കാര്യത്തിൽ പ്രത്യേകപഠനംനടത്തിക്കൊണ്ടിരിക്കയാണു്. ചൈനായുടെ വിദേശനയത്തെപ്പററി അവർ അടുത്തകാലത്തു് ഒരു പ്രബന്ധം തയ്യാറാക്കിയിട്ടുണ്ടു്. അടുത്തുതന്നെ ഇൻഡ്യാ, ഇൻഡോനേഷ്യാ, ജപ്പാൻ എന്നിവിടങ്ങളിൽ ഒരു പഠനപര്യടനംനടത്താനിരിക്കുന്ന അവർ, യാത്രയ്ക്കു പ്രാരംഭമായി സാധാരണഗതിയിൽ ആവശ്യമായ കുത്തിവയ്പുകളു മൊക്കെ കഴിപ്പിച്ചു തയ്യാറായിട്ടിരിക്കയാണു്. കുത്തിവയ്പിൻെറ വേദനയും ലേശം പനിയുമൊക്കെയുണ്ടായിരുന്നിട്ടും അവർ മാഡം ഊവാളിക്കിന്റെയൊപ്പം അനുജിയുടെകൂടെ ചെന്നു കാലമേക്ദാനിലെ ചരിത്രപ്രസിദ്ധമായ കാഷ്ഠബംഗ്ദാവും, നാലുശതവഷ്ക്കാലം മുഴുവൻ യുഗോസ്ലാവിയായുടെമേൽ അധികാരംനടത്തിപ്പോകാൻ തുക്കികഠംക്കു

സഹായകമായിരുന്ന പഴയ തുക്കിക്കോട്ടയുമൊക്കെ അവരംക്കു കാട്ടിക്കൊടുക്കുകയുണ്ടായി.

എൻെറ കാലത്തു മോസ്കോവിൽ ബ്രിട്ടീഷ് അംബാസഡറായിരുന്ന സർ വില്യം ഹെയ്ററർ, ഗ്രേറ്റ്ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്കാ, സോവിയറ്റ്റഷ്യാ എന്നീ മഹച്ഛക്തികരം അംഗീകരിച്ചിട്ടുള്ള വിവിധനയതന്ത്രസമ്പ്രദായങ്ങളെപ്പറ്റി താരതമ്യപഠനംനടത്തിക്കൊണ്ടു് ഒരു പുസ്തകമെഴുതിയിട്ടുണ്ടു്. പുതുതായി സ്വാതന്ത്ര്യംപ്രാപിച്ച രാജ്യങ്ങളായ യൂഗോസ്ലാവിയാ, ഇൻഡ്യാ തുടങ്ങിയവയുടെ പ്രതിനിധികരം നയോപായപ്രവത്തനമണ്ഡലത്തിൽ ശ്രദ്ധേയമായ ചാതുര്യം പ്രകടിപ്പിക്കുന്നുണ്ടെന്നു് ആ പുസ്തകത്തിൽ അദ്ദേഹം സംഗതിവശാൽ പ്രസ്താവിച്ചിരിക്കുന്നു. ഏതായാലും, മോസ്കോവിൽ യൂഗോസ്ലാവ് അംബാസഡറന്മാരായിരുന്ന വിദിക്ക്, മൊയിസീവ്, മിക്കുണോവിക്ക് എന്നീ മൂവരുടേയും കാര്യത്തിൽ ഇതു വാസ്തവമായിരുന്നു എന്നു് എനിക്കു് ഉറപ്പിച്ചു പറയാൻ കഴിയും. വിദിക്ക് സെർബിയാക്കാരനാണു്; മൊയിസീവ് മാസിഡോണിയാക്കാരൻ; മിക്കുണോവിക്ക് മോണ്ടിനിഗ്രോക്കാരനുമാണു്. ഈ ഭിന്നവഗ്ഗങ്ങളെയെല്ലാം സമന്വയിച്ചു് ഒറ്റരാഷ്ട്രമാക്കി യുദ്ധാനന്തരയൂഗോസ്ലാവിയാ വാത്തെടുത്ത സമ്പ്രദായം ശ്രദ്ധേയംതന്നെയാണു്. മിക്കുണോവിക്കുമായി വാഷിംഗ്ടണിൽവച്ചു കണ്ടു സംസാരിക്കാൻ എനിക്കു് അവസരം ലഭിച്ചിരുന്നു. ഇപ്പോരം 'ബോർബാ' എന്ന സുപ്രധാന പത്രികയുടെ പത്രാധിപരായി ജോലിചെയ്തുകൊണ്ടിരിക്കുന്ന മൊയിസീവിനെയും കണ്ടാല്ലോള്ളാമെന്നുണ്ടായിരുന്നു, എനിക്കു്. പക്ഷേ, ഹിറോഷിമായിൽ ഒരു സമ്മേളനത്തിൽ സംബന്ധിച്ചിട്ടു് അവിടെനിന്നു് ഇൻഡ്യാവഴി യൂഗോസ്ലാവിയായിലേക്കു വരാൻ പരിപാടി തയ്യാറാക്കി, ആ യാത്രയിലാണദ്ദേഹമിപ്പോരം. വിദിക്ക്, ഇപ്പോരം യൂഗോസ്ലാവിയായിലെ സോഷ്യലിസ്റ്റ് അലയൻസിൻെറ സെക്രട്ടറിയാണെന്നറിയുകയാൽ ഞാൻ അദ്ദേഹത്തെ ചെന്നുകണ്ടു് ഒരുമണിക്കൂർ വത്തമാനംപറഞ്ഞിരുന്നു.

ഇൻഡ്യയിലെ കോൺഗ്രസ്സ്പാർട്ടിയോടുപമിക്കാവുന്ന ഒരു സ്ഥാപനമാണ് യൂഗോസ്ലാവിയായിലെ സോഷ്യലിസ്റ്റ് അലയൻസ് എന്നാണു വിദിക്ക് പറഞ്ഞത്. കമ്മ്യൂണിസ്റ്റ്പാർട്ടിയിൽനിന്നു ഭിന്നമാണെന്നു മാത്രമല്ല, അതിനെക്കാൾ വിശാലാടിസ്ഥാനത്തിൽ അധിഷ്ഠിതവുമാണ് തൻെറ പാർട്ടി എന്നാണദ്ദേഹം പറഞ്ഞത്. കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ 12 ലക്ഷം അംഗങ്ങൾ മാത്രമുള്ളപ്പോൾ സോഷ്യലിസ്റ്റ് അലയൻസിൻെറ അംഗസംഖ്യ 70 ലക്ഷമാണ്. ലീഗ് ഒഫ് കമ്മ്യൂണിസ്റ്റ്സ് എന്ന കക്ഷിയിലെ അംഗങ്ങൾക്കു പുറമേ പല ട്രേഡ്യൂണിയനുകളിലെയും വിദ്യാർത്ഥിസംഘടനകളിലെയും മററും അംഗങ്ങളും അതിൽ പെടുന്നു. സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥിതി കൈവരുത്തുകയാണ് ഇൻഡ്യയുടെ ലക്ഷ്യം എന്നു തീരുമാനമെടുത്ത ആവഡി കോൺഗ്രസ്സ്സമ്മേളനത്തിൽ ഔദാര്യപൂർവ്വം സംബന്ധിച്ചിരുന്ന ററീറോ അക്കാര്യത്തിൽ പ്രകടിപ്പിച്ച ഹൃദ്യമായ ഔചിത്യബോധത്തെ ഞാൻ അനുസ്മരിച്ചു.

പ്രസിഡൻറ് സ്ഥാനാർത്ഥിയായി ഗോൾഡ്‌വാട്ടറെ നാമനിർദ്ദേശംചെയ്തതിലൂടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന അപകടകരമായ ചില പ്രവണതകൾ അമേരിക്കയിൽ വളർന്നുവന്നുകൊണ്ടിരിക്കുന്നതിനെപ്പററി വിദിക്കും ഞാനും തമ്മിൽ ചർച്ചനടത്തുകയുണ്ടായി. കെയ്റോവിൽ നടക്കാനിരിക്കുന്ന ചേരിചേരാരാഷ്ട്രങ്ങളുടെ സമ്മേളനത്തിന് ഇപ്പോഴത്തെ പശ്ചാത്തലത്തിൽ വളരെ പ്രാധാന്യമുള്ളതായാണു വിദിക്ക് കരുതുന്നത്. ചേരിചേരാരാഷ്ട്രങ്ങളുടെ സംയുക്തസൈനികശക്തി അത്ര വലുതൊന്നുമല്ലെങ്കിലും, അവക്ക്, അന്താരാഷ്ട്രീയകാര്യങ്ങളിൽ ഒരു ധാർമ്മികശക്തിയായി പ്രവർത്തിക്കാൻ കഴിയും.

അമേരിക്കൻപൊതുജനാഭിപ്രായത്തിൻെറ പോക്കിനെപ്പററി വളരെ ശങ്കാകുലനായി കാണപ്പെട്ട മറെറാരാൾ ചിലിയുടെ അംബാസഡറായ സൊറാനോ ആണ്. ഒമ്പതുകൊല്ലം ഇൻഡ്യയിൽ അംബാസഡറായിരുന്നിട്ടുണ്ട്, അദ്ദേഹം. ജവഹർലാൽ നെഹ്റുവിൻെറ നിര്യാണവാർത്ത

അറിഞ്ഞ ഉടനേ, സ്വന്തം ഗവണ്മെൻറിന്റെ അനുമതിക്കായി കാത്തുനില്ക്കാൻപോലും കൂട്ടാക്കാതെ, ആദ്യംകിട്ടിയ വിമാനത്തിൽ ഇൻഡ്യയിലെത്തി ശവസംസ്കാരച്ചടങ്ങുകളിൽ അദ്ദേഹം സംബന്ധിക്കയുണ്ടായി. ഇൻഡ്യക്കാരുടെ രീതിയിൽ വസ്ത്രധാരണം ചെയ്ത്, നഗ്നപാദനായി നടന്നാണ് അദ്ദേഹം ആ ചടങ്ങുകളിൽ പങ്കെടുത്തിരുന്നതെന്നാണ് ഞാനറിഞ്ഞത്. സെപ്ററംബർ 4—ാംനു-നടക്കാനിരിക്കുന്ന ചിലിയിലെ പ്രസിഡൻറുതിരഞ്ഞെടുപ്പിനെപ്പററി സൊറാനോ ഏറെ ഉല്ക്കണ്ഠിതനായി കാണപ്പെട്ടു. സ്ഥാനാർത്ഥികൾ രണ്ടുപേരും ഇടതുപക്ഷചായ്വുള്ളവരാണെന്നതിനാൽ അമേരിക്കയ്ക്ക് അതൃപ്തിതോന്നിയെന്നുവരാം. ഇൻഡ്യയും ചൈനയും തമ്മിലുള്ളതുമാതിരി ഒരതിർത്തിത്തർക്കം ചിലിയും ആർജൻറീനായും തമ്മിലും നിലവിലുണ്ടെന്നു സൊറാനോ പറഞ്ഞു. അടുത്തകാലത്തായി ചിലി—ആർജൻറീനാ അതിർത്തിയിൽ സ്ഥിതിഗതികൾ സ്ഫോടനാത്മകമായിട്ടുണ്ട്; വല്ല ബാഹ്യപ്രേരണയും ഇതിൻെറ പിന്നിലില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കെന്നെഡിയുടെ ദാരുണാന്ത്യത്തെപ്പററി സംസാരിക്കവേ സൊറാനോവും ഞാനും ദുഃഖിതരായിരുന്നു. അതിനുത്തരവാദികളായവരെ പഴിക്കയുംചെയ്തു. പക്ഷേ, അദ്ദേഹത്തെ കൊലപ്പെടുത്തിയതാര്? സൊറാനോ ചോദിച്ചു. ഗോൾഡ്‌വാട്ടറിന്നു പിൻതുണ കൂടിക്കൊണ്ടുവരുന്നതുപോലെയാണു തോന്നുന്നതെന്നു മാത്രമല്ല, തിരഞ്ഞെടുപ്പിൽ ജോൺസണു ജയംലഭിക്കാൻ സാദ്ധ്യതയുണ്ടെന്നല്ലാതെ അങ്ങനെയേ സംഭവിക്കൂ എന്നുറപ്പായി പറയാനാവില്ലെന്നും വന്നിരിക്കുന്നു. ഗോൾഡ്‌വാട്ടർ പ്രസിഡൻറ് സ്ഥാനത്തേക്കു നാമനിർദ്ദേശംചെയ്യപ്പെട്ടിരിക്കുന്നതിൽ സംതൃപ്തി പ്രകടിപ്പിച്ചിട്ടുള്ള ഏകബാഹ്യശക്തി ചൈനായാണെന്നുള്ളതു സുപ്രധാനമായ ഒരു സൂചനയാണ്. ഒരു വശത്തു ചൈനായും മറുവശത്തു ഗോൾഡ്‌വാട്ടറുടെ നിയന്ത്രണത്തിലുള്ള അമേരിക്കയുംകൂടെയായാൽ പിന്നെ എന്താണു സംഭവിച്ചുകൂടാത്തത്?

ദുഃഖചിന്തകളുടെ ഈ പരമ്പരയിൽനിന്നു സംഭാഷ

ണഗതി ഞാൻ വിധിവിളയാട്ടത്തിൻെറ ദുരൂഹമാർഗ്ഗങ്ങളിലേക്കു തിരിച്ചുവിട്ടു. ലോസാനിൽ നടന്നുകൊണ്ടിരിക്കുന്ന സ്വിസ് ദേശീയപ്രദർശനം കാണാൻ കഴിഞ്ഞയാഴ്ച ഞാൻ ചെന്നിരുന്ന അവസരത്തിൽ അവിടെ അവർ പറഞ്ഞുകേട്ട ഒരു കാര്യം ഞാൻ സൊറാനോവിനോടു വിവരിക്കയുണ്ടായി—1914–ലെ ഗ്രീഷ്മകാലത്തു നടത്തിയ അവരുടെ ആദ്യത്തെ ദേശീയപ്രദർശനത്തെത്തുടർന്ന് ആദ്യത്തെ ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു; 1939–ലെ രണ്ടാമത്തെ പ്രദർശനത്തിൻെറ പിന്നാലേ രണ്ടാമത്തെ മഹായുദ്ധവും വന്നു; ഇപ്പോഴം നടന്നുകൊണ്ടിരിക്കുന്ന മൂന്നാം പ്രദർശനത്തെത്തുടർന്ന് എന്താണാവോ സംഭവിക്കാനിരിക്കുന്നതു്! ഇതാണ് സ്വിസർലാൻഡുകാരുടെ സംശയം. ദൈവത്തിനുതന്നെയേ അതിനു മറുപടിപറയാനാവൂ എന്നഭിപ്രായപ്പെട്ടു, സൊറാനോ. എങ്കിലും 25 കൊല്ലം കൂടുമ്പോഴം യുദ്ധത്തിൽ ചെന്നു കുടുങ്ങുന്ന പാരമ്പര്യം യൂറോപ്പുപുലത്തിപ്പോന്നിട്ടുണ്ടെന്നുകൂടെ അദ്ദേഹം അനുസ്മരിക്കാതിരുന്നില്ല. യേശുക്രിസ്തുവിൻെറ ജനനത്താലെന്നപോലെ, ഒരു പുതുയുഗപ്പിറവിയുടെ നാന്ദിയെക്കുറിക്കുന്ന വഷ്മായിരിക്കും 1965 എന്ന് ഡാക്ടർ ജങ്ങ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

എങ്ങനെയെന്നറിഞ്ഞില്ല, ഞങ്ങളുടെ സംഭാഷണം ചുററിത്തിരിഞ്ഞു റെയ്ഹാനാ തയാബ്ജിയിൽ ചെന്നെത്തി. അലൗകികസിദ്ധിവിശേഷങ്ങളുള്ള അവരെ സൊറാനോവിന്നും പരിചയമുണ്ട്. ഒരിക്കൽ അദ്ദേഹം ആർതർ കോയ്സ്ലറെ റെയ്ഹാനായുടെ അടുത്തു കൂട്ടിക്കൊണ്ടുപോയിരുന്നു. കോയ്സ്ലറെപ്പററി കേട്ടിട്ടേയില്ലവർ. അദ്ദേഹത്തിൻെറ ഹസ്തരേഖകഠം പരിശോധിച്ചിട്ടു റെയ്ഹാനാ പറഞ്ഞു, കഴിഞ്ഞ ജന്മത്തിൽ കോയ്സ്ലർ ഒരു സൈനികപുരോഹിതനായിരുന്നുവെന്ന്. ആ പദവി ഈ ജന്മത്തിലും അദ്ദേഹത്തിനു നന്നെ ചേച്ച്യായിരിക്കും.

ഇക്കഴിഞ്ഞ മാച്ച്മാസത്തിൽ റെയ്ഹാനായെ കാണാൻ പോയിരുന്ന അനുജി, ഞങ്ങളുടെ ലോകപര്യടനത്തിനുള്ള പദ്ധതിയെപ്പററി ആ അവസരത്തിൽ അവരെ

ധരിപ്പിക്കയുണ്ടായി. മടക്കം എന്നത്തേക്കാവുമെന്നു ചോദിച്ചപ്പോൾ അനുജി പറഞ്ഞു, ഒക്ടോബറെന്നാണുദ്ദേശിക്കുന്നതെന്നു്. ''ഒക്ടോബറിനപ്പുറത്തേക്കു നീട്ടണ്ടാ,'' റെയ്ഹാനാ പറഞ്ഞു, ''കാരണം, ഒക്ടോബർ മദ്ധ്യംമുതലങ്ങോട്ടു യൂറോപ്പിൽ കുഴപ്പത്തിൻെറ കാലമാണു്.''

ഞാനും സൊറാനോവും തമ്മിലുള്ള സംഭാഷണം ഇങ്ങനെ വിഷാദാത്മകമായിത്തീർന്നതു് എന്തുകൊണ്ടാണാവോ? ജങ്ങും റെയ്ഹാനായും എന്തെല്ലാം പ്രവചിച്ചാലും, സൈപ്രസ്സിൻെറയും ക്യൂബായുടെയും പ്രശ്നങ്ങൾ പൊട്ടിത്തെറിക്കാൻ തയ്യാറായിനില്ക്കുന്നുണ്ടെങ്കിലും, ഗോൾഡ്വാട്ടറും മൗത്സ്ത്തുങ്ങുമൊക്കെയുള്ള ലോകമാണു നമ്മുടേതെന്നിരിക്കിലും, അനിവാര്യമായ ഒരാപത്സന്ധിയിലെത്തിനില്ക്കയാണീ ലോകമെന്നു ലേശം വിശ്വസിക്കാൻ കൂട്ടാക്കാത്തവരാണു് ഞാനും സൊറാനോവുമെന്നിരിക്കെ, ഞങ്ങൾ ഇത്തരം വിഷാദചിന്തകൾക്കധീനരായിപ്പോയതെന്തുകൊണ്ടു്? മനസ്സിൻ്റെ അപ്പോഴത്തെ അവസ്ഥയെ—താല്ക്കാലികമായ മനോവൈക്ലബ്യത്തെ—പ്രതിഫലിപ്പിക്കയായിരുന്നിരിക്കാം, ഈവക ചിന്തകൾ.

## 5 ബുദാപ്പെസ്റ്റ്

*ബുദാപ്പെസ്റ്റ്, ആഗസ്റ്റ്, 29*

ബൽഗ്രേഡിൽനിന്നു ബുദാപ്പെസ്റ്റ്വരെയുള്ള നാനൂറു കിലോമീററർ ദൂരം ഓംപ്രകാശിൻെറ കാറിലാണു ഞങ്ങൾ സഞ്ചരിച്ചതു്. അദ്ദേഹവും ഭാര്യ സാവിത്രിയും മാറിമാറി കാറോടിച്ചിരുന്നു. രണ്ടുപേരും സഞ്ചാരത്തിന്നു് ഉന്മേഷമിയററുന്ന നല്ല സുഹൃത്തുക്കളാണു്. ഈ ലോകയാത്രയിലൊട്ടാകെക്കൂടെ ഞങ്ങൾക്കൊരു സ്ത്രീ സാരഥ്യംവഹിക്കുന്ന കാറിൽ സഞ്ചരിക്കാനിടയായിട്ടുള്ളതു്, സാവിത്രി ഇടയ്ക്കിടെ ഈ കാറിൻെറ ചക്രം തിരിക്കാൻ മുതിർന്നിട്ടുള്ളപ്പോഴാണു്. അമേരിക്കയിൽ പുരുഷന്മാരോളംതന്നെ സ്ത്രീകളുമുണ്ടു് കാറോടിക്കുന്നവരായിട്ടു്; ഒരുവേള, കാറോ

ടിച്ചു പോകുന്നവരുടെ എണ്ണമെടുത്താൽ സ്ത്രീകളായിരിക്കി ല്ലേ അധികം എന്നുതന്നെ എങ്ങനെയോ ഒരു തോന്നലു ണ്ടായിപ്പോയി. സാവിത്രി കാറോടിക്കൽ ആരംഭിച്ചി ട്ടേയുള്ളുവെങ്കിലും വളരെ കരുതലോടും സാമർത്ഥ്യത്തോടും കൂടെ ആ ജോലി നിർവ്വഹിച്ചിരുന്നു. ''ഒരു വലിയ ആളി ന്റെ'' സാന്നിദ്ധ്യംമൂലം തെല്ലൊരു പരിഭ്രമമുണ്ടായിരു ന്നു തനിക്കു കാറോടിക്കുമ്പോൾ എന്നവൾ പറഞ്ഞു. വാ ർദ്ധക്യം ബാധിക്കുമ്പോൾ മനുഷ്യരെ മനുഷ്യരായിട്ടല്ല ''ആളാ''യിട്ടാണ് പരിഗണിക്കപ്പെടുക എന്നുതാണ് ജീവിതത്തിലെ ദയനീയമായ ഒരു ദുഃഖസത്യം.

ബൽഗ്രേഡിൽനിന്നു ബുദാപ്പെസ്റ്റിലേക്കുള്ള മോട്ടോർ യാത്രയിൽ പ്രത്യേകിച്ചു രസപ്രദമായി വല്ലതെങ്കിലും ഉണ്ടായിരുന്നില്ല. ആട്ടോബാണിലെ യാത്രയിലനുഭവ പ്പെട്ട കൊടുങ്കാററിന്റെ വേഗതയോ, രണ്ടാഴ്ച മുമ്പു റൈൻ ലാൻഡിൽ സഞ്ചരിക്കുമ്പോൾ കണ്ട സുന്ദരദൃശ്യങ്ങളുടെ ആനന്ദമോ ഒന്നുമില്ലായിരുന്നു, ഇവിടെ. സമനിരപ്പായി പരന്നുകിടക്കുന്ന വൈവിധ്യരഹിതമായ നാട്ടിൻപുറംത ന്നെ, എവിടെ നോക്കിയാലും. സൂര്യകാന്തിയും ചോളവും കൃഷിചെയ്തിട്ടുള്ള പാടങ്ങളും തണ്ണിമത്തൻ കൃഷിയിടങ്ങളും അങ്ങിങ്ങ് ചില മുന്തിരിത്തോപ്പുകളുമായി മൈലുകൾ മൈലുകൾ കണക്കിൽ കൃഷിഭൂമിതന്നെ, കണ്ണെത്താവുന്ന ദിക്കിലെല്ലാം. എമ്പാടും കൃഷിഭൂമി അനവസാനമായി നീണ്ടുനീണ്ടു കിടക്കുന്ന കാഴ്ചതന്നെ. യുഗോസ്ലാവിയായുടെ അതിർത്തിക്കുള്ളിൽ ഞങ്ങൾ കണ്ടതിൽ മനസ്സിൽ തങ്ങി നില്ക്കുന്നതായി രണ്ടു കാഴ്ചകൾ മാത്രമേയുള്ളു; ബൽഗ്രേ ഡിൽനിന്ന് ഏതാണ്ട് 30 കിലോമീററർ അകലെ ഒരു കുന്നിൻനിറുകയിൽനിന്നു നോക്കുമ്പോൾ ഡാന്യൂബ്നദി വളഞ്ഞുപുളഞ്ഞൊഴുകിപ്പോകുന്നതിന്റെ മോഹനദൃശ്യവും, ഹംഗേറിയൻഅതിർത്തിക്കടുത്തു കിടക്കുന്ന മനോഹരമായ പാലിക്ക് തടാകവും. അവിടെ യാത്രമുടക്കി, ഞങ്ങൾ സാൻഡ്‌വിച്ചുകൊണ്ട് മുത്താഴം നിർവ്വഹിച്ചു. ആ സമയ ത്തു ശരീരത്തിന്റെ അധികഭാഗവും തുറന്നുകാണിക്കുന്ന മാതിരി (സ്ട്രാപ്‌ലസ്സ്) നീന്തൽവേഷം ധരിച്ച രണ്ടു

പെൺകിടാങ്ങരം നല്ല ഗമയിൽ ആവഴി കടന്നുപോകുന്ന തു കണ്ടിട്ട് അനുജിയും സാവിത്രിയും അത്ഭുതംകൂറി: ''ഇ ത്രയുമെങ്കിലും മറയ്ക്കാൻ ഇവളൊക്കെ എന്തിനു മിനക്കെ ടുന്നു!''

യൂഗോസ്ലാവിയൻ പ്രദേശത്തെന്നതിനെക്കാരം പ്രക ടമായ ഐശ്വര്യലക്ഷണങ്ങരം കാണാനുണ്ടായിരുന്നു, ഹംഗേറിയൻ പ്രദേശത്ത്—ഗതാഗതത്തിന്റെ തിരക്കു കൂടു തൽ; കുറേക്കൂടെ ഇടതിങ്ങിയ കൃഷി; ചോളച്ചെടികരം കൂടു തൽ ഉയൎന്നുവളൎന്നുനിൽക്കുന്നു; സൂര്യകാന്തിപ്പൂക്കരംക്കുമുണ്ട് കൂടുതൽ വൎണ്ണപ്പകിട്ട്. ഉച്ചാരണക്ഷമമല്ലാത്ത നാമങ്ങരം വഹിക്കുന്ന കെക്ച്ചെമെട്, ഝെഗദ്, കിക്കുൺഫെല ഗിഹാജാ, തുടങ്ങിയ നഗരങ്ങളും കൂടുതൽ ഐശ്വര്യലക്ഷ ണങ്ങളോടെ കാണപ്പെട്ടു.

അതിൎത്തി കടന്നു ഹംഗറിയിലേക്കു പ്രവേശിക്കും വരെ ഞാനറിഞ്ഞിരുന്നില്ല, ഇത്രയധികം മമത എനിക്ക് ആ നാടിനോടു തോന്നിയിരുന്നുവെന്ന്. മദ്ധ്യശതകങ്ങ ളിൽ ഇംഗ്ലണ്ടിനോളംതന്നെ ജനസംഖ്യയും അവരെക്കാളേ റെ ശക്തിയും പ്രതാപവുമുണ്ടായിരുന്ന ഈ രാഷ്ട്രത്തിന് നൂററാണ്ടുകളിലൂടെ അനുഭവിക്കേണ്ടിവന്നിട്ടുള്ള വിധി വൈപരീത്യത്തെയും ക്ലേശപരമ്പരയെയുംപററിയോൎമ്മി ച്ചപ്പോരം എനിക്കു വീൎപ്പുമുട്ടലുണ്ടാകുംപോലെ തോന്നി. സംഭവബഹുലമായ ഒരു ദശകത്തിനുള്ളിൽ ഞാൻ എന്റെ കണ്ണുകൊണ്ടുതന്നെ കണ്ട ഭാഗ്യവിപൎയ്യയങ്ങളെപ്പററിയും ഞാ നോൎമ്മിച്ചുപോയി—ഒരു പേടിസ്വപ്നമായിരുന്ന റക്കോ സിഭരണം, 1956—ലെ വിപ്ലവവും അതിന്റെ അടിച്ചമ ൎത്തലും, ജാനോസ് കാദറിന്റെ വിവേകപൂൎണ്ണമായ നേതൃ ത്വത്തിൻകീഴിൽ ഹംഗറിക്കുണ്ടായ പുനരുത്ഥാനം, എന്നി വയൊക്കെ. ആക്രമണപ്രവണതയുള്ള ഹാപ്സ്ബൎഗ്ഗ്, പ്രഷ്യൻ, റഷ്യൻ, ഓട്ടോമാൻ സാമ്രാജ്യങ്ങളുടെ മദ്ധ്യ ത്തിൽ ഒരു പ്രത്യേകരാഷ്ട്രമെന്നനിലയിൽ വ്യക്തിത്വം പുലൎത്തിപ്പോകാൻ ഹംഗറിക്കു കഴിഞ്ഞതുതന്നെ അത്ഭുത മാണ്.

ഔദ്യോഗികസന്ദൎശനങ്ങളൊഴിവാക്കിയാൽ ഇവിടെ

ഞങ്ങരം ആദ്യം ചെന്നുകണ്ടതു് ഹംഗറിയുടെ ആത്മസത്ത യുടെ പ്രതീകവും സാരാംശവുമെന്നു പറയാവുന്ന സോൾട്ടാൻ കൊഡാളിയെയാണു്. ഇന്നു ലോകത്തിൽ ജീവിച്ചിരിക്കു ന്ന സംഗീതനിർമ്മാതാക്കളിൽ അഗ്രഗണ്യരിലൊരാളായ അദ്ദേഹം അതേസമയം ഓരോ രക്തബിന്ദുവിലും ഒരു തനി ഹംഗേറിയനുമാണു്. മുമ്പു് അദ്ദേഹത്തിൻെറ ശിഷ്യഗണ ത്തിൽപ്പെട്ടിരുന്ന ഇരുപതിൽപ്പരം വയസ്സുമാത്രം വരുന്ന ഒരു ചേതോഹാരിണിയാണു് അദ്ദേഹത്തിൻെറ പത്നി. 82 വയസ്സായി അദ്ദേഹത്തിനു്. ആരോഗ്യസ്ഥിതിയെ പ്പററി ഞാൻ നടത്തിയ അന്വേഷണത്തിനു് അദ്ദേഹത്തി ൻെറ മറുപടി വാർദ്ധക്യസഹജമായ അസുഖങ്ങളൊക്കെയു ണ്ടെന്നായിരുന്നു. ''82 വയസ്സെന്നുപറയുന്നതു് ഇൻഡ്യ യിൽ വാർദ്ധക്യപ്രായമാണെങ്കിലും,'' ഞാൻ അഭിപ്രായ പ്പെട്ടു, ''യൂറോപ്പിൽ അത്ര വലിയ പ്രായമെന്നു പറയാ നില്ലല്ലോ.'' ''പക്ഷേ, കഴിഞ്ഞ ഏതാനും ദശകങ്ങരംക്കു ള്ളിൽ എന്തെല്ലാം ദുരിതാനുഭവങ്ങളിൽക്കൂടെയാണു ഞങ്ങരം ക്കു കടന്നുപോരേണ്ടിവന്നതെന്നോർത്തുനോക്കൂ.'' കൊഡാ ളി പറഞ്ഞു. ''ഇൻഡ്യയിലാണെങ്കിൽ നിങ്ങരംക്കു യോ ഗാഭ്യാസമുറകളുണ്ടു്.'' അദ്ദേഹം തുടന്നു: ''അതുവല്ലതുമാ രംഭിക്കാമെന്നുവച്ചാൽ എനിക്കതിനൊക്കെയുള്ള പ്രായം അതിക്രമിച്ചിട്ടു് കാലം ഏറെ കടന്നുവെന്നും തോന്നുന്നു.'' ഒരു പുസ്തകം വായിച്ചുകിട്ടിയ അറിവു വച്ചുകൊണ്ടു യോഗ മുറകരം പരിശീലിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന തനി ക്കു് അതു വളരെ ആകർഷകമായിട്ടാണനുഭവപ്പെടുന്നതെന്നു് അദ്ദേഹത്തിൻെറ ഭാര്യ പറഞ്ഞു. ജവഹർലാൽ നെഹ്റു നിയമേന യോഗാസനങ്ങരം ശീലിച്ചിരുന്നുവെന്നും ശീർഷാ സനംചെയ്യാൻ അദ്ദേഹത്തിനു വിശേഷിച്ചും താല്പര്യമാ യിരുന്നുവെന്നും—ശീർഷാസനത്തിൽ തല കുത്തി കാൽ മേല്പോട്ടാക്കി നിൽക്കുമ്പോരം വസ്തുതകരം ശരിയായി കാ ണാനും ധരിക്കാനും തനിക്കു കഴിയുന്നുവെന്നാണദ്ദേഹം പറഞ്ഞിരുന്നതു്—ഞാൻ അവരെ ധരിപ്പിക്കയുണ്ടായി. കൊഡാളിക്കു് അടുത്തു പരിചയമുള്ള യഹൂദി മെനുഹി

നം—അദ്ദേഹം അടുത്തുതന്നെ ഹംഗറി സന്ദർശിക്കുന്നുണ്ട്—യോഗവിദ്യ പരിശീലിക്കുന്നയാളാണ്.

1956-ലെ സോഷ്യലിസ്റ്റ് വിപ്ലവം അതിൻെറ അത്യുച്ചകോടിയിലെത്തിയ ഘട്ടത്തിൽ ആസ്ത്രിയായ്ക്കു തുല്യമായൊരു പദവി ഹംഗറിക്കും നേടിയെടുക്കാൻ ശ്രമിച്ച സോഷ്യലിസ്റ്റ് നേതാവായ ബിബോ ഇപ്പോഠം തടവിൽനിന്നു മോചിപ്പിക്കപ്പെട്ടിട്ടുണ്ടെന്നും ഒരു ലൈബ്രേറിയൻെറ വിനീതപദവി സ്വീകരിച്ചു ജോലി ചെയ്യുകയാണെന്നും ഞാൻ കൊഡാളിയിൽനിന്നു മനസ്സിലാക്കി. പ്രശസ്ത ഗ്രന്ഥകാരനായ തിബോർ ഡെറിയേയും മോചിപ്പിച്ചിട്ടുണ്ട്, വിപ്ലവകാലത്തു് അമേരിക്കൻ നയതന്ത്രകാര്യാലയത്തിൽ അഭയംതേടിയശേഷം അവിടെത്തന്നെ തുടൎന്നുതാമസിക്കുന്ന കാർഡിനൽ മിൻസെന്തിയെപ്പററിയും ഞങ്ങഠം സംസാരിച്ചു. മാപ്പാപ്പായുടെ നിർദ്ദേശത്തെപ്പോലും സ്വീകരിക്കാൻ കൂട്ടാക്കാത്തവനും വലിയ നിർബ്ബന്ധശീലനുമായ അദ്ദേഹം അവിടെനിന്നിറങ്ങില്ലെന്നാണ് കൊഡാളി പറയുന്നതു്. മാപ്പാപ്പാ അദ്ദേഹത്തെ വത്തിക്കാനിലേക്കു ക്ഷണിച്ചിട്ടുണ്ട്; അങ്ങോട്ടദ്ദേഹം പോകുന്നതിൽ ഹംഗറിയിലെ ഭരണാധികാരികഠംക്കു വിരോധമില്ലതാനും. പക്ഷേ, തന്നേ എസ്ററർഗാമിൽവച്ച് ഹംഗറിയുടെ കാർഡിനലായി വാഴിക്കണമെന്ന പിടിവാശിയിൽ നില്പാണദ്ദേഹം.

ഹംഗേറിയൻ വിപ്ലവത്തിൻെറ രണ്ടാംഘട്ടത്തിന്നുള്ള മുഖ്യ ഉത്തരവാദിത്വം വ്യക്തമായും കാഡിനൽ മിൻസെന്തിയുടേതാണെന്നാണ് കൊഡാളി പറഞ്ഞതു്. ആദ്യഘട്ടത്തിൽ വളരെ ആത്മനിയന്ത്രണത്തോടെയാണ് റഷ്യാക്കാർ പെരുമാറിയതു്; ബുദാപ്പെസ്റ്റിൽനിന്നു തങ്ങളുടെ സൈന്യത്തെ പിൻവലിക്കാനും ഹംഗറിയുടെ എല്ലാഭാഗത്തുനിന്നുംതന്നെ ഒഴിച്ചുപോകുന്ന കാര്യത്തെപ്പററി കൂടിയാലോചന നടത്താനുമൊക്കെ അവർ തയ്യാറായിരുന്നു. അപ്പോഴാണ് കാഡിനൽ മിൻസെന്തി, അയൽരാജ്യമായ പോളണ്ടിലെ കാർഡിനൽ വിഷിൻസ്കിയുടെ മാതൃകയ്ക്കു കടകവിരുദ്ധമായി, വിവേകശൂന്യവും പ്രകോപകവുമായ

പ്രസ്താവനകൾ പുറപ്പെടുവിച്ചതു്. മതഭക്തരായ ഒരു കുടുംബത്തിലെ അംഗങ്ങളിൽ ആ പ്രസ്താവനയുണ്ടാക്കിയ പ്രതികരണത്തെപ്പററി അവരെ നന്നായിട്ടറിയാമായിരുന്ന മാഡം കൊഡാളി വിവരിച്ചു. റേഡിയോവിലൂടെ കാഡിനൽ മിൻസെന്തിയുടെ പ്രസംഗം കേട്ടുതുടങ്ങിയപ്പോൾ ആ കുടുംബാംഗങ്ങളെല്ലാം മുട്ടുകുത്തി നമ്രശിരസ്കരായിനിന്നു് സശ്രദ്ധം അതു കേട്ടുതുടങ്ങി. പക്ഷേ, അദ്ദേഹത്തിൻെറ പ്രസംഗത്തിൽ മററു പല അവകാശവാദങ്ങളുന്നയിച്ചകൂട്ടത്തിൽ 'സഭയുടെ മുതലെല്ലാം സഭയ്ക്കുതന്നെ വിട്ടുകിട്ടണ'മെന്നു പറഞ്ഞുകേട്ടപ്പോൾ—ശതലക്ഷക്കണക്കിൽ ഏക്കർ ഭൂമിയിന്മേലുള്ള അവകാശവും ഇതിൽപ്പെടും—വെറുപ്പു തോന്നിത്തുടങ്ങിയ അവർ ഓരോരുത്തരായി എഴുന്നേററു മററു പണികൾ പോകയാണുണ്ടായതു്. ''ഹംഗറിയിലേക്കു സൈന്യത്തെ നിയോഗിച്ചു വിപ്ലവമടിച്ചമത്താൻ ഒരവസരത്തിനുവേണ്ടി നോക്കിയിരുന്ന റഷ്യാക്കാർ കൈക്കൂലി കൊടുത്തു മിൻസെന്തിയെക്കൊണ്ടു് അങ്ങനെ പ്രസംഗിപ്പിച്ചതായിരിക്കില്ലേ എന്നുപോലും എനിക്കു ചിലപ്പോൾ തോന്നിപ്പോകുന്നു'' എന്നാണു് കൊഡാളി പറഞ്ഞതു്.

ബർലിനിൽ നടന്ന ഒരു സംഗീതോത്സവത്തെപ്പററി കൊഡാളി എന്നെ പറഞ്ഞുകേൾപ്പിക്കയുണ്ടായി. ആ നഗരം ഇപ്പോഴും വിഭജിക്കപ്പെട്ടനിലയിൽ തുടരുന്നതു വളരെ ഖേദകരമാണെന്നദ്ദേഹം പറഞ്ഞു. രണ്ടാഴ്ചയ്ക്കു മുമ്പു ഞാൻ ബർലിൻ സന്ദശിച്ച അവസരത്തിൽ എൻെറ മുൻസന്ദശ്നകാലത്തു് അവിടെ ഇല്ലായിരുന്ന ഒരു പ്രതിഭാസം—നഗരത്തിൻെറ പൂർവ്വപശ്ചിമഭാഗങ്ങളെ വേർതിരിച്ചു നിർത്തിയിരിക്കുന്ന പുതിയൊരു മതിൽക്കെട്ടു്—അവിടെ കാണപ്പെട്ടതിൻെറ കാര്യം ഞാൻ സൂചിപ്പിച്ചു. ജമ്മനിയുടെ പുനരേകീകരണം എന്നത്തേക്കു നടപ്പാകുമെന്നാണു പ്രതീക്ഷിക്കുന്നതെന്നു് അദ്ദേഹം ഒരു ജമ്മൻകാരനോടു ചോദിച്ചുനോക്കിപോൽ. ''ഒരു നൂറുകൊല്ലത്തിനിടയിൽ നടപ്പാകാൻ പോകുന്നില്ല.'' അയാൾ പ്രതിവചിച്ചു. ''പക്ഷേ, വിഭജനമാണല്ലോ ഇക്കാലത്തെ സർവ്വസാധാര

ണമായ അംഗീകൃതനടപടി, അല്ലേ?'' മാഡം കൊഡാളി ചോദിച്ചു. ''വിയററ്നാമിൻെറയും കൊറിയായുടെയും അങ്ങനെ മററു ചിലടത്തേയും കാര്യംതന്നെ എടുക്കുക.'' കൊറിയൻകാര്യങ്ങൾക്കുള്ള ഐക്യരാഷ്ട്ര കമ്മിഷൻെറ അദ്ധ്യക്ഷനെന്നനിലയിൽ ഞാൻ കൊറിയായുടെ പുനഃസംയോജനത്തിനുവേണ്ടി ശ്രമം നടത്തി ദയനീയമായി പരാജയപ്പെട്ടതിൻെറ കഥ ഞാൻ വിവരിച്ചു. കൊറിയാ ശക്തിരാഷ്ട്രീയത്തിൻെറ കൊടുംചുഴിയിൽ ചെന്നകപ്പെട്ടുപോയതു്—മൂവായിരം വഷത്തെ സമാധാനപൂണ്ണമായ ചരിത്രപാരമ്പര്യമുടയ ആ രാജ്യം 'പ്രഭാതശാന്തിയുടെ നാടു്' എന്ന പേരു നേടിയിട്ടുണ്ടു്—മഹാ കഷ്ടമായിപ്പോയി എന്നു ഞാൻ പറഞ്ഞു. ''ഇപ്പോഴതു സായന്തനാഗ്നിയുടെ നാടായി പരിവത്തനപ്പെട്ടിരിക്കയാണു്.'' മാഡം കൊഡാളി അഭിപ്രായപ്പെട്ടു.

ഇൻഡ്യാഗവണ്മെൻറിൻെറ പ്രാതിനിദ്ധ്യം വഹിച്ചുകൊണ്ടു് ഇൻഡ്യ സന്ദശിക്കാൻ നാലഞ്ചു കൊല്ലം മുമ്പു ഞാൻ അദ്ദേഹത്തിനു നല്കിയ ക്ഷണം ഇപ്പോഴും ഊജ്ജിതത്തിലിരിക്കയാണു് എന്ന കാര്യം ഞാൻ കൊഡാളിയെ ഓമ്മപ്പെടുത്തി. അദ്ദേഹത്തിൻെറ ഇൻഡ്യാസന്ദശനത്തിൻെറ കാര്യത്തിൽ അതീവ തല്പരനായിരുന്ന ജവഹർലാൽ നെഹ്റു ഉണ്ടായിരിക്കില്ലല്ലോ അദ്ദേഹം ഇൻഡ്യയിലെത്തുമ്പോൾ സ്വീകരിക്കാൻ—ഹാ! കഷ്ടം! നെഹ്റുവില്ലാത്തതുകൊണ്ടു് ആകഷണം ഏറെ കുറഞ്ഞിട്ടുണ്ടെങ്കിലും ഇൻഡ്യയിൽ സന്ദശനം നടത്താൻ തനിക്കിപ്പോഴും താല്പര്യമുണ്ടെന്നും പക്ഷേ, വിമാനത്തിൽ യാത്ര ചെയ്യുന്നതിനെ ഡാക്ടരന്മാർ നിരോധിച്ചിരിക്കയാണെന്നുമാണു് കൊഡാളി പറഞ്ഞതു്. നമ്മുടെ വിമാനങ്ങളൊക്കെ ശരിക്കു വായുമട്ടം നിയന്ത്രിക്കപ്പെട്ടിട്ടുള്ളവയാകയാൽ ഒന്നുംതന്നെ ഭയപ്പെടാനില്ലെന്നും, നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ ലോകത്തിലേക്കും മെച്ചപ്പെട്ട കാലാവസ്ഥയാണു് ന്യൂഡൽഹിയിൽ അനുഭവപ്പെടാറു് എന്നുമൊക്കെപ്പറഞ്ഞു് അദ്ദേഹത്തെ ഞാൻ ഉത്സാഹപ്പെടുത്തി.

അദ്ദേഹം വീണ്ടും സംഭാഷണത്തിൻെറ ഗതി യോ

ഗാഭ്യാസത്തിലേക്കു തിരിച്ചുവിട്ടു. പരേതനായ സർ ശങ്കരൻനായൿ നെററിയിലൊരു മുഴ വളൎന്നുവന്നതിന്മേൽ ശസ്ത്രക്രിയനടത്താൻ ഡാക്ടറന്മാരാരും ധൈര്യപ്പെടാതെ വന്നപ്പോൾ, യോഗാഭ്യാസംകൊണ്ടുമാത്രം ആ മുഴ ക്രമേണ അപ്രത്യക്ഷമായതിൻെറ കഥ ഞാൻ വിവരിച്ചു: ''ഒരു മുഴ വളൎത്തിയെടുത്തിട്ടെങ്കിലും ഞാൻ ഇൻഡ്യയിൽ പോകും,'' മാഡം കൊഡാളി ആവേശപൂൎവ്വം പറഞ്ഞു.

കൊഡാളിയും പതിയുമായുണ്ടായ ഈ സന്ദൎശനത്തിൽനിന്നെന്നപോലെ ഇത്രയേറെ ആനന്ദവും പ്രചോദനവും ഈ ഭൂപ്രദക്ഷിണയാത്രയ്ക്കിടയിലുണ്ടായ മറെറാരു സമ്പൎക്കത്തിൽനിന്നും എനിക്കു ലഭിച്ചിട്ടില്ല.

*ബുഡാപ്പെസ്റ്റ്, ആഗസ്റ്റ്, 31*

ഞങ്ങളുടെ ലോകപര്യടനപരിപാടി അവസാനിക്കാറായി. ഇനി റഷ്യാ മാത്രമാണു ശേഷിക്കുന്നതു്. ഹംഗറിയിൽ നമ്മുടെ എംബസിമന്ദിരത്തിലാണു് എൻെറ താമസം. കിഴക്കൻ യൂറോപ്പിലെ ജോലിക്കാലത്തിൻെറ ഉത്തരാൎദ്ധത്തിൽ ഒരുഡസൻ പ്രാവശ്യമെങ്കിലും അവിടെ ഞാൻ പാൎത്തിട്ടുണ്ടു്; പൂൎവ്വാൎദ്ധത്തിലാകട്ടെ, ഹൃദയോന്മാഥിയായ സെൻറ് മാർഗററ്റ് ദ്വീപിലെ ഗ്രാൻഡ്ഹോട്ടലിലുമാണു് താമസിക്കാറുണ്ടായിരുന്നതു്. മദ്ധ്യശതകങ്ങളോളംവരെ പഴക്കമുള്ള പുരാവൃത്തമുടയ ദ്വീപാണതു്. ആക്രമണോത്സുകരായി സമീപിച്ചുകൊണ്ടിരുന്ന താത്താരവൎഗ്ഗത്തിൽനിന്നു രാജ്യത്തിനു രക്ഷകിട്ടാൻ പ്രാൎത്ഥിച്ചുകൊണ്ടു മനസാ ചെയ്ത പ്രതിജ്ഞയുടെ ഫലമായി സന്യാസിനിയായിത്തീൎന്നു കൊണ്ടു വിവാഹത്തിനു വിസമ്മതിച്ച രാജപുത്രി മാൎഗ്ഗററ്റിനെ ആനുസ്മരിച്ചാണു് ആ ദ്വീപിന്നു് ആ പേരു നല്കിയിട്ടുള്ളതു്. ഇപ്പോൾ മുമ്പത്തെക്കാളൊക്കെ വളരെയധികം മനോഹരമാക്കപ്പെട്ടിട്ടുള്ള ഈ ദ്വീപു്, യൂറോപ്പിലാകമാനംമാത്രമല്ല, അമേരിക്കയിലുംനിന്നു വന്നെത്തുന്ന സുഖാന്വേഷികളുടെ വിലാസകേന്ദ്രമാണു്. ഈ വൎഷം പത്തുലക്ഷത്തോളം സഞ്ചാരികൾ ഹംഗറിയിലെത്തുമെന്നാണു പ്രതീക്ഷിക്കപ്പെടുന്നതു്. വീസാസംബന്ധമായ നിയ

ന്ത്രണങ്ങരംക്കു വളരെയധികം അയവുവരുത്തിയിട്ടുണ്ടെന്നു മാത്രമല്ല, ചില അയൽരാജ്യങ്ങളുടെ കാര്യത്തിൽ എല്ലാവിധ നിയന്ത്രണങ്ങളും നീക്കിക്കളഞ്ഞിട്ടുമുണ്ട്. 1956–ലെ വിപ്ലവത്തെത്തുടന്ന് അമേരിക്കയിലേക്കു് ഓടിപ്പോയ ഹംഗേറിയൻപൗരന്മാരെപ്പോലും, ഹംഗറിയിലെത്തി ബന്ധുജനങ്ങളെ സന്ദശിച്ചുകൊണ്ടു് അമേരിക്കയിലേക്കു മടങ്ങാൻ അനുവദിക്കുന്നുണ്ടു്. ''അവരോടു ശത്രുഭാവേന പെരുമാറാൻ ഞങ്ങളുദ്ദേശിക്കുന്നില്ല,'' എന്നാണു് ന്യൂഡൽഹിയിലെ ഹംഗേറിയൻഅംബാസഡറും പഴയ സുഹൃത്തുമായ ജാനോസ് നാഗി പറഞ്ഞതു്.

ലോകത്തിൻെറ ഏതുഭാഗത്തുമുള്ള നമ്മുടെ ഏതു നയതന്ത്രകാര്യാലയത്തിൽനിന്നു ലഭിക്കുന്നതിനെക്കാളും മെച്ചപ്പെട്ട അതിമോഹനദൃശ്യമാണു് ഈ എംബസിമന്ദിരത്തിൽനിന്നു ലഭിക്കുന്നതു്. ബുദായിലെ ഒരു കുന്നിൻ ചരിവിൽ നിലകൊള്ളുന്ന ഈ മന്ദിരത്തോടനുബന്ധിച്ചു് ആപ്പിരം, പ്ലം, ചെറി, വാരംനട്ടു് എന്നിവ തിങ്ങിവളരുന്ന മനോഹരമായ ഒരു ഫലവൃക്ഷത്തോപ്പുകൂടെയുണ്ടു്. അകലെയായി ഒഴുകുന്ന ഡാന്യൂബ്നദിയുടെ ഇരുപുറങ്ങളിലായി ബുദായും പെസ്റ്റും നിലകൊള്ളുന്നു. നദിയുടെ മുകളിലൂടെ ഏഴു പാലങ്ങളുണ്ടായിരുന്നതു യുദ്ധകാലത്തു നശിപ്പിക്കപ്പെട്ടിരുന്നു എങ്കിലും അവയെല്ലാം വീണ്ടും പണിതീത്തിരിക്കുന്നു. പുതുതായി എട്ടാമതൊന്നുകൂടെ നിമ്മിച്ചുകൊണ്ടിരിക്കയുമാണു്. പെസ്റ്റ്ഭാഗത്തു് പാർലമെൻറുകളുടെ മാതാവെന്നു വിളിക്കപ്പെടുന്ന ഇംഗ്ലണ്ടിലെ പാർലമെൻറ്മന്ദിരത്തിൻെറ മാതൃകയിൽ കഴിഞ്ഞ നൂറ്റാണ്ടിൻെറ അന്ത്യത്തിൽ പണികഴിപ്പിച്ച പാർലമെൻറ് മന്ദിരവും, വലിയൊരു ഭദ്രാസനപ്പള്ളിയും, ഗോതിക്ക്, റിനേസൻസ്, റൊക്കോകോ, എന്നിങ്ങനെ വിവിധ ശില്പമാതൃകകളിൽ പണിയപ്പെട്ടിട്ടുള്ള ഒട്ടധികം പള്ളികളും കാണാം. പാർലമെൻറ്മന്ദിരത്തിനെതിരേ, ബുദായിലെ ഒരു പാറക്കെട്ടിന്മേൽ നില്ക്കുന്ന അത്യാകഷകമായ ദുഗ്ഗമന്ദിരത്തിൽ പാത്തുകൊണ്ടാണു്—അടുത്തകാലത്തു് അറ്റകുറ്റപ്പണികരം തീത്തു് അതു പരിഷ്കരിച്ചിരിക്കുന്നു—

ഹംഗറിയിലെ രാജാക്കന്മാരും ആസ്ട്രിയാ—ഹംഗറിയിലെ ചക്രവർത്തിമാരും തുർക്കിസുൽത്താന്മാരുടെ വൈസ്രോയിമാരുമൊക്കെ ഹംഗേറിയൻജനതയുടെമേൽ അധികാരം നടത്തിയിരുന്നതു്. ദുർഗ്ഗമന്ദിരത്തിനപ്പുറത്തു് ഗെല്ലെർട്ട്മലയുടെ മുകളിലാണു്, മഹാനായ ഹംഗേറിയൻശില്പി കിസ്സ്ഫാലുഡി സ്ട്രോബൽ നിർമ്മിച്ച സ്വാതന്ത്ര്യപ്രതിമ നില്ക്കുന്നതു്. 'അധികാരത്തെ ധിക്കരിച്ചിരുന്ന ഹംഗേറിയന്മാരെ' അമർത്തിനിർത്താൻവേണ്ടി 1848-ലെ 'പരാജയപ്പെട്ട വിപ്ലവ'ത്തെത്തുടർന്നു് ഗെല്ലെർട്ട്മലയുടെ മുകളിൽ ആസ്ട്രിയൻ ചക്രവർത്തി പണിയിച്ച കോട്ടയുടെ ഉൾഭാഗം ഇപ്പോൾ ഉപയോഗിച്ചുവരുന്നതു് ഒരു ഹോട്ടലായിട്ടാണു്. ആ ഹോട്ടലിൻെറ അടിയിലുള്ള ഭൂഗർഭമന്ദിരത്തിൽ ആസ്ട്രിയൻമാതൃകയിലൊരു റസ്റ്റാറൻറുണ്ടു്. സാരി ധരിച്ച സാവിത്രിയും അനുജിയും കടന്നുചെല്ലുന്നതു കണ്ടപ്പോൾ അവിടെ സംഗീതാലാപത്തിലേർപ്പെട്ടിരുന്ന യായാവര സംഘത്തിൻെറ മിഴികൾ വിടർന്നു പ്രകാശിച്ചു. അവരിരുവരെയും യായാവരസ്ത്രീകളെന്നു തെററിദ്ധരിച്ച ഗായക സംഘനേതാവു് അവരുടെ അടുത്തുചെന്നു് യായാവരരുടെ പ്രത്യേകഭാഷയിൽ കുശലാന്വേഷണം നടത്തുകയും, യായാവരജനതയുടെ അനശ്വരപ്രതീക്ഷയെ പ്രതിദ്ധ്വനിപ്പിക്കുന്ന ഹൃദയഹാരിയായ ഒരു ഗാനം വളരെ പതിഞ്ഞ മട്ടിൽ ആലപിക്കയും ചെയ്തു.

നമ്മുടെ അംബാസഡർ ശാന്തിലാൽപട്ടേലിൻെറ അതിഥികളാണു്, ഞങ്ങളിവിടെ. ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയതിൽപ്പിന്നെ വിദേശകാര്യവകുപ്പിൽ സേവനമനുഷ്ഠിക്കാൻ തിരഞ്ഞെടുക്കപ്പെട്ട 'പ്രായം കവിഞ്ഞ' ഉദ്യോഗസ്ഥരിലൊരാളാണദ്ദേഹം. ഇങ്ങനെയെടുക്കപ്പെട്ടവരെല്ലാം പ്രകാശമാനമായ ജ്യോതിസ്സുകളായിരുന്നുവെന്നു പറയാൻ തരമില്ലെങ്കിലും, പട്ടേൽ നിശ്ചയമായും വിജയിച്ചവരിലൊരാളാണു്. അദ്ദേഹത്തിൻെറ പരിചയം ഏറെയും വാണിജ്യസംബന്ധിയായിരുന്നതിനാൽ, ആ അനുഭവസമ്പത്തു് ഹംഗറിയുമായുള്ള ഇൻഡ്യയുടെ വ്യാപാരബന്ധം വികസിപ്പിക്കുന്നവിഷയത്തിൽ അദ്ദേഹത്തി

ന്ന സഹായകമായി. ഇൻഡ്യയും ഹംഗറിയുമായി ഇപ്പോഠ ആറു കോടി രൂപയുടെ വ്യാപാരം നടക്കുന്നുണ്ടെന്നും എട്ടു കോടിയാണു പ്രാപിക്കേണ്ട ലക്ഷ്യമായി കണക്കാക്കിയിട്ടുള്ളതെന്നും പട്ടേൽ പറഞ്ഞു. അദ്ദേഹത്തിൻെറ അസിസ്റ്റൻറായ വെങ്കിട്ടരാമൻ കുറേക്കൂടെ വമ്പിച്ച മോഹം വച്ചു പുലത്തുന്ന ആളാണു്; അഞ്ചുകൊല്ലത്തിനകം വ്യാപാരം ഇപ്പോഴത്തേതിൻെറ ഇരട്ടിയാക്കാൻ കഴിയുമെന്നാണു് അദ്ദേഹത്തിൻെറ പ്രതീക്ഷ. വെങ്കിട്ടരാമൻെറ മകനുഠപ്പെടെ ഇവിടെ പഠിക്കുന്ന അരഡസൻ ഇൻഡ്യൻവിദ്യാത്ഥികഠ ഫിന്നിഷും ടക്കിഷുമൊഴികെ ലോകത്തിലെ ഒരു ഭാഷയുമായി ഒരു ബന്ധവുമില്ലാത്തതും, പഠിക്കാൻ വളരെ വിഷമമുള്ളതുമായ ഹംഗേറിയൻഭാഷ വശമാക്കിയിരിക്കുന്നു. കൂടുതൽ കൂടുതൽ ഇൻഡ്യാക്കാർ ഹംഗറിയിൽ സന്ദശ്നം നടത്തിക്കൊണ്ടിരിക്കുന്നു; ഹംഗറിക്കാർ ഇൻഡ്യയിലും. പ്രധാനമന്ത്രി കാദർതന്നെ അടുത്ത ശീതകാലത്തു് ഇൻഡ്യയിൽ സന്ദശ്നം നടത്തുമെന്നാണു പ്രതീക്ഷിക്കപ്പെടുന്നതു്.

ശാന്തിലാലിൻെറ ബന്ധുക്കഠ പലർ ഇവിടെ അദ്ദേഹത്തിൻെറയൊപ്പം താമസമുണ്ടു്. ഏകകാലത്തു ഭൂഗർഭശാസ്ത്രജ്ഞനും നമ്മഭാഷണകുശലനും നല്ലൊരു പാചകനുമൊക്കെയായ അദ്ദേഹത്തിൻെറ സ്യാലൻ ഡാക്ടർ പട്ടേലുമുണ്ടു് അക്കൂട്ടത്തിൽ. ശാന്തിലാലിൻെറ ചേതോരമയായ മകഠ രേണുക എന്ന കുട്ടി എൻെറ പ്രൈവററു് സെക്രട്ടറിസ്ഥാനമേറെറടുത്തിരിക്കയാണു്.

നമ്മുടെ ഏററവും കാര്യശേഷിയുള്ള ഉദ്യോഗസ്ഥരിലൊരാളായ ഇഷി റഹ്മാൻ ഔദ്യോഗികവും വ്യക്തിപരവുമായ തൻെറ കത്തവ്യങ്ങഠ പൗരുഷത്തോടെ നിവ്വഹിച്ചുകൊണ്ടു് ഇരുന്നു ജോലിചെയ്യാനും താമസത്തിനുമായി മുമ്പുപയോഗപ്പെടുത്തിയിരുന്ന സ്വന്തം ആഫീസ്മുറിയുഠപ്പെടെ ആ കെട്ടിടത്തിൻെറ ഒരുഭാഗംമുഴവൻ ശാന്തിലാൽ ദയാപൂവ്വം ഞങ്ങളുടെ ഉപയോഗത്തിന്നു സൗകര്യപ്പെടുമാറു വിട്ടൊഴിഞ്ഞുതന്നിരുന്നു. ഇൻഡോ–ചൈനയിലെ അന്താദേശീയ കമ്മിഷൻെറ അദ്ധ്യക്ഷനെന്നനില

യിൽ അങ്ങോട്ടു പുറപ്പെടുന്ന ഘട്ടത്തിൽ ന്യൂഡൽഹിയിൽ വച്ചാണു് ഇഷിയെ ഞാൻ ഒടുവിൽ കണ്ടതു്. അവിടെയും ഒരു വിപ്ലവമുണ്ടാക്കാനാണോ പുറപ്പാടെന്നു ഞാൻ നേരമ്പോക്കായി ചോദിച്ചു. എവിടെയൊക്കെ അദ്ദേഹത്തെ നിയമിച്ചയച്ചിട്ടുണ്ടോ അവിടെയൊക്കെ വിപ്ലവം പൊട്ടിപ്പുറപ്പെട്ടിട്ടുമുണ്ടു്. ഇഷി കെന്യായിൽ ജോലിയായിരുന്ന കാലത്തു മൗ മൗ പ്രസ്ഥാനം വളരെ ശക്തിപ്പെട്ടതിനെത്തുടൎന്നു്, ആഫ്രിക്കക്കാരോടു് ആവശ്യത്തിലധികം അനുഭാവം പ്രകടിപ്പിക്കുന്നയാളാണു് അദ്ദേഹമെന്ന ആരോപണം കോളണിഭരണകർത്താക്കളിൽനിന്നു് ഉയരുകയുണ്ടായി. അദ്ദേഹം ബുദാപ്പെസ്റ്റിലെത്തി ഒരു മാസത്തിനുള്ളിൽ ഹംഗേറിയൻവിപ്ലവം പൊട്ടിപ്പുറപ്പെട്ടു. അതുപോലെതന്നെ അദ്ദേഹം ലിയപ്പോൾഡ്‌വിലിലെത്തി അധികനാൾ കഴിയുംമുമ്പു് വിപ്ലവവും പ്രതിവിപ്ലവവും കൊണ്ടു കോംഗോ പുകഞ്ഞു കത്തിത്തുടങ്ങി. അമേരിക്കർ കഴിഞ്ഞ മാസത്തിൽ ഉത്തരവിയറ്റ്നാമിലെ വിമാനത്താവളങ്ങളിൽ ആക്രമണം നടത്തി അവിടെ വലിയതോതിൽ നാശനഷ്ടങ്ങളുണ്ടാക്കിയപ്പോൾ ചരിത്രം അവിടെയും ആവൎത്തിക്കാൻ ഭാവിക്കയാണോ എന്നു വിചാരിച്ചുപോയി, ഞാൻ. അതു് ഇനിയായാലും സംഭവിച്ചുകൂടായ്കയില്ലതാനും.

*ബുദാപ്പെസ്റ്റ്, സെപ്തംബർ, 1*

ഹംഗറിയിലെ പ്രധാനമന്ത്രി ജാനോസ് കാദറുമായി ഒരു മണിക്കൂർ നീണ്ട ഒരു കൂടിക്കാഴ്ചയുണ്ടായിരുന്നു, എനിക്കു്. ഇമ്രി നാഗിയെ സ്ഥാനഭ്രഷ്ടനാക്കിക്കൊണ്ടു്, വിപ്ലവത്തിന്റെ അഗ്നി ആളിക്കത്തിക്കൊണ്ടിരിക്കെ, പ്രധാനമന്ത്രിപദമേറെറടുത്ത അദ്ദേഹം ജോലിയിൽ പ്രവേശിച്ചു് അധികമാകുംമുമ്പാണു് ആദ്യം ഞാൻ അദ്ദേഹത്തെ കണ്ടതു്; 1956 നവംബറിലാണതു്. റഷ്യൻ ടാങ്കുകൾ അപ്പോഴും ബുദാപ്പെസ്റ്റു് തെരുവുകളിൽനിന്നു വിട്ടുപോയിരുന്നില്ലെന്നുതന്നെയല്ല, കാദർ പ്രവൃത്തിയെടുത്തിരുന്ന പാർലമെന്റ് മന്ദിരത്തിന്റെ ഇടനാഴികളിൽ—ഇപ്പോഴും അദ്ദേ

ഹത്തിൻെറ ആഫീസ് അവിടെത്തന്നെയാണ്—റഷ്യ നും ഹംഗേറിയനും പടയാളികൾ കാവലിന്നുണ്ടായിരുന്ന താനും. റക്കോസിയുടെ അനുചരന്മാരുടെ ക്രൂരമായ മദ്ദന വിധങ്ങളെല്ലാം പ്രയോഗിച്ചുനോക്കിയിട്ടും—കൈവിര ലിലെ നഖങ്ങൾ ഓരോന്നായി പിഴുതെടുത്തിട്ടുപോലും— റക്കോസിഭരണത്തോടുള്ള എതിപ്പ് വിട്ടുവീഴ്ചയില്ലാതെ തുടൎന്ന കാദർ, അങ്ങനെ തൻെറ ധീരതയും സ്വാതന്ത്ര്യതൃഷ്ണ യും സംശയാതീതമായി തെളിയിച്ചിട്ടുണ്ട്. എങ്കിലും, അതേസമയം സോവിയററ് സ്വാധീനതാമണ്ഡലത്തിൽ ഹംഗറിക്കു മാന്യമായൊരു സ്ഥാനം നേടിയെടുക്കാൻ സഹായകമായ ഭാവനാശാലിത്വവും ആയാമൃതയും കൂടെ നല്കി അനുഗ്രഹിക്കപ്പെട്ട ആളാണ് അദ്ദേഹമെന്നു ഞാൻ ചാരിച്ചിരുന്നില്ല.

വിവിധമണ്ഡലങ്ങളിൽ ഹംഗറിക്കുണ്ടായിട്ടുള്ള പുരോ ഗതി കാദർ എനിക്കു വിശദീകരിച്ചുതന്നു. കൃഷിയുടെ മണ്ഡലത്തിൽ കൂട്ടായ്മവ്യവസ്ഥ പൂൎണ്ണമായി നടപ്പിലായി ക്കഴിഞ്ഞു. പത്തുകൊല്ലം മുമ്പു ഞാൻ ഹംഗറി സന്ദശിച്ചി രുന്നപ്പോൾ ഭൂമിയുടെ 36 ശതമാനംമാത്രമേ പൊതു ഉടമ യിലായിരുന്നുള്ളു (24 ശതമാനം കൂട്ടുകൃഷിയിടങ്ങളും 12 ശതമാനം സംസ്ഥാന ഉടമയിലുള്ള കൃഷിയിടങ്ങളും) എ ന്നും, കൂട്ടുകൃഷിയിലേപ്പെട്ടിരുന്ന കഷ്കർ വിപ്ലവകാലത്തു കൂട്ടുകൃഷിയിടങ്ങളിൽനിന്നു കൂസലെന്യേ വിട്ടുമാറി തന തായി കൃഷിയാരംഭിച്ചിരുന്നു എന്നും ഓമ്മിക്കുമ്പോൾ ശ്ര ദ്ധേയമായ ഒരു നേട്ടം തന്നെയാണിതു്. കൂട്ടുകൃഷിസമ്പ്രദാ യമേപ്പെടുത്തുന്ന കാര്യത്തിൽ ബലപ്രയോഗം വേണ്ടിവ ന്നിട്ടില്ലെന്നാണു കാദർ പറഞ്ഞതു്. കഷ്കർ അവരുടെ സ്വന്തംഭൂമിയിൽ കൃഷിചെയ്തുണ്ടാക്കുന്ന വിളവു് അവ രുടെ ഇഷ്ടംപോലെ വിനിയോഗിക്കാൻ അനുവദിക്കയാ ണു ഗവണ്മെൻറിൻെറ നയം എന്നദ്ദേഹം വിശദീകരിച്ചു. ഇതുകൊണ്ടു്, വ്യക്തികൾ സമൂഹത്തിൽനിന്നു വേർതിരി ഞ്ഞുനിന്നു സ്വന്തം ഉൽക്കഷ്ത്തിൽമാത്രം ദത്തശ്രദ്ധരായി വത്തിക്കുന്നതിനെ ഗവണ്മെൻറു പ്രോത്സാഹിപ്പിക്കുന്നു എ ന്നത്ഥമില്ല; മനുഷ്യസ്വഭാവത്തിൽ പ്രയോജനചിന്തയ്ക്കുള്ള

പ്രേരണാശക്തിയെ ഗവണ്മെൻറു മാനിക്കുന്നു എന്നുമാത്രം. ഇത്തരം യാഥാത്ഥ്യബോധമില്ലാത്ത ചീനർ തിരക്കിട്ടു കമ്മ്യൂണുകളുണ്ടാക്കി പരീക്ഷണംനടത്താൻ മുതിൎന്നുവെങ്കിലും, ഇപ്പോഠം പററിപ്പോയ തെററു മനസ്സിലാക്കി തിരുത്താനാരംഭിച്ചിട്ടുണ്ട്; തെററു സംഭവിച്ചു എന്നു പരസ്യമായി സമ്മതിക്കാൻ ദുരഭിമാനം അവരെ അനുവദിക്കുന്നില്ലെങ്കിലും.

ഇൻഡ്യയും ചൈനയും തമ്മിലുള്ള തക്കം ഇരുകൂട്ടരും കൂടിയാലോചിച്ചു പരിഹാരം കണ്ടെത്തി പരസ്പരം രമ്യപ്പെട്ടാൽ കൊള്ളാമെന്ന ആഗ്രഹം കാദർ പ്രകടിപ്പിച്ചു. ഇൻഡ്യയുടെ ദൗത്യവുമായി ഏതാനുംകാലം മുൻപു ബുദാപ്പെസ്റ്റിലെത്തിയിരുന്ന ഒരു മാന്യൻ അതിൎത്തിസംബന്ധമായ ഇൻഡ്യയുടെ വാദത്തിൽ അന്തർഭവിച്ചിരിക്കുന്ന ന്യായയുക്തത അദ്ദേഹത്തിന്നു ബോദ്ധ്യമാക്കിക്കൊടുക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും, രേഖകളും ഭൂപടങ്ങളുമൊക്കെ തിരിച്ചും മറിച്ചുമിട്ടു നോക്കി. ആവൎത്തിച്ചാവൎത്തിച്ചു പഠനം നടത്തിയിട്ടും ഈ തക്കത്തിൽ അന്തർഭവിച്ചിരിക്കുന്ന ന്യായാന്യായങ്ങളെപ്പററി വ്യക്തമായ വല്ല നിഗമനത്തിലുമെത്തിച്ചേരാൻ തനിക്കു് ഇതേവരെ കഴിഞ്ഞിട്ടില്ലെന്നാണു കാദർ പറഞ്ഞതു്. അദ്ദേഹം അക്കാര്യത്തിൽ വല്ല തീരുമാനത്തിലുമെത്തണമെന്നൊന്നും നമ്മളാഗ്രഹിക്കുന്നില്ലെങ്കിലും, യാതൊരു പ്രകോപനവും കൂടാതെയാണു് ഇൻഡ്യയുടെ മേൽ 1962–ൽ ചൈനാ ആക്രമണമഴിച്ചുവിട്ടതെന്ന വസ്തുത സുഹൃദ്രാജ്യങ്ങഠം അംഗീകരിക്കുമെന്നു നാം നിശ്ചയമായും പ്രതീക്ഷിക്കുന്നുണ്ടെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു; ചൈനായുമായി കൂടിയാലോചിച്ചു തീരുമാനമുണ്ടാക്കി രമ്യതയിൽ കഴിഞ്ഞുകൂടാൻ ഇൻഡ്യ ഇപ്പോഴും ആഗ്രഹിക്കുന്നു; ഇൻഡ്യയോടു മാത്രമല്ല ചൈനയോടും സ്നേഹത്തിൽ വൎത്തിക്കുന്ന ഏതാനും ആഫ്രോ–ഏഷ്യൻ രാജ്യങ്ങഠം, കൂടിയാലോചനയ്ക്കുള്ള മാൎഗ്ഗം തുറക്കാൻ പ്രയോജനപ്പെടുന്ന ഏതാനും നിൎദ്ദേശങ്ങഠം—കൊളംബോ നിൎദ്ദേശങ്ങഠം എന്നറിയപ്പെടുന്നവ—ഉന്നയിച്ചിട്ടുമുണ്ടു്; ഇൻഡ്യ ആ നിൎദ്ദേശങ്ങളെ അപ്പാടേ അംഗീകരിച്ചിട്ടുണ്ടെങ്കിലും

ചൈനാ അവയെ താത്വികമായി അംഗീകരിച്ചിട്ടുണ്ടെന്നു മാത്രമേയുള്ളു. ഒരു കാര്യത്തെ തത്വത്തിൽ അംഗീകരിക്കുന്നു എന്നു പറയുന്നതിന്റെ അൎത്ഥം പലപ്പോഴും അതിനെ പ്രയോഗത്തിൽ അംഗീകരിക്കുന്നില്ല എന്നാണല്ലോ.

ചൈനയും റഷ്യയും തമ്മിലുള്ള വിവാദത്തിൻെറ കാര്യം വന്നപ്പോഠം കാദർ വാചംയമിയായി കാണപ്പെട്ടു. ഈ മത്സരത്തിൻെറ അന്തിമഫലമെന്തായിരിക്കുമെന്നതിനെപ്പററി തനിക്കു സംശയമൊന്നുമില്ലെങ്കിലും എത്രകാലത്തിനുള്ളിൽ അതു സമൂൎത്തമാവുമെന്നു പ്രവചിക്കാൻ നിവൃത്തിയില്ലെന്നാണു് അദ്ദേഹം പറഞ്ഞതു്. ഏതാനും വഷങ്ങഠംക്കുമുമ്പു് അയൽരാജ്യങ്ങളായ സോവിയററ്യൂണിയനും ഇൻഡ്യയുമായി സൗഹൃദത്തിൽ കഴിഞ്ഞിരുന്ന ചൈനായ്ക്കു് അന്നാണു ലോകദൃഷ്ടിയിൽ കൂടുതൽ മതിപ്പും മാന്യപദവിയുമുണ്ടായിരുന്നതെന്നു് അല്പമൊരു ആത്മപരിശോധനയ്ക്കു മുതിന്നാൽ ചൈനായ്ക്കു ബോദ്ധ്യമാവും.

ഇൻഡ്യയും ഹംഗറിയും തമ്മിലുള്ള സൗഹൃദത്തിനു താൻ വലിയ പ്രാധാന്യം കല്പിക്കുന്നുണ്ടെന്നു കാദർ പറഞ്ഞു. അതിൽനിന്നു് ഇരുരാജ്യങ്ങഠംക്കുമുണ്ടാകാവുന്ന ഗുണങ്ങളെ കരുതിയിട്ടുമാത്രമല്ല, വിശാലമായ മററു കാരണങ്ങളാലുംകൂടെയാണു് താൻ അങ്ങനെ കരുതുന്നതെന്നു് അദ്ദേഹം വ്യക്തമാക്കി. ഇവിടെയിതാ രണ്ടു രാജ്യങ്ങഠം—ഒന്നു ചെറുതും മററതു വലുതും, ഒന്നു യൂറോപ്യനും മററതു് ഏഷ്യനും, ഒന്നു് സോഷ്യലിസ്ററും മറ്റതു് കമ്മ്യൂണിസ്റ്റിതരവും—പൊതുവായി താല്പൎയ്യൈക്യമുള്ള കാര്യങ്ങളിലും അന്താദേശീയപ്രശ്നങ്ങളുടെ കാര്യത്തിലും സ്വതന്ത്രമായി സഹകരിച്ചു മുമ്പോട്ടു പോകുന്നു. നമ്മുടെ ഗവണ്മെൻറ് നല്കിയിട്ടുള്ള ക്ഷണം സ്വീകരിച്ചു് ഇൻഡ്യയിൽ സന്ദൎശനം നടത്തി ഇപ്പോഴത്തെ സൗഹൃദബന്ധത്തിനു കൂടുതൽ ഈടും ഉറപ്പുമുണ്ടാക്കാൻ കാദർ സന്നദ്ധനാകുമെന്നു പ്രതീക്ഷിക്കുന്നതായി ഞാൻ പറഞ്ഞു.

ജവഹർലാൽനെഹ്റുവിന്റെ സ്മരണയെ വാഴ്ത്തിക്കൊണ്ടു കാദർ പറഞ്ഞ വാക്കുകഠം ഹൃദയത്തിൽ തട്ടുന്നവയായിരുന്നു. ഇൻഡ്യയുടെ മാത്രമല്ല, ലോകത്തിൻെറതന്നെ

ചരിത്രത്തിലെ മഹാപ്രഭാവന്മാരിലൊരാളാണ് ജവഹർലാലിൻെറ ചരമത്തോടെ ലോകവേദിയിൽനിന്നു തിരോധാനംചെയ്തിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. കെന്നെഡിയുടെ അസാധാരണവും ദാരുണവുമായ കൊലയും—ജനത്തിരക്കുള്ള ഒരു നഗരമദ്ധ്യത്തിൽവച്ച്, പട്ടിയെ വെടിവയ്ക്കുന്നമാതിരിയാണ് അദ്ദേഹത്തെ ആക്രമിച്ചതെന്നതിനാലാണ് അസാധാരണമെന്നു പറഞ്ഞത്—വ്യസനകരമായ സംഭവംതന്നെയെന്നദ്ദേഹം പറഞ്ഞു. സദ്‌വിചാരപ്രേരിതനായിരുന്ന ജോൺ പതിമ്മൂന്നാമൻ മാർപ്പാപ്പായുടെ മരണത്തിന്റെ കാര്യവും അങ്ങനെതന്നെ. കാദർ തുടന്നു പറഞ്ഞു: ''ഞങ്ങളുടെ കൂട്ടത്തിലാണെങ്കിൽത്തന്നെ തോഗ്ലിയാത്തിയും തോറസും മരിച്ചിരിക്കുന്നു. മൊത്തത്തിൽ നോക്കിയാൽ ഒരു അമംഗളവഷമായിരുന്നു ഇത്; എങ്കിലും, ജീവിതം തുടന്നും തുടിച്ചുകൊണ്ടിരിക്കണം; മരിച്ചവരുടെ സ്മരണ, അവരുടെ കാലടിപ്പാടുകളിൽ തുടരാനിരിക്കുന്നവക്കു പ്രചോദനം നൽകും.''

*ബുദാപ്പെസ്റ്റ്, സെപ്റ്റംബർ, 2*

കഴിഞ്ഞ നാല്പതുവഷങ്ങളായി ഞാൻ ഔദ്യോഗികജോലികൾക്കുവേണ്ടി ഇൻഡ്യയിലും പുറത്തും സഞ്ചരിച്ചുകൊണ്ടിരിക്കയാണ്. ഇൻഡ്യയിൽ തെക്കു തൃശ്ശിനാപ്പള്ളിമുതൽ വടക്കു പെഷവാറും ബലൂചിസ്റ്റാനുംവരെയുള്ള എത്രയോ സ്ഥലങ്ങളിൽ ഞാൻ ജോലിയിലിരുന്നിട്ടുണ്ട്. ഏഷ്യയിൽ ഞാൻ ചൈനായിലും, കൊറിയായിലും, സിങ്കിയാങ്ങിലും, സിലോണിലും ജോലി ചെയ്തിരുന്നു; യൂറോപ്പിൽ ഗ്രേററ്ബ്രിട്ടൻ, റഷ്യാ, പോളണ്ട്, ഹംഗറി എന്നിവിടങ്ങളിൽ ജോലിനോക്കി; അമേരിക്കയിൽ സാൻഫ്രാൻസിസ്കോവിലും ന്യൂയോക്കിലും; ആഫ്രിക്കയിൽ കെന്യാ, ഉഗാൻഡ, ടാൻഗനീക്കാ, സാൻസിബാർ എന്നിവിടങ്ങളിൽ. പക്ഷേ, ഈ യാത്രകളും താമസവുമെല്ലാം ഔദ്യോഗികബന്ധംമൂലം നടന്നതാണ്. ഇതെല്ലാംകഴിഞ്ഞു് ഒടുവിലിപ്പോൾ ഒരു സാധാരണ പൗരന്റെ സ്വാതന്ത്ര്യത്തോടെ ദേശസഞ്ചാരത്തിലേ

പ്പെടാൻ സൗകര്യപ്പെട്ടുവല്ലോ എന്നോക്കുമ്പോൾ എനി ക്കാനന്ദം തോന്നുന്നു.

ഇതൊക്കെയായാലും, ഹംഗറിയിൽ ഞാൻ എൻെറ പഴയ ഉദ്യോഗത്തിൽ പുനരവതാരംചെയ്തമട്ടിലാണു കാര്യ ങ്ങളൊക്കെ നടന്നുകൊണ്ടിരിക്കുന്നതു്. ഹംഗറിയൻ വിദേ ശവകുപ്പിൻെറ പെരുമാററം കണ്ടാൽ ഞാൻ ഹംഗറിയിലെ സ്ഥിരം ഇൻഡ്യൻഅംബാസഡറാണെന്നു തോന്നിപ്പോ കും. വിദേശകാര്യമന്ത്രിയുടെ ഒഴിവിൽ ജോലി നോക്കുന്ന പീററർ മോഡ്, മലമുകളിലുള്ള ഒരു റസ്റ്ററൻറിൽവച്ചു ഞങ്ങൾക്കൊരു മൂത്താഴസല്ക്കാരം നല്കി. ഇൻഡ്യയിലെ ആ ദ്യത്തെ ഹംഗേറിയൻ അംബാസഡറായിരുന്നശേഷം ഇ പ്പോൾ ഡെപ്യൂട്ടി വിദേശകാര്യമന്ത്രിയായിരിക്കുന്നസ്ജാ ക്കാ, ഇപ്പോൾ ഇൻഡ്യയിൽ അംബാസഡറായിരിക്കു ന്ന നാഗി—1953 ഫെബ്രുവരിയിൽ ഞാൻ ആദ്യം ഹംഗ റിയിലെത്തിയിരുന്നപ്പോൾ എൻെറ സൗകര്യങ്ങളന്വേ ഷിക്കാൻ നിയോഗിച്ചിരുന്നതു് അദ്ദേഹത്തെയാണ്—തു ടങ്ങി ചില പഴയ സുഹൃത്തുക്കളെ അവിടെവച്ചു സന്ധി ക്കാൻ കഴിഞ്ഞതു വളരെ സന്തോഷമായി. ബുദാപ്പെസ്റ്റ് മുതൽ വിസേഗ്രാഡ്വരെ ഡാന്യൂബ്നദിയിലൂടെയാണു വിദേശകാര്യവകുപ്പുകാർ ഞങ്ങളെ കൂട്ടിക്കൊണ്ടുപോയതു്. പത്തു വർഷംമുമ്പു് ഈ വഴിക്കു ഞാൻ യാത്രചെയ്തിട്ടുണ്ടു്. അക്കാലത്തു ഡാന്യൂബിൻെറ ഈ ഭാഗം ഏതാണ്ടു ജനവ ർജ്ജിതമായിരുന്നുവെന്നു പറയാം. ഇപ്പൊഴാകട്ടെ, തോണി കളും നയ്മ്പുവച്ച ഉല്ലാസനൗകകളും ബുദാപ്പെസ്റ്റിനും വി യന്നായ്ക്കുമിടയിൽ സർവ്വീസ് നടത്തുന്ന ഗതിവേഗമുള്ള യന്ത്രക്കപ്പലുകളുമൊക്കെയായിട്ടു നദീമുഖം സജീവമായി രിക്കുന്നു; കരയോടടുത്തഭാഗത്തു നദിയിൽ ആളുകൾ പല തരം ക്രീഡകളിലേർപ്പെട്ടിരിക്കുന്നു; പലരും നദീതീരത്തു സൂര്യപ്രകാശത്തിൽ നീണ്ടുനിവന്നു കിടന്നു സുഖിക്കുന്നു; അങ്ങനെ ആളുകൾ ഓരോതരത്തിൽ സർവ്വംമറന്നുല്ലസി ക്കയാണു്.

വിദേശവകുപ്പിലെ ഒരുദ്യോഗസ്ഥൻ ഞങ്ങളെ ദിവ ത്സരകാർഷികപ്രദർശനമേള കാണാൻ കൂട്ടിക്കൊണ്ടുപോക

യും മുത്താഴം സൽക്കരിക്കയും ചെയ്തു. മുഖ്യമായി ഒരു ദേശീയപ്രദശ്നമാണിതെന്നിരിക്കിലും പല വിദേശ രാജ്യങ്ങളുംകൂടെ അതിൽ പങ്കെടുത്തു സഹകരിക്കുന്നതായി കാണപ്പെട്ടു. ഹംഗറിയിലെ കൃഷിയുടെ യന്ത്രവൽക്കരണത്തിൽ നേടിയിട്ടുള്ള പുരോഗതി (അഞ്ഞൂറിൽ കുറയാതെ ഇനം കാഷികയന്ത്രങ്ങൾ അവിടെ കണ്ടതിൽ അധികവും ഹംഗറിയിൽ നിമ്മിച്ചതാണു്) ഉദ്യാനവിധാനവിധങ്ങൾ, ജലസേചനസമ്പ്രദായങ്ങൾ, മൃഗസംരക്ഷണപദ്ധതികൾ എന്നിവയെപ്പററിയൊക്കെ വ്യക്തമായ ധാരണ നല്ലാൻ സഹായിക്കുന്നതാണു് ഈ പ്രദശ്നം. പക്ഷേ, കഴിഞ്ഞ മൂന്നുവഷങ്ങളായിട്ടു വിളകൾക്കു തീരെ അനുകൂലമല്ലാത്ത കാലാവസ്ഥയാണു്; ശീതകാലത്തെ അത്യുഗ്രമായ തണുപ്പിൻെറ കാഠിന്യംകൊണ്ടു തുടച്ചയായി രണ്ടുകൊല്ലം ഡാന്യൂബ് നദിയിൽ ജലം ഉറഞ്ഞു കട്ടിയായിപ്പോയി. വളരെ അസാധാരണമായി മാത്രം അനുഭവപ്പെടുന്ന ഒരു പ്രതിഭാസമാണിതു്. ഒമ്പതു വഷം നീണ്ടുനിന്ന എൻെറ ഉദ്യോഗകാലത്തിനുള്ളിൽ ഒരുപ്രാവശ്യംമാത്രമേനദീജലം ഉറഞ്ഞുകട്ടിയായിട്ടുള്ളു—1954–ലാണതു്. മഴയെയും അത്ര വിശ്വസിച്ചാശ്രയിക്കാവതല്ല, അവിടെ.

ശാന്തിലാൽ പട്ടേൽ ഞങ്ങളുടെ ബഹുമാനാത്ഥം വൻതോതിലൊരു സ്വീകരണം നടത്തി. ഞങ്ങളുടെ പഴയ ഹംഗേറിയൻ സുഹൃത്തുക്കളിൽപലരെയും കാണാൻ അതൊരവസരമായി. പട്ടേലിൻെറ സ്റ്റാഫംഗങ്ങളുടെ വകയായിട്ടുമുണ്ടായിരുന്നു, സല്ക്കാരങ്ങൾ. വെങ്കിട്ടരാമൻ ഞങ്ങൾക്കു തെന്നിന്ത്യൻ മട്ടിൽ, വിശിഷ്ടവിഭവങ്ങളോടുകൂടിയ ഒരു സദ്യ നല്കി. പൊടിപ്പനൊരു മലയാളിസ്സദ്യ രാമനാഥൻെറ വകയായിട്ടുമുണ്ടായിരുന്നു. ഹംഗറിയിലെ എംബസിജോലിക്കാരിൽ മിക്കവരും പഴയ ആളുകൾ തന്നെയാണെന്നുകണ്ടതു് എന്നെ സന്തുഷ്ടനാക്കി. ഡെബ്രെക്കിസൻ നല്ലൊരു ഹിന്ദിവിദ്വാനായിത്തീന്നിരിക്കുന്നു; ഫെല്ലപ്പ് സമത്ഥനായ ദ്വിഭാഷിയായിത്തുടരുന്നു. സ്വീകരണവകുപ്പിൻെറ ചുമതല വഹിക്കുന്ന മിസിസ് കോസ്മോവ്സ്ക്കി എന്നെക്കണ്ടപ്പോൾ പൊട്ടിക്കരഞ്ഞുപോയി;

വിപ്ലവത്തെത്തുടൻ നാടുവിട്ടോടി വിയന്നായിൽപ്പോയി താമസിക്കുന്ന സ്വഭർത്താവിനെയും, പാരീസിൽ അഭയം തേടിയ സ്വപുത്രിയെയും പററിയുള്ള സ്മരണകളുയൎന്നുവന്ന താണു് അവരെ കരയിച്ചുകളഞ്ഞതു്. റഹ്മാൻെറ അദ്ധ്യക്ഷതയിൻകീഴിൽ പ്രവൎത്തിച്ചിരുന്ന പരിചാരകവൃന്ദത്തെപ്പററി സാവിത്രി പട്ടേലിന്നു നല്ല തൃപ്തി തോന്നാത്തതുകൊണ്ടാവണം, പകരം നാട്ടിൻപുറത്തുനിന്നുള്ള ആകൎഷകയായ ഒരു വേലക്കാരിയെ നിയമിച്ചിട്ടുണ്ടു്.

ഇന്നലെ വൈകിട്ടു രണ്ടുമണിക്കൂർനേരം ഞങ്ങൾ പ്രൊഫസർ ജൎമ്മാനസിൻെറകൂടെ ചെലവഴിക്കയുണ്ടായി. യൂറോപ്പിലെ പ്രമുഖ അറബിഭാഷാപണ്ഡിതരിലൊരാളായ അദ്ദേഹം രണ്ടുപ്രാവശ്യം ഹജ്ജ് നടത്തിയിട്ടുണ്ടു്; ടാഗൂറിൻെറകൂടെ ശാന്തിനികേതനത്തിൽ താമസിച്ചിട്ടുണ്ടു്; ഈജിപ്തിലും മൊറോക്കോവിലും പ്രസംഗപൎയ്യടനം കഴിച്ചു് ഇപ്പോൾ മടങ്ങിയെത്തിയിട്ടേയുള്ളുതാനും. മറെറാരു പൌരസ്ത്യകാൎയ്യപണ്ഡിതനായിരുന്ന ബഖ്തായ് അടുത്ത കാലത്തു മരിച്ചുപോയി. വളരെ വിശേഷപ്പെട്ട ഒട്ടധികം ചിത്രങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടു പ്രസിദ്ധീകരിച്ചിട്ടുള്ള 'ഇൻഡ്യയുടെ സംസ്കാരം' എന്ന അദ്ദേഹത്തിൻെറ പുസ്തകത്തിൻെറ ഒരു പ്രതി—അദ്ദേഹം മരിച്ചതിനുശേഷമേ പുസ്തകം പ്രസിദ്ധപ്പെടുത്തിയുള്ളു—അദ്ദേഹത്തിൻെറ വിധവ എനിക്കു സമ്മാനിക്കയുണ്ടായി.

ലോകത്തിലെ മഹോന്നതശില്പികളിലൊരാളായ കിസ്ഫാൾഡി സ്റ്റ്രോബ്‌ലായിരുന്നു, അവിടെ വന്നുകൂടിയിരുന്ന മറെറാരു അതിഥി. എൺപതു വയസ്സിലേറെയായിട്ടും തൻെറ കഴിവുകൾ അന്യൂനമായി നിലനിൎത്തിക്കൊണ്ടും, ജീവിതത്തിലും കലയിലുമുള്ള അഭിനിവേശത്തിന്നു് അഴിവുതട്ടാതെ പുലൎത്തിക്കൊണ്ടും ഊൎജ്ജസ്വലനായി ജീവിക്കുന്ന സ്റ്റ്രോബ്‌ലിനെയും ജൎമ്മാനസിനെയും കാണുക ഉന്മേഷപ്രദമായ അനുഭവമായിരുന്നു.

ജൎമ്മാനസിൻെറ വിശാലമായ ഫ്ളാററ് ശരിക്കൊരു പുരാണവസ്തുശേഖരപ്രദൎശനാലയം (old curiosity shop) തന്നെ ആണു്. ലോകത്തിൻെറ എല്ലാ മുക്കിലും മൂലയി

ലും നിന്നായി അദ്ദേഹം ശേഖരിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ, ചിത്രങ്ങൾ, ലോഹപ്രതിമകൾ, പരവതാനികൾ, പലതരം കലാശില്പങ്ങൾ, എന്നിവയൊക്കെ അവിടെ നിരത്തിയിരിക്കുന്നു. 1848–ലെ വിപ്ലവത്തിൽ യുദ്ധംചെയ്തിരുന്ന ആർത്തുസ് ഗോർഗി എന്ന ഹംഗേറിയൻ ജനറലിന്റെ ഉപയോഗത്തിലിരുന്നിരുന്ന ഒരെഴുത്തുമേശയാണ്, അവിടെക്കണ്ട വസ്തുക്കളുടെ കൂട്ടത്തിൽ എന്നെ ഏററവുമധികമാകർഷിച്ചതു്. 1915–ൽ ഹംഗറി പരാജയപ്പെട്ട കക്ഷിയിൽ ചേർന്നു യുദ്ധം ചെയ്തിരുന്നപ്പോൾ, (രണ്ടാംമഹായുദ്ധത്തിലും അതുതന്നെ സംഭവിച്ചു അവക്കു്) അന്നു 93 വയസ്സു പ്രായമുണ്ടായിരുന്ന ജനറൽ ഗോർഗി, റഷ്യക്കാരോടുള്ള യുദ്ധത്തിൽ തന്റെ സേവനം നല്കാൻ തയ്യാറാണെന്നു പറകയുണ്ടായി—1848–ൽ അവരോടു പടവെട്ടിയിട്ടുള്ള തനിക്കു്, അവരുടെ കൈയിൽ ഇന്നതേ കോപ്പുള്ളു എന്നറിയാമെന്നു് അദ്ദേഹമവകാശപ്പെട്ടു. 1848–ലും 1914–ലും 1942–ലും തങ്ങൾക്കെതിരായി യുദ്ധം ചെയ്തിരുന്ന ഹംഗറിയുടെമേൽ റഷ്യക്കാർ ഇപ്പോൾ അവരുടെ ഭരണസമ്പ്രദായം കെട്ടിയേല്പിച്ചിരിക്കയാണു്. എങ്കിലും, ക്രൂഷ്ചോവിന്റെ വിശാലവീക്ഷണയുക്തവും വിവേകപൂർവ്വവുമായ നേതൃത്വത്തിൻകീഴിൽ ഇപ്പോൾ അവർ, തങ്ങളേയും തങ്ങളുടെ സമ്പ്രദായത്തേയും ഹംഗറിക്കാക്കു സ്വീകാര്യമാക്കുമാറു പല വിട്ടുവീഴ്ചകൾക്കും സൗജന്യങ്ങൾക്കും സന്നദ്ധരായിരിക്കുന്നു. തൽഫലമായി, അലസിപ്പോയ വിപ്ലവങ്ങൾ ചിതറിക്കിടക്കുന്ന ഹംഗറിയുടെ ചരിത്രത്തിൽ 1956–ലെ വിപ്ലവം ഒരു വിഷ്കംഭമായി പരിണമിക്കയും, രത്തൻ നെഹ്റുവിന്റെ ഭാഷയിൽ പറഞ്ഞാൽ 'പൂർവ്വയൂറോപ്പിലെ പാരീസാ'യി ബുദാപ്പെസ്റ്റ് വികസിക്കയുമാണുണ്ടായതു്.

## 6 മോസ്കോ

*മോസ്കോ, സെപ്റ്റംബർ, 3*

ഒരു എയറോഫ്ളോട്ട് വിമാനത്തിൽ സുഖമായി യാത്രചെയ്ത രണ്ടു മണിക്കൂർകൊണ്ടു ഞങ്ങൾ ബുദാപ്പെസ്റ്റിൽനിന്നു മോസ്കോവിലെത്തി. കീവിലും ല്വോവിലും തങ്ങി ഏതാണ്ട് ഏഴു മണിക്കൂർകൊണ്ടാണ് മോസ്കോവിലെ എൻെറ ആദ്യവർഷങ്ങളിൽ ഈ യാത്ര പൂർത്തിയാക്കേണ്ടിയിരുന്നതു്. അക്കാലത്തു വിമാനത്തിൽ ആതിഥേയികളില്ലായിരുന്നു; ഭക്ഷണപാനീയങ്ങളൊന്നും കിട്ടിയിരുന്നുമില്ല. എൻെറ മുൻഗാമിയായിരുന്ന ഡാക്ടർ രാധാകൃഷ്ണൻ, റഷ്യൻവിമാനങ്ങളിൽ സഞ്ചരിക്കുമ്പോഴൊക്കെ, കുടിക്കാൻ വെള്ളംകൂടെ കൈയിൽ കരുതുകയായിരുന്നു പതിവ്. ശൗചത്തിനുള്ള കടലാസ്സിൻെറ കാര്യമാണെങ്കിൽ ''അതിനല്ലെങ്കിൽ 'പ്രാവ്ദാ' പിന്നെ എന്തിനാണ്?'' എന്നൊരു വഷളൻഫലിതം പ്രചാരത്തിലിരുന്നിരുന്നുതാനും.''

റഷ്യൻവിമാനങ്ങളിൽ അന്നു സേഫ്ററി ബൽററില്ലായിരുന്നു. അമേരിക്കക്ക് അഥവാ മുതലാളിവർഗ്ഗത്തിനു പ്രത്യേകമായിട്ടുള്ള ഒരുപകരണമായിട്ടാണ് റഷ്യാക്കാർ സേഫ്ററിബൽററിനെ ഗണിച്ചിരുന്നതു്. വിമാനാപകടങ്ങൾ സംഭവിക്കാത്ത റഷ്യയിൽ സേഫ്ററിബൽററിനാവശ്യമില്ല എന്നായിരുന്നു അവരുടെ വാദം. സോവിയററ് റഷ്യയിൽ കുററകൃത്യങ്ങളില്ല എന്നൊരു പ്രമാണം സ്റ്റാലിൻെറ കാലത്തു വളരെ താല്പര്യപൂർവ്വം പ്രചരിപ്പിച്ചിരുന്നു; അതിനുതുല്യമാണിതു്. മററുള്ളവർ തങ്ങളെ കാണുന്നതുപോലെതന്നെ തന്നെത്താൻ കാണാനുള്ള കഴിവു വളരെക്കുറച്ചാളുകൾക്കും രാഷ്ട്രങ്ങൾക്കും മാത്രമേ ഉണ്ടായിരിക്കൂ; എങ്കിലും, മറ്റുള്ളവർ തങ്ങളെ കാണുന്നതിന്നു നേരേ വിപരീതമായി തന്നെത്താൻ കാണാനുള്ള കഴിവ് ഇത്രയധികം കാട്ടിയിട്ടുള്ള രാജ്യം, സ്റ്റാലിൻെറകാലത്തെ റഷ്യയെപ്പോലെ മറെറാന്നുമില്ല. ബുദ്ധിക്കു തെളിച്ചമുള്ള ക്രൂഷ്ചോവ് അധികാരത്തിലെത്തിയശേഷംമാത്രമാണ്,

സോവിയററ് റഷ്യാ ഒരു സോഷ്യലിസ്റ്റ്സ്വർഗ്ഗമായിക്കഴിഞ്ഞിരിക്കുന്നുവെന്ന വീൺവാദം പരിത്യജിച്ചതും, മോഷണങ്ങൾ, അപകടസംഭവങ്ങൾ തുടങ്ങിയ അകൃത്യങ്ങളെപ്പററിയുള്ള വാർത്തകൾ പ്രസിദ്ധപ്പെടുത്താമെന്നു വന്നതും.

നമ്മുടെ പ്രതിരോധമന്ത്രി ചവാന്റെ നേതൃത്വത്തിലെത്തിയിട്ടുള്ള പ്രതിനിധിസംഘത്തിന്റെ സാന്നിദ്ധ്യംമൂലമുള്ള ബദ്ധപ്പാടുകളിൽ അകപ്പെട്ടുപോയ നമ്മുടെ അംബാസഡറുടെ പ്രതിനിധിയായി വിമാനത്താവളത്തിൽ ഞങ്ങളെ സ്വീകരിക്കാനെത്തിയിരുന്നതു താണ്ഡനാണ്. കനേഡിയൻ അംബാസഡർ റോബർട്ട് ഫോർഡും അദ്ദേഹത്തിൻെറ ഉന്മേഷശാലിനിയായ പത്നി തെരസായും അവരുടെ താമസസ്ഥലത്തുനിന്നുള്ള ദൂരമത്രയും താണ്ടി, ഞങ്ങളെ സ്വീകരിക്കാൻവേണ്ടി ഷെരെമെററീവ് വിമാനത്താവളത്തിലെത്തിയിരുന്നു. 1952–ൽ ഞാൻ മോസ്കോവിലെത്തിയ കാലത്തു കാനഡായുടെ ഷാർദഫേറായിരുന്നു, റോബർട്ട്. ആധുനികറഷ്യൻകവികളുടെ ചില കവിതകൾ അദ്ദേഹം വിവർത്തനം ചെയ്തിട്ടുള്ളതു സമാഹരിച്ചു പുസ്തകമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളതിൻെറ ഒരു പ്രതി ഏതാനുംകൊല്ലംമുമ്പ് എനിക്കു സമ്മാനിച്ചിരുന്നു; എന്റെ പുസ്തകങ്ങളായ 'റഷ്യൻ പനോരാമ' 'ദി ഫ്ളയിംഗ് ട്രോയിക്കാ' എന്നിവ അദ്ദേഹത്തിനിഷ്ടപ്പെട്ടു എന്നറിഞ്ഞതു് എന്നെ സന്തുഷ്ടനാക്കിതാനും.

കോമൺവെൽത്ത് രാജ്യങ്ങളുടെ ഗണത്തിൽ ഇൻഡ്യയിൽനിന്ന് ഏററവും അകന്നുകിടക്കുന്നതും, ജോൺ ഫോസ്റ്റർ ഡള്ളസിൻെറ കാലത്തു് ഇൻഡ്യയുടെ നയങ്ങളെ ദ്വേഷബുദ്ധിയോടെ വീക്ഷിച്ചിരുന്ന അമേരിക്കൻ ഐക്യനാടുകളോട് ഏററവും അടുത്തുകിടക്കുന്നതുമായ കാനഡായും ഇൻഡ്യയും തമ്മിലാണ്—എങ്ങനെയെന്നറിഞ്ഞുകൂടാ—കോമൺവെൽത്ത് രാജ്യങ്ങൾക്കിടയിൽ കൂടുതൽ അടുത്ത ബന്ധവും പരസ്പരധാരണയും വളൎന്നുവന്നിട്ടുള്ളതെന്ന് എനിക്കെപ്പോഴും തോന്നിയിട്ടുണ്ട്. കോമൺവെൽത്ത് സമ്മേളനം കൂടുമ്പോഴൊക്കെ ലെസ്റ്റർ പിയേഴ്സണോടും സെൻറ് ലാറൻറിനോടുമാണ് തനിക്കേററവുമ

ധികം അടുപ്പവും ആത്മബന്ധവും തോന്നിയിട്ടുള്ളതെന്നു നെഹ്റു പറയാറുണ്ടായിരുന്നു.

ഷെരെമെററീവ് വിമാനത്താവളത്തിൽനിന്നു നമ്മുടെ എംബസിമന്ദിരത്തിലെത്താൻ ഏതാണ്ട് ഒരു മണിക്കൂർ വേണ്ടിവന്നു. മോസ്ക്കോവിൽ ആദ്യം ഞാനെത്തിയ കാലത്ത് അവിടെ ആകെ ഒരു വിമാനത്താവളമേയുണ്ടായിരുന്നുള്ളൂ—വ്ണുക്കോവാ. അതിപ്പോഠം വളരെ വിപുലപ്പെടുത്തി ആഭ്യന്തരഗതാഗതത്തിനുമാത്രമാക്കി പരിമിതപ്പെടുത്തിയിരിക്കയാണ്. വ്ണുക്കോവാ II എന്നൊരു വിമാനത്താവളം പ്രാമാണികവ്യക്തികളുടെമാത്രം ഗമനാഗമനസൗകര്യത്തിനായും നിർമ്മിച്ചിട്ടുണ്ട്. സാധാരണഗതിയിൽ അന്താരാഷ്ട്രീയഗതാഗതത്തിനു മുഴുവൻ ഉപയോഗപ്പെടുത്തുന്നതു് ഷെരെമെററീവ് വിമാനത്താവളമാണ്. മോസ്ക്കോവിൽനിന്ന് 60 കിലോമീററർ അകലെയായി ദേമേദെദോവോ എന്ന മറെറാരു വിമാനത്താവളവും പുതുതായി ഉണ്ടാക്കിയിട്ടുണ്ട്. സഞ്ചാരികളുടെ എണ്ണവും ആഭ്യന്തരഗതാഗതവും എത്രയധികം വർദ്ധിച്ചിരിക്കുന്നു എന്ന് ഇതുകൊണ്ടു കാണാം. ഞങ്ങഠം ഷെരെമെററീവ് വിമാനത്താവളത്തിൽനിന്ന് എംബസിയിലെത്തിയപ്പോഴേക്കു നേരം ഇരുട്ടിത്തുടങ്ങിയിരുന്നു; സ്റ്റാലിൻെറ കാലത്തു് ഉപയോഗപ്പെടുത്താൻ ആരും ധൈര്യപ്പെടാതിരുന്നതും അമേരിക്കൻ ആഭാസത്തരത്തിൻെറ മാതൃകയായി അധിക്ഷേപിക്കപ്പെട്ടിരുന്നതുമായ നിയോൺദീപങ്ങഠം ഗോർക്കിത്തെരുവിൽ ഒന്നിനുപുറകേ മറെറാന്നായി തെളിഞ്ഞുവന്നുകൊണ്ടിരുന്നു.

മോസ്ക്കോവിലെ നമ്മുടെ അംബാസഡറായ ടിക്കികൗളും അദ്ദേഹത്തിൻെറ മകളും ഞങ്ങളെ സാഹ്ലാദം സ്വാഗതംചെയ്തു. അദ്ദേഹം അംബാസഡർപദവിയേറെറടുത്തു് അധികം കഴിയുംമുമ്പ് അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിച്ചു് ഞങ്ങഠം ഇവിടെവന്നു പാർത്തിരുന്നു. രണ്ടുകൊല്ലം മുമ്പാണതു്. വീണ്ടും ഞങ്ങളെ അതിഥികളായി സ്വാഗതംചെയ്ത ഔദാര്യത്തിന്നു ഞങ്ങഠം നന്ദിപറഞ്ഞു. എംബസിമന്ദിരത്തിൽ ഞങ്ങഠം എത്രകാലം പാർത്താലും അത്ര

യുംനാം അതിഥിയുടെ പദവി 'തനിക്കായിരിക്കു'മെന്നും തൻേറതെന്നതിനേക്കാം ആ ഭവനം ഞങ്ങളുടേതാണെന്നു മായിരുന്നു ടിക്കിയുടെ മറുപടി. ഏതാണ്ടു് ആ തോന്നൽ തന്നെയാണു് ഞങ്ങാംക്കും അനുഭവപ്പെടുന്നതെന്നു പറഞ്ഞു കൊള്ളട്ടെ. എൻെറ നാല്പതു കൊല്ലം നീണ്ട ഔദ്യോഗിക ജീവിതത്തിൻെറ ഏതാണ്ടു നാലിലൊന്നുഭാഗവും ഈ ഭവനത്തിലാണു ഞാൻ പാത്തിട്ടുള്ളതു്; ഇവിടത്തേക്കാം ആനന്ദം ഞങ്ങാം മറെറങ്ങും അനുഭവിച്ചിട്ടുമില്ല; പ്രയോജനകരമായ കത്തവ്യനിവ്വഹണത്തെച്ചൊല്ലിയുള്ള ആത്മസംതൃപ്തിയും ഇവിടെയെന്നപോലെ മറെറാരിടത്തും ഇത്രയധികം തോന്നിയിട്ടില്ല.

താൻ ഈ വീട്ടിൽനിന്നു താമസംമാററി പോയിട്ടേയില്ലെന്ന തോന്നലാണുണ്ടാകുന്നതെന്നാണു് അനുജി പറയുന്നതു്; ഒന്നിനുമില്ല ഒരു വ്യത്യാസവും. അതേ പരവതാനികാം, അതേ വെളിയടകാം; കസേരകളും മേശകളും നിരത്തിയിരിക്കുന്നതിൻെറ ക്രമവും അതുതന്നെ. കുളിമുറിയിൽ ചെന്നപ്പോാം, എട്ടുവഷംമുമ്പു പഴയ സാരികളിലൊന്നു മുറിച്ചു ശരിപ്പെടുത്തി താൻ തയ്യാറാക്കി അവിടെ ച്ചാത്തിയിരുന്ന അതേ വെളിയടതന്നെയാണു് അതിൻെറ ജാലകത്തിന്നിപ്പോഴും മറയായി കിടക്കുന്നതെന്നു് അനുജി ശ്രദ്ധിച്ചു. നൽബന്ദിയാൻ തയ്യാറാക്കിയ അനുജിയുടെ വിശേഷപ്പെട്ട ചായച്ചിത്രം ഉറപ്പിച്ചുവച്ചുാൻ ഭക്ഷണമുറിയിൽ തറച്ചിരുന്ന മൂന്നു കുററികാംപോലും അവിടെ അതേ രീതിയിൽ ശേഷിക്കുന്നു. ഇൻഡ്യയുടെയും തെക്കൻ ഏഷ്യയുടെയും കാര്യങ്ങാംക്കുള്ള ഡെപ്യൂട്ടി വിദേശകാര്യമന്ത്രിയുടെ ചുമതല വഹിക്കുന്ന ലെപ്പിൻ എന്നോടു പറകയുണ്ടായി, ആ ചിത്രം സോവിയററ്റഷ്യയിലാകെ പ്രസിദ്ധിയാജ്ജിച്ചിട്ടുള്ളതാണെന്നും, അതിൻെറ പകപ്പുകാം ചിലേടത്തു് അദ്ദേഹംതന്നെ കാണാനിടയായിട്ടുണ്ടെന്നും. എത്രയധികം ഊജ്ജിതത്തോടെയാണു നൽബന്ദിയാൻ ആ ചിത്രത്തിൻെറ പണിയിലേപ്പെട്ടിരുന്നതെന്നു ഞാൻ ഓമ്മിക്കുന്നു. കാൽമണിക്കൂർനേരം തുടച്ചയായി ചിത്രരചനയിലേപ്പെട്ടശേഷം ഒരുഗ്ലാസ് ആമ്മീനിയൻ കോൺ

യാക്കി അകത്താക്കി, അനുജിക്കു് ഒരു കപ്പു കട്ടപ്പമേറിയ കട്ടംകാപ്പിയും കൊടുത്തിട്ടു്, ഭൂതാവേശംകൊണ്ടവനെപ്പോലെ അദ്ദേഹം ചിത്രമെഴുത്തു തുടങ്ങുകയായി. അനുജിയുടെ ചിത്രം അതിവിശേഷമായിട്ടുണ്ടു്. ഏതാണ്ടു് അവളുടെ വലിപ്പത്തിൽത്തന്നെ. പക്ഷേ, ''എന്തിനാണു നിങ്ങൾ മിസിസ് മേനോന്റെ മുഖത്തിനു് ഇത്ര ഗൗരവഭാവം നല്കിയതു്?'' എന്നാണു നയതന്ത്രമണ്ഡലത്തിലെ മൂത്തകാരണവരുടെ ഭാര്യയായ മിസിസ് സോംമാൻ ചോദിച്ചതു്. ''അതോ,'' നൽബന്ദിയാൻ പറഞ്ഞു, ''പുരോഗതിയുടെ പാതയിൽ ചരിക്കുന്ന ഇൻഡ്യൻ വനിതാലോകത്തിന്റെ മാതൃകയായി അവരേ ചിത്രീകരിക്കണമെന്നു ഞാൻ വിചാരിക്കുന്നതുകൊണ്ടു്.''

ഐക്യഅറബി റിപ്പബ്ലിക്കിന്റെ അംബാസഡറുടെ പത്നിയായ മിസിസ് ഗാലബിന്റെ ചിത്രമെഴുതുമ്പോൾ നൽബന്ദിയാൻ ഒരു പടികൂടെ മുമ്പോട്ടു പോയി. പുരോഗതിയുടെ പ്രാതിനിദ്ധ്യത്തിനുപുറമേ ഒരു രാജസപ്രൗഢികൂടെ അദ്ദേഹം മിസിസ് ഗാലബിനു നല്കി.

മോസ്കോവിലെ മററു നയതന്ത്രകാര്യാലയങ്ങളെയപേക്ഷിച്ചു നമ്മുടെ എംബസിക്കു് ഒരു പ്രത്യേകതയുള്ളതു്, നിമ്നോന്നതസ്വഭാവമിയന്ന ഒരുപവനത്തിൽ ചെന്നു ലയിക്കുന്ന വലിയ പൂന്തോട്ടമുണ്ടെന്നുള്ളതാണു്. മുൻവശത്തുള്ള ആരാമത്തിൽ വിശുദ്ധമായ സാരനാഥസ്തംഭത്തിന്റെ—അതിൽനിന്നാണല്ലോ ഇൻഡ്യയുടെ ദേശീയ ചിഹ്നമായ സിംഹത്രയത്തെ നാം കടംകൊണ്ടതു്—ഒരു പകപ്പുണ്ടാക്കിച്ചു സ്ഥാപിച്ചിട്ടുണ്ടു്, ടിക്കി കൗൾ 1958-ൽ ഡൽഹിക്കും മോസ്കോയ്ക്കുമിടയിൽ നേരിട്ടുള്ള ഇൻഡ്യൻ വിമാനസർവ്വീസ് ഉൽഘാടനംചെയ്തതുസംബന്ധിച്ചു നടത്തിയ സ്വീകരണസല്ക്കാരത്തിന്റെ അവസരത്തിൽ യുവനർത്തകിയായ ബക്കറോവാ തന്റെ കലാപാടവം പ്രകടിപ്പിച്ച മണ്ഡപം പിൻവശത്തേ പൂന്തോട്ടത്തിൽ അന്നത്തേ രീതിയിൽത്തന്നെ നില്പുണ്ടു്. സോവിയററ്റഷ്യയിലെ ആദ്യത്തെ സ്ലാഷ്കോട്ട് നാം താല്പര്യപ്പെട്ടതനുസരിച്ചു നമ്മുടെ എംബസിവക സ്ഥലത്തു് 1952–ൽ സിററി

കൗൺസിൽ നിർമ്മിച്ചതാണ്. ഈ ഒരൊററ സ്ക്വാഷ്കോർട്ടേ സോവിയറ്റ്റഷ്യയിലാകെക്കൂടെയുള്ളു. നമ്മുടെ എംബസിജോലിക്കാർ മാത്രമല്ല, മററു നയതന്ത്രകാര്യാലയങ്ങളിലുള്ളവരും ഇതുപയോഗിച്ചുവരുന്നുവെന്നാണു ടിക്കി പറഞ്ഞത്. എംബസിജോലിക്കാർക്കുവേണ്ടി ഒരു വോളിബാൾ കോർട്ട് അദ്ദേഹത്തിൻെറ ഉത്സാഹത്തിൽ പുതുതായി സ്ഥാപിച്ചിട്ടുണ്ട്. മുമ്പു ഞങ്ങൾ പച്ചക്കറിത്തോട്ടമായി ഉപയോഗിച്ചിരുന്ന സ്ഥലത്താണ് വോളിബാൾ കോർട്ട്. മോസ്കോവിൽനിന്നുള്ള പിന്മാററവേളയിൽ രണ്ടു ദിവസം നെപ്പോളിയൻെറ ഉപയോഗത്തിലിരുന്നിരുന്നുവെന്നു പറയപ്പെടുന്ന 'നെപ്പോളിയൻഗൃഹം' ഇപ്പോൾ പിങ് വോങ് കളിക്കു് ഉപയോഗപ്പെടുത്തിവരികയാണ്. എംബസിയുടെ ചുവട്ടിലേ നിലയിൽ ഒരു മുറി മോസ്കോവിലെ ഇൻഡ്യാക്കാരുടെ ഒരു ക്ലബ്ബു നടത്താൻ വിട്ടുകൊടുത്തിരിക്കുന്നു. എംബസിജീവനക്കാർക്കുപുറമേ ആകെ ഒരു കുടുംബംകൂടെ മാത്രമേ, ഞങ്ങൾ ആദ്യം മോസ്കോവിലെത്തിയകാലത്ത് ഇൻഡ്യക്കാരായി അവിടെയുണ്ടായിരുന്നുള്ളു. ആ ഒരു കുടുംബക്കാരാകട്ടെ, സ്റ്റാലിൻെറ കാലം കഴിയുംവരെ എംബസിയുടെ അടുത്തെങ്ങുംപോലും വരാൻ ധൈര്യപ്പെട്ടിരുന്നില്ല; ഒരു ബൂഷ്വാസ്ഥാപനമായി വെറുത്തു തള്ളിയിരിക്കയായിരുന്നു, അതിനെ. ഇപ്പൊഴാകട്ടെ, ഏതാണ്ട് ഇരുനൂറോളം ഇൻഡ്യക്കാരുണ്ടിവിടെ—അധികവും ലുമുംബാ ഫ്രൻഡ്ഷിപ്പ് സർവ്വകലാശാലയിലെയും മോസ്കോ സർവ്വകലാശാലയിലെയും അദ്ധ്യേതാക്കൾ. ഞങ്ങളുടെ മകൻ കുമാറും രണ്ടുവർഷം അവിടെ പഠിച്ചിരുന്നു. ആ രണ്ടുവർഷം അവൻെറ ജീവിതത്തിലെ ഏററവും ആനന്ദനിർഭരമായ കാലമായിരുന്നുതാനും.

കാഡിലാക്കിനെക്കാൾ എടുപ്പും മോടിയുമുള്ള, എംബസിവക പുതിയ സിൽ കാറിലാണ് ഞങ്ങൾ സർവ്വകലാശാല നില്ക്കുന്ന പ്രദേശത്തേക്കു പോയിരുന്നത്. ചീന നയതന്ത്രകാര്യാലയത്തിൻെറ വകയായും ഒരു സിൽ കാറുണ്ടെങ്കിലും അതു് അവർ അപൂർവ്വമായേ ഉപയോഗപ്പെടുത്താറുള്ളുവെന്നാണ് ഡ്രൈവർ ആൽഡ്രി പറഞ്ഞത്.

കൈ തലയുടെമുകളിൽ കഴിവുള്ളത്ര ഉയരത്തിൽ പൊക്കിപ്പിടിച്ചുകൊണ്ട് ആൻഡ്രി പറഞ്ഞു: ''പണ്ടൊക്കെ ചീനരെ ഞങ്ങൾ പൊക്കത്തിലാണ വച്ചിരുന്നത്. പക്ഷേ, ഇപ്പോഴോ?'' തറയിലേക്ക വിരൽചൂണ്ടിക്കൊണ്ട് അയാറം തുടന്നു, ''ചീനരുടെ സ്ഥാനം അവിടെയാണ്. അവന്മാർ എഴുത്തോടെഴുത്താണ്, ഞങ്ങറംക്കെതിരായിട്ട്. ഞങ്ങറ അവക്ക യന്ത്രങ്ങളും ഉപകരണങ്ങളും ഫാക്റ്ററികളുമൊക്കെ കൊടുത്തു. എന്നിട്ടിപ്പോറം ഞങ്ങളോട് അവർ കാണിക്കുന്ന നന്ദികേട നോക്കണം!''

സവ്വകലാശാലയുടെ മുൻവശത്തുള്ള കുരുവിക്കുന്നിൽ (Sparrow Hill)—ഇപ്പോഴത്തെ ലെനിൻകുന്ന്—ഞങ്ങറം ചെന്നെത്തി. മോസ്കോവിൽ പ്രവേശിച്ച നെപ്പോളിയൻ അവിടെ നിന്നുകൊണ്ടാണ്, തൻെറ പാദാന്തികത്തിൽ പരന്നുകിടക്കുന്ന മഹാനഗരത്തെ ഒട്ടാകെ അവലോകനം ചെയ്തശേഷം, ''ഇക്കാണായതിന്നെല്ലാം ഉടയവൻ ഞാനാണ്!'' എന്നു മതിമറന്നുൽഘോഷിച്ചത്. ഈ കുന്നിൻ ചുവട്ടിൽവച്ചു വളഞ്ഞൊഴുകുന്ന മോസ്കോനദി, ധ്യാനനിരതരായ സന്യാസിനീസന്യാസിമാരുടെ ആശ്രമകേന്ദ്രമായി മദ്ധ്യയുഗങ്ങളിൽ ഉപയോഗപ്പെടുത്തിയിരുന്ന നൊവൊദവിച്ചിയെ തഴുകിക്കൊണ്ട് മുമ്പോട്ടുള്ള അതിൻെറ ഗതി തുടരുന്നു. 13-ാംശതകത്തിൽ താത്താരാക്രമണമുണ്ടായപ്പോറം ഈ സന്യാസിമഠത്തിലെ അന്തേവാസികറം പുറത്തുചാടി അവരേ എതിത്തു യുദ്ധംചെയ്തുപോൽ. നദിയുടെ മറുപുറത്ത് ഒരുലക്ഷം സന്ദശ്കക്കിരിക്കാവുന്ന ലെനിൻസ്റ്റേഡിയം ഉയന്നുവന്നിരിക്കുന്നു. പഴയ നഗരത്തിൻെറ എല്ലാഭാഗത്തുംതന്നെ പഴയ കെട്ടിടങ്ങറം പൊളിച്ചുമാററുന്നു; ഫാക്ററികറം നഗരപ്രാന്തത്തിലേക്ക മാററിസ്ഥാപിക്കുന്നു; പുതിയ വ്യാപാരകേന്ദ്രങ്ങളും റസ്റ്റാറൻറുകളും എപ്പാർട്ട്മെൻറ് മന്ദിരങ്ങളും ഉയന്നുവരുന്നു. സ്റ്റാലിൻെറ കാലത്തു നിമ്മിക്കപ്പെട്ട അപൂവ്വം ചില അംബരചുംബിമന്ദിരങ്ങളും അങ്ങിങ്ങായി കാണാം. ന്യൂയോക്കിലെ എംപയർ സ്റ്റേററ്ബിൽഡിംഗിനെക്കാറം ഉയരംകൂടിയ ഒരു മന്ദിരം നിമ്മിക്കാനുള്ള പ്രാരംഭജോലികറം സ്റ്റാലി

ൻെറകാലത്തു തുടങ്ങിവച്ചിരുന്നു. ക്രൂഷ്ചോവ് അതിന്റെ പണി നിർത്തിവയ്പിക്കയാണുണ്ടായതു്. അലങ്കാരപ്രൗഢികൾ മാത്രമുതകുന്നതും ദുർവ്യയഹേതുകവുമെന്നു് അംബരചുംബിമന്ദിരങ്ങളെപ്പററി അഭിപ്രായമുണ്ടായിരുന്ന അദ്ദേഹം, അതിന്നുപകരം, ആളുകൾക്കു മെച്ചപ്പെട്ട പാർപ്പിടസൗകര്യം നല്ലാനുതകുമാറു് കൂടുതൽ എപ്പാർട്ട്മെൻറ് മന്ദിരങ്ങളുണ്ടാക്കുന്നതിലാണു ശ്രദ്ധ കേന്ദ്രീകരിച്ചതു്. ''ഉയർന്ന ആകാശരേഖകൾക്കുവേണ്ടി വാസ്തുശില്പികൾ വെമ്പൽകൊള്ളുന്നു'' ക്രൂഷ്ചോവ് പറഞ്ഞു. ''പക്ഷേ, ആളുകൾക്കാവശ്യം പാർപ്പിടസൗകര്യമാണ്.''

ഇവിടെവന്നെത്തിയതിൻെറ പിറേറന്നാൾ രാവിലേ ഞാൻ വീടിൻെറ ബാൽക്കണിയിലിറങ്ങിനിന്നുകൊണ്ടു ചുററുപാടും കണ്ണോടിച്ചുനോക്കി. അവിടെനിന്നു് ഏറെ ദൂരം പരന്നുകിടക്കുന്ന വിശാലഭൂഭാഗങ്ങളുടെ സമൃദ്ധമായ ദൃശ്യം ആസ്വദിക്കാൻ കഴിഞ്ഞിരുന്നു, മുമ്പൊക്കെ. പക്ഷേ, ഇപ്പോൾ രംഗത്തിൽ പല മാററവും വന്നിരിക്കുന്നു. ചുററിലും ബഹുനിലമന്ദിരങ്ങൾ ഉയർന്നുവന്നുകൊണ്ടിരിക്കുന്നു. ചക്രവാളത്തിൽ ഉയർന്നുനിന്നിരുന്ന രണ്ടോ മൂന്നോ പള്ളികളുടെ മോഹനദൃശ്യത്തെ ഇവ മറച്ചുകളയുന്നുവല്ലോ എന്നെനിക്കു ഖേദം തോന്നി. പണ്ടാണെങ്കിൽ, സ്ലാവ്ശില്പമാതൃകയുടെ പ്രത്യേകതയായ ഗോളകശീർഷങ്ങളോടുകൂടിയ ഏഴു പള്ളികൾ ചക്രവാളത്തിനെതിരേ ഉയർന്നുനില്ക്കുന്നതു ഞങ്ങൾക്കു് എണ്ണാൻ കഴിഞ്ഞിരുന്നു. ഇപ്പോൾ അവയിൽ നാലെണ്ണം മാത്രമേ ദൃഷ്ടിപഥത്തിലുള്ളു. സോവിയററ് റഷ്യയിൽ മനുഷ്യൻ അതിവേഗം പുരോഗതി നേടുമ്പോൾ, അന്തസ്സായി പശ്ചാത്തലത്തിലേക്കൊഴിഞ്ഞുമാറിക്കൊടുക്കുകയാണു്, ഈശ്വരൻ.

*മോസ്കോ, സെപ്റ്റംബർ, 5*

ടിക്കികൗൾ നടത്തിയ മുത്താഴസൽക്കാരത്തിൽ ഒന്നാം ഡെപ്യൂട്ടിവിദേശകാര്യമന്ത്രി കുസ്നസോവും പത്നിയും, റോബർട്ട് ഫോർഡും അദ്ദേഹത്തിൻെറ പത്നി തെരെസായും, ഏഷ്യയിലെയും ആഫ്രിക്കയിലെയും പല രാജ്യങ്ങ

ളിൽ നിന്നുള്ള അംബാസഡറന്മാർ, തുടങ്ങിയവരൊക്കെ സംബന്ധിച്ചിരുന്നു. എനിക്കു മംഗളം നേർന്നുകൊണ്ടു ടിക്കി ചെയ്ത പാനോപചാരപ്രസംഗം മധുരിമയുടെയും ഔദാര്യത്തിന്റെയും കടഞ്ഞെടുത്ത സത്തുതന്നെയായിരുന്നു. നയതന്ത്രമണ്ഡലത്തിൽ തൻെറ ആചാര്യനാണു ഞാൻ എന്നു് അദ്ദേഹം അവകാശപ്പെട്ടു; ഞാനാകട്ടെ, തൊഴിലിൽ ആചാര്യനെയും വെല്ലുന്ന പ്രാഗത്ഭ്യം പ്രകടിപ്പിക്കുന്ന എൻെറ ശിഷ്യന്മാരുടെ പ്രവൃത്തികുശലത കണ്ടു് ആനന്ദത്തിൽ ആറാടുകയുമാണു്. ''നിങ്ങളുടെ ഭർത്താവു വെറുമൊരു നയതന്ത്രവിദഗ്ദ്ധൻ മാത്രമല്ല, അതിലുപരിയായി മററു പലതും കൂടെയാണു്,'' എന്നു് ഭിന്നമണ്ഡലങ്ങളിൽ പ്രവൃത്തിയെടുക്കുന്ന രണ്ടുപേർ—ഐക്യഅറബ്റിപ്പബ്ളിക്കിന്റെ അംബാസഡർ ഗാലബും പപ്പറ്റ്തിയേററിന്റെ ഡയറക്ററർ ഒബ്രാസ്ററ്സോവും അനുജിയോടു് അഭിപ്രായപ്പെട്ടതായി കേട്ടപ്പോൾ എനിക്കഭിമാനം തോന്നി. പക്ഷേ, അനുജി അവരോടു പറഞ്ഞതെന്താണെന്നറിയാമോ—''എനിക്കെപ്പോഴും തോന്നിയിട്ടുള്ളതു മറിച്ചാണു്,'' എന്നു്.

പണ്ടെന്നപോലെ ഇപ്പോഴും തുറന്നടിച്ചു് അഭിപ്രായം പറയുന്ന സ്വഭാവമാണു് തെരെസായുടേതു്. സത്യത്തോടു് ഇത്രയധികം മമതയുള്ളതായി മറെറാരാളെ ഞാൻ കണ്ടിട്ടില്ല. ''സത്യം മാത്രം''(Nothing but the truth) എന്ന ചലച്ചിത്രത്തിലെ നായികയെ അനുസ്മരിപ്പിക്കുന്ന പ്രകൃതമാണു് തെരെസായുടേതു്. സ്വന്തം ഉല്പന്നങ്ങൾ പലപ്പോഴും യഥാർത്ഥമൂല്യത്തിൽ കുറഞ്ഞവിലയ്ക്കു വില്ക്കുന്ന സ്വഭാവമാണു ജപ്പാൻകാരുടേതു് എന്നതുകൊണ്ടു് മോശപ്പെട്ട വണിക്കുകളായി വേണം അവരെ എണ്ണാൻ എന്നു ടിക്കിയുടെ മുത്താഴസൽക്കാരത്തിൽവച്ചു ജാപ്പനീസ് അംബാസഡർ അഭിപ്രായപ്പെട്ടു. ''പക്ഷേ, ഒരു കാര്യമുണ്ടല്ലോ,'' തെരെസാ തട്ടിമൂളിച്ചു, ''വില കൂട്ടിവിററാൽ ചരക്കിനു പ്രിയം കുറയില്ലേ? അതവക്കു നന്നായിട്ടറിയാം. അതുകൊണ്ടു ലോകത്തിലേക്കു കൗശലക്കാരായ വണിക്കുകൾ എന്നു വേണം അവരേ പറയാൻ.'' ഇതിനെത്തുടർന്നു ചൂടുററ ഒരു വാഗ്വാദമാരംഭിച്ചതു് തീവ്രവികാരങ്ങളുണ

ത്തിവിട്ടു. എല്ലാം കഴിഞ്ഞപ്പോഠം തെരെസാ ജാപ്പനീസ് അംബാസഡരോടു പറകയാണു്, ഒരു ജപ്പാൻകാരനെയെങ്കിലും പ്രകോപിപ്പിക്കാൻ കഴിഞ്ഞതിൽ താൻ സന്തുഷ്ടയാണെന്നു്!

കുസ്സനസോവ്ദമ്പതികളുമായുള്ള സ്നേഹബന്ധം പുതുക്കാൻ സന്ദർഭം ലഭിച്ചതിൽ ഞങ്ങഠംക്കു സന്തോഷം തോന്നി. കുസ്സനസോവിൻെറ പ്രശസ്തയായ പത്നി മോസ്ക്കോ സർവ്വകലാശാലയിലെ ഒരു പ്രൊഫസറാണു്. ആധുനിക സോവിയററ്നയതന്ത്രജ്ഞൻെറ — എന്നുവച്ചാൽ സ്റ്റാലിൻെറ കാലത്തിന്നിപ്പുറമുള്ളതെന്നർത്ഥം—വിശിഷ്ട മാതൃകയാണു കുസ്സനസോവ്; സംസ്കാരസമ്പന്നനും കാരുണ്യശാലിയും നയജ്ഞനും വാഗാടോപമൊന്നും കൂടാതെ നല്ല കാര്യശേഷിയോടെ ജോലി ചെയ്യുന്നവനുമാണദ്ദേഹം. ജവഹർലാൽ നെഹ്റുവിന്റെ നിര്യാണത്തെപ്പറ്റി കലപ്പില്ലാത്ത ഖേദത്തോടെയാണദ്ദേഹം സംസാരിച്ചതു്. 1955-ൽ നെഹ്റു സോവിയററ്റഷ്യയിൽ നടത്തിയ ചരിത്രനിർണ്ണായകമായ പര്യടനത്തിൻെറ കാലത്തു് അദ്ദേഹത്തെ അനുഗമിച്ചിരുന്ന കുസ്സനസോവിനു വ്യക്തിപരമായ ഒരു മമതാബന്ധംതന്നെയുണ്ടായിരുന്നു, അദ്ദേഹത്തിനോടു്. നെഹ്റുവിനു കുസ്സനസോവിനെപ്പററിയും പ്രത്യേകം താല്പര്യമായിരുന്നു. വോറോഷിലോവിന്റെ സംഘത്തിൽപ്പെട്ടു് ഇൻഡ്യയിലെത്തിയിരുന്ന കുസ്സനസോവിനെ നെഹ്റു ഒരു സ്വകാര്യവിരുന്നിനു ക്ഷണിച്ചിരുന്ന കാര്യത്തെപ്പററി പറഞ്ഞപ്പോഠം ഇന്നലെ അദ്ദേഹം വികാരവിവശനായിപ്പോയി.

മോസ്ക്കോവിലെ നമ്മുടെ ഒന്നാം സെക്രട്ടറി ജെയിൻ, ഞങ്ങളുടെ ബഹുമാനാർത്ഥം ഇന്നലെ രാത്രി ഒരു അത്താഴവിരുന്നേർപ്പെടുത്തുകയുണ്ടായി. അതിഥികളെ വളരെശ്രദ്ധാപൂർവ്വമാണു തിരഞ്ഞെടുത്തിരുന്നതു്. ഞങ്ങളുടെ ഏററവും നല്ല റഷ്യൻസുഹൃത്തുക്കളെ അദ്ദേഹം ക്ഷണിച്ചിരുന്നു. അതിഥികളെ സ്വാഗതം ചെയ്തുകൊണ്ടുള്ള പാനോപചാരപ്രസംഗം അദ്ദേഹം നിർവ്വഹിച്ചതു കുററമററ റഷ്യൻഭാഷയിലാണു്. റഷ്യൻഭാഷ സുഗമമായും സുന്ദരമായും കൈ

കാര്യം ചെയ്യാൻ കഴിവുള്ള നമ്മുടെ ചുരുക്കം ചില ഉദ്യോഗസ്ഥരിൽ ഒരാളാണു ജെയിൻ.

എൻെറ ഇവിടത്തെ ഉദ്യോഗകാലത്തു് വിദേശങ്ങളുമായുള്ള സാംസ്കാരികവിനിമയം നിർവ്വഹിക്കേണ്ട സംസ്ഥാനസമിതിയിൽ അദ്ധ്യക്ഷനായിരുന്നശേഷം ഇപ്പോഠം വളരെയധികം സ്വാധീനശക്തിയുള്ള പാർട്ടിപത്രമായ 'പ്രാവ്ദാ'യുടെ മുഖ്യവിമർശലേഖകനായി ജോലി ചെയ്യുന്ന യൂറി സുക്കോവും അദ്ദേഹത്തിന്റെ പത്നിയും, തുല്യപ്രാധാന്യമുള്ള ഗവണ്മെൻറുപത്രമായ 'ഇസ്‌വെസ്റ്റിയാ'യുടെ പ്രധാനപത്രാധിപരായ അദ്ജൂബിയും ക്രൂഷ്ചോവിൻെറ മകളായ അദ്ദേഹത്തിൻെറ ഭാര്യയും, പപ്പററ് തിയറ്ററിന്റെ പ്രയോക്താവെന്നനിലയിൽ ലോകപ്രശസ്തനായ ഒബ്രാററ്സോവും അദ്ദേഹത്തിൻെറ പത്നിയും, ഫ്രൻഡ്ഷിപ്പ് സർവ്വകലാശാലയുടെ ഊർജ്ജസ്വലനായ വൈസ്ചാൻസലർ എർസിനും മദ്ധ്യശതകങ്ങളിലെ ഇൻഡ്യൻ ശില്പതന്ത്രത്തെപ്പററി താൻ രചിച്ച പണ്ഡിതോചിതമായ ഗ്രന്ഥത്തിൻെറ ഒരു പ്രതി എനിക്കു സമ്മാനിച്ചിട്ടുള്ള മാഡം എർസിനും, ദക്ഷിണപൂർവ്വേഷ്യയെപ്പററി ഗവേഷണപഠനത്തിലേർപ്പെട്ടിരിക്കുന്നാളും നയതന്ത്രമണ്ഡലത്തിൽ പ്രവർത്തനത്തിലേർപ്പെട്ട ലോകത്തിലെ ആദ്യത്തെ വനിതയുടെ (അവരെ വിജയലക്ഷ്മി പണ്ഡിററിന്നു് അടുത്തു പരിചയമായിരുന്നു) പൗത്രനുമായ കൊളൊന്തായ്ക്കും ടോഠംസ്റ്റോയ്‌യുടെ ഭവനമായ യാസ്നായാ പോളിയാനായിൽ പല പ്രാവശ്യം ഞങ്ങളെ സൽക്കരിച്ചിട്ടുള്ള ഡാക്ടർ പൊപ്പോവ്കിൻെറ പുത്രിയായ അദ്ദേഹത്തിൻെറ പത്നിയും, ഇൻഡ്യയിൽ പോയി ഇൻഡ്യൻ നൃത്തസമ്പ്രദായങ്ങളിൽ പരിശീലനം നടത്തിക്കൊണ്ടു മടങ്ങിയെത്തി ഇപ്പോഠം ഝാൻസി റാണിയുടെ ജീവിതകഥയെ അടിസ്ഥാനമാക്കി ഒരു ബാലേ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന യുവനർത്തകി ബക്കറോവാ, തുടങ്ങി പലരുണ്ടായിരുന്നു, അതിഥികളായിട്ടു്.

അനേകം ചെറുമേശകളിലായി നല്ല കലാവിരുതോടുകൂടിയാണു റാണി ജെയിൻ അത്താഴമൊരുക്കിയിരുന്ന

തു്. ആതിഥേയി, സുക്കോവ് ദമ്പതികൾ, അദ്ജൂബേ ദമ്പതികൾ, ടിക്കി കൗൾ എന്നിവരുമൊത്തു് ഒരേമേശയിലായിരുന്നു ഞാനും. ഹിരോഷിമയിൽ നടന്നിരുന്ന ഒരു സമാധാനസമ്മേളനത്തിൽ സംബന്ധിച്ചിട്ടു് അപ്പോൾ മടങ്ങിയെത്തിയിട്ടേയുണ്ടായിരുന്നുള്ള സുക്കോവ്. ഏതാണ്ടു് അതേകാലത്തുതന്നെ ചൈനയുടെ നേതൃത്വത്തിലൊരു സമ്മേളനം ടോക്കിയോവിലും നടക്കുന്നുണ്ടായിരുന്നുവെങ്കിലും ചീനരുടെ വീക്ഷണഗതിക്കെതിരായി ആക്കും ഒരു വാക്കും പറയാൻ സ്വാതന്ത്ര്യമില്ലാത്ത വെറും പാവക്കൂത്തായിരുന്നു അതെന്നു് അദ്ദേഹം പറഞ്ഞു. സോവിയററ് പ്രതിനിധികൾക്കു് ആ സമ്മേളനത്തിൽനിന്നു പിൻവാങ്ങുകയല്ലാതെ തരമില്ലായിരുന്നു; അൾജീറിയൻ പ്രതിനിധികൾക്കുപോലും അസഹ്യമായി അനുഭവപ്പെട്ടു, അവിടത്തെ അന്തരീക്ഷം. ഏതായാലും ചീനരുടെ നടപടികൊണ്ടു കാര്യമായ ഒരു പ്രയോജനമുണ്ടായി എന്നാണു സുക്കോവിൻെറ അഭിപ്രായം. കമ്മ്യൂണിസത്തിൻെറ ലക്ഷ്യങ്ങൾ പുരോഗമിപ്പിക്കാനുള്ള ഒരു ജാലമറയായിട്ടാണു സമാധാനസമ്മേളനങ്ങൾ നടത്തുന്നതെന്നൊരു ധാരണ ഇതേവരെ ചില ആളുകൾ വച്ചുപുലർത്തിയിരുന്നു; ആരാണു സമാധാനത്തിനുവേണ്ടി നിലകൊള്ളുന്നതെന്നും അങ്ങനെയല്ലാത്തതാരാണെന്നും, പ്രത്യയശാസ്ത്രങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം എന്തുതന്നെയായിരുന്നാലും, സമാധാനത്തിനുള്ള മാർഗ്ഗങ്ങൾ തേടുക എന്ന ഏകലക്ഷ്യമേ സമാധാനസമ്മേളനം വിളിച്ചുകൂട്ടിയതിൽ ഉണ്ടായിരുന്നുള്ളുവെന്നും ഇപ്പോൾ എല്ലാവക്കും ബോദ്ധ്യമായിട്ടുണ്ടെന്നു് അദ്ദേഹം പറഞ്ഞു.

മിസിസ് അദ്ജൂബേക്കു് അവരുടെ മാതാവായ മിസിസ് ക്രൂഷ്ചോവിൻെറ സഹജമായ സരളസ്വഭാവവും പുറംപകിട്ടില്ലാത്ത ആകഷ്ണീയതയും ശരിക്കു പകന്നുകിട്ടിയിട്ടുണ്ടു്. ക്രൂഷ്ചോവിനെ ഒരു ഭീകരജന്തുവായി സങ്കല്പിച്ചിരുന്ന ചില അമേരിക്കക്കാക്കുപോലും അദ്ദേഹത്തിൻെറ പത്നിയെപ്പററി വലിയ മതിപ്പാണുണ്ടായിരുന്നതു്. സ്വശ്വശുരൻ്റെ അഭിപ്രായങ്ങളോടെല്ലാം പൂണ്ണമായ യോജിപ്പുണ്ടായിരുന്ന അദ്ജൂബേക്കു് അദ്ദേഹത്തിന്റെ

ഊജ്ജസ്വലതയും കുറേയൊക്കെ കിട്ടിയിട്ടുണ്ട്. അമേരിക്കൻ ഐക്യനാടുകൾ, വത്തിക്കാൻ, പശ്ചിമജമ്മനി—ബോണിൽ ഒരു സന്ദശ്നംനടത്താൻ അവിടെനിന്നു ക്രൂഷ്ചോവിന്ന് അടുത്തകാലത്തു ക്ഷണം കിട്ടിയിട്ടുണ്ട്—എന്നിങ്ങനെ ലോകത്തിൻെറ വിവിധഭാഗങ്ങളിൽ കുഴപ്പത്തിൻെറ പന്തംകൊളുത്തിയെറിയാൻ അദ്ദേഹത്തെ ക്രൂഷ്ചോവ് ഉപയോഗപ്പെടുത്തുന്നതിൽ അത്ഭുതത്തിന്നു കാര്യമില്ല. ചൈനാ–സോവിയററ് മത്സരത്തിൻെറ മനഃശാസ്ത്രപരമായ പശ്ചാത്തലത്തെപ്പററി ഒന്നാംതരമൊരു വിവരണം അദ്ജൂബി നൽകുകയുണ്ടായി.

സ്റ്റാലിൻെറ കാലശേഷം എത്ര വലിയ മാററമാണ് ഈ റഷ്യാക്കാക്കു സംഭവിച്ചിരിക്കുന്നതു് എന്നതാണ് മുഖ്യമായി എൻെറ ശ്രദ്ധയെ ആകഷിച്ചതു്; ആളുകളോടിടപെടുമ്പോൾ പഴയകാലത്തെ ഭയാശങ്കകൾ ഇന്ന് അവരിൽ കാണപ്പെടുന്നില്ല; അവരിപ്പോൾ കൂടുതൽ അഭിഗമ്യരായ സുഹൃത്തുക്കളുമായിത്തീന്നിരിക്കുന്നു. സ്വന്തം നേതാക്കന്മാരെപ്പററി ഒരു ഫലിതം കേട്ടാൽ അതു രസിക്കാനും വല്ലപ്പോഴും സ്വന്തമായി ഒരു ഫലിതം പൊട്ടിക്കാനും അവക്കിന്നു കഴിയുന്നുണ്ട്. പ്രത്യക്ഷത്തിൽ തോന്നാവുന്നതുപോലെ അത്ര നിഷ്പ്രയാസമായ കാര്യമൊന്നുമല്ലിതു്. രാജാക്കന്മാക്കു ദിവ്യതയുടെ ഒരു പരിവേഷമുണ്ടെന്നാണ് ഷേക്സ്പിയർ പറഞ്ഞിട്ടുള്ളതു്. അതുപോലെ, തങ്ങളും ദിവ്യരോ അദ്ധദിവ്യരോ ആണെന്നു ജനാധിപത്യത്തിലെ നേതാക്കളും വിചാരിച്ചുപോകാറുണ്ട്. മെക്സിക്കോവിലായിരുന്നപ്പോൾ ഞാൻ കേൾക്കുകയുണ്ടായി, അന്നാട്ടിലെ പ്രസിഡൻറിനെപ്പററി ആക്ഷേപമെന്തോ പറഞ്ഞതിന്ന് അവിടത്തെ ഏററവും പ്രശസ്ത ചിത്രകാരനായ സെക്കീറോസിനെ ദീഘകാലത്തേ തടവുശിക്ഷയ്ക്കു വിധിച്ചു കാരാഗൃഹത്തിലാക്കിയപ്പോൾ, ദേശീയാഭിമാനത്തിൻെറ പരമോന്നതപ്രതീകമായ പ്രസിഡൻറ് എപ്പോഴും വിമശനങ്ങൾക്കതീതനായി ഗണിക്കപ്പെടണമെന്നു വാദിച്ചുകൊണ്ട് മെക്സിക്കൻ പത്രങ്ങൾ ആ നടപടിയെ സാധൂകരിക്കയാണുണ്ടായതെന്ന്. ഈ മാനദണ്ഡംതന്നെ ഇൻഡ്യയ്ക്കും

ബാധകമാക്കിയാൽ നമ്മുടെ പത്രപ്രവത്തകരിൽ അധികം പേർ ജയിലിനിന്നു പുറത്തുണ്ടാവില്ല! യാതൊരു വിമശ്നവു മനുവദിച്ചിരുന്നില്ല, സ്റ്റാലിൻ. അദ്ദേഹത്തെപ്പററി തെല്ലെങ്കിലും ആക്ഷേപമായി വല്ലതുമൊന്നുരിയാടിപ്പോയാൽ അയാളെ സൈബീറിയായിലേക്കു നാടുകടത്തും; അല്ലെങ്കിൽ പരലോകത്തേക്കു യാത്രയാകും. തങ്ങളെപ്പററി പറയപ്പെടുന്ന നേരമ്പോക്കുകളിൽ പ്രതിഷേധിക്കാതിരിക്കാൻ തക്ക മനുഷ്യത്വമുണ്ടു് ഇപ്പോഴത്തെ സോവിയററ് നേതാക്കൾക്കു്; അവരതിൽ രസിക്കുകമാത്രമല്ല, ചിലപ്പോൾ തങ്ങളെപ്പററി സ്വയം കഥകൾ സൃഷ്ടിച്ചു നേരമ്പോക്കിനു വഴിയുണ്ടാക്കുകപോലും ചെയ്യുന്നുണ്ടെന്നു തോന്നുന്നു.

വത്തിക്കാനിൽ മിക്കോയാൻ നടത്തിയ സങ്കല്പസന്ദശ്നത്തെപ്പററിയൊരു കഥ ഞങ്ങൾ കേൾക്കാനിടയായി. മാപ്പാപ്പാ അദ്ദേഹത്തിൻെറ ബഹുമാനാത്ഥം ഒരു സംസ്ഥാനവിരുന്നു നല്കി. സ്വണ്ണത്തളികകളും സ്വണ്ണക്കരണ്ടികളുമൊക്കെയാണു് മേശമേൽ നിരത്തിയിരുന്നതു്. മാപ്പാപ്പായുടെ കണ്ണു തെററിയ മുഹൂത്തം നോക്കി മിക്കോയാൻ സ്വണ്ണക്കരണ്ടികളിലൊന്നു കീശയിലാക്കി. സംഭാഷണം ക്രിസ്തുമതസംബന്ധിയായ കാര്യങ്ങളിലേക്കു തിരിഞ്ഞു. ക്രിസ്തുമതത്തിനും കമ്മ്യൂണിസത്തിനും തമ്മിൽ സാജാത്യങ്ങൾ പലതുണ്ടെന്നു മാപ്പാപ്പാ സമ്മതിച്ചു. എങ്കിലും ഒരു കാര്യത്തിൽ ക്രിസ്തുമതത്തിനു കമ്മ്യൂണിസത്തെക്കാൾ മേന്മയുണ്ടെന്നദ്ദേഹം പറഞ്ഞു; അതിന്നിപ്പോഴും അത്ഭുതങ്ങൾ പ്രവത്തിക്കാൻ കഴിയും. ഉദാഹരണത്തിനു്, തന്റെ കീശയിൽ ഒരു സ്വണ്ണക്കരണ്ടി നിക്ഷേപിച്ചിട്ടു് അതു മിക്കോയാൻെറ കിശയിൽനിന്നു കണ്ടെടുക്കാൻ തനിക്കു കഴിയും. തുടന്നു് ആ അഭ്യാസം അദ്ദേഹം വിജയകരമായി പ്രദശിപ്പിക്കയുംചെയ്തു!

ഞങ്ങൾ കേട്ട മറെറാരു കഥ, പുതിയ മാപ്പാപ്പായുടെ തിരഞ്ഞെടുപ്പിൽ നിരീക്ഷകരായി സംബന്ധിക്കാൻ സോവിയററ് നേതാക്കന്മാർ വത്തിക്കാനിൽ നടത്തിയ സങ്കല്പസന്ദശ്നത്തെപ്പററിയുള്ളതാണു്. ദൗത്യസംഘത്തി

ൻെറ നേതാവ് സുസ്ലോവായിരുന്നു. അദ്ദേഹം റിപ്പോർട്ടു ചെയ്തു: ''സർവ്വത്ര കുഴപ്പം; ഫലത്തെപ്പററി ശുഭപ്രതീക്ഷയില്ല.'' തുടൎന്നു മിക്കോയാൻ വത്തിക്കാനിലേക്കു പുറപ്പെട്ടു. അദ്ദേഹം കമ്പിയടിച്ചു: ''സ്ഥിതിഗതികഠം നിയന്ത്രണാധീനമായിരിക്കുന്നു; പക്ഷേ, ഫലമെന്താകുമെന്നു പ്രവചിക്കാനാവില്ല'' ക്രൂഷ്ചോവ്തന്നെ വത്തിക്കാനിലെത്തി. അദ്ദേഹം അവിടെനിന്നു റിപ്പോർട്ടുചെയ്തു: ''എല്ലാം കുററമററനിലയിൽ; ക്രൂഷ്ചോവ് ഒന്നാംസ്ഥാനത്തു്.''

കുറിപ്പ്: ഞങ്ങഠം ഇൻഡ്യയിൽ മടങ്ങിയെത്തി അഞ്ചു നാഠംകുള്ളിൽ ക്രൂഷ്ചോവ് ഒന്നാംസ്ഥാനത്തുനിന്നു വിരമിക്കേണ്ടിവരുമെന്നു് ഞാനേതും കരുതിയിരുന്നില്ല.

*മോസ്കോ, സെപ്തംബർ, 7*

സോവിയററ്റഷ്യക്കെതിരായി ചൈനാക്കാർ വമിച്ചിരിക്കുന്ന ഏററവും ഒടുവിലത്തെ ശകാരവർഷമാണു് പട്ടണത്തിലെ മുഖ്യസംസാരവിഷയം. ജാപ്പനീസ് സോഷ്യലിസ്റ്റ് കക്ഷി പ്രതിനിധികളുമായി മൗത്സ്‌തുംഗ് നടത്തിയ അഭിമുഖസംഭാഷണമായിരുന്നു അതിനുണ്ടായ സന്ദർഭം. സോവിയററ് അധീനത്തിലിരിക്കുന്ന കുറിലീ ദ്വീപുകഠം വിട്ടുകിട്ടണമെന്ന ജപ്പാൻെറ അവകാശവാദത്തെപ്പററി എന്താണഭിപ്രായമെന്നു് മൗവിനോടു ചോദിച്ചു: ''അവ ജപ്പാന്നു മടക്കിത്തരേണ്ടതാണെന്നതിൽ സംശയത്തിനു കാര്യമേയില്ലല്ലോ,'' മൗ പറഞ്ഞു. എന്നാൽ ഈ അഭിപ്രായപ്രകടനത്തിൻെറ മുഖവുരയായി ഒരു നെടുങ്കൻ പ്രസ്താവന ചെയ്തതിൽ അദ്ദേഹം പറഞ്ഞുവച്ചു: ''ലോകത്തിൽ വളരെയധികം സ്ഥലം ഇതുപോലെ സോവിയറ്റ് റഷ്യാ കൈയടക്കിവച്ചിട്ടുണ്ടു്. സോവിയറ്റ് റഷ്യാ മംഗോളിയയുടെമേൽ ആധിപത്യം സ്ഥാപിക്കയും റുമേനിയായുടെ കുറേ ഭാഗം സ്വന്തം അതിർത്തികളുള്ളിലാക്കുകയും പൂർവ്വ ജർമ്മനിയുടെ ഒരംശം അപഹരിക്കയും ഫിൻലൻഡിൻെറയും പോളൻഡിൻെറയും കുറേസ്ഥലം വീതം തട്ടിപ്പറിച്ചു

സോവിയററ്റഷ്യയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനൊക്കെപ്പുറമേ, സിങ്കിയാങ്ങിലും അമൂർ നദിയുടെ വടക്കുള്ള ചില പ്രദേശങ്ങളിലും തങ്ങൾക്കവകാശമുണ്ടെന്നു പറഞ്ഞുകൊണ്ട് ഇപ്പോൾ അവിടങ്ങളിൽ സൈന്യങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടിരിക്കയുമാണവർ. നൂറു കൊല്ലങ്ങൾക്കുമുമ്പു റഷ്യാക്കാർ ബൈക്കാൾ തടാകത്തിന്റെ വടക്കുവശത്തുള്ള ഭാഗങ്ങൾ പിടിച്ചെടുത്തതിനെത്തുടന്നു്, വ്ളാഡിവോസ്റ്റോക്ക്, ഖബറോവ്സ്ക്, കംഛാത്കാ എന്നിവിടങ്ങളൊക്കെ റഷ്യാക്കാരുടെ കൈവശമിരിക്കയാണു്.'' അപകടസൂചന നൽകിക്കൊണ്ടു മൗ തുടന്നു, ''ഇതു സംബന്ധിച്ച കണക്കുതീക്കലിന്നു ഞങ്ങൾ ഇനിയും ആവശ്യപ്പെട്ടുകഴിഞ്ഞിട്ടില്ല. ഇനി കുറിലിദ്വീപുകളെപ്പററിയുള്ള ജപ്പാന്റെ അവകാശവാദത്തെപ്പററി പറയാനാണെങ്കിൽ, പത്തു കോടി ജനസംഖ്യയുള്ള ജപ്പാനു് 3,70,000 ച. കിലോമീറ്റർ ഭൂമിമാത്രമുള്ളപ്പോൾ ഇരുപതു കോടി മാത്രം ജനസംഖ്യയുള്ള സോവിയററ് റഷ്യക്കു് 2,20,00,000 ച. കിലോമീറ്ററുണ്ടു് വിസ്തീണ്ണം.'' അതുകൊണ്ടു കുറിലിദ്വീപുകൾ ജപ്പാന്നു മടക്കിത്തരേണ്ടതു ശുദ്ധനീതിമാത്രമാണെന്നു മൗ പറഞ്ഞു.

''കലഹപ്രേരകമായ ശുദ്ധ ചപ്പടാച്ചി''യെന്നാണു് ജാപ്പനീസ് പ്രതിനിധിസംഘത്തിനു മൗ നല്കിയ മറുപടിയെ 'പ്രാവ്ദാ' വിശേഷിപ്പിച്ചിരുന്നതു്. ലെബെൻസ്രാം (ജീവിക്കാനും വികസിക്കാനും വേണ്ടത്ര ഭൂമിക്കുള്ള അവകാശം) എന്ന സിദ്ധാന്തത്തിൽനിന്നാണു് പല യുദ്ധങ്ങളുടെയും ഉത്ഭവം എന്നതു് അനുസ്മരിപ്പിക്കയാണിതു ചെയ്യുന്നതു്. ''നീതിപൂവ്വകമല്ലാത്ത പ്രദേശവിഭജന''മെന്നദ്ദേഹം വിശേഷിപ്പിച്ചിരുന്ന തകരാറു പരിഹരിക്കാനാണു് ഹിററ്ലർ യുദ്ധമഴിച്ചുവിട്ടതു്. ആ മാതൃക പിൻതുടരുന്ന മൗ അഭിമാനിക്കാൻ ഒട്ടും വക നൽകാത്ത പൂവ്വികരുടെ മാർഗ്ഗത്തിലാണു് ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ളതു്. അദ്ദേഹത്തിന്റെ പ്രസ്താവനയാണെങ്കിൽ ''വങ്കൻദേശീയാഭിമാനവും വൻ ശക്തിയെന്നനിലയിലുള്ള സ്വപ്രാധാന്യബോധത്തിന്റെ ഹുങ്കും അക്ഷരംപ്രതി നിറഞ്ഞുമുററിനില്ക്കുന്നതു''

മാണ്. അയൽരാജ്യങ്ങളിൽ ആക്രമണം നടത്തുന്ന നയം സാർചക്രവത്തിമാർ പുലത്തിയിരുന്നിരിക്കാം എന്ന 'പ്രാവ്ദാ' സമ്മതിക്കുന്നു. പക്ഷേ, ചീനചക്രവത്തിമാരുടെ നയവും മററൊന്നായിരുന്നില്ലല്ലോ. രാജ്യഭാഗങ്ങരം ഇങ്ങനെ ഓരോകാലത്തു കൈമാറി പൊയ്ക്കൊണ്ടിരുന്നതിൽ ജനങ്ങരംക്ക് ഒരു പങ്കുമുണ്ടായിരുന്നില്ല; ''നെററിയിലെ വിയപ്പു പൊഴിച്ചു കുതിത്തെടുത്ത ഭൂമിയിൽ കൃഷി ചെയ്തു് അവർ ജീവിതം മുമ്പോട്ടു കൊണ്ടുപൊയ്ക്കൊണ്ടിരുന്നു;'' അങ്ങോട്ടുമിങ്ങോട്ടും ഇങ്ങനെയിട്ടു വട്ടുതട്ടപ്പെടാൻ അവരൊട്ടിഷ്ടപ്പെടുന്നുമില്ല. ആധുനികചരിത്രത്തെപ്പററിയുള്ള ഒരു ചീനപാഠപുസ്തകം 1954—ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ ചേത്തിട്ടുള്ള ചൈനായുടെ ഭൂപടത്തിൽ, ബമ്മാ, വിയററ്നാം, കൊറിയാ, തായ്ലൻഡ്, മലയാ, നേപ്പാരം, ഭൂട്ടാൻ, സിക്കിം, സോവിയററ്റഷ്യയുടെ കിഴക്കൻ പ്രദേശങ്ങരം, കിർഗിസ്റ്റാൻെറയും താജിക്കിസ്റ്റാൻെറയും കസാക്സ്റ്റാൻെറയും സഖാലിൻെറയുമൊക്കെ ഏതാനും ഭാഗങ്ങരം, എന്നിവയെല്ലാം ചൈനായുടെ അതിത്തിയിൽപെട്ടുവരുന്ന സ്ഥലങ്ങളായിട്ടാണു രേഖപ്പെടുത്തിയിട്ടുള്ളതെന്നു പറഞ്ഞുവച്ചശേഷം, ഇന്നത്തെ ദേശീയാതിത്തികളിൽ വല്ലമാററവും വരുത്താനുദ്യമിക്കുന്നവർ—അതാരുതന്നെയായാലും—വളരെ ഗൗരവമുള്ള പ്രത്യാഘാതങ്ങളെ നേരിടാൻ തയ്യാറായിരുന്നുകൊള്ളണമെന്നു് ഉറച്ച സ്വരത്തിലൊരു താക്കീതും 'പ്രാവ്ദാ' നൽകിയിട്ടുണ്ടു്.

മൗവിൻെറ കടിയെക്കാരം അസഹ്യം കുരയാണെന്നഭിപ്രായമുള്ള ചിലരുണ്ടു്. 'പേടിയട്ടി'ൻെറയും 'ലിങ്കി'ൻെറയും ഇവിടത്തെ ലേഖകനായ ഉണ്ണികൃഷ്ണൻ ഞങ്ങരംക്കു മലയാളിമട്ടിൽ ഒന്നാന്തരമൊരു മുത്താഴസദ്യ നല്കി. അതുപോലെതന്നെ രസംപിടിച്ച ഒരു മലയാളി അത്താഴസദ്യ എൻ. ബി. മേനോൻെറ വകയായിട്ടുമുണ്ടായി. എൻെറ പ്രൈവററ് സെക്രട്ടറിയായിരുന്ന കെ. പി. പി. പിള്ളയെപ്പോലെതന്നെ ഉത്സാഹത്തോടും സന്തോഷത്തോടുംകൂടെ, അത്രതന്നെ കാലമായിട്ടു്, ടിക്കി കൗളിൻെറ പ്രൈവററ് സെക്രട്ടറിയായി ജോലിനോക്കുന്നാളാണു

UNIVERSITY LIBRARY

മേനോൻ. ഉണ്ണിക്കൃഷ്ണന്റെ സൽക്കാരവേളയിൽ മോസ്കോവിലെ സിലോണീസ് അംബാസഡറുമായി കൂടിക്കാണാൻ അവസരമുണ്ടായി, ഞങ്ങൾക്ക്. യുദ്ധമുണ്ടാവില്ലെന്ന നിഗമനത്തിലാണു ചൈനാക്കാർ മുമ്പോട്ടുപോകുന്നത് എന്ന അഭിപ്രായമാണ് അദ്ദേഹത്തിനുള്ളത്. അടുത്തകാലത്തു സിലോൺ സന്ദർശിച്ചിരുന്ന ചൂ എൻ ലൈ ലോകത്തിന്റെ തല്ക്കാലനിലയെ വിശകലനംചെയ്തുകൊണ്ട് അഭിപ്രായപ്പെട്ടപോൾ: സോവിയററ് റഷ്യാ മുൻകൈയെടുത്തു യുദ്ധം ക്ഷണിച്ചുവരുത്തില്ല; ലോകത്തിലെ രാജ്യങ്ങളുടെ താരതമ്യേനയുള്ള ശക്തിപരിഗണനയും പരസ്പരബന്ധങ്ങളുടെ നിലയുമൊക്കെ വച്ചു നോക്കുമ്പോൾ അമേരിക്കയ്ക്ക് ഒരു യുദ്ധത്തിലേക്കു എടുത്തുചാടാനാവില്ല; ജർമ്മനിക്ക് ഒരുവേള ആവാമെന്നിരിക്കിലും ഒരു യുദ്ധത്തിലേപ്പെടാൻപോന്ന സന്നാഹമൊന്നും അവരുടെ കൈയിലില്ല.

താൻ സോവിയററ് യൂണിയന്നെതിരായി ഒരു ലേഖനയുദ്ധം നടത്തുന്നതായി ആരോപണമുയന്നിട്ടുണ്ടെന്നു മൌതന്നെ ഈ ആഴ്ചയിൽ പ്രസ്താവിക്കയുണ്ടായി. തനിക്കെന്തുകൊണ്ടതു ചെയ്തുകൂടാ? ചൈനാക്കാർ യുദ്ധം ചെയ്തിട്ടുള്ളവരാണ്—ആയുധമുപയോഗിച്ചുള്ള ശരിയുദ്ധംതന്നെ. 22 കൊല്ലം ജപ്പാന്നെതിരായും 3 കൊല്ലം കൊറിയായിലുമായിട്ട് 25 കൊല്ലക്കാലം അങ്ങനെ യുദ്ധം ചെയ്തു. ഇനിയൊരു 25 കൊല്ലക്കാലം ലേഖനയുദ്ധത്തിൽ ചെലവഴിക്കാനും തയ്യാറാണു ചൈനാ. ഈ യുദ്ധം ഒരു മൂന്നുവഷ്ത്തേക്കു നിത്തിവച്ചാൽ കൊള്ളാമെന്നുള്ള സൂചന റഷ്യയിൽനിന്നുണ്ടായിട്ടുണ്ടെങ്കിലും 3 ദിവസത്തേക്കുപോലും അതിൽ മുടക്കം വരുത്താൻ തങ്ങൾ തയ്യാറില്ല. ഏതായാലും ലേഖനയുദ്ധത്തിൽ ആക്കും മരണമേപ്പെടില്ലല്ലോ എന്നാണു മൌ പറയുന്നത്.

പക്ഷേ, ഇൻഡ്യയുടെ ഉത്തരാതിത്തിയിലും ടിബെററിലും ആളുകൾ കൊല്ലപ്പെട്ടു; വിയററ്നാമിൽ കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിൽനിന്നു വ്യക്തമാകുന്നത്, തങ്ങൾക്കു വലിയ അപകടഭീതികൂടാതെ ചെയ്യാവുന്ന സ്ഥലത്തും സമയത്തുമാണെങ്കിൽ ലേഖനയുദ്ധംതന്നെ

സായുധയുദ്ധമായി പരിവത്ത്നപ്പെടുത്താൻ ചൈനാ മടി ക്കില്ലെന്നാണ്. നമ്മുടെ പ്രതിരോധമന്ത്രി ചവാൻ സോവിയററ്യൂണിയനിൽ സന്ദശ്നംനടത്തി വിവിധ ഇനം പ്രതിരോധോപകരണങ്ങഠം വിലയ്ക്കുവാങ്ങുന്നതു സംബന്ധിച്ചു സോവിയററ് അധികൃതരുമായി പ്രയോജനകരമായ ചച്ച്കളിലേപ്പെ്ടേണ്ടിവന്നതിൻെറ കാരണവും അതുതന്നെ.

## 7 ക്രൈമിയാ

*മിസ്ഖോർ, സെപ്തംബർ, 10*

അനുജി പറയുന്നതു് അവഠംക്കും എനിക്കും കരിങ്കടലുമായി മുജ്ജന്മബന്ധം വല്ലതുമുണ്ടായിരിക്കണമെന്നാണ്. ഞങ്ങഠം ഈ പ്രദേശത്തു വരുന്നതു് ഇതിപ്പോഠം പന്ത്രണ്ടാം പ്രാവശ്യമാണ്. സോവിയററ്യൂണിയനിൽ ഒരു സ്വകാര്യസന്ദശ്നത്തിനെത്തിയിരുന്ന ഇന്ദിരാഗാന്ധിയോടൊപ്പം 1953–ലെ ഗ്രീഷ്മകാലത്താണു ഞങ്ങഠം ആദ്യം ഈ പ്രദേശത്തു വന്നതു്. അന്നു സോച്ചിയിലാണു ഞങ്ങഠം പോയിരുന്നതു്. അതിനുശേഷം വൈദ്യോപദേശമാദരിച്ചു തുടച്ച്യായി മൂന്നുകൊല്ലം ഓരോമാസംവീതം ഞാൻ സോച്ചിയിൽപോയി പാത്ത്തിരുന്നു. 1955–ൽ ജവഹർലാൽ നെഹ്രുവിനെ അനുഗമിക്കുമ്പോഴാണു ഞാൻ ആദ്യം ക്രൈമിയാ സന്ദശിച്ചതു്. 1957–ൽ ക്രൈമിയായുടെ തലസ്ഥാനമായ യാഠംട്ടായിലേക്കു് ഒരു നെടുങ്കൻ മോട്ടോർയാത്ര നടത്തി, ഞങ്ങഠം. ആ യാത്രയിൽ ഞങ്ങളോടൊപ്പമുണ്ടായിരുന്ന നമ്മുടെ മിലിററി അററാഷേ, ബ്രിഗേഡിയർ നാനാവതി, കാശ്മീരിൽവച്ചുണ്ടായ ഒരു ഹെലിക്കോപ്ററർ അപകടത്തിൽപ്പെട്ടു നിർഭാഗ്യവശാൽ കഴിഞ്ഞ കൊല്ലം മരിച്ചുപോയി. 1958 മുതൽ പിന്നെയും ഞാൻ വൈദ്യോപദേശം മാനിച്ചു്, മിക്കവാറും എല്ലാവഷ്വും, ക്രൈമിയായിലെത്തി ഒരുമാസംവീതം അവിടെ താമസിക്കാറുണ്ടായിരുന്നു.

''ചേരതിന്നുന്ന നാട്ടിൽ ചേരയുടെ നടുമുറി'' എന്ന പഴമൊഴിയെ മാനിച്ചു ജീവിക്കാൻ ഞാൻ എപ്പോഴും ശ്രമിച്ചിട്ടുണ്ട്. ക്രൂഷ്ചോവ്മുതൽ താഴോട്ട് അതിന്നു നിവൃത്തിയുള്ള സർവ്വ‌റഷ്യക്കാരും—നിവൃത്തിയില്ലാത്തവരും പലർ—വർഷംതോറും ഒരുമാസത്തെ അവധിയെടുത്ത് രാജ്യത്തിൻെറ വിവിധഭാഗങ്ങളിലായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ശതക്കണക്കിൽ സുഖചികിത്സാകേന്ദ്രങ്ങളിലേതെങ്കിലുമൊന്നിലെത്തി സുഖവാസമനുഷ്ഠിക്കുക പതിവാണ്. ഈ സുഖചികിത്സാകേന്ദ്രങ്ങരം സ്ഥാപിച്ചിട്ടുള്ളതു്, കരിങ്കടലിൻെറയോ ബാാംട്ടിക്കിൻെറയോ തീരം, കാക്കസസ് അല്ലെങ്കിൽ യൂറാൽപർവ്വതനിരകരം, സൈബീരിയായിലെ ബൈക്കാരം തടാകത്തിൻെറയോ ആർമ്മീനിയായിലെ സെവാൻ തടാകത്തിൻെറയോ തീരം അല്ലെങ്കിൽ മോസ്കോയെയും ലെനിൻഗ്രാഡിനെയും ചുററിയുള്ള വനപ്രദേശങ്ങരം തുടങ്ങി ആരോഗ്യസന്ദായകമായ വായുവും കാലാവസ്ഥയുംകൊണ്ട് അനുഗൃഹീതമായ പ്രദേശങ്ങളിലാണ്. ആവശ്യത്തിനുള്ള ഡോക്ടറന്മാരും നഴ്സുകളും വൈദ്യശാസ്ത്രസംബന്ധിയായ ഉപകരണങ്ങളുമൊക്കെ എല്ലാ സുഖചികിത്സാകേന്ദ്രങ്ങളിലുമുണ്ട്. ആരോഗ്യമുള്ളവക്കോ ചെറുപ്പക്കാക്കോ ഒക്കെയാണെങ്കിൽ നീന്തിയോ, വള്ളം കളിച്ചോ, മലകയറിയോ, വെറുതെ ചുററിയടിച്ചു നടന്നോ, ടെന്നിസ്, വോളിബോരം തുടങ്ങിയ കളികളിലേപ്പെട്ടോ നേരംപോക്കാം. റഷ്യാക്കാർ പൊതുവേ—ആഫീസിലിരുന്നു വസ്ത്രമുടയാത്തതരം പണികളിലേപ്പെട്ടിരിക്കുന്നവരായാലും ഫാക്ടറികളിലും മററുമുള്ള കായികപ്രയത്നത്തിലേപ്പെട്ടുന്നവരായാലും—നല്ലപോലെ ക്ലേശിച്ചു പണിയെടുക്കുന്ന കൂട്ടരാണ്. എങ്കിലും വല്ലതുമൊരു നിവൃത്തിയുണ്ടെങ്കിൽ, ഇങ്ങനെ ഒരു മാസത്തേ വിശ്രമസുഖമനുഭവിക്കാനുള്ള അവസരം അവർ പാഴാക്കിക്കളയില്ല. ക്രൂഷ്ചോവിനെപ്പോലുള്ള ആളുകരം വളരെയധികം ക്ലേശിച്ചു പണിയെടുത്തശേഷം ആണ്ടിൽ ഒന്നോ രണ്ടോ മാസത്തേക്കു വല്ല സുഖചികിത്സാകേന്ദ്രത്തിലേക്കോ സുഖവാസഗേഹത്തിലേക്കോ അപ്രത്യക്ഷമായ

ശേഷം കൂടുതൽ ഊർജ്ജസ്വലതയോടും ആരോഗ്യത്തോടും കൂടി അവരുടെ കർമ്മരംഗത്തേക്കു മടങ്ങിയെത്തുന്ന സമ്പ്ര ദായത്തെപ്പററിയൊക്കെ എത്ര പ്രാവശ്യം ഞാൻ ജവഹർ ലാൽ നെഹ്റുവിനോടു പറഞ്ഞതാണ്! അതുപോലെ അദ്ദേഹവും ഇടയ്ക്കു കുറേദിവസംവീതം വേലയിൽനിന്ന് വിട്ടുനിന്നു വിശ്രമിക്കേണ്ടതാണെന്നു സൂചിപ്പിക്കയും ചെയ്തിരുന്നു. ''ഓ, ശുദ്ധമഠയത്തരം!'' അദ്ദേഹം പറയും, ''എനിക്കു് അത്തരം സുഖവാസത്തിൻെറയൊന്നുമാവശ്യ മില്ല.'' ഈശ്വരാനുഗ്രഹത്താൽ ദത്തമായിരുന്ന അരോഗ വും കരുത്തുററതുമായ തൻെറ ഗാത്രത്തെ, കുതിരസ്സവാരി ചെയ്തും പർവ്വതാരോഹണത്തിലേർപ്പെട്ടും യോഗാഭ്യാസം കൊണ്ടുമൊക്കെ ആദ്യകാലങ്ങളിൽ അന്യൂനമായി പരി രക്ഷിച്ചിരുന്ന അദ്ദേഹം, കർത്തവ്യനിർവ്വഹണവ്യഗ്രത യാൽ തന്നെത്തന്നെ മറന്നു ദിവസം പതിനാറു മണിക്കൂർ വീതവുംമററും പണിയെടുക്കുകയാൽ, പരിക്ഷീണനായി, തകർന്നു്, ഇപ്പോഴിതാ നമുക്കു നഷ്ടപ്പെട്ടിരിക്കുന്നു.

ഡോക്ടറന്മാരെപ്പറ്റി എക്കാലവും വലിയ ബഹുമാന മാണു് എനിക്കുണ്ടായിരുന്നിട്ടുള്ളതു്. എന്റെ ഡോക്ടർ ഉപ ദേശിച്ചതനുസരിച്ചാണു് 1953–ൽ ഞാൻ കരിങ്കടൽ തീര ത്തേക്കു പോയിരുന്നതു്. 1954–ൽ ഞാൻ 12,000 അടി ഉയരത്തിലുള്ള പാമീർപീഠഭൂമിയിലൂടെ കുതിരപ്പുറത്തു സഞ്ചരിച്ചുകൊണ്ടിരിക്കെ, പെട്ടെന്നു് എൻെറ മുതുകിൽ കുത്തിപ്പറിക്കുംമാതിരിയുള്ള കലശലായ വേദന അനുഭവ പ്പെട്ടു. എൻെറ നട്ടെല്ലു മുറിഞ്ഞുപോയോ എന്നുപോലും സംശയം തോന്നിപ്പോയി. കുറേ ദിവസത്തേക്കു ഞാൻ ശയ്യാവലംബിയായി കഴിയേണ്ടിവന്നു. തുടർന്നുവന്ന കൊ ല്ലങ്ങളിൽ ഈ വേദന എന്നെ ഇടയ്ക്കിടയ്ക്കു് അലട്ടിക്കൊ ണ്ടിരുന്നു. ചിലപ്പോഴൊക്കെ വേദന അസഹ്യമാംവിധം കലശലായിരുന്നുതാനും. ഈ വേദനയുടെ ആക്രമണമുണ്ടാ കുമ്പോഴൊക്കെ രണ്ടാഴ്ചയിൽ കുറയാത്ത കാലത്തേക്കു ഞാൻ കിടപ്പിലാവും. നട്ടെല്ലിൻെറ ഒരു ഡിസ്ക്ക് തെന്നി മാറുന്നതാണു് എൻെറ തകരാറെന്നു നിർണ്ണയിക്കപ്പെട്ടു. അതി നുവേണ്ടി ഡൽഹിയിലും ബോംബേയിലുംവച്ചു ചികി

ത്സ നടത്തിനോക്കി; ലണ്ടനിലെ ഹാമർസ്മിത്ത് ആശുപത്രിയിൽ ഒരു മാസം താമസിച്ചു ചികിത്സിച്ചു; ഹേഗിൽ ഡോക്ടറന്മാർ എന്നെ മുപ്പതു ദിവസം ഒരു ഫ്ളാറ്റ്ബെഡ്ഡിൽ കിടത്തി ചികിത്സിച്ചുനോക്കിയശേഷം ഒടുവിൽ ഒരു ശസ്ത്രക്രിയകൊണ്ടേ രോഗം ഭേദമാകൂ എന്നഭിപ്രായപ്പെട്ടു; സ്റ്റാലിന്റെ ശവസംസ്കാരച്ചടങ്ങിൽ സംബന്ധിക്കാൻ എന്നെ അപ്രാപ്തനാക്കുമാറ് അദ്ദേഹം മരിച്ചഘട്ടത്തിലും ആ വേദന എന്നെ കടന്നാക്രമിച്ചു. പലതും ചെയ്തുനോക്കി. ഒരു ഗുണവുമില്ല. വേദന വർദ്ധിച്ചു വർദ്ധിച്ചു വന്നുവെന്നുമാത്രമല്ല, അതിന്റെ ആക്രമണം കൂടെക്കൂടെ അനുഭവപ്പെട്ടുതുടങ്ങുകയുംചെയ്തു. ആകെക്കൂടെ ഒരു മാറാരോഗത്തിന്റെ ലക്ഷണം. എന്റെ ശരീരം കൂനിത്തുടങ്ങി. ഒരു കാലിനു മററതിനേക്കാൾ നീളം ചുരുങ്ങിക്കൊണ്ടുവന്നതിനാൽ കാലുറ തൈക്കുമ്പോൾ അതിനനുസരിച്ചു ക്രമീകരണം ചെയ്യേണ്ടിവന്നു. ഈ സന്ദർഭത്തിലാണു് ഞാൻ റഷ്യൻഡാക്ടറന്മാരെ അഭയംപ്രാപിച്ചതു്.

പ്രത്യേകപരിശീലനം നേടിയിട്ടുള്ള ഒരു സംഘം ഡോക്ടറന്മാർ എന്നെ വിശദമായി പരിശോധിച്ചശേഷം കരിങ്കടൽത്തീരത്തേ സോച്ചിയിലുള്ള ഒരു സുഖചികിത്സാകേന്ദ്രത്തിൽ പോയി പാക്കണമെന്നു് ഐകകണ്ഠ്യേന ശുപാശ്ചെയ്തു. റോമാചക്രവത്തിമാരുടെ കാലം മുതൽ ഔഷധഗുണത്തിനു കേൾവിപ്പെട്ടിരുന്നതെങ്കിലും വിപ്ലവകാലംവരെ ശരിയായി ചൂഷണംചെയ്യപ്പെടാതെ കിടന്നിരുന്ന അവിടത്തേ ഗന്ധകസ്രോതസ്സുകളിൽ ശ്രദ്ധാപൂർവ്വം ക്രമീകൃതമായ പദ്ധതിയനുസരിച്ചു സ്നാനം ചെയ്യുകയാണു് ചികിത്സയുടെ മുഖ്യഭാഗം. ക്രമം തെററിച്ചും അശ്രദ്ധമായും അവിടെ സ്നാനം നടത്തുന്നതു ചിലപ്പോൾ മരണത്തിനു കാരണമായെന്നു വരാം. ഒരു മാസത്തേ ക്രമമായ ചികിത്സ കഴിഞ്ഞപ്പോൾ എനിക്കു് ആകെപ്പാടെ മാററം വന്നുകഴിഞ്ഞു; എന്റെ വേദന മാറി; കൂനു നിവന്നു; കാലുകളുടെ ഏററക്കുറച്ചിൽ മാറിക്കിട്ടുകയാൽ കാലുറകൾക്കു പിന്നെയും മാററം വരുത്തണമെന്നായി. ഈ ചികിത്സയുടെ ഗുണം ശാശ്വതമായി നിലനില്ക്കുന്നതിനു് തുടച്ച്

യായി രണ്ടു കൊല്ലംകൂടെ ഈ പരിപാടി ആവർത്തിക്കേണ്ടിവരുമെന്നു ഡോക്ടറന്മാർ എനിക്കു മുന്നറിയിപ്പു തന്നിരുന്നു. ആ ഉപദേശം ഞാൻ അനുസരിക്കയുംചെയ്തു. 1944 മുതൽ 1953 വരെ എന്നെ നരകയാതന അനുഭവിപ്പിച്ചിരുന്ന ആ മുതുകുവേദന പിന്നീടുണ്ടായിട്ടില്ലതാനും.

1956 ആയപ്പോഴേക്കു് ശരീരത്തിൻെറ മററൊരുഭാഗത്തിനേപ്പെട്ട കേടു് എന്നെ വിഷമിപ്പിച്ചുതുടങ്ങിയിരുന്നു. 1958–ലും തുടർന്നുള്ള വർഷങ്ങളിലും ഞാൻ ക്രൈമിയായിൽ സന്ദർശനം നടത്തിക്കൊണ്ടിരുന്നതു് ആ രോഗത്തിൽനിന്നു മോചനംകിട്ടാൻവേണ്ടിയാണു്. 1956–ൽ ഹംഗറിയിൽ വിപ്ലവം നടന്നുകൊണ്ടിരുന്നകാലത്തു് എനിക്കു കലശലായ ന്യൂമോണിയാ പിടിപെട്ടു. പനിവിട്ട ഉടനേ വൈദ്യോപദേശത്തിനു വഴങ്ങാതെ ഞാൻ ബുദാപ്പെസ്റ്റിലേക്കു യാത്രചെയ്യുകയും, അതിൻെറ ഫലമായി വീണ്ടും പനി പിടിപെടുകയും ചെയ്തു. 1957–ലും എനിക്കു് ഒന്നുരണ്ടു തവണ ഇൻഫ്ളുവൻസായുടെ ആക്രമണംമൂലം കിടക്കയെ ആശ്രയിക്കേണ്ടിവന്നു. വിട്ടുമാറാതെ നെഞ്ചിൽ ലേശം നീക്കേട്ടു കിടന്നിരുന്നതുമൂലം ഇടവിട്ടിടവിട്ടു് ഒരു ചുമ, മാറാരോഗംപോലെ വന്നുകൂടി. എൻെറ ശ്വാസകോശങ്ങളുടെ ആയാമ്യത്തിന്നു തകരാറു സംഭവിച്ചിരിക്കയാൽ ഈ ചുമ ജീവിതകാലമത്രയും എൻെറ സന്തതസഹചാരിയായിത്തുടരാനാണു സാദ്ധ്യതയെന്നും വ്യത്യസ്തസ്വഭാവമുള്ള വായു ശ്വസിക്കാൻ കഴിയുന്ന വല്ല സ്ഥലത്തുംപോയി താമസിച്ചാൽ മാത്രമാണു് ഈ സ്ഥിതിയിൽനിന്നു് ആശാവഹമായ വല്ല മാററവും പ്രതീക്ഷിക്കാവുന്നതെന്നും ആശുപത്രിയിലെ ഡോക്ടറന്മാർ വിധികല്പിച്ചു; ക്രൈമിയായിലെ ഒരു സുഖചികിത്സാകേന്ദ്രത്തിൽ രണ്ടുമാസം പോയി താമസിക്കാൻ ഉപദേശിക്കയും ചെയ്തു. ക്രൈമിയായിലെ ആരോഗ്യപ്രദമായ അന്തരീക്ഷം അത്ഭുതകരമായ ഫലമരുളുകതന്നെ ചെയ്തു; എൻെറ ശ്വാസകോശത്തിലെ തഴമ്പു് ഏതാണ്ടു പൂർണ്ണമായിത്തന്നെ അപ്രത്യക്ഷമായിരിക്കുന്നു.

1960–ൽ ഗ്രോമിക്കോയുടെ അതിഥിയായി 'നിദ്സ്നിയാ ഓറിയാന്ദോ' എന്നു പേരുള്ള ഒരു സുഖചികിത്സാ

കേന്ദ്രത്തിൽ ഒരുപ്രാവശ്യം പോയി പാർത്തിട്ടുള്ളതൊഴി ച്ചാൽ എപ്പോഴുംതന്നെ മിസ്ഘോറിലെ 'ഉക്രേൻ' എന്നു പേരുള്ള ഈ സുഖചികിത്സാലയത്തിലാണു ഞാൻ പാർത്തിട്ടുള്ളതു്. സ്റ്റാലിനു വളരെ ഇഷ്ടപ്പെട്ട ഒരു വാസ്തുശില്പ മാതൃക പിടിച്ചാണു് ഇതു പണിതീർത്തിട്ടുള്ളതു്. അമ്പരപ്പും അത്ഭുതവും ഉല്പാദിപ്പിക്കാൻതക്കവിധം പ്രതാപയുക്തവും ഉത്തുംഗവും വിശാലവുമായ മന്ദിരവും, അതിൻെറ മുകാംഭാഗത്തു് കടൽതാണ്ടിപ്പോകുന്ന കപ്പലുകളെ മാടിവിളിക്കുന്ന, കൽച്ചുണ്ണാമ്പിൽ തീർത്ത, വലിയൊരു സ്ത്രീരൂപവും. 1955-ൽ ജവഹർലാൽ നെഹ്റു ഇവിടെ സന്ദർശനം നടത്തിയിരുന്നപ്പോഠം ഞാനും കൂടെയുണ്ടായിരുന്നു. അക്കാലത്തിന്നുശേഷം വലിയ മാററങ്ങഠം പലതും വന്നിരിക്കുന്നു. അന്നു് ഈ മന്ദിരംനില്ക്കുന്ന പ്രദേശം ഊഷരവും നിരുന്മേഷവുമായിരുന്നു; പല തട്ടുകളായി കടൽത്തീരംവരെ താണുതാണു പോയിരുന്ന ഭൂമി ആയിടെ നിരപ്പു വരുത്തിയിരുന്നതേയുള്ളു; പാതകഠം പണിതീൎന്നു വരുന്നതേയുണ്ടായിരുന്നുള്ളു; മരങ്ങഠം നട്ടുപിടിപ്പിക്കാനുള്ള ആരംഭമായിട്ടേയുണ്ടായിരുന്നുള്ളു. ഇപ്പോഴാകട്ടെ, മരങ്ങളെല്ലാം വളൎന്നുയൎന്നിരിക്കുന്നു; പണികളെല്ലാം പൂർത്തിയായിരിക്കുന്നു.

സുഖവാസകേന്ദ്രത്തിന്നുള്ളിലേ സൗകര്യങ്ങളും ആണ്ടോടാണ്ടു വൎദ്ധിപ്പിച്ചുകൊണ്ടാണു വരുന്നതു്. കഴിഞ്ഞ കൊല്ലം തുറസ്സായ ഒരു തിയേററർ പണിതീർത്തിട്ടുണ്ടു്. കടലിലേക്കു് ഒരു റോപ്‌വേ തീൎക്കുന്ന കാര്യം പരിഗണനയിലിരിക്കുന്നു. ഇതൊരു വലിയ അനുഗ്രഹമായിരിക്കും— പ്രത്യേകിച്ചു്, എനിക്കും എന്നേപ്പോലുള്ളവൎക്കും. മുമ്പിവിടെ വന്നിട്ടുള്ള കാലങ്ങളിൽ എന്നേ ഏററവുമധികം ആനന്ദിപ്പിച്ചിരുന്നതു്, കടൽക്കരയിൽപോയിരുന്നു കടലിൻെറ മാറിമാറിവരുന്ന ഭാവവ്യത്യാസങ്ങഠം ശ്രദ്ധിച്ചു കഴിച്ചുകൂട്ടുന്നതാണു്. ഇതു ഞാൻ എൻെറ 'റഷ്യൻപനോരാമ' എന്ന പുസ്തകത്തിൽ എടുത്തുപറഞ്ഞിട്ടുണ്ടു്. ഇപ്പോഴാകട്ടെ, എനിക്കു് എൻെറ ഒടിഞ്ഞകാലും വച്ചുകൊണ്ടു് ഇവിടത്തെ ദുൎഗ്ഗമപാതകളിൽ നടന്നും നിരപ്പല്ലാത്ത പടികഠം ചവുട്ടിയിറങ്ങിയും കടൽവരെ ചെന്നെത്തുക

പ്രയാസമായിരിക്കുന്നു. തന്റെ പ്രേമപാത്രമായ കാമിനിയോട്ട് ഏറെയടുത്തുചെല്ലാൻ അധൈര്യപ്പെടുന്ന ഭീരുവായ കാമുകനെപ്പോലെ സമുദ്രത്തിൽനിന്നു വളരെയകലെ മലമുകളിൽ പല സ്ഥാനത്തു ചെന്നുനിന്നുകൊണ്ടു് അവളെ ഉററുനോക്കുകമാത്രമേ എനിക്കിപ്പോഠം സാദ്ധ്യമായിട്ടുള്ളു. അകലെനിന്നുള്ള കാഴ്ചയിൽപ്പോലുമുണ്ടു്, സമുദ്രത്തിന്നു് ഒരു വശ്യസൗന്ദര്യം. ചിലയവസരങ്ങളിൽ കരിങ്കടൽ അവളുടെ പേരു് അന്വത്ഥമാക്കുമാറു് ഇരുണ്ടും ദുർമ്മുഖിയായും കാണപ്പെടും; ചിലപ്പോഠം വാക്കുകഠംകൊണ്ടു പ്രകടിപ്പിക്കാനാവാത്ത ഏതോ വികാരത്തള്ളലാലെന്നപോലെ അവളുടെ മാറിടം ഉയൎന്നുവരുന്നതു കാണാം. ചിലപ്പോഠം ഒരു വായാടിപ്പെണ്ണിനെപ്പോലെ ഉത്സാഹപൂർണ്ണയായിരിക്കും; മററുചിലപ്പോഠം, ലക്ഷോപലക്ഷം നാക്കുകഠം നീട്ടി മനുഷ്യവൎഗ്ഗത്തെ അടച്ചു ശകാരിക്കയായിരിക്കും. ഇന്നു് അവഠം കരയിലേക്കടിച്ചുകയറുന്നതിന്റെ മട്ടുകണ്ടാൽ, വായിൽനിന്നു നുരയും പതയും വമിക്കുന്ന സ്വവാജിമേൽ ആരോഹിതയായ ഝാൻസിറാണി മുമ്പോട്ടു വീറോടെ കുതിക്കയാണെന്നു തോന്നിപ്പോകും.

സുഖചികിത്സാകേന്ദ്രത്തിലെ ജോലിക്കാർ ചിലരൊക്കെ മാറിയിട്ടുണ്ടു്. എങ്കിലും, ആ സ്ഥാപനത്തിന്റെ മാതൃകയുണ്ടാക്കുന്നതിന്റെയും പണിനടത്തിക്കുന്നതിന്റെയുമെല്ലാം ചുമതലവഹിച്ചിരുന്ന അതിന്റെ ഡയറക്റ്റർ വാസിലി സ്റ്റെവാനോവിച്ച് സൂഷ്ചെങ്കോ ഭാഗ്യവശാൽ ഇപ്പോഴും ഇവിടെത്തന്നെ തുടരുന്നുണ്ടു്; അടുത്തകാലത്തു കഠിനമായ രോഗബാധയുണ്ടായതിനാൽ അധികം പണിയെടുത്തുകൂടാ അദ്ദേഹത്തിനെന്നുമാത്രം. മുൻസന്ദൎശനവേളകളിൽ വളരെയേറെ താല്പര്യത്തോടെ ഞങ്ങളെ ശുശ്രൂഷിച്ചിരുന്ന ഡാക്ടർ ഫ്ളോറാ ഐവനോവ്നാ, യാഠംട്ടായിലെ 'റഷ്യാ' എന്ന പേരായ മറെറാരുസുഖചികിത്സാകേന്ദ്രത്തിലേക്കു മാറിപ്പോയി; എങ്കിലും ഞങ്ങളെക്കണ്ടു സംസാരിക്കാൻ അവരിവിടെയെത്തിയിരുന്നു. അവരെപ്പോലെതന്നെ കാരുണ്യശാലിനിയായ ഇലീനായൂറേവ്നാ എന്ന മറെറാരു ഡാക്ടറാണു് ഇപ്പോഠം ഞങ്ങ-

ളുടെ ശുശ്രൂഷയ്ക്കു ചുമതലക്കാരി. കായികവിനോദങ്ങളും പലതരം കളികളും ഉല്ലാസസഞ്ചാരപരിപാടികളുമൊക്കെ കേന്ദ്രത്തിൽ ചികിത്സയിലിരിക്കുന്നവർക്കുവേണ്ടി വലിയ ഉത്സാഹപ്രകർഷത്തോടുകൂടി ഏർപ്പാടുചെയ്യാറുണ്ടായിരുന്ന ഞങ്ങളുടെ പഴയ സാംസ്കാരികകാര്യദർശി (Kulturnik) റൈനിക്ക്—കഷ്ടമെന്നേ പറയേണ്ടൂ—മരിച്ചുപോയിരിക്കുന്നു. ഞങ്ങൾക്കേററവും ഇഷ്ടപ്പെട്ട തിരുമ്മുകാരി ഗാലിയാ, ഒരു പട്ടാളഉദ്യോഗസ്ഥൻെറ ഭാര്യാപദം സ്വീകരിച്ച് ഇപ്പോൾ പൂർവ്വജർമ്മനിയിൽ താമസമാണ്. അവിടെ പണിയൊന്നുമില്ലാത്തതുകൊണ്ടു തനിക്കു വളരെ മുഷിച്ചിലനുഭവപ്പെടുന്നു എന്നു പരാതിപ്പെട്ടുകൊണ്ട് അവൾ ഇവിടെയുള്ള 'സിസ്റ്റർ'മാർക്കു കത്തയയ്ക്കാറുണ്ട്. പ്രതിദിനം ശരാശരി രണ്ടുഡസൻ ആളുകളെവരെ തിരുമ്മാനുണ്ടായിരുന്നതിനാൽ, ഇവിടെ അവൾക്കു പണിയില്ലായ്മയെച്ചൊല്ലി ഖേദിക്കേണ്ടിവന്നിരിക്കില്ല. 'റബോത്താ' അഥവാ പണി എന്നതു്, റഷ്യൻ പുരുഷന്മാരെയും സ്ത്രീകളെയും സംബന്ധിച്ചിടത്തോളം, മാന്ത്രികപ്രഭാവമുള്ള ഒരു പദമാണ്; പണിയുടെ കൂടുതലല്ല, കുറവാണ്, അവർക്കു മനഃക്ലേശമുണ്ടാക്കുന്നതു്. സിപ്രിയോട്ടുകളുടെ ഒരാപ്തവാക്യത്തിൽ പറയുമ്പോലെ, ''പണിയെടുക്കുക ക്ലേശകരമാണ്; പക്ഷേ, പണിയില്ലായ്മ അതിനെക്കാൾ ദുസ്സഹമാണ്.'' ഒലീചക്കാ—ഞങ്ങൾക്കു വേലക്കാരിയും, ദ്വിഭാഷിയും, തുന്നൽക്കാരിയും, സുഹൃത്തും, പ്രൈവററ് സെക്രട്ടറിയും, എന്നുവേണ്ട, സർവ്വസ്വവുമായിരുന്നു, ഉന്മേഷവതിയും വായാടിയുമായ ആ തെറിച്ച പെണ്ണ്—ഇപ്പോഴും ഇവിടെത്തന്നെ ജോലിയിലുണ്ടെന്നു കണ്ടതു സന്തോഷമായി. 1961–ലെ 'സ്റ്റേററ്സ്മാൻ' റിപ്പബ്ലിക് ദിനപ്പതിപ്പിലെഴുതിയ ഒരു ലേഖനത്തിലൂടെ അവളെ ഞാൻ അനശ്വരയാക്കിയിട്ടുണ്ട്.

*മിസ്ഖോർ, സെപ്തംബർ, 13*

സുഖചികിത്സാകേന്ദ്രത്തിലെ നടപടിക്രമമനുസരിച്ചുള്ള ജീവിതം മുറയ്ക്കാരംഭിച്ചിരിക്കുന്നു. രാവിലേമുതൽ

പാതിരാവരെ ഘടികാരത്തിൻെറ കണിശത്തോടെ അതൊക്കെ നടന്നുകൊണ്ടിരിക്കും. എട്ടുമണിക്ക് ഒരു വ്യായാമാദ്ധ്യാപികയുടെ നിർദ്ദേശമനുസരിച്ച് അന്തേവാസികളെല്ലാവരും ചില വ്യായാമമുറകൾ പരിശീലിക്കണം. ഒമ്പതുമണിക്കു രാവിലേയുള്ള ഭക്ഷണം. പത്തുമുതൽ രണ്ടുമണിവരെയുള്ള സമയത്താണ് ഡോക്ടറന്മാർക്കും നഴ്സുകൾക്കും അവിശ്രമമായ പണി. എല്ലാ ഇനത്തിലുംപെട്ട ചികിത്സകൾ—ഫിസിയോതെരപ്പി (തിരുമ്മ്, ശുദ്ധവായു, വൈദ്യുതി തുടങ്ങി പ്രകൃതിവിഭവങ്ങളെ ആശ്രയിച്ചുള്ള ചികിത്സ), സ്നാനചികിത്സ (സമുദ്രസ്നാനം, അമ്ലജബാഷ്പസ്നാനം, ചെളിപുരട്ടിക്കുളി തുടങ്ങിയവ), തിരുമ്മുചികിത്സാ, തുടങ്ങിയവ—ഈ സമയം നടന്നുകൊണ്ടിരിക്കും. രണ്ടുമണിക്കു മുത്താഴം. തുടന്നു മൂന്നുമുതൽ അഞ്ചുവരെ തിഖി ചാസ് അഥവാ വിശ്രമം. നിങ്ങൾക്കിഷ്ടമാവട്ടെ അല്ലാതിരിക്കട്ടെ, ആ സമയത്തു വിശ്രമിച്ചുകൊള്ളണമെന്നുള്ളതു നിബ്ബന്ധമാണ്. അതുകൊണ്ടു കേന്ദ്രത്തിലെ അന്തരീക്ഷം ഈ നേരത്തു ശബ്ദരഹിതമായിരിക്കും. അഞ്ചുമണിയായിക്കഴിഞ്ഞാൽ പിന്നെ ടെന്നിസ്, ബാഡ്മിൻ്റൻ തുടങ്ങിയ കളികളിലേപ്പെടാം. ചിലപ്പോൾ, ചരിത്രം, ശുചിത്വം, രാഷ്ട്രീയം തുടങ്ങി വല്ല വിഷയത്തെപ്പററിയും പ്രസംഗങ്ങളുണ്ടായെന്നും വരാം. ഏഴുമണിക്കാണ് അത്താഴം. എട്ടരക്കു തുറസ്സായ നാടകശാലയിൽ നൃത്തമോ, പാട്ടുകച്ചേരിയോ, സിനിമായോ എന്തെങ്കിലുമുണ്ടാവും. പതിനൊന്നുമണിക്ക് ഒരുഗ്ലാസ് യാവൂർട്ട് (പാൽപുളിപ്പിച്ചു നിർമ്മിക്കുന്ന പാനീയം) തരും. തുടന്നു വിളക്കുകൾ അണയ്ക്കുകയായി.

അനുജിയോടും എന്നോടും—പ്രത്യേകിച്ച് എന്നോട്—ഇവിടത്തെ നിയമങ്ങൾ അനുഷ്ഠിക്കുന്നവിഷയത്തിൽ കുറച്ചൊരു സൗജന്യം കാണിക്കുന്നുണ്ട്. കാലുകളുടെ ബലക്ഷയത്തിനു പരിഹാരമായി വൈദ്യുതിചികിത്സയും അമ്ലജബാഷ്പസ്നാനവും തിരുമ്മുമാണ് അവർക്കു നിശ്ചയിച്ചിരിക്കുന്ന ചികിത്സ. എൻെറ ഒടിഞ്ഞ കാലുംവച്ചു കുളിത്തൊട്ടിയിൽ കയറിക്കൂടാൻ എനിക്കു പ്രയാസമുള്ളതു

കൊണ്ടു യൂറോപ്യൻമട്ടിലുള്ള കുളി സാദ്ധ്യമല്ല; അതുകൊണ്ടു് ഷവറിൽനിന്നു കുളിക്കാനേ എനിക്കു പറ്റൂ. വൈദ്യുതീചികിത്സയും എനിക്കാവശ്യമില്ല. എങ്കിലും, വിദഗ്ദ്ധതിരുമ്മുകാരിയായ യാനീനാ എന്നും ഒരു മണിക്കൂർവീതം തിരുമ്മും. തന്റെ ജോലിയിൽ വലിയ ഉത്സാഹക്കാരിയായ അവൾ നിയമേന ഒരു മണിക്കൂർ നേരം നടത്തേണ്ട തിരുമ്മ് ചിലപ്പോൾ ഒന്നര മണിക്കൂറിന്നാക്കി നീട്ടുമ്പോൾ, രാവിലത്തെ ഭക്ഷണത്തിന്റെ സമയം തെറ്റുന്നതിനെച്ചൊല്ലി ഒലീച്ച്ക്കാറ്റ്സ്ക വഴക്കാണു്. ബയലോറഷ്യയിലെ മിൻസ്കിലാണു യാനീനായുടെ വീടു്. മുമ്പൊരിക്കലും മിൻസ്ക് വിട്ടു താമസിച്ചിട്ടില്ലാത്ത അവൾ സമ്മതിക്കുന്നുണ്ടു്, ബയലോറഷ്യയേക്കാൾ എത്രയോ അധികം സുന്ദരവും ആരോഗ്യകരവുമായ നാടാണു ക്രൈമിയാ എന്നു്. എന്നിട്ടും ജനിച്ച മണ്ണിന്റെ അദമ്യമായ ആകർഷണശക്തി, ബയലോ റഷ്യയിലേക്കു മടങ്ങാൻ അവളെ പ്രേരിപ്പിച്ചുകൊണ്ടിരിക്കയാണു്; അവിടെ കലശലായ മഴയും തണുപ്പും, ഇവിടെ തെളിഞ്ഞ സൂര്യപ്രകാശവുമായിരുന്നിട്ടും.

മഴയാരംഭിക്കാൻപോകയാണെന്നു തലേന്നാൾ രാത്രി അവളുടെ അച്ഛൻ അമ്മയോടു പറകയുണ്ടായി, എന്നു് ഒരു ദിവസം രാവിലെ യാനീനാ ഞങ്ങളോടു പറഞ്ഞു. ''പക്ഷേ, നിനക്കു 12 വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചുപോയി എന്നല്ലേ നീ പറഞ്ഞിരുന്നതു്?'' ഞങ്ങൾ ചോദിച്ചു. ''അതു ശരിയാണു്. പക്ഷേ, അച്ഛൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടാണു് അമ്മയോടിതു പറഞ്ഞതു്. അമ്മ അച്ഛനെ സ്വപ്നം കാണുമ്പോഴൊക്കെ മഴ പെയ്യാറുമുണ്ടു്.'' മഴ പെയ്യാൻ പോകുന്നതിന്റെ വല്ലതെങ്കിലുമൊരു ലക്ഷണം കൂടാതെ, സൂര്യപ്രകാശംകൊണ്ടു മോഹനമായ അന്തരീക്ഷത്തോടെയായിരുന്നു ദിനാരംഭമെന്നിരിക്കിലും, അവൾ പറഞ്ഞതുപോലെതന്നെ മഴ പെയ്യുകയുംചെയ്തു!

വളരെ ശാസ്ത്രീയമായ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന ഭക്ഷണമാണു സുഖചികിത്സാകേന്ദ്രത്തിലേതു്.

പന്ത്രണ്ടുതരം ശാരീരികനിലവാരമുള്ളവക്കായി പന്ത്രണ്ടിനം ഭക്ഷണക്രമം നിശ്ചയിച്ചിരിക്കുന്നു. എനിക്കു നിശ്ചയിച്ചിട്ടുള്ളതു് ഒമ്പതാം നമ്പർ ഭക്ഷണക്രമമാണു്—സ്റ്റാർച്ച്(അന്നാംശം)താരതമ്യേന കുറവുള്ളതു്. അനുജിക്കുള്ളതു് പത്താം നമ്പരാണു്—കൊഴുപ്പു ചേരാത്തതു്. പ്രഭാതഭക്ഷണമായാലും മുത്താഴമായാലും അത്താഴമായാലും ഒക്കെ സമം. ഇംഗ്ലീഷുകാരുടെ മാനദണ്ഡംവച്ചു നോക്കിയാൽ, വിഭവങ്ങൾ ഒട്ടധികമാണു് ഓരോന്നിലും. ഈ യാത്രയിലിറങ്ങിത്തിരിച്ചതിൽപ്പിന്നെ കിട്ടിയ ഏററവും നല്ല പ്രഭാതഭക്ഷണം ക്രൈമിയായിലേതാണു്. ഏതുകാര്യത്തിനും ചിട്ടയും ക്രമവും വന്നുപോയിരിക്കുന്ന ഇക്കാലത്തു് പ്രഭാതഭക്ഷണത്തിനുള്ള വിഭവങ്ങളുടെ കാര്യത്തിലും മുഷിച്ചിൽ തോന്നുമാറുള്ള ഒരു പൊതുസ്വഭാവം വന്നുപോയിരിക്കുന്നു. ഏതു് എംബസിയിൽ പോയി പാർത്തപ്പോഴായാലും പ്രഭാതഭക്ഷണത്തിൻെറ വിഭവങ്ങളായി കോൺഫ്ളേക്സും വറുത്ത മുട്ടയും ഞങ്ങൾക്കു ലഭിച്ചിരുന്നു. ഇതുതന്നെ കഴിച്ചു കഴിച്ചു വല്ലാതെ മടുപ്പു വന്നുപോയിരുന്ന എന്നോടു് എനിക്കുള്ള മുട്ട എങ്ങനെ പാകം ചെയ്യണമെന്നു ചോദിച്ചിരുന്നുവെങ്കിൽ—ഇതു സാധാരണമല്ലെന്നും വച്ചോളൂ—വറക്കലൊഴിച്ചു മറെറന്തായാലും വേണ്ടില്ലെന്നു ഞാൻ പറഞ്ഞുപോയേനെ! പക്ഷേ, ഇവിടെയാകട്ടെ, ഒട്ടധികം വിഭവങ്ങളിൽനിന്നു് അവനവനു ഹിതമായ ഇനങ്ങൾ തിരഞ്ഞെടുക്കാം. ത്വൊറാക്കോ, ചീസോ (ഇവകൊണ്ടു മധുരമുള്ളതും എരിവുള്ളതുമായി പല വിഭവങ്ങൾ ഉണ്ടാക്കിയിരിക്കും), കടൽ മീനോ, ആററുമീനോ, പലതരം സാലാദുകളോ, വേവിച്ചതും വറുത്തതും പുഴുങ്ങിയതുമായി പലതരം മാംസവിഭവങ്ങളോ, പത്താം നമ്പർ ഭക്ഷണക്രമക്കാക്കു മുട്ടയുടെ വെള്ളക്കരുമാത്രം ചേർത്തുണ്ടാക്കിയ വിഭവങ്ങളോ, ക്രൈമിയായിൽ സുലഭമായി കിട്ടുന്ന ഒട്ടധികമിനം പഴങ്ങളോ—എന്തുവേണമെങ്കിലും.

അനുജിക്കു സിനിമായിൽ വലിയ കമ്പമാണു്. 'മുത്തുക്കുളി' (Pearl bath)യും വൈദ്യുതീചികിത്സയുമൊക്കെക്കഴിഞ്ഞു് എത്രതന്നെ തളന്നിരിക്കയാണെങ്കിലും

ശരി, സിനിമാ അവരും ഉപേക്ഷിക്കില്ല. 'അയേൺ മാസ്കു്' എന്ന ഒരു ഫ്രഞ്ചുചിത്രം, 'ദി റാപ്പ്ഡഡി' എന്ന അമേരിക്കൻചിത്രം, എന്നിവയുംപ്പെടെ മുൻകൊല്ലങ്ങളെയപേക്ഷിച്ചു കൂടുതൽ വിദേശചിത്രങ്ങരം ഇക്കൊല്ലം പ്രദർശിപ്പിക്കുന്നുണ്ടു്. ഇൻഡ്യൻചിത്രങ്ങളെപ്പറ്റി ഇവിടെ ആളുകരംക്കു വലിയ താല്പര്യമാണു്. രാജ്കപ്പൂറിനെ എല്ലാവരും വളരെ ഇഷ്ടപ്പെടുന്നു. 1955–ൽ സോവിയററു് റഷ്യാ സന്ദർശിച്ചിട്ടു മടങ്ങിയ അവസരത്തിൽ തനിക്കുണ്ടായ ധാരണകളെപ്പററിയൊക്കെ പാർലമെൻറംഗങ്ങളോടു സംസാരിക്കവേ ജവഹർലാൽ പറഞ്ഞു: ''എനിക്കു കുറേ ജനപ്രീതി നേടാൻ കഴിഞ്ഞുവെന്നു തോന്നുന്നു; വാസ്തവം പറഞ്ഞാൽ ഏതാണ്ടു രാജ്കപ്പൂറിനോടൊപ്പംതന്നെ എന്നെയും അവരിഷ്ടപ്പെട്ടു എന്നു പറയാം.''

മുൻവശത്തെ കടലിൻെറ മാറിമാറിവരുന്ന ഭാവപ്പകർച്ചകളും പിൻവശത്തെ കുന്നുകളിൽ മാറിമാറി തെളിയുന്ന വർണ്ണവൈവിദ്ധ്യവും നോക്കി നോക്കി അങ്ങനെ മതിമറന്നിരിക്കുന്നതാണു് എനിക്കു് ഏററവുമധികം ആനന്ദമരുളുന്ന കാര്യം. ആ മലകളുടെയും മേൽ ആധിപത്യം വഹിച്ചു് ഉയർന്നുനില്ക്കുകയാണു് ത്രിശിരസ്സായ അയ് പേത്രി കൊടുമുടി. പകലിൻെറയും രാത്രിയുടെയും ഏതാണ്ടു് എല്ലാ യാമങ്ങളിലുംതന്നെ അയ് പേത്രിയിൽ കണ്ണുംനട്ടിരുന്നിട്ടുണ്ടു്, ഞാൻ. മേഘങ്ങളാൽ മറയ്ക്കപ്പെട്ടനിലയിലും മേഘങ്ങരംക്കിടയിലൂടെ എത്തിനോക്കുന്ന നിലയിലുമൊക്കെ പ്രഭാതസൂര്യൻെറ പ്രഥമരശ്മികളിൽ ആറാടിനിൽക്കുമ്പോരം; അസ്തമനസൂര്യപ്രഭയിൽ ആഗ്നേയപരിവേഷം ധരിച്ചുനില്ക്കുമ്പോരം; ചന്ദ്രോദയവേളയിൽ മാദകമനോഹാരിത ചൊരിഞ്ഞുനില്ക്കുമ്പോരം; അങ്ങനെ എന്തെന്തു മധുരഭാവങ്ങളിൽ ഞാൻ അയ്പേത്രിയെ കണ്ടിട്ടില്ല! രണ്ടു ദിവസംമുമ്പു ഞാൻ ഹർഷോന്മാദംപൂണ്ടു വിളിച്ചുപറഞ്ഞുപോയി: ''ഹാ! എത്ര അത്ഭുതമോഹനമായൊരു ദൃശ്യമായിരിക്കുന്നു, അയ് പേത്രി!'' അനുജി നിർവ്വികാരയായി ചോദിച്ചു: ''എന്തിരിക്കുന്നു അതിൽ അത്ഭുതമോഹനമായിട്ടു്? അതിനു സൗന്ദര്യമുണ്ടെന്നുപോലും തോന്നിയിട്ടി

ല്ല, എനിക്കു്.'' സൗന്ദര്യമോ? ഞാൻ പറഞ്ഞു, എനിക്കതു സൗന്ദര്യത്തിൻെറ പ്രതീകം മാത്രമല്ലെന്നും, ''പ്രഭോ, അങ്ങു സൗന്ദര്യസാക്ഷാൽക്കാരംമാത്രമല്ല; തുല്യമില്ലാത്തവനായ അങ്ങയേ ഒന്നിനോടും താരതമ്യപ്പെടുത്താവതല്ല'' എന്നു് ടാഗോറിൻെറ 'ഇരുട്ടറ'യിലെ രാജാവിൻെറ ദശ്ശനമാത്രയിൽ അദ്ദേഹത്തിൻെറ ഭക്തൻ ഉൽഘോഷണം ചെയ്തപോലെ, തുല്യമില്ലാത്ത മഹിമാതിരേകമുററ ഒരു പ്രതിഭാസമാണെന്നും. ഒന്നുംവേണ്ട, അയ് പേത്രി അഥവാ, പത്രോസ്പുണ്യാളൻ എന്ന ആ പേരുതന്നെ പവിത്രമല്ലേ? അതുമല്ല, ആ കൊടുമുടിയെ പ്രേമഭിക്ഷുവായ പേത്രിയെന്ന യുവാവുമായി—അല്ലാതെ പത്രോസ്പുണ്യാളനുമായിട്ടല്ല—ബന്ധപ്പെടുത്തി പറഞ്ഞുവരുന്ന കഥയെപ്പോലെ രസപ്രദമായി മറെറന്തിരിക്കുന്നു! രാജാവിന്റെ പുത്രിയിൽ അനുരക്തനായിത്തീൎന്നു, പേത്രി. പക്ഷേ, അസാധാരണമായ വല്ല അഭ്യാസവും പ്രകടിപ്പിച്ചു സ്വന്തം ധീരത തെളിയിക്കാൻ തയ്യാറുണ്ടെങ്കിൽമാത്രമേ അവനു തൻെറ പുത്രിയെ വിവാഹംകഴിച്ചുകൊടുക്കു എന്നു രാജാവു ശഠിച്ചു. പേത്രി കുന്നിക്കും കൂസിയില്ല. അവൻ കൊടുംതൂക്കായ ഒരു പാറക്കെട്ടിൽനിന്നു മറെറാന്നിലേക്കു് എടുത്തുചാടി, ആശ്രമത്തിൽ മരണപ്പെട്ടു. അവൻെറ പ്രേമഭാജനമായ രാജകുമാരി വാവിട്ടു നിലവിളിച്ചുപോയി: ''അയ് പേത്രി!'' അവിടെ നടത്തിയ ആദ്യത്തെ സന്ദശ്നം ഞങ്ങാംക്കു മറക്കാനാവുമോ? നീരന്ധ്രമായ നീഹാരധൂമിക എങ്ങും പരന്നിരുന്നു; ചുവട്ടിലേ കൊക്കയിലേക്കു ഞങ്ങളെ തള്ളിയിട്ടേ മാറൂ എന്നു് വാശിപിടിച്ചിട്ടെന്നപോലെ ഉഗ്രമായ കാററു ചീറിയടിക്കുന്നുമുണ്ടായിരുന്നു. സൗന്ദര്യത്തെപ്പററിയുള്ള അനുജിയുടെ അഭിപ്രായത്തെവച്ചുകൊണ്ടു ഞാൻ പറഞ്ഞു, സൗന്ദര്യമെന്നതു് കേവലം സാങ്കല്പികമാണെന്നും, അങ്ങനെയായിരുന്നില്ലെങ്കിൽ ലോകത്തിലെ ഭൂരിപക്ഷം സ്ത്രീകളും അവിവാഹിതകളായിരുന്നു മൂത്തുനരച്ചുപോകാനായിരുന്നു ഇടയെന്നും! എൻെറ വാദം അവാംക്കു ബോദ്ധ്യമായോ എന്നെനിക്കറിയില്ല. ഏതായാലും, അക്കാര്യം ഞങ്ങാം അവിടെ അവസാനിപ്പിച്ചു. അയ് പേത്രി

യെപ്പററി പിന്നെ ഞാൻ അവളോടൊന്നും പറയാനും പോയില്ല. പക്ഷേ, ഇന്നു രാവിലേ എന്നോടവളൊരു ചോദ്യമെടുത്തിട്ടു. ''നാംതന്നെ സങ്കല്പത്തിൽ സംവിധാനം ചെയ്തു മാതൃകയിൽ ഒരു വീടു പണിയിച്ചു് അതിൽ പാക്കുകയെന്നതിനെക്കാറം ആനന്ദകരമായി എന്തെങ്കിലുമൊന്നുണ്ടോ?'' ഞങ്ങളുടെ ഔദ്യോഗികജീവിതകാലമത്രയും അവളുടെ മനസ്സിൽ മയങ്ങിക്കിടന്നിരുന്ന ഒരു സ്വപ്നം അടന്നു വീണതാണു്. ''ഉണ്ടു്,'' ഞാൻ പറഞ്ഞു, ''അയ് പേത്രിയെ നോക്കിനോക്കി അങ്ങനെ വെറുതേയിരിക്കുക.''

*മിസ്ഖോർ, സെപ്റ്റംബർ, 16*

വമ്പിച്ച പ്രതീക്ഷകളുടെയും വലിയ മോഹഭംഗത്തിൻെറയും ദിവസമായിരുന്നു, സുഖചികിത്സാകേന്ദ്രത്തിന്നു് ഇന്നു്.

ഇപ്പോറം സോവിയററ്യൂണിയനിൽ ഔദ്യോഗികസന്ദശ്നം നടത്തിക്കൊണ്ടിരിക്കുന്ന പ്രസിഡൻറ് രാധാകൃഷ്ണൻ ഈ സുഖചികിത്സാകേന്ദ്രവും സന്ദശിക്കുന്നതാണെന്നു രണ്ടാഴ്ചക്കാലംമുമ്പു പ്രഖ്യാപിക്കപ്പെട്ടിരുന്നു. അതിനുവേണ്ട ഒരുക്കങ്ങളെല്ലാം ഇവിടെ പൂത്തിയാക്കുകയുംചെയ്തു. പുഷ്പങ്ങറം ശേഖരിച്ചു; പുഷ്പമഞ്ജരികറം തയ്യാറാക്കിവച്ചു. കെട്ടിടത്തിന്റെ വിസ്തൃതമായ പുരോഭാഗം മുഴുവൻ കൊടിതോരണാദികളും രാഷ്ട്രപതി 'രാധാകൃഷ്ണനു് ഹൃദയപൂവ്വമായ സ്വാഗതം' എന്നാലേഖനംചെയ്തു ബാനറുകളുമൊക്കെ കെട്ടി അലങ്കരിച്ചു. രോഗികളുടെ ശുശ്രൂഷണമുറംപ്പെടെ സുഖചികിത്സാകേന്ദ്രത്തിൻെറ എല്ലാവിധ പ്രവത്തനവും രണ്ടുമണിക്കൂർനേരത്തേക്കു നിത്തിവച്ചു. പ്രസിഡന്റിനു് ഉത്സാഹപൂണ്ണമായ സ്വീകരണം നൽകുന്നതിൽ സഹകരിക്കാൻ അവിടെപാക്കുന്നവക്കുമെല്ലാം സൗകര്യപ്പെടുത്താൻ വേണ്ടിയാണു് ഇതൊക്കെ ഏപ്പാടാക്കിയതു്. അങ്ങനെ എല്ലാം തയ്യാറാക്കി വലിയ പ്രതീക്ഷകളോടെ കാത്തിരിക്കുമ്പോഴാണു പ്രസിഡൻറ് വരുന്നില്ലെന്ന വാത്ത ലഭിച്ചതു്. ഞങ്ങളുടെ ഡയറക്ടർ സുഷ്ചെങ്കോയുടെ മുഖത്തു മ്ലാനത പരന്നു; അദ്ദേഹത്തിൻെറ ഗൗരവത്തിനു് ഇതിൽപരമൊരി

ടിവ്യ് മററുള്ളവരുടെ മുമ്പിൽവച്ച സംഭവിക്കാനുണ്ടോ? ശ കാരത്തെക്കാരം ശക്തിയുക്തമായ നിശ്ശബ്ദത പുലത്തിക്കൊ ണ്ടു് ഓരോരുത്തരും അവരവരുടെ മുറികളിലേക്കു മടങ്ങി.

1959—ൽ ഞങ്ങരം ഈ സുഖചികിത്സാകേന്ദ്രത്തിൽ പാത്തിരുന്നപ്പോഴും ഇത്തരമൊരനുഭവമുണ്ടായതാണു്, സു ഷ്ചെങ്കോസ്സു്. ഞങ്ങളെല്ലാവരും വളരെ ആകാംക്ഷയോ ടെ എത്യോപ്യാചക്രവത്തിയുടെ ആഗമനം പ്രതീക്ഷിച്ചി രിക്കയായിരുന്നു. അപ്പോഴാണു്, കരിങ്കടലിൽ സഞ്ചാരം കഴിഞ്ഞു മടങ്ങിയ തിരുമേനിക്കു് ആലസ്യം തോന്നുന്ന തിനാൽ ഇവിടെ സന്ദശ്നം നടത്താൻ അദ്ദേഹത്തിനു സാ ദ്ധ്യമല്ലാതെ വന്നിരിക്കുന്നു എന്ന സന്ദേശം ലഭിച്ചതു്. സുസ്ചെങ്കോ പറഞ്ഞു: ‘‘ഇങ്ങനെയൊക്കെ ചെയ്യാന ല്ലെങ്കിൽ പിന്നെ ചക്രവത്തിയായിരുന്നിട്ടെന്താണു്?’’ പക്ഷേ, ഇച്ചെയ്ത്തു പ്രസിഡൻറന്മാരും ചെയ്യുകളയുമെന്നു സുഷ്ചെങ്കോ തീരെ കരുതിയിരുന്നില്ല.

എങ്കിലും ഇക്കാര്യത്തിൽ കുററം നമ്മുടെ പ്രസിഡ ൻറിൻേറതായിരുന്നില്ല. ലെനിൻഗ്രാഡിലെയും ആമ്മീ നിയായിലെയും സന്ദശ്നങ്ങളുരംപ്പെടെ ജോലിത്തിരക്കു ള്ള ഒരാഴ്ചക്കാലത്തേ പരിപാടിയാണു് അദ്ദേഹത്തിനു സോവിയററ്നാട്ടിലുണ്ടായിരുന്നതു്. അതുകൊണ്ടു് ക്രൈ മിയായിലെത്തി ഒരുദിവസം വിശ്രമിക്കാമെന്നായിരുന്നു വിചാരം. അതിനിടയിൽ യാരംട്ടാസമ്മേളനത്തിൻെറ സ്ഥലമായ ലിവേദിയാ കൊട്ടാരം, ആ സമ്മേളനക്കാല ത്തു ചച്ചിൽ താമസിച്ചിരുന്ന വോറോണ്ട്സേവ് കൊ ട്ടാരം, 1955—ൽ ജവഹർലാൽ സന്ദശിച്ചിട്ടുള്ള ഈ സുഖ ചികിത്സാകേന്ദ്രം, എന്നിത്രയും സന്ദശിക്കാമെന്നുംവച്ചി രുന്നു. ആർട്ടെക്കിൽ ഒരു സന്ദശ്നവും പയനിയറന്മാരുടെ പരിപാടികളിൽ സംബന്ധിക്കലുംകൂടെ അവസാനനിമി ഷത്തിലാണു് തദ്ദേശാധികൃതർ അദ്ദേഹത്തിൻെറ അന്ന ത്തേ പരിപാടിയിൽ ഉരംപ്പെടുത്തിയതു്. ഇതുതന്നെ നാ ലുമണിക്കൂർ നീണ്ടുപോവുകയാൽ, ലിവേദിയാ ഒഴികെ മറെറാരിടവും സന്ദശിക്കാൻ പ്രസിഡൻറിനു സാവകാശ മില്ലെന്നു വന്നു.

പ്രസിഡൻറ് വരുന്നില്ലെന്നുള്ള സന്ദേശമെത്തി അധികം കഴിയുംമുമ്പ്, ഭാഗ്യവശാൽ, മോസ്കോവിലെ നമ്മുടെ ഒന്നാം സെക്രട്ടറി ജെയിൻ, ഞങ്ങൾക്കുള്ള കത്തുകളും കൊണ്ടു സുഖചികിത്സാകേന്ദ്രത്തിലെത്തി. മുൻനിശ്ചയപ്രകാരം പ്രസിഡൻറിനു് ഈ കേന്ദ്രത്തിൽ സന്ദർശനം നടത്താൻ കഴിയാതെപോയതിൻെറ സാഹചര്യം, ഞാനാവശ്യപ്പെട്ടതനുസരിച്ച്, നല്ല ഒഴുക്കുള്ള റഷ്യൻ ഭാഷയിൽ അദ്ദേഹം ഡയറക്ടർക്കു വിശദീകരിച്ചുകൊടുത്തു. "ഇതൊക്കെ ജീവിതത്തിൽ സംഭവിക്കാം." നല്ലൊരു തത്വജ്ഞാനിയുടെ മട്ടിൽ സുഷ്ചെങ്കോ സമാധാനിച്ചു.

അനുജിയും ഞാനും പ്രസിഡൻറിനെ ചെന്നുകണ്ടു് അദ്ദേഹത്തോടൊപ്പം ഒരുമണിക്കൂർ ചെലവഴിച്ചു. ലക്ഷ്മി മേനോനും അദ്ദേഹത്തിന്നകമ്പടിയായിട്ടുണ്ടായിരുന്നു. അദ്ദേഹത്തിൻെറ അമേരിക്കൻസന്ദർശനവേളയിലും അവർ കൂട്ടത്തിലുണ്ടായിരുന്നു. അവരുടെ സാഹചര്യം പ്രസിഡൻറിനു് ഉത്തേജകമായി അനുഭവപ്പെട്ടിരുന്നുവെന്നു വ്യക്തം; ആക്കു തന്നെ അങ്ങനെയായിരിക്കില്ല. അടുത്തകാലത്തുണ്ടായ ശസ്ത്രക്രിയയെത്തുടർന്നു പ്രസിഡൻറ് അല്പമൊന്നു ക്ഷീണിതനായിട്ടാണു കാണപ്പെട്ടതെങ്കിലും—"നാമെല്ലാം കടം കൊണ്ടകാലമുപയോഗപ്പെടുത്തിയാണു ജീവിക്കുന്നതു്." എന്നാണദ്ദേഹം പറഞ്ഞതു്—മാനസികമായ ജാഗ്രതയ്ക്കും പെരുമാററത്തിലെ സൗഹൃദത്തിനും ഒട്ടുമൊരു ലോപവും ഇപ്പോഴും കാണാനില്ല. ബുദ്ധമതത്തെപ്പററി ഒരു പ്രസംഗം ചെയ്യാനായി 33 കൊല്ലം മുമ്പു സിലോൺ സന്ദർശിച്ചിരുന്ന അവസരത്തിൽ അദ്ദേഹവും സുശീലയായ അദ്ദേഹത്തിൻെറ പത്നിയും ഞങ്ങളുടെ ആതിഥ്യം സ്വീകരിച്ച്, കൂടെവന്നു പാർത്തിരുന്ന കാര്യം അദ്ദേഹം അനുസ്മരിച്ചു. ലോകത്തിൻെറ ഏതുഭാഗത്തും ഞാൻ കേട്ടിട്ടുള്ള പ്രസംഗങ്ങളിൽവച്ച് ഏററവും ഉജ്ജ്വലമായിരുന്നു, അദ്ദേഹത്തിൻെറ ആ പ്രഭാഷണം. രാധാകൃഷ്ണൻെറ പക്കൽ ഓർമ്മക്കുറിപ്പുകളൊന്നുമുണ്ടായിരുന്നില്ല; പ്രസംഗത്തിനിടയിൽ അതിന്നു സഹായകമായി വല്ല ചേഷ്ടകളും അദ്ദേഹം കാണിച്ചതുമില്ല. പക്ഷേ, ഏററവും മനോഹരമായ വാക്കുകൾ

കോർത്തിണക്കിയ വാക്യങ്ങളിൽ ആവരണംചെയ്യപ്പെട്ട്, ഏററവും രൂപഭംഗിയുള്ള ഖണ്ഡികകളായി തിരിക്കപ്പെട്ട്, ഹരിദ്വാരത്തിലെ ഗംഗാപ്രവാഹത്തിൻെറ മോഹനതയോടെ, ആശയങ്ങാം അനുസ്യൂതമായി ഒഴുകിപ്പരന്നുകൊണ്ടിരുന്നു.

യുദ്ധകാലത്തു ചുങ്കിങ്ങിൽ ഞങ്ങളുടെക്കൂടെ വന്നു പാർത്തിരുന്നകാര്യവും രാധാകൃഷ്ണൻ അനുസ്മരിച്ചു. അവിടെയും അദ്ദേഹത്തിൻെറ ഒരു പ്രസംഗപരമ്പരയുണ്ടായിരുന്നുവെങ്കിലും തർജ്ജമയിൽ അവയുടെ ഗുണം ഏറെയും ചോർന്നുപോയി എന്നുമാത്രമല്ല, ഭൗതികചിന്താഗതിക്കാരായ അന്നാട്ടിലെ കോംവിക്കാക്ക് അദ്ദേഹം പറഞ്ഞതിൽ വളരെയൊന്നും പിടികിട്ടിയതുമില്ല. 1956-ൽ ഇൻഡ്യയുടെ വൈസ്പ്രസിഡൻെറന്ന നിലയിൽ അദ്ദേഹം സോവിയററ് യൂണിയനിലും പോളണ്ടിലും സുദീർഘപര്യടനം നടത്തിയിരുന്നഘട്ടത്തിൽ വീണ്ടും അദ്ദേഹത്തിൻെറ സവിധത്തിൽ കഴിയാനുള്ള മഹാഭാഗ്യം ഞങ്ങാംക്കു സിദ്ധിച്ചു. ഇപ്പോാം അദ്ദേഹത്തിന്ന് അകമ്പടിയായി സഞ്ചരിക്കാനുള്ള ഭാഗ്യം മറെറാരു അംബാസഡക്കു ലഭിച്ചിരിക്കുന്നു. എങ്കിലും, പ്രസിഡൻറിൻെറ ബഹുമാനാർത്ഥം ബാംട്ടായിൽ ഏപ്പാടു ചെയ്തിരുന്ന കക്കേഷ്യൻ നൃത്തപ്രകടനത്തിൽ എനിക്കും സംബന്ധിക്കാൻ കഴിഞ്ഞു. റഷ്യയിലെ നാലു് ഇൻഡ്യൻ അംബാസഡരന്മാർ—രാധാകൃഷ്ണനും സുബിമൽ ദത്തും ടിക്കി കൗളും ഞാനും—ഏകകാലത്തു റഷ്യൻ മണ്ണിൽ സന്നിഹിതരായിരിക്കുന്ന യാദൃച്ഛികപരിണാമത്തിൻെറ അസാധാരണ സ്വഭാവം പത്രക്കാരുടെ ശ്രദ്ധയിൽ പെടാതെപോയില്ല. താൻ അംബാസഡരായിരുന്ന കാലത്തേതിനെ അപേക്ഷിച്ചു സോവിയററ്റഷ്യയിൽ വന്നിട്ടുള്ള മാററങ്ങാം തൻെറ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നുവെന്നാണു ഡാക്ടർ രാധാകൃഷ്ണൻ പറഞ്ഞതു്. ഈ മാററം കേവലം ഭൗതികംമാത്രമല്ല, മതനിരപേക്ഷമായ പരിഗണനയിൽ ആത്മീയവുമാണെന്നതിൽ അദ്ദേഹം സന്തുഷ്ടനാണു്. സ്റ്റാലിൻവാഴ്ചയുടെ അവസാനഘട്ടത്തിൽ, ശീതസമരം അത്യുല്ക്കടമായിരുന്ന കാല

ത്താണ് അദ്ദേഹം അംബാസഡറായിരുന്നതു്. ദാശ്നികൻക്കൂടെയായ നമ്മുടെ അംബാസഡറുടെ കാര്യത്തിൽ സ്റ്റാലിന്റെഹിമപ്രകൃതിക്കുപോലും കുറേയൊരാർദ്രതയുണ്ടായിരുന്നുവെന്നു തോന്നുന്നു—ഇൻഡ്യാ-സോവിയററ് ബന്ധങ്ങളിൽ അടിസ്ഥാനപരമായ വല്ല മാറ്റവും സ്റ്റാലിന്റെ കാലത്തു പ്രതീക്ഷിച്ചിട്ടു കാര്യമില്ലായിരുന്നുവെങ്കിലും.

സോവിയററ്യൂണിയനിൽ മാററങ്ങൾ സംഭവിച്ചതു് അന്താരാഷ്ട്രീയബന്ധങ്ങളിലും നില കൂടുതൽ മെച്ചപ്പെടുവാൻ സഹായിച്ചു. അമേരിക്കൻ സെനററ്മുമ്പാകെ ഇപ്പോഴൊന്നുമല്ല, 1954-ൽ ചെയ്ത പ്രസംഗത്തിൽ, ഡാക്ടർ രാധാകൃഷ്ണൻ പറഞ്ഞിരുന്നു: ''എന്തും പൊറുപ്പിക്കാനുള്ള കാലത്തിൻെറ കഴിവും, മനുഷ്യസ്വഭാവത്തിന്റെ സഹജഗുണമായ ആയാമ്യതയും, സാമൂഹ്യവും രാഷ്ട്രീയവുമായ സ്ഥാപനങ്ങളിൽ മാററത്തിനുള്ള സാദ്ധ്യതയും, എല്ലാററിലുമുപരിയായി സവ്വശക്തനായ ദൈവത്തിൻെറ കൃപയും, ഒക്കെച്ചേത്തു പരിഗണിക്കുമ്പോൾ, ഇന്നു മഹച്ഛക്തികളെ ഭിന്നിപ്പിച്ചു നിത്തിയിരിക്കുന്ന അഭിപ്രായവ്യത്യാസങ്ങൾ ഒരു ദശവത്സരക്കാലത്തിനുള്ളിൽ തത്വശാസ്ത്രപരമായ വെറും പണ്ഡിതോചിതവിവാദങ്ങളുടെ രൂപത്തിൽ പരിവത്തനപ്പെട്ടുമെന്നു പ്രതീക്ഷിക്കാം.'' അദ്ദേഹം ചിത്രീകരിച്ച ഭാവിലോകവ്യവസ്ഥയുടെ സാക്ഷാൽക്കരണത്തെപ്പററി വലിയ ശുഭപ്രതീക്ഷയോടുകൂടിയല്ലെങ്കിലും ബഹുമാനത്തോടെ ആ പ്രസംഗം ശ്രദ്ധിച്ചുകൊണ്ടു് അന്നു പിൻബെഞ്ചുകളിലിരുന്നിരുന്ന സെനററർമാരിൽ ഒരാളായിരുന്ന ജെ. എഫ്. കെന്നെഡിയും. ഏഴുകൊല്ലത്തിനിപ്പുറം അദ്ദേഹം അമേരിക്കൻ ഐക്യനാടുകളുടെയും രാധാകൃഷ്ണൻ ഇൻഡ്യയുടെയും പ്രസിഡൻറായി. 1963-ൽ വാഷിങ്ടണിലെ വൈററ്ഹൗസിൽവച്ചു് അവർ പരസ്പരം സന്ധിച്ച അവസരത്തിൽ 1954-ൽ രാധാകൃഷ്ണൻ ചെയ്ത ആ പ്രസംഗത്തെ അനുസ്മരിച്ചുകൊണ്ടു കെന്നെഡി പറകയുണ്ടായി, അന്നു കേട്ടപ്പോൾ അദ്ദേഹം പുറപ്പെടുവിച്ച അഭിപ്രായങ്ങളുടെ സാദ്ധ്യതയെപ്പററി ശങ്ക തോന്നിയിരുന്നുവെങ്കിലും കാലം കടന്നുപോകുന്തോറും അതു പ്രായോഗികമായി

വന്നുകൊണ്ടിരിക്കുന്നു എന്നതിൽ താൻ സന്തുഷ്ടനാണു്, എന്നു്. ആ പരിണാമത്തിലേക്കുള്ള പ്രയാണത്തിൽ കെന്നെഡിയും സുപ്രധാനമായൊരു പങ്കുവഹിച്ചിരുന്നു എന്നതിനു സംശയമില്ല.

''സർവ്വശക്തനായ ദൈവത്തിൻെറ കൃപയ്ക്കു്'' ടെക്സാസിൽവച്ചു നടന്ന മാരകമായ ആക്രമണത്തിൽനിന്നു കെന്നെഡിയെ രക്ഷപ്പെടുത്താൻ കഴിയാതെപോയതു സങ്കടകരംതന്നെ.

*മിസ്ഖോർ, സെപ്തംബർ, 23*

ഈ സുഖചികിത്സാകേന്ദ്രത്തിൽ ഞങ്ങൾക്കു പല സുഹൃത്തുക്കളുണ്ടായിക്കഴിഞ്ഞിരിക്കുന്നു. ഈ സ്ഥാപനം അടിമുടി സ്നേഹസിക്തമാണു്. ഞാൻ ഒൻപതു കൊല്ലം മോസ്കോവിലുണ്ടായിരുന്നതിനാലും, റേഡിയോ, ടെലിവിഷൻ എന്നീ മാദ്ധ്യമങ്ങളിലൂടെ പലതവണ ബഹുജനസമക്ഷം അവതരിപ്പിക്കപ്പെട്ടിരുന്നതിനാലും, 'മേനോൻ' എന്ന പേരു് സാമാന്യം പ്രസിദ്ധമായിട്ടുണ്ടു്; ചിലപ്പോൾ എൻെറ വാചാലനായ സുഹൃത്തു കൃഷ്ണമേനോൻെറതുമായി എൻെറ പേരു് കൂടിക്കുഴയാറുണ്ടെന്നുമാത്രം. ഇവിടെയാകകൊണ്ടു് ഏതായാലും അതിൽ കുഴപ്പമൊന്നുമില്ല. നേരേമറിച്ചു് അമേരിക്കയിൽ ഞാൻ പ്രസംഗിച്ച സ്ഥലങ്ങളിലെല്ലാം അദ്ധ്യക്ഷസ്ഥാനത്തുനിന്നു് എന്നെ അവതരിപ്പിക്കാറുണ്ടായിരുന്നതു്, ''അംബാസഡർ കെ. പി. എസ്. മേനോൻ; കൃഷ്ണമേനോനുമായി ബന്ധമൊന്നുമില്ല,'' എന്ന മുഖവുരയോടെയാണു്.

ഇന്നലെ സുഖചികിത്സാകേന്ദ്രത്തിൽവച്ചു ഞാൻ മുടിയൊന്നു വെട്ടിച്ചു. ക്ഷുരകൻ എന്നോടു ചോദിച്ചു, ഞാൻ ഐക്യരാഷ്ട്രസഭാപ്രതിനിധിയെന്ന നിലയിൽ പ്രവർത്തിച്ചിരുന്നോ എന്നു്. 'ഉവ്വു്'' ഞാൻ പറഞ്ഞു, ''രണ്ടോ മൂന്നോ പ്രാവശ്യം.'' ക്ഷുരകൻ തുടർന്നു: ''ഐക്യരാഷ്ട്രസഭാസെക്രട്ടേറിയേററിലുള്ള ബാർബർ സലൂണിലെ ക്ഷുരകൻ ഈയിടെ ഇവിടെ വന്നിരുന്നു. മുടി വെട്ടിക്കാറുള്ളപ്പോഴൊക്കെ കീശയിൽനിന്നു് ഇരുപതു ഡോളറിൻെറ

നോട്ടെടുത്തുകൊടുക്കുന്ന താങ്കളുടെ പതിവിനെപ്പററിയൊക്കെ അയാഠം പറഞ്ഞു.'' കൃഷ്ണമേനോനാണ് കഥാപുരുഷൻ എന്നു വ്യക്തം. അമേരിക്കയിൽപ്പോലും ചിലയാളുകളുടെയെങ്കിലും ദൃഷ്ടിയിൽ കൃഷ്ണമേനോൻ ഒരു ആരാദ്ധ്യനായകനാണെന്നു കേഠംക്കാൻകഴിയുന്നതു് ഒരു സുഖംതന്നെ.

അനുജിയെ ഇവിടെ എല്ലാവക്കും വലിയ ഇഷ്ടംതന്നെ. എങ്ങനെയാണവരം ശരീരത്തിൻെറ വടിവും ഭംഗിയും നിലനിത്തിപ്പോകുന്നതെന്നാണ് എപ്പോഴും അവരുടെയെല്ലാം ചോദ്യം. (പാശ്ചാത്യവേഷവിധാനം ഒട്ടധികം തകരാറുകളെ മൂഴപ്പിച്ചുകാട്ടാനാണുപകരിക്കുക എന്നിരിക്കെ, സാരി അവയെയൊക്കെ സമത്ഥമായി ഗോപനം ചെയ്യുന്നു എന്നു് അവരറിയുന്നില്ല!) ആളിൻെറ ചുററളവു നോക്കി വയസ്സെത്രയായെന്നു മതിക്കുന്ന പതിവുകാരായ റഷ്യാക്കാക്കു്, അറുപതു വയസ്സിനുമേലായി അനുജിക്കു് എന്നു പറഞ്ഞിട്ടു വിശ്വസിക്കാൻ പ്രയാസം. ''എനിക്കു നാല്പത്തഞ്ചേ വയസ്സായിട്ടുള്ളു; എന്നിട്ടെന്നെ നോക്കണം എന്തുപോലിരിക്കുന്നെന്നു്!'' നന്നെ തടിച്ചിയിയ ഒരു സുഹൃത്തു പറഞ്ഞു: ''എന്തുചെയ്തിട്ടാണു്, ഈ തടിയൊന്നു കുറയ്ക്കുക?'' ''അപ്പം തിന്നുന്നതിൻെറ അളവു കുറേ കുറച്ചു നോക്കു.'' അനുജി അഭിപ്രായപ്പെട്ടു. പറയാൻ എളുപ്പം കഴിയും. നടപ്പാക്കാനാണു വിഷമം. റഷ്യയിലെ ശൈത്യം മുററിയ കാലാവസ്ഥയിൽ ആഹാരത്തിൻെറ കലോറി ഇൻഡ്യയിലേതിനെ അപേക്ഷിച്ച് അധികമായിരുന്നേ ഒക്കൂ.

ശരീരത്തിൻെറ വടിവു പുലത്തൽ, ആഹാരക്രമീകരണം, ബാലേകരം, ഓപ്പറാകരം, കാലാവസ്ഥയുടെ ചപല പ്രകൃതി എന്നിവയ്ക്കെല്ലാംപുറമേ അവിടത്തേ സ്ഥിരമായ സംഭാഷണവിഷയങ്ങളിലൊന്നായിരുന്നു, യുദ്ധവും. ല്വോവിൽ ബാല്യകാലം കഴിച്ചിരുന്ന ഒരു സുഹൃത്തു്, കയറിയും ഇറങ്ങിയും കൂടിയും കുറഞ്ഞും അവളുടെ നാട്ടിൽ തുടച്ചയായി നടന്നുകൊണ്ടിരുന്ന യുദ്ധത്തിൻെറ കഥ വിവരിച്ചു—പോളൻഡിൽനിന്നു റഷ്യയിലേക്കും, റഷ്യയിൽനിന്നു ജമ്മനിയിലേക്കും വീണ്ടും റഷ്യയിലേക്കും യുദ്ധം

മാറിമാറി സഞ്ചരിച്ചതിൻെറ വിവരങ്ങറം. ജമ്മൻകാക്ക കലശലായ വിരോധമായിരുന്നു, യഹൂദരോട്. ഇടയ്ക്കിടയ്ക്കു ജമ്മൻകാരെത്തി ആ പ്രദേശം മുഴവൻ വളഞ്ഞുകൊണ്ടു് അതിനുള്ളിൽ കണ്ടുകിട്ടുന്ന യഹൂദരെയെല്ലാം—പുരുഷന്മാരും സ്ത്രീകളും കുട്ടികളുമടക്കം—തപ്പിപ്പെറുക്കിയെടുത്തു നിരത്തിനിത്തി യന്ത്രത്തോക്കുകൊണ്ടു വെടിവച്ചുകൊല്ലുന്ന കാഴ്ച, ആറു വയസ്സുള്ളൊരുബാലികയായിരുന്ന കാലത്തുതന്നെ അവറം കണ്ടിട്ടുണ്ടു്. ഒരിക്കൽ അവളുടെ വീടുതന്നെ പരിശോധനയ്ക്കു വിധേയമായി. പേടിച്ചോടാൻ തുടങ്ങിയ അവളുടെ ചേട്ടത്തിയെ അമ്മ തക്കസമയത്തു തടഞ്ഞില്ലായിരുന്നുവെങ്കിൽ, പാവം, ജമ്മൻകാരുടെ തോക്കിനിരയായേനെ. അവരുടെ അയൽപക്കത്തേ കാരുണ്യശാലിയായ ഒരു യഹൂദവൃദ്ധനും അവളുടെ പിതാവും അടുത്ത സുഹൃത്തുക്കളായിരുന്നു. ജമ്മൻകാർ ചോദ്യംചെയ്തപ്പോറം ആ സ്നേഹബന്ധം നിഷേധിച്ചു മറുപടി പറയേണ്ടിവന്നു, അവളുടെ പിതാവിനു്. ആ യഹൂദനും ആ ബന്ധം നിഷേധിച്ചു പറകയാൽ പിതാവിൻെറ ജീവൻ തല്ക്കാലത്തേക്കു രക്ഷപ്പെട്ടുവെങ്കിലും, കഠിനമായി ദേഹദണ്ഡമേല്പിക്കപ്പെട്ട അദ്ദേഹം അതിൻെറ ഫലമായി ഏതാനും മാസങ്ങറക്കുള്ളിൽ മരിക്കയാണുണ്ടായതു്. യഹൂദന്മാരോടും മററു 'താണവഗ്ഗ'ക്കാരോടുമുള്ള നാസികളുടെ കൈരാതമായ പെരുമാററത്തിൻെറ തെളിവു് ഓസ്‌വീസിയമിൽവച്ചു ഞാൻ കണ്ടിരുന്നതാണെങ്കിലും, അതിൻെറ കഥയൊക്കെ ഒരു ദൃക്‌സാക്ഷിയിൽനിന്നു നേരിൽ കേറക്കുക, വളരെ വ്യത്യസ്തമായൊരനുഭവംതന്നെ.

ജമ്മൻകാർ ക്രൈമിയാ ആക്രമിച്ചു കൈവശപ്പെടുത്തി അവരുടെ ഭരണത്തിലാക്കിയതിൻെറയും, ഇനി തിരിച്ചു വിട്ടുകൊടുക്കേണ്ടാത്തതുപോലെ ക്രൈമിയാ ശാശ്വതമായി തങ്ങളുടെ രാജ്യഭാഗമായിക്കഴിഞ്ഞിരിക്കുന്നു എന്ന ദൃഢവിശ്വാസത്തിൽ അവിടെ രണ്ടുകൊല്ലക്കാലം വാഴ്ചനടത്തിയതിൻെറയും കഥയും കേറക്കാനിടയായി. ജമ്മൻകാക്കു് അത്ര്യധികം ആത്മവിശ്വാസമുണ്ടായിരുന്നതിനാലാവാം, സാർചക്രവത്തിമാരുടെ ലിവേദിയാ കൊട്ടാരത്തി

ലെ പാത്രങ്ങളിലും മററുമൊക്കെ ജർമ്മൻകാരുടെ സ്വസ്തിക അടയാളം ചാർത്തി; മാത്രമല്ല, വിജയം പൂർത്തിയാകുന്നതോടെ വോറോണ്ട്സെവ് കൊട്ടാരം തൻെറ ആവശ്യത്തിനായി മാററിവയ്ക്കുന്നതാണെന്നു ഗീബൽസ് തീരുമാനിക്കയും ചെയ്തിരുന്നു. ഈ കൊട്ടാരത്തിൽവച്ചാണ് 1955–ൽ ക്രൈമിയാ സന്ദർശിച്ച ജവഹർലാൽനെഹ്റുവിന്റെ ബഹുമാനാർത്ഥം വളരെ വിശിഷ്ടവും വിപുലവുമായ ഒരു സാംസ്ഥാനികവിരുന്നു നൽകപ്പെട്ടതു്.

ശതാബ്ദങ്ങളായി ക്രൈമിയായിൽ വസിച്ചുപോന്ന താർത്താരവംശജർ ഒരുകാലത്തു് ബക്ഷിസെറായ് തലസ്ഥാനമാക്കിക്കൊണ്ട് ഒരു താർത്താര രാജവംശം പുലർത്തിയിരുന്നു. സോവിയററ് ഭരണത്തിൽ കൂട്ടകൃഷിയിടങ്ങളാക്കി പരിവർത്തനപ്പെടുത്തപ്പെട്ട അവരുടെ ഭൂമിയെല്ലാം അവർക്കു തന്നെ മടക്കിക്കൊടുക്കാമെന്നും അവരുടെ പഴയ കാലത്തെ അധികാരാവകാശങ്ങളെല്ലാം പുനഃസ്ഥാപിച്ചുകൊടുക്കാമെന്നുമൊക്കെയുള്ള ജർമ്മൻകാരുടെ നുണകേട്ടു വിശ്വസിച്ച താർത്താരന്മാർ, അവരുടെ ചാരന്മാരും സഹായികളുമായി പ്രവർത്തിച്ചിരുന്നതിനെപ്പററിയും ഞങ്ങൾക്കു കേൾക്കാനിടയായി. യുദ്ധമൊക്കെയവസാനിച്ചപ്പോൾ താർത്താരന്മാർ അതിൻെറ ശിക്ഷയനുഭവിക്കേണ്ടിവന്നു. അവരേ അവിടെനിന്നു വളരെയകലെ സോവിയററ്യൂണിയൻെറ പല ഭാഗങ്ങളിലേക്കായി ചിതറിച്ചുവിട്ടു. ക്രൈമിയായെ, സമ്പൂർണ്ണമായി താർത്താരവിമുക്തമാക്കിയെന്നു മാത്രമല്ല, താർത്താരഗന്ധമുള്ള സ്ഥലനാമങ്ങൾപോലും മാറ്റിക്കളഞ്ഞു.

അടുത്ത മുറിയിൽ പാർത്തിരുന്ന ഒരു സുഹൃത്തു പറഞ്ഞു, അയാൾ എല്ലാ യുദ്ധരംഗങ്ങളിലും പ്രവർത്തിച്ചിരുന്നുവെന്നു്; യുദ്ധവേളയിൽ എട്ടുപ്രാവശ്യം തനിക്കു മുറിവേററിരുന്നുവെന്നു പറഞ്ഞുകൊണ്ട് ശരീരത്തിൻെറ പല ഭാഗങ്ങളിലായി ഏററിരുന്ന ആ മുറിവുകളുടെ പാടൊക്കെ കാട്ടിത്തരികയും ചെയ്തു. ഇപ്പോൾ കിറോവ്ഗ്രാഡിൽ സാംസ്കാരികപ്രവർത്തകനായിരിക്കുന്ന മറെറാരാൾ പറഞ്ഞു, ബർലിനിൽ പ്രവേശിച്ച മാർഷൽ സുക്കോവിൻെറ സൈന്യത്തിൽ താനും അംഗമായിരുന്നുവെന്നു്. സുക്കോവിന്റെ

സ്ഥാനഭ്രംശത്തെപ്പററി വല്ലതും ചോദിച്ച് അയാളെ അലോസരപ്പെടുത്തേണ്ട എന്നാണെനിക്കു തോന്നിയതു്. എങ്കിലും അയാളൊരു സാംസ്കാരികപ്രവത്തകനായിരിക്കുന്ന സ്ഥിതിക്കു്, വിവാദപുരുഷനായിത്തീന്നിട്ടുള്ള യുവകവി യെവ്ത്തുഷെങ്കോയെപ്പററി—വിദേശത്തു പ്രസിദ്ധീകരിച്ച അദ്ദേഹത്തിൻെറ ആത്മകഥ സോവിയററ്റഷ്യയിൽ വലിയ കൊടുങ്കാററിളക്കിവിട്ടു—ചോദിക്കുന്നതിൽ അപാകതയില്ലെന്നു ഞാൻ കരുതി. ''യെവ്ത്തുഷെങ്കോ നല്ല കവിയാണോ?'' ഞാൻ ചോദിച്ചു. ''തരക്കേടില്ല'' എന്നായിരുന്നു മറുപടി. അയാറം തുടന്നു: ''പക്ഷേ, അദ്ദേഹം ചില പിഴകറം വരുത്തിയിട്ടുണ്ടു്. അതു തിരുത്തുമെന്നാണു പ്രതീക്ഷിക്കപ്പെടുന്നതു്.'' ഒരേ അച്ചിൽ വാത്തെടുത്തമാതിരിയുള്ള ഈ മറുപടി എന്നേ നിരാശനാക്കി. ഇപ്പോഠംപോലും വിവാദവിഷയമായ കാര്യങ്ങറം ചച്ച് ചെയ്യാൻ മിക്കവക്കും ശങ്കയാണു്, സോവിയററ്റഷ്യയിൽ. റഷ്യാക്കാർ തമ്മിൽതമ്മിലാകുമ്പോഠംപോലും, അവക്ക്, അമേരിക്കാക്കാക്കും ഇൻഡ്യാക്കാക്കുമെന്നപോലെ അത്ര ഹിതകരമായ ചച്ചാവിഷയമല്ല, രാഷ്ട്രീയം.

വൈകുന്നേരം ഞാനും അനുജിയുംകൂടെ കടൽപ്പുറത്തേക്കു നടന്നു. എന്നെ സംബന്ധിച്ചിടത്തോളം വലിയൊരു സാഹസംതന്നെയായിരുന്നു, ആ സംരംഭം. കുത്തനെ കിടക്കുന്ന പരുക്കൻ വഴിയിലൂടെയുള്ള ആ യാത്രയുടെ ക്ലേശം താങ്ങാൻ എൻെറ ഒടിഞ്ഞ കാലിനു കഴിയുമോ എന്നു ഞാൻ ശങ്കിച്ചു. ഇരുഠം പരന്നുതുടങ്ങിയിരുന്നു. കടൽപ്പുറം നിജ്ജനവും. ഞങ്ങറം നടന്നുപോകുന്നതു കണ്ടുനിന്നിരുന്ന നാലു കൊച്ചുപെൺകുട്ടികറം ആദ്യം ഞങ്ങളെ കണ്ടില്ലെന്നു നടിച്ചുവെങ്കിലും താമസിയാതെ കലപല സംസാരിച്ചുകൊണ്ടു് ഞങ്ങളുടെ അടുത്തെത്തിക്കഴിഞ്ഞു. ആനന്ദത്തിൽ മതിമറന്നു പരസ്പരം പലതും പറഞ്ഞും ചിരിച്ചും രസിച്ചും വന്നിരുന്ന അവരുടെ രസച്ചരടു പൊട്ടിക്കേണ്ടെന്നു കരുതിയ ഞങ്ങറം അവരെ ഗൗനിക്കാൻ പോയില്ല. ആ പെൺകുട്ടികളിലൊരുവറം അനുജിയുടെ സമീപത്തണഞ്ഞു് ഒരു റോസാപ്പൂ വച്ചുനീട്ടിക്കൊണ്ടു മധുരമായി മൊഴി

ഞ്ഞു: ''അമ്മച്ചീ, ഇതാ ഈ പൂവു് സ്വീകരിക്കൂ.'' ഉടനേ മററൊരുവളും ഒരു റോസാപ്പൂവെടുത്തുനീട്ടി: ''അമ്മച്ചീ, ദയവായി ഇതുകൂടി സ്വീകരിക്കൂ.'' അമ്മജി അതു രണ്ടും മുടിക്കെട്ടിൽ തിരുകിയെങ്കിലും ഒരെണ്ണം ഊൎന്നു താഴെ കുഴിയിലേക്കു വീണുപോയി. അതു തിരിച്ചെടുക്കാൻ ആ കുട്ടികൾ സാഹസപൂൎവ്വം ചാടിയിറങ്ങാൻ ഒരുങ്ങിയപ്പോൾ വളരെ ശ്രമപ്പെട്ടിട്ടാണു് അവരേ അപകടസാദ്ധ്യതയുള്ള ആ സംരംഭത്തിൽനിന്നു പിൻതിരിപ്പിക്കാൻ കഴിഞ്ഞതു്. ഇൻഡ്യയിൽ റോസാപ്പൂവുണ്ടോ? ആ പെൺകിടാങ്ങൾക്കറിയണം. മറെറന്തെല്ലാമിനം പൂക്കളുണ്ടു്? ഓഹോ, അങ്ങനെയോ? ഇൻഡ്യയിൽ പൎവ്വതപ്രദേശത്തല്ലാതെ മഞ്ഞുപെയ്യില്ലെന്നോ? ശീതകാലത്തു മോസ്കോവിലെത്തിയിരുന്ന ഞങ്ങളുടെ പൗത്രൻ ഷാജി, ജീവിതത്തിൽ ആദ്യമായിട്ടു മഞ്ഞുപെയ്യുന്ന കാഴ്ച കണ്ടപ്പോൾ, അതിൽ കുറേ ശേഖരിച്ചു കുപ്പിയിലാക്കി എറണാകുളത്തുള്ള സ്വസഹോദരികൾക്കു കാട്ടിക്കൊടുക്കാൻവേണ്ടി കൊണ്ടുപോകാൻ ഏറെ താൽപര്യം കാണിച്ചതിൻെറ കഥ ഞങ്ങൾ അവരോടു പറഞ്ഞു. എന്നിട്ടു്, എന്തെല്ലാംതരം മൃഗങ്ങളുണ്ടു്, ഇൻഡ്യയിൽ? ആ പെൺകിടാങ്ങൾ വായു്തോരാതെ ചോദ്യങ്ങൾ ചൊരിയുകയാണു്. അയ്യയ്യോ! കുരങ്ങുകളെ ഞങ്ങൾക്കെന്തിഷ്ടമാണെന്നോ! കുരങ്ങുകളെപ്പററി വല്ല കഥകളൊക്കെ ഞങ്ങൾക്കു പറഞ്ഞുതരൂ, ദയവായിട്ടു്. ഓടിക്കൊണ്ടിരുന്ന ഒരു തീവണ്ടി കയറി ഒരു കുരങ്ങു ചത്തതിനെത്തുടൎന്നു ദക്ഷിണേൻഡ്യയിലെ കൊഡൈക്കനാൽ റോഡു്സ്റ്റേഷൻെറ മുമ്പിലുള്ള റെയിൽപ്പാളങ്ങളിൽ കുരങ്ങുകളുടെ ഒരു സൈന്യംതന്നെ ഹാജരായി കണ്ണീർപൊഴിച്ചു കുത്തിയിരുന്നുകൊണ്ടു തീവണ്ടിഗതാഗതം മുടക്കിയതിൻെറ കഥ ഞങ്ങൾ അവരേ പറഞ്ഞുകേൾപ്പിച്ചു. ആനകളോ? ഓഹോ, നെഹ്റുമാമ്മൻ റഷ്യയിലെ കുട്ടികൾക്കു സമ്മാനമായി അയച്ചുതന്ന ആനകളുടെ പടം ഞങ്ങൾ കണ്ടിട്ടുണ്ടല്ലോ. ആ കുട്ടികൾ തുടൎന്നു് അവരുടെ പേരും വയസ്സുമൊക്കെ പറഞ്ഞുതന്നു. നാലുപേരും ഒമ്പതു വയസ്സുകാരികളാണു്. രണ്ടു പേരുടെ പേരു് താനിയാ എന്നു്;

ഒരുവാം വാലിയാ; മററവാം നടാഷാ. നല്ല ചുണക്കുട്ടിയാണു നടാഷാ. അവളുടെ കഴുത്തിൽ പയനീർ സംഘാംഗമെന്നു സൂചിപ്പിക്കുന്ന സ്കാർഫ് ധരിച്ചിരുന്നു. ആകസ്മികമായിട്ടാണ്, വാലിയ നിന്നനിലയിൽ ഒന്നു കരണം മറിഞ്ഞുനിന്നു. ഈ അഭ്യാസപ്രകടനം തങ്ങാംക്കും ആവുമെന്ന് മററവർ മൂവരും ഉടൻതന്നെ തെളിയിച്ചുകഴിഞ്ഞു. ഞങ്ങളുടെ പാട്ടു കോംക്കണോ? അവർ ചോദിച്ചു. തുടന്ന് ആ കുട്ടികളുടെ വക ഒരു പാട്ടുകച്ചേരിയായി. പിള്ളമനസ്സിലുണ്ടോ കള്ളമുള്ള? എന്തൊരാകഷ്കതയാണു കൗമാരത്തിൻെറ ലീലാവിലാസങ്ങാംക്ക്! പതിനാറുകൊല്ലം മോസ്കോവിൽ ജോലിയിലിരുന്ന സ്വീഡിഷ് അംബാസഡർ സോാംമാൻ—അദ്ദേഹത്തിൻെറ മകാം ആർട്ടെക്കിലെ പയനീർ കാംപിൽ അവധിക്കാലത്തു പാത്തിട്ടുണ്ട്—റഷ്യൻ കുട്ടികളുടെ മര്യാദയെയും അച്ചടക്കമുള്ളതെങ്കിലും അകൃത്രിമമായ പെരുമാററത്തെയുംപററി തനിക്കെപ്പൊഴും അത്ഭുതവും മതിപ്പുമാണു തോന്നിയിട്ടുള്ളതെന്ന് എന്നോടു പറഞ്ഞിട്ടുണ്ട്.

*മിസ്ഖോർ, ഒക്ടോബർ, 1*

മോസ്കോവിൽനിന്നു ഞാൻ ക്രൈമിയായിലേക്കു പുറപ്പെട്ടപ്പോാം, ഒരുമാസം മുഴുവൻ എങ്ങനെ ഞാൻ അവിടെ കഴിച്ചുകൂട്ടുമെന്നു തനിക്കു സങ്കല്പിക്കാൻകൂടെ സാദ്ധ്യമല്ലെന്നു ടിക്കി അഭിപ്രായപ്പെട്ടു; ഒരു പണിയുമില്ലാതെ ഇങ്ങനെ താമസിച്ചാൽ മുഷിച്ചിൽകൊണ്ടു മരവിച്ചുപോകും താനാണെങ്കിൽ, എന്നാണു പറഞ്ഞതു്. ടിക്കിക്ക് എന്നെക്കാാം ചുറുചുറുക്കുണ്ട്; എപ്പോഴും പ്രവത്തനവ്യഗ്രനുമാണ്. എങ്കിലും നയതന്ത്രസംബന്ധിയായ ജോലികളുടെ പാരതന്ത്ര്യത്തിൽനിന്നൊക്കെ ഒഴിഞ്ഞുമാറി, ഒരു പണിയുമെടുക്കാതെ—അല്ലെങ്കിൽ വല്ലതുമല്ലം എഴുതുകയോ വായിക്കയോ എന്നതിൽ കവിഞ്ഞൊന്നും ചെയ്യാതെ—സ്വയം പ്രകൃതിയുടെ കരങ്ങളിൽ സമപ്പിച്ച്, അല്ലലറിയാതെ ജീവിക്കാനുള്ള സന്ദർഭത്തെ അദ്ദേഹവും സ്വാഗതംചെയ്യാതിരിക്കില്ലെന്ന് എനിക്കുറപ്പുണ്ട്. ഞാൻ ലേഖനവൃത്തിയി

ലേപ്പെടുന്നതിനെപ്പറ്റി ഇവിടത്തെ ഡാക്ടറന്മാൎക്ക് അത്ര തൃപ്തിയില്ല. ഇന്നലെ ഞാൻ എഴുതിക്കൊണ്ടിരിക്കുന്നതു ഡയറക്ടർ കണ്ടുപിടിച്ചു. അദ്ദേഹം പറഞ്ഞു: ''ഇവിടെ ലേഖനവൃത്തി അനുവദിച്ചിട്ടില്ല; വായിക്കുന്നതിൽ വിരോധമില്ലതാനും.'' അതുകൊണ്ടു ഞാനിപ്പോൾ വാതിൽ അടച്ചിട്ടുകൊണ്ടാണെഴുതാറ്. അനുജിക്കും ഒലീച്ക്കാൎക്കും മാത്രമേ ഈ രഹസ്യമറിഞ്ഞുകൂടൂ; അവർ ഒററിക്കൊടുക്കില്ലതാനും.

അനുജി ഒട്ടധികം റഷ്യൻ പുസ്തകങ്ങളുടെ മദ്ധ്യത്തിലാണെപ്പോഴും. ഇടയ്ക്കിടയ്ക്ക് സുഖചികിത്സാകേന്ദ്രത്തിലെ ലൈബ്രേറിയനായ റീമാ സിമീയോവ്നാ—ഡാക്ടർ ബാക്ച്ചൂറിൻസ്കിയുടെ ഭാര്യയാണവർ—പുതിയ പുതിയ പുസ്തകങ്ങൾ കൊടുത്തുകൊണ്ടിരിക്കയും ചെയ്യും. ഏകകാലത്തു മൂന്നു പുസ്തകം വായിച്ചു മുമ്പോട്ടു പോകുന്ന സമ്പ്രദായമുണ്ട് അനുജിക്ക്. ഇപ്പോൾ അവളുടെ സമീപത്തു് നിക്കൊളായ് ഒട്ടേൽചെങ്കോയുടെ 'പ്രൊവോസ്റ്റ് ഉത്രാച്ചെന്നോം ദ്രൂഗേ' (നഷ്ടപ്പെട്ട സുഹൃത്തിന്റെ കഥ), ലിഡിയാ ഒബൂഖോവായുടെ 'ദബ്രതാ' (നന്മ), ആൽബട്ട്കാണിന്റെ 'ദയേൻ ഉലനോവോയ്'' (ഉലനോവായുടെക്കൂടെ കഴിച്ച നാളുകൾ) എന്നീ പുസ്തകങ്ങളുണ്ട്. ഞാനാണെങ്കിൽ, യെവ്തുഷെങ്കോയുടെ ആത്മകഥ ടിക്കിയിൽനിന്നു വാശിയായി വാങ്ങിയിരുന്നതു് ഇപ്പോൾ വായിച്ചു പൂൎത്തിയാക്കിയതേയുള്ളു. ഈ പുസ്തകം ആദ്യം പാരീസിലെ 'ല് എക്സ്പ്രെസ്സ്'' പത്രത്തിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്നു. അന്ന് അതു സോവിയററ്യൂണിയനിൽ വളരെയധികം വിമൎശനങ്ങൾക്കു ശരവ്യമാവുകയുംചെയ്തു. അല്പം ആലോചനാശീലനായ ഏതു വായനക്കാരനും—അയാൾ റഷ്യാക്കാരനാവട്ടെ, അന്യരാജ്യക്കാരനാവട്ടെ—അതു വായിച്ചാൽ റഷ്യയെപ്പററി മതിപ്പു വൎദ്ധിക്കാനേ ഇടയുള്ളു എന്നിരിക്കെ, ഇത്രയധികം പ്രതിഷേധമെങ്ങനെ ഉയൎന്നുവന്നു എന്നെനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. റഷ്യയിലെ ചില യാഥാസ്ഥിതികസാഹിത്യകാരന്മാരെയും വിമൎശകരെയും ഉദ്യോഗസ്ഥന്മാരെയുമൊക്കെപ്പററി

യുള്ള വിമർശനങ്ങളുംകൊള്ളുന്ന ജീവിതസ്മരണകളെഴുതി അതു വിദേശത്തുള്ള ഒരു 'പിൻതിരിപ്പൻ' പത്രത്തിൽ പ്രസിദ്ധപ്പെടുത്താൻ യെവ്ത്തുഷെങ്കോ ഉദ്യമിച്ചതു് അവിഹിതമായിപ്പോയി എന്നതാണു് ആക്ഷേപങ്ങളുടെ കാതലായ അംശം. പുറനാട്ടിലുള്ള ആളുകരം അതിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആക്ഷേപങ്ങരം ഓരോന്നായെടുത്തു് അതൊക്കെ സോവിയററ്യൂണിയനെ ക്ഷതപ്പെടുത്താനുള്ള ആയുധങ്ങളായി ഉപയോഗപ്പെടുത്താനിടയുണ്ടു് എന്നതായിരുന്നു മറെറാരു പരാതി. ഇതിനു് നല്ല ഒന്നാംതരം സമാധാനം പറയാനുണ്ടായിരുന്നു, യെവ്ത്തുഷെങ്കോയ്ക്കു്. സോവിയററ് ജനതയുടെ സ്വയം വിമർശനപരമായ പ്രസ്താവനകളിൽനിന്നു വല്ലതുമൊക്കെ പെറുക്കിയെടുത്തു് അതു് അവക്കെതിരായി ഉപയോഗപ്പെടുത്താൻ സോവിയററ് ശത്രുക്കരം എപ്പോഴും ഒരുമ്പെട്ടിരിക്കുമെന്നുള്ളതു വാസ്തവമാണെങ്കിലും, അക്കാരണത്താൽ സത്യം തുറന്നുപറയാതിരുന്നുകൂടാ എന്നു ലെനിൻതന്നെ പറഞ്ഞിട്ടുണ്ടു്. സ്റ്റാലിനെപ്പററിയുള്ള യഥാർത്ഥവസ്തുതകളെല്ലാം വെളിപ്പെടുത്തിക്കൊണ്ടു പാർട്ടിയുടെ ഇരുപതാംകോൺഗ്രസ്സിൽ പ്രസംഗിച്ച ക്രൂഷ്ചോവിന്റെ അഭിപ്രായവും മറെറാന്നല്ലെന്നു വ്യക്തം.

''അകാലപകപമായ ഒരാത്മകഥ''യെന്നാണു് യെവ്ത്തുഷെങ്കോയുടെ പുസ്തകം വിമർശിക്കപ്പെടുന്നതു്. അതു് അകാലപകപംതന്നെ എന്നു പറഞ്ഞേ തീരൂ. അകാലപകപതയുടെ ലക്ഷണംതികഞ്ഞ ഒരാത്മകഥ ഒടുവിൽ എഴുതണമെന്നു് ആരംഭംമുതൽ കരുതിക്കൂട്ടിക്കൊണ്ടാണു തൻെറ ജീവിതത്തിലെ എല്ലാ നടപടികളെയും യെവ്ത്തുഷെങ്കോ നിയന്ത്രിച്ചിരുന്നതെങ്കിൽക്കൂടെ ഇതിനെക്കാരം മെച്ചപ്പെട്ടൊരു ഫലം അദ്ദേഹത്തിനു കൈവരുത്താൻ കഴിയുമായിരുന്നില്ല. തൻെറ തെരുവിലുള്ള എല്ലാവരുടെമേലും മെക്കിട്ടുകേറി ഭയപ്പെടുത്തിനിർത്തിയിരുന്ന റെഡ് എന്നൊരു കൊച്ചു ചട്ടമ്പിയെ മലർത്തിയടിച്ചു മര്യാദപഠിപ്പിക്കാൻ വേണ്ടി പന്ത്രണ്ടു വയസ്സുള്ള ബാലനായിരുന്ന കാലത്തുതന്നെ അദ്ദേഹം ജൂ-ജൂററ്സു എന്ന ഗുസ്തിമുറയഭ്യസിക്കുന്നതു നാം കാണുന്നു. സ്റ്റാലിൻെറ ശവസംസ്കാരസ്ഥലത്തേ ആള

കളുടെ തള്ളിക്കയററത്തിൻെറ തിരക്കിൽപ്പെട്ടു പിടഞ്ഞു വീണു് ആളുകൾ ചവിട്ടേററു ചാകുന്നതു കണ്ടപ്പോൾ, അന്നു് ഇരുപതിൽ താഴെ മാത്രം പ്രായമുണ്ടായിരുന്ന അദ്ദേഹം നല്ല തൻേറടത്തോടെ മുൻകൈയെടുത്തു് അടുത്തുനിന്ന ആളുകളെ കൂട്ടിപ്പിടിച്ചു ശൃംഖലകൾ രൂപീകരിച്ചു് ഒട്ടധികം പേരുടെ ജീവൻ രക്ഷപ്പെടുത്തുന്നതും നാം കാണുന്നു. കവിതയെഴുത്തിൽ കമ്പം തുടങ്ങിയകാലത്താണു്, കവികളെല്ലാം മദ്യപന്മാരാണെന്നു് അമ്മ പറഞ്ഞുകേട്ടതു്. രണ്ടു യുവതികളേയുംകൂട്ടി അദ്ദേഹവും സ്നേഹിതന്മാരുംകൂടെ മദ്യശാലയിലേക്കു പുറപ്പെട്ടു; തീരെ ലക്കില്ലാതാകുംവരെ കുടിച്ചു. ഒരു ലക്ഷ്യവുമില്ലാത്ത ചില കവിതകളൊക്കെ എഴുതി കുറേശ്ശെ പണം കിട്ടിത്തുടങ്ങി. പക്ഷേ, ‘‘നമ്മുടെ കാലത്തു കവിയാകാൻ മോഹിക്കുന്നവൻ കവിയായിരുന്നാൽമാത്രം പോരാ; അതിലുപരിയായി ചിലതുകൂടി ആയിരിക്കണം,’’ എന്നു സ്സൃട്ട്സ്കി പറഞ്ഞുകേട്ടപ്പോൾ അതു മനസ്സിൽ ആഴത്തിൽ പതിഞ്ഞു. അപ്പോൾ സ്വന്തം കവിതയെച്ചൊല്ലി അദ്ദേഹത്തിനു വല്ലായ്മ തോന്നി. തന്റെ കവിതകളും അതുകൊണ്ടു നേടിയ പണവുമൊക്കെക്കൂടെ പിച്ചിച്ചീന്തി മോസ്ക്കോനദിയിലെറിഞ്ഞിട്ടു് തുടർന്നു പലവാരക്കാലം അദ്ദേഹം പട്ടിണിയിൽ കഴിഞ്ഞു. ഇതൊക്കെ ഒരു സ്കൂൾവിദ്യാർത്ഥിയുടെ ഉദ്വേഗമെന്നുമാത്രമേ പറയാനുള്ളു എന്നാണദ്ദേഹത്തിൻെറ അഭിപ്രായം.

പക്ഷേ, വെറും ഉദ്വേഗത്തിൽകവിഞ്ഞു ചിലതുണ്ടു് അതിൻെറ പിന്നിൽ. ഇവിടെമുതൽ ജീവിതത്തിൽ ഒരു പ്രത്യേക ദൗത്യം നിർവ്വഹിക്കാനുള്ള ആളാണു താൻ എന്ന ബോധത്തോടെ അദ്ദേഹം പ്രവർത്തിച്ചുതുടങ്ങുന്നു; ആ ദൗത്യമാകട്ടെ, സ്റ്റാലിൻെറ നടപടികൾമൂലം അശുദ്ധപ്പെട്ടു പോയ വിപ്ലവത്തിൻെറ പരിശുദ്ധാദർശങ്ങളെ പുനഃസ്ഥാപിക്കയെന്നതായിരുന്നുതാനും. കവിതയുടെ മണ്ഡലം അദ്ദേഹത്തിൻെറ പടക്കളമാണു്. പക്ഷേ, കാലം കടന്നുപോകുന്തോറും, തൻെറ ആളുകൾക്കുവേണ്ടിമാത്രമല്ല, മനുഷ്യവംശത്തിന്നാകമാനം വേണ്ടിത്തന്നെ സമരം നടത്തേണ്ടിയിരിക്കുന്നു എന്നദ്ദേഹത്തിന്നു തോന്നിത്തുടങ്ങുന്നു.

''ഞാൻ ദേശീയതയെ വെറുക്കുന്നു,'' യെവ്ത്തുഷെങ്കോ പറകയാണു്, ''എൻെറ ദൃഷ്ടിയിൽ ലോകത്തിൽ രണ്ടുരാഷ്ട്രങ്ങരാംമാത്രമേയുള്ളു; നല്ലവരും ചീത്തകളും. ഞാൻ നല്ലവരുടെ രാഷ്ട്രത്തിനുവേണ്ടി നിലകൊള്ളുന്ന ദേശീയവാദിയാണു്.''

ഇരുപതുവയസ്സിനുമേൽ മാത്രം പ്രായമുള്ള ഒരു യുവാവിൽനിന്നു നിർഗ്ഗളിക്കുമ്പോരം ഇത്തരം ആശയങ്ങരം ദാംഭികമായിത്തോന്നാം. എങ്കിലും ഉൽകൃഷ്ടമായ പൗരബോധമുടയ റഷ്യൻ മഹാകവികളുടെ പരമ്പരയിൽപ്പെട്ടയാളാണദ്ദേഹം. ഡിസംബ്രിസ്റ്റ് വിപ്ലവത്തോടു ബന്ധമുള്ളാളായിരുന്നു പുഷ്കിൻ. അറസ്റ്റുകരം നടന്ന സമയം യാദൃച്ഛികകാരണങ്ങളാൽ അദ്ദേഹം സെൻറ് പീറേറഴ്സ്ബർഗ്ഗിനു പുറത്തായിരുന്നതിനാൽ ജീവൻ രക്ഷപ്പെട്ടു. എങ്കിലും സാർ ചക്രവർത്തി അദ്ദേഹത്തേ ദക്ഷിണദേശത്തേക്കു നാടുകടത്തിക്കൊണ്ടു കല്പന പുറപ്പെടുവിക്കാതിരുന്നില്ല. നെക്രാസോവ് എഴുതി:

''കവിയാകട്ടെ ഭവാന,ല്ലെങ്കിലതുമാട്ടെ,
അവിടുന്നെന്തായാലും പൗരനാണസംശയം.''

പേനയും ബയണററുമൊരുപോലാണെന്ന മതക്കാരനായിരുന്നു മയക്കോവ്സ്കി; ''അതിരു തിരിച്ചിട്ടുള്ളൊരു നിർദ്ദിഷ്ടപാതയിൽ നിരർത്ഥകമായി ആവർത്തിച്ചാവർത്തിച്ചു ചുററിപ്പാഞ്ഞുകൊണ്ടിരിക്കുന്ന പന്തയക്കാറല്ല കവിത'' എന്നു കിർസാനോവ് താക്കീതുനല്കിയിരുന്നു, യെവ്ത്തുഷെങ്കോസ്കു്. അദ്ദേഹം തുടന്നു, ''അതു ജനങ്ങരംക്കു സഹായമരുളാൻ ഓടിയണയുന്ന ആംബുലൻസാണു്.'' യെവ്ത്തുഷെങ്കോ പറഞ്ഞിരിക്കയാണു്, ''കവികരം റഷ്യയെ ചിന്തിക്കാൻ സഹായിച്ചു; അവരായിരുന്നു എക്കാലവും നാടിൻെറ ആത്മീയഭരണകൂടം; റഷ്യയിലെ സ്വേച്ഛാപ്രമത്തരായ ഭരണാധികാരികരംക്കു് എക്കാലവും അവരെ ഭയമായിരുന്നു. ആ ഭയം സകാരണമായിരുന്നുതാനും.''

റഷ്യൻകവികളെപ്പററി യെവ്ത്തുഷെങ്കോ പറഞ്ഞിട്ടുള്ളതെല്ലാം റഷ്യയിലെ മറ്റെഴുത്തുകാക്കും തുല്യമായി ബാധകമാണു്. ടോരംസ്റ്റോയ്യും ഡോസ്റ്റോയസ്കിയും അവ

രവരുടെ ഭരണകാലത്തെ ഭരണാധികാരികളെ വെറുതേവിട്ടിട്ടില്ല. സ്റ്റാലിൻെറ ജീവിതാന്ത്യകാലത്തോടടുത്താണല്ലോ ഞാൻ ആദ്യം റഷ്യയിലെത്തിയതു്. ഡോസ്റ്റോയസ്കിയുടെ കൃതികൾ അന്നും നിഷിദ്ധഗ്രന്ഥങ്ങളുടെ ഗണത്തിൽത്തന്നെയായിരുന്നു. ഡോസ്റ്റോയസ്കിയുടെ ''കുറ്റവും ശിക്ഷയും'' എന്ന പുസ്തകത്തിൻെറ (ഒരു പ്രതി റഷ്യൻഭാഷയിലുള്ളതു്) സമ്പാദിച്ചുകൊടുക്കണമെന്നു ഡൽഹിയിലെ ഒരു സുഹൃത്തു് എന്നോടാവശ്യപ്പെട്ടിരുന്നു. മോസ്കോവിലെ പുസ്തകവില്പനശാലകളിലെല്ലാം അന്വേഷണം നടത്തിയിട്ടും അതു കിട്ടിയില്ലെന്നുമാത്രം. പക്ഷേ, സ്റ്റാലിൻെറ കാലം കഴിയേണ്ടതാമസം, ഡോസ്റ്റോയസ്കി ബഹുമാന്യനായ ഒരു സാഹിത്യകാരനായി ആരാധിക്കപ്പെട്ടുതുടങ്ങി. അദ്ദേഹം മരിച്ചതിൻെറ 75–ാംവാൎഷികം പ്രമാണിച്ചു ചേൎന്ന അനുസ്മരണയോഗത്തിൽ ഞാനും സംബന്ധിച്ചിരുന്നു. ''വലിയ നേട്ടങ്ങളുടെയും വലിയ നുണകളുടെയും കാലഘട്ട''മെന്നു യെവ്തുഷെങ്കോ വിശേഷിപ്പിക്കുന്ന സ്റ്റാലിൻെറകാലത്തു്, ഡോസ്റ്റോയസ്കി ''വിഷാദാത്മകനായ'' ഒരെഴുത്തുകാരനെന്നനിലയിൽ പുച്ഛിക്കപ്പെട്ടിരുന്നു. ''ഇതു കേട്ടാൽ തോന്നും,'' യെവ്തുഷെങ്കോ പറകയാണു്, ''വിഷാദലേശം കൂടാതെ ചിന്താമണ്ഡലത്തെ പ്രവൎത്തിപ്പിക്കുക സുകരമാണെന്നു്!'' ''വിഷാദചിന്ത അപകടകരമാണെന്നു കരുതുന്ന വല്ലവരുമുണ്ടെങ്കിൽ അവർതന്നെയാണു് അപകടക്കാർ.''

താനൊരു കമ്മ്യൂണിസ്റ്റാണെന്നു യെവ്തുഷെങ്കോ ആവൎത്തിച്ചാവൎത്തിച്ചു് അവകാശപ്പെടുന്നുണ്ടു്. 'എന്നെ കമ്മ്യൂണിസ്റ്റായി കണക്കാക്കുക' എന്ന ശീൎഷകത്തിൽ ഒരു കവിതയെഴുതിയിട്ടുണ്ടു്, അദ്ദേഹം. ''പൊതുനന്മയെ തൻെറ സ്വന്തംതാല്പര്യങ്ങൾക്കുപരിയായി കരുതുകയും, പൊതുനന്മയുടെ പേരിൽ അന്യരുടെ ജീവൻ നശിപ്പിക്കാൻ കൂട്ടാക്കാതിരിക്കയും ചെയ്യുന്നതാരോ, അവനാണു കമ്മ്യൂണിസ്റ്റ്,'' എന്നാണു് അദ്ദേഹത്തിൻെറ നിൎവ്വചനം. പൊതുനന്മയുടെപേരിൽ സ്റ്റാലിൻ കൂസലില്ലാതെ ചെയ്തതും ക്രൂഷ്ചോവ് ചെയ്യാൻ കൂട്ടാക്കാതിരുന്നതും, അന്യ

രുടെ ജീവൻ നശിപ്പിക്കുക എന്ന കൃത്യമാണ്. ''ലെനിനിസത്തിന്റെ ആദശം പുനരുദ്ധരിക്ക''യെന്നതാണു തന്റെ ലക്ഷ്യമെന്നു ക്രൂഷ്ചോവ് പറഞ്ഞിട്ടുണ്ട്. രാഷ്ട്രീയമണ്ഡലത്തിൽ ക്രൂഷ്ചോവ് ചെയ്യാനാഗ്രഹിക്കുന്നതെന്തോ, അതു കവിതയുടെ മണ്ഡലത്തിൽ സാദ്ധ്യമാക്കണമെന്നതാണു യെവ്തുഷെങ്കോയുടെ ആഗ്രഹം. 'സ്റ്റാലിൻെറ അവകാശികരം'എന്ന അദ്ദേഹത്തിൻെറ കവിത കമ്മ്യൂണിസ്റ്റ് വിരുദ്ധമാണെന്നു പറഞ്ഞുകൊണ്ട് ഏറെക്കാലം എല്ലാവരും അതിന്നു പ്രസിദ്ധീകരണം നിഷേധിച്ചിരുന്നു. അങ്ങനെയിരിക്കെയാണ് യെവ്തുഷെങ്കോ അതു ക്രൂഷ്ചോവിന്റെ പേക്കയച്ചുകൊടുത്തതു്. അടുത്തദിവസംതന്നെ അതു 'പ്രാവ്ദാ'യിൽ പ്രസിദ്ധീകരിക്കപ്പെടുകയുംചെയ്തു.

യെവ്തുഷെങ്കോയ്ക്കു പക്ഷേ, ക്രൂഷ്ചോവിന് അവശ്യം പരിഗണിച്ചേ തീരൂ എന്നുള്ളതരം പരിമിതികളൊന്നുമില്ല. ക്രൂഷ്ചോവിനു തൻെറ കക്ഷിയുടെ ഹിതാഹിതങ്ങരം പരിഗണിക്കണം—സോവിയററ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മാത്രമല്ല, നിവൃത്തിയുള്ള പക്ഷം മററു നാടുകളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെയും; അദ്ദേഹം സ്റ്റാലിനെപ്പോലെ ഒരേകാധിപതിയല്ല; സ്റ്റാലിൻേറതെന്നപോലെ അദ്ദേഹത്തിൻെറ ഏതഭിപ്രായവും ചോദ്യംചെയ്യാതെ അംഗീകരിക്കപ്പെടില്ല; സഖാക്കളെ ന്യായവാദംചെയ്തു സ്വാധീനപ്പെടുത്തിയും തൻെറ നിലപാടു ശരിയാണെന്നു ബോദ്ധ്യപ്പെടുത്തിയും വേണ്ടിയിരിക്കുന്നു, മുമ്പോട്ടു പോകാൻ. കവിക്കു് ഈ പരിമിതികളൊന്നുമില്ല. എപ്പോഴും ഉദാത്തമായ അഹന്തയോടെ പെരുമാറാം. രാഷ്ട്രീയപ്രവത്തകന്നു് അതു സാദ്ധ്യമാവില്ല. 'സംഭവ്യതയുടെ കലയാണു രാഷ്ട്രീയം' എന്ന ക്ലെമെൻഷോയുടെ പ്രമാണം അയാരം എപ്പോഴും ഓമ്മയിൽ വച്ചിരിക്കണം.

പ്രത്യക്ഷത്തിൽ വെറും ചാപല്യമെന്നു തോന്നിപ്പോകുന്ന പലതും സ്റ്റാലിൻെറ മരണശേഷം സോവിയററ് റഷ്യയിൽ സംഭവിച്ചുകണ്ടതിൻെറ കാരണമിതാണ്. എങ്കിലും കഴിഞ്ഞ ഒരു ദശകത്തിന്നുള്ളിൽ സംഭവിച്ചിട്ടുള്ള

മാററങ്ങരം സങ്കല്പാതീതമാംവിധം ''വലിയവ''യാണ് എന്നു യെവ്തുഷെങ്കോ സമ്മതിക്കുന്നുണ്ട്. അവർ യഹൂദ ഡോക്ടറന്മാരെ തടങ്കലിൽനിന്നു മോചിപ്പിച്ചു; തടങ്കൽ പാളയങ്ങരം നിർത്തലാക്കി; ബെറിയായ്ക്കു മരണശിക്ഷ നല്കി. ബെറിയായെ യെവ്തുഷെങ്കോ ഒരിക്കൽ കണ്ടിട്ടുണ്ട്. അദ്ദേഹം എഴുതിയിരിക്കയാണ്: ''കഴുകൻേറതു പോലുള്ള ബെറിയായുടെ മുഖം ഒരു മഫ്ളർകൊണ്ടു പാതി മറയ്ക്കപ്പെട്ട നിലയിൽ അയാളുടെ കാറിൻെറ ചില്ലിൽ കൂടെ എത്തിനോക്കിയിരുന്നു. ആ രാത്രിയിലെ ഉപയോഗത്തിന് ഒരു പെണ്ണിനെ വേട്ടയാടിപ്പിടിക്കാൻ നോക്കികൊണ്ടു നടപ്പാതയ്ക്കടുത്തുകൂടെ സാവധാനത്തിൽ അയാരം കാറിൽ പോകുമ്പോഴാണതു്.'' ജനങ്ങരംക്കു നിത്യോപയോഗസാധനങ്ങരം കൂടുതലായി ലഭിക്കാനുള്ള സാദ്ധ്യതകരം ചൂണ്ടിക്കാണിച്ച് അവരെ പ്രീണിപ്പിക്കാനൊരു ശ്രമം മലങ്കോവ് നടത്തിയെങ്കിലും ''ജീവിക്കുകയെന്നതിനെ ആഹാരവും വസ്ത്രവും ഭവനവും ഉണ്ടായിരിക്കുന്ന അവസ്ഥ എന്ന പരിമിതാൎത്ഥത്തിൽ സ്വീകരിക്കാൻ അവർ തയ്യാറില്ലാ''യിരുന്നതിനാൽ ജനങ്ങളെ തൃപ്തിപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ലെന്നു യെവ്തുഷെങ്കോ പറയുന്നു. ''യഥാൎത്ഥ വസ്തുതകളറിയാനുള്ള അവകാശമാണവൎക്കുവേണ്ടിയിരുന്നതു്.'' ഇരുപതാം കോൺഗ്രസ്സിൽ വച്ചു സ്റ്റാലിനെപ്പററിയുള്ള യഥാൎത്ഥവസ്തുതകരം ക്രൂഷ്ചോവ് അവൎക്കു നൽകുകയും ചെയ്തു. ''അന്ധരായ ജനങ്ങരം അതോടെ പ്രകാശം കണ്ടുതുടങ്ങുകയായിരുന്നു'' എന്നാണ്, യെവ്തുഷെങ്കോ പറയുന്നതു്.

നയതന്ത്രപ്രവൎത്തകരായ ഞങ്ങരം ആ അത്ഭുതത്തിന്നു ദൃക്സാക്ഷികളായിരുന്നു. ആദ്യം ഞങ്ങരം അമ്പരന്നുപോയി. 'ദി ഫ്ളയിംഗ് ട്രോയിക്ക'എന്ന എൻെറ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുള്ള 1956 മാർച്ച് 20–ാംതീയതിയിലെ എൻെറ ദിനസരിക്കുറിപ്പിൽ ഞാൻ എഴുതി: ''സ്റ്റാലിനെ ഇത്ര കലശലായി കുററപ്പെടുത്താൻ സോവിയററ് നേതാക്കന്മാർ മുതിൎന്നതെന്തുകൊണ്ടാവാം? കഴിഞ്ഞ മൂന്നു വൎഷങ്ങളായിട്ട് അദ്ദേഹത്തിൻെറ പദവിക്ക് അനു

സ്വന്തമായി തുരങ്കംവയ്ക്കുകയായിരുന്നു, അവർ; സ്റ്റാലിന്റെ സ്മരണയ്ക്കെതിരേ ഇത്ര ഉൽക്കടമായ ആക്രമണമഴിച്ചുവിട്ടു ജോർജ്ജിയായിലും മററും ശക്തിയായ പ്രത്യാഘാതത്തിനും ജനക്ഷോഭത്തിനും ഇട നൽകുന്ന പ്രകോപനമുണ്ടാക്കാതെ അവർ ആചരിച്ചുകൊണ്ടുപോന്ന ആ പ്രക്രിയതന്നെ തുടർന്നുകൊണ്ടു പോകയായിരുന്നില്ലേ ഭേദം? ജോർജ്ജിയായിലെ അദ്ദേഹത്തിന്റെ നാട്ടുകാർ എത്രയധികം ഭക്ത്യാദരങ്ങളോടെയാണ് അദ്ദേഹത്തെ സ്മരിക്കുന്നതെന്നും, സ്വല്പപ്രായമായിട്ടാണെങ്കിലും അങ്ങിങ്ങു ചിലേടങ്ങളിൽ അവശേഷിച്ചിട്ടുള്ള പ്രാദേശികചിന്താഗതി അതിശക്തമാണെന്നുമുള്ള വസ്തുത അവർ വേണ്ടത്ര ധരിച്ചിട്ടില്ലെന്നുണ്ടോ? അതോ, സ്ലാവ് വാസ്തുശില്പകലയിലെന്നപോലെ സ്ലാവ് സ്വഭാവത്തിലും അസാധാരണ പ്രവണതകളുടെ അതിപ്രസരമുണ്ടായിട്ട് അതു കവിഞ്ഞൊഴുകിയതിന്റെ ഫലമായിരിക്കുമോ അത്യുഗ്രമായ ഈ കടന്നാക്രമണം?'' ആ ചോദ്യത്തിനു സ്വയം സമാധാനം കണ്ടുപിടിക്കാൻ ശ്രമിച്ചുകൊണ്ടു ഞാൻ തുടർന്നു: ''സ്റ്റാലിനെ ചരിത്രത്തിൽ അദ്ദേഹമർഹിക്കുന്ന സ്ഥാനത്തേക്കു പിന്മാററിയിരുത്തിയില്ലെങ്കിൽ ഒരുവേള ചരിത്രത്തിന്റെ ഗതിതന്നെ മുട്ടിപ്പോയേക്കുമെന്ന് അവഗാഢമായ ആലോചനയ്ക്കു ശേഷം അവർ തീരുമാനമെടുത്തതാകാം എന്നേ പറയാനാവൂ. കാരണം, എങ്ങോട്ടു തിരിഞ്ഞാലും സ്റ്റാലിന്റെ വല്ല പ്രസ്താവനയിലോ, അദ്ദേഹം സ്ഥാപിച്ചുവച്ച വല്ല സിദ്ധാന്തത്തിലോ, അദ്ദേഹം ചെയ്തുവച്ച വല്ല പ്രവൃത്തിയിലോ, അദ്ദേഹം മൂലം മരണപ്പെട്ട വല്ലവരുടേയും ശവശരീരത്തിലോ ചെന്നു മുട്ടി വഴി മുടങ്ങി നില്ക്കേണ്ടിവന്നിരുന്നു, അവക്ക്. രാഷ്ട്രശരീരത്തിലെ ചോരയോട്ടം സ്തംഭിച്ചിരുന്ന ഈ നീക്കെട്ടു നീക്കംചെയ്തു ശുദ്ധരക്തത്തിന്റെ പ്രവാഹം സുഗമമാക്കണമെങ്കിൽ ഒരു ശസ്ത്രക്രിയകൊണ്ടു മാത്രമേ സാദ്ധ്യമാകുമായിരുന്നുള്ളൂ.''

യെവ്തുഷെങ്കോയുടെ പുസ്തകം വായിക്കാനിടയായതു നന്നായി. കാരണം, അതു് എന്റെ വ്യാഖ്യാനത്തിനു പിൻബലം നൽകുന്നു. ഇരുപതാംകോൺഗ്രസ്സിനെ ജോൺ

ഫോസ്റ്റർ ഡള്ളസ് വിലയിരുത്തിയ സമ്പ്രദായം വളരെ വ്യത്യസ്തമാണ്. സോവിയററ്യൂണിയൻ തോററു തുന്നം പാടി പിൻതിരിഞ്ഞു് ഓട്ടംപിടിച്ചിരിക്കയാണെന്നും പാശ്ചാത്യരാജ്യങ്ങളുടെ കരുത്തും ഉറച്ചനിലപാടും ബോദ്ധ്യപ്പെട്ടതോടെ, മുമ്പ് താല്പര്യപൂർവ്വം മുറുകെപ്പിടിച്ചിരുന്ന നയപരിപാടികൾ ഉപേക്ഷിക്കാൻ അവർ നിർബ്ബന്ധിതരായിരിക്കയാണെന്നുമുള്ളതിൻെറ തെളിവാണ് ഇരുപതാംകോൺഗ്രസ്സിലെ നടപടികൾ എന്നാണദ്ദേഹം വ്യാഖ്യാനിച്ചത്. സോവിയററ്യൂണിയൻ തോറേറാടുകയായിരുന്നില്ലെന്നു്, തുടർന്നുവന്ന സംഭവങ്ങൾ വ്യക്തമായി തെളിയിച്ചു. ബാഹ്യമായ ഞെരുക്കലുകൾ കൊണ്ടോന്നുമല്ല, ആന്തരികപ്രേരണകൾക്കധീനരായി മാത്രമാണ് ഇരുപതാംകോൺഗ്രസ്സിൽവച്ച് മാർക്സിസത്തിൻെറ അടിസ്ഥാനതത്വങ്ങളിൽത്തന്നെ ചില മാററങ്ങൾ അംഗീകരിക്കാൻ അവർ ഒരുമ്പെട്ടതെന്നും, അപ്പോഴേതന്നെ വ്യക്തമായിരുന്നു. 'ക്രെംലിനിലെ വസന്തകാലം' എന്ന ശീർഷകത്തിൻകീഴിൽ ഈ മാററത്തെപ്പററിയൊക്കെ എൻെറ പുസ്തകത്തിൽ ഞാൻ പറഞ്ഞിട്ടുണ്ട്. അതിനുശേഷവും അകാലത്തുള്ള മഞ്ഞുപെയ്ത്തും ശീതവാതവുമൊക്കെയുണ്ടായിട്ടുള്ളതിനെപ്പററിയും അതിൽ ഞാൻ വിവരിച്ചിട്ടുണ്ട്. എങ്കിലും ഇതൊന്നും ആ വസന്തത്തിൻെറ സ്ഥായിയായ ഭാവത്തിനു കോട്ടംവരുത്താൻ പര്യാപ്തമായില്ല—യെവ്തുഷെങ്കോയുടെ ഭാഷയിൽ പറഞ്ഞാൽ, ''ഇടത്തോട്ടൊരു ചുവടുവച്ചും വലത്തോട്ടൊരു ചുവടുവച്ചും പുറകോട്ടൊരു ച്ചുവടുവച്ചും എന്നാൽ എപ്പോഴും മുമ്പോട്ടു രണ്ടുമൂന്നു ചുവടെങ്കിലുംവച്ചും'' നീങ്ങുന്ന ആ വസന്തം. ഒടുവിൽ അമേരിക്കൻ ഗവണ്മെൻറിൻെറ സഹകരണത്തോടെ—പരേതനായ ജോൺ ഫോസ്റ്റർ ഡള്ളസിനു മേൽക്കൈയുണ്ടായിരുന്ന ഭരണകൂടത്തിൽനിന്ന് ഏറെ വ്യത്യസ്തമായിരുന്നു, ഇത്—അണുകവിസ്ഫോടനപരീക്ഷണം നിർത്തിവച്ചുകൊണ്ടു തീരുമാനമെടുത്ത്, സമാധാനത്തിൻെറ പാതയിൽ സുപ്രധാനമായ ഒരു കാൽവയ്പു നടത്തിയതോടെ, സോവിയററ്റഷ്യയിലും അമേരിക്കയിലും മാത്രമല്ല, മനുഷ്യ

രാശിക്കാകമാനം വസന്തകാലം ഉദയംചെയ്തതുപോലെ തോന്നി.

ഇങ്ങനെയൊക്കെയാണെങ്കിലും കൊട്ടംശൈത്യമാണ്, ചൈനയിൽ ഇപ്പോഴും.

## 8 വീണ്ടും മോസ്കോ

*മോസ്കോ, ഒക്ടോബർ, 5*

ഇൻഡ്യയിലേക്കു മടങ്ങുംമുമ്പ് ഏതാനും ദിവസം കൂടെ മോസ്കോവിൽ തങ്ങേണ്ടതുണ്ട്. അതിനായി ഞങ്ങൾ വീണ്ടും നമ്മുടെ എംബസിമന്ദിരത്തിലെത്തിയിരിക്കയാണ്. കഴിഞ്ഞമാസം ആദ്യം ഇവിടെയെത്തിയ അവസരത്തിൽ ഉണ്ടായിരുന്ന ഉത്സാഹത്തിന്റെ ലേശംപോലും ഞങ്ങൾക്കിപ്പോൾ തോന്നുന്നില്ല. വാസ്തവം പറഞ്ഞാൽ ആകെയൊരു നിരുന്മേഷതയാണനുഭവപ്പെടുന്നത്. അതിനധികവും കാരണം, കാലാവസ്ഥയാണ്. ആകാശം മൂടിക്കെട്ടിയ മട്ടിലാണ്; എങ്ങും ഒരിരുണ്ട ചാരനിറം; കാലത്തെന്നോ ഉച്ചയ്ക്കെന്നോ വൈകിട്ടെന്നോ ഭേദമില്ലാതെ കാലാവസ്ഥ എപ്പോഴും ഒന്നുതന്നെ. ചാററൽമഴയുമുണ്ട്. ഇന്നു രാവിലേ, പോരെങ്കിൽ മഞ്ഞുപെയ്യുകകൂടെചെയ്തു. നല്ല മഞ്ഞുവീഴ്ചയായിരുന്നെങ്കിൽ അതിന്റെ സൗന്ദര്യമെങ്കിലുമാസ്വാദിക്കാം. ഇതു് അതുമില്ല. ലോലമായി വീണുകൊണ്ടിരുന്ന ഹിമപാളികൾ തറയിൽ വന്നുപററേണ്ട താമസം, ചെളിക്കുഴമ്പായിക്കഴിയും. ചെമപ്പും സ്വർണ്ണദ്യുതിയും താമ്രവർണ്ണവും വഹിച്ചുനിന്നിരുന്ന ചില മരങ്ങൾ ഉദാത്തഭംഗിയിയന്നവതന്നെയെങ്കിലും മററുചിലവ തങ്ങളുടെ നല്ലകാലം കഴിഞ്ഞുപോയതിനെച്ചൊല്ലി വേദനിച്ചിട്ടെന്നപോലെ ഇലകൊഴിഞ്ഞു് കണ്ണീർവാർത്തു നില്ക്കുകയാണ്. പുനർജ്ജന്മമുണ്ടാകുമെന്നചിന്ത 'കുഴിയിലേക്കു കാലും നീട്ടിയിരിക്കുന്നവനു് ആശ്വാസത്തിന്നു നിദാനമാകാത്തപോലെതന്നെ, പൊയ്പ്പോയ യൗവനവും ഭംഗിയുമെല്ലാം

വസന്തകാലത്തു വീണ്ടും കൈവരുമെന്ന ചിന്ത അവക്കും ആശ്വാസമരുളുന്നില്ലെന്നു തോന്നുന്നു.

ക്രൈമിയായിലെ അന്തരീക്ഷത്തിൽനിന്നു പെട്ടെന്നുള്ള ഈ മാററം അനുജിയെ പ്രത്യേകം ബാധിച്ചു. അവിടെ നിന്നിവിടെ മടങ്ങിയെത്തിയതു മുതൽ ഒരു മനംപിരട്ടലും തലവേദനയും മൂലം കിടക്കയെ ശരണംപ്രാപിച്ചിരിക്കുന്ന അവരംക്കു് ആഹാരമൊന്നും കഴിക്കാൻവയ്യ. എന്തു കഴിച്ചാലും ഛർദ്ദിക്കും. ശാരദ ദയാപൂർവ്വം കൊടുത്തയയ്ക്കുന്ന എരിവുള്ള രസംമാത്രം അല്പം കഴിക്കാം. അതു കുഴപ്പമുണ്ടാക്കുന്നില്ല. ക്രൈമിയായിലെ താമസത്തിനിടയിൽ രണ്ടരക്കിലോ തൂക്കം വർദ്ധിച്ചതുകണ്ടു പരിഭ്രമിച്ചുവശായ അവരംക്കു് അതു വല്ലവിധവും കുറഞ്ഞുകിട്ടുമല്ലോ എന്നോർത്തിട്ടു് ഈ ശരീരാസ്വാസ്ഥ്യംകൊണ്ടും സന്തോഷമാണുണ്ടായതു്.

ഞങ്ങളുടെ ഈ നിരുന്മേഷാവസ്ഥ കുറേയൊക്കെ മനഃശാസ്ത്രസംബന്ധിയുംകൂടെയാണെന്നു തോന്നുന്നു. അംബാസഡർ കൗരം ആറാഴ്ചത്തെ അവധിയിൽ പോയിരിക്കയാൽ ഈ വലിയ എംബസിമന്ദിരത്തിൽ ഇപ്പോരം ഞങ്ങരംമാത്രമേയുള്ളു. അങ്ങനെ ഞങ്ങരംക്കൊരു ശൂന്യതാബോധം തോന്നുന്നുണ്ടു് ഇവിടെയിപ്പോരം—ശാരീരകവും മാനസികവുമായ ശൂന്യത. കാരണം, ഞങ്ങളിവിടെ പാർത്തിരുന്ന ഒൻപതു കൊല്ലക്കാലവും എല്ലാ പ്രവർത്തനങ്ങളുടെയും മുഖ്യ കേന്ദ്രം ഞങ്ങളായിരുന്നു; നമ്മുടെ എംബസിയാണെങ്കിൽ, കിഴക്കിന്റെയും പടിഞ്ഞാറിന്റെയും സുപ്രധാനമായൊരു സംഗമസ്ഥാനവുമായിരുന്നു. ഇപ്പോരം കേന്ദ്രസ്ഥാനത്തുനിന്നു് ഒരരികിലേക്കു മാറിയിരിക്കുന്നു ഞങ്ങരം. ഞങ്ങരം കഴിഞ്ഞ കാലത്തിന്റെ പ്രതിനിധികളാണെന്ന ഒരു തോന്നലുണ്ടായിപ്പോകുന്നു; ആ തോന്നൽ എപ്പോഴും നിരുന്മേഷതയിലേക്കു നയിക്കയുംചെയ്യുന്നു. ഇക്കണെക്കിനു് തന്റെ കാലം കഴിഞ്ഞുപോയിരിക്കുന്നു എന്ന ചിന്ത ഉലനോവായെ—ഞങ്ങരം ആദ്യമായി ഇവിടെയെത്തിയ 1952-ൽ, അവസാനത്തെ നൃത്തപ്രകടനം നടത്തിക്കൊണ്ടു രംഗത്തുനിന്നു് എന്നേക്കുമായി അക്കൊല്ലം പിൻവാങ്ങാൻപോകുന്നതായി കേട്ടിരുന്നിട്ടും ഞങ്ങരം

ളിവിടെയുണ്ടായിരുന്ന കാലമത്രയും, തുടൎന്ന് 1961 വരെയും നൃത്തവേദിയിൽ വിജയംചെയ്തശേഷംമാത്രം പിൻവാങ്ങിയ മഹാനൎത്തകിയാണ് ഉലനോവാ—എത്രമേൽ ക്ലേശിപ്പിക്കുന്നുണ്ടാവണം! ജനങ്ങളുടെ പ്രശംസാവചനങ്ങൾ, സദസ്യർ ഒന്നടങ്കം എഴുന്നേററുനിന്നു കരഘോഷം മുഴക്കി പ്രകടിപ്പിക്കുന്ന അനുമോദനങ്ങൾ, നൃത്തപരിപാടിയുടെ അന്ത്യത്തിൽ സദസ്സിൻെറ എല്ലാഭാഗത്തുനിന്നും വന്നുവീണു കുന്നുകൂടുന്ന പുഷ്പങ്ങളും പുഷ്പമഞ്ജരികളും—ഈ ഘട്ടം അവളെ എപ്പോഴും കാതരയാക്കിയിരുന്നുവെന്നാണു തോന്നിയിട്ടുള്ളതു്—എന്നിതൊക്കെ ഏതോ മായികസ്വപ്നത്തിലെ അനുഭവങ്ങളായിട്ടാവണം അവൾക്കിപ്പോൾ തോന്നുന്നതു്.

ഞങ്ങൾക്കു പുറമേ എംബസിയിലിപ്പോൾ താമസമുള്ളതു കുശിനിക്കാരൻ മുഹമ്മദ് ജാൻ മാത്രമാണ്. കാസ്യസിൻേറതുപോലെ മെലിഞ്ഞു ബുഭുക്ഷാഭാവം സ്ഫുരിക്കുന്ന മുഖമാണയാൾക്കുള്ളതെങ്കിലും ഒട്ടും അപകടക്കാരനല്ല. മൂന്നുകൊല്ലം നൈറോബിയിൽ ബഹദൂർ സിങ്ങിനുവേണ്ടി സേവനമനുഷ്ഠിച്ചിരുന്ന അയാൾക്ക് അദ്ദേഹം നല്കിയിട്ടുള്ള സൎട്ടിഫിക്കററു ഞാൻ കണ്ടു. അയാൾ വലിയ ഈശ്വരവിശ്വാസിയാണെന്ന് അതിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. തനിക്കു നിൎവ്വഹിക്കാനുള്ള ദൗത്യം ഇൻഡ്യയിലാണെന്നുള്ള സന്ദേശം സ്വപ്നത്തിൽ അല്ലാഹുവിൽനിന്നു ലഭിച്ചതനുസരിച്ച് ഇൻഡ്യയിലെത്തിയ ഒരു അറബിസിദ്ധൻെറ മകനായ നിസാമുദ്ദീനിലെ മുഹമ്മദ് യൂസുഫിൻെറ ശിഷ്യനാണു താൻ എന്നയാൾ പറഞ്ഞു. ദിവസവും അയാൾ അഞ്ചുപ്രാവശ്യം പ്രാൎത്ഥന നടത്തും; ബാലേയോ ഓപ്പറായോ ഒന്നും കാണാൻ പോകില്ല; മദ്യം തൊടുകകൂടെ ചെയ്യില്ല. ആരോടും സംസാരിക്കാനില്ലാത്തതുകൊണ്ടു്, അയാളുടെ ഉർദു എടുത്തു പ്രയോഗിക്കാൻ ഞങ്ങളെ ശരവ്യമാക്കിയിരിക്കയാണിപ്പോൾ. മറെറാരു ലോകത്തിൻെറ സ്മരണകളുണൎത്തുന്ന അയാളുടെ സംഭാഷണം കേട്ടിരിക്കാൻ ഞങ്ങൾക്കു കൗതുകവുമാണ്. പഞ്ചാബിൽ പണ്ടു ഫിനാൻഷ്യൽ കമ്മിഷണറായിരുന്ന ഷീപ്പ്ഷാങ്ക്സിനെപ്പററി

വലിയ ആദരവോടെയാണയാരം സംസാരിച്ചതു്; അവിവാഹിതനാണെങ്കിലും ഒട്ടധികം വേലക്കാരെ വച്ചിരുന്ന അദ്ദേഹം അവരോടെല്ലാം വളരെ ഔദാര്യത്തോടെ പെരുമാറുകയും, നല്ലപോലെ തിന്നുകയും കുടിക്കുകയും ചെയ്തു് ആനന്ദിക്കയും ചെയ്തിരുന്നുപോൽ. 1946–ൽ ഇൻഡ്യ സന്ദശിച്ച സ്വാതന്ത്ര്യത്തിൻെറ മാഗ്ഗത്തിലേക്കു നാടിനെ ശരിക്കു തിരിച്ചുവിട്ട ബ്രിട്ടീഷ് കാബിനററ് അംഗങ്ങാംക്കു കുശിനിക്കാരനായും മുഹമ്മദ്ജാൻ പണിയെടുത്തിട്ടുണ്ടു്. പക്ഷേ, അയാളുടെ ആരാദ്ധ്യനായകൻ അബുൽക്കലാം ആസാദാണു്; അദ്ദേഹത്തെ പത്തുവഷം സേവിച്ചിരുന്നു, അയാരം. ഇപ്പോഴം ജവഹർലാൽ നെഹ്റുവിൻെറ ഭവനത്തിൽ ഭൃത്യന്മാക്കായി തിരിച്ചിട്ടുള്ള സ്ഥലത്തു താമസിച്ചുപോരുന്ന വിപുലമായ തൻെറ കുടുംബത്തോടുള്ള അയാളുടെ സ്നേഹം അളവററതാണു്. നെഹ്റു നിര്യാതനായി; അദ്ദേഹത്തിൻെറ മകരം മറെറാരു ഭവനത്തിലേക്കു താമസം മാററുകയും കഴിഞ്ഞു. എന്നിട്ടും ജാനിൻെറ ഭാര്യയും മക്കളും അവിടെത്തന്നെ താമസിക്കുന്നു; അവിടെത്തന്നെ തുടരുകയുംചെയ്യും.

വേലക്കാരിയായ വീരാ പകൽസമയത്തു വന്നു് ഏഴു മണിക്കൂർ ജോലിചെയ്തിട്ടു പോകും. ഡാക്ടർ രാധാകൃഷ്ണൻെറകാലംമുതൽ ഇവിടെ ജോലിചെയ്തുവരികയാണവരം. അദ്ദേഹം അടുത്തകാലത്തു് ഇവിടെ സന്ദശ്നം നടത്തിയിരുന്ന അവസരത്തിൽ, അവളെ പ്രത്യേകം ഓമ്മിച്ചു് ഒരു വാച്ചു സമ്മാനിക്കയുണ്ടായി. ഇപ്പോരം ഒരമ്മൂമ്മയായിക്കഴിഞ്ഞിരിക്കുന്ന അവരം, പണ്ടത്തെപ്പോലെതന്നെ ഇപ്പോഴം ഉന്മേഷവതിയും കമ്മവ്യഗ്രയും മാംസളശരീരിണിയുമാണു്. 1958–ൽ എയർ ഇൻഡ്യാ ഇൻറർനാഷനലിൻെറ വിമാനസവ്വീസ് ഉൽഘാടനംചെയ്തുകൊണ്ടു് ആദ്യം പറന്ന വിമാനത്തിൽ അവളേ ഞാൻ ഇൻഡ്യയിലേക്കയച്ചിരുന്നു. അവളുടെ ജീവിതത്തിലെ ഏറ്റവും മോഹനമുഹൂത്തമായിരുന്നു, അതു്. എംബസിജോലിക്കാരിൽപ്പെട്ട മററു മൂന്നു റഷ്യാക്കാരെക്കൂടെ ഞാൻ അക്കൂട്ടത്തിൽ ഇൻഡ്യയിലേക്കയച്ചിരുന്നു—ഡ്രൈവർ ലോഷാ, ദ്വിഭാഷി

വാലിയാ, സന്ദേശവാഹി ലെയ്ലാ. അവരെ പത്തുദിവസക്കാലം അതിഥികളെന്ന നിലയിൽ ഉപചരിച്ചിരുന്നുവെന്നുമാത്രമല്ല, ഡൽഹിയിലും പരിസരങ്ങളിലുമുള്ള കാഴ്ചകളും ആഗ്രായിലെ താജ്മഹലുമൊക്കെ കൊണ്ടുപോയി കാണിക്കുകയുംചെയ്തു. അവരെ പത്രക്കാർ സന്ദർശിച്ച് അഭിമുഖസംഭാഷണംനടത്തി; അവരുടെ ചിത്രങ്ങൾ പത്രത്തിൽവന്നു; ജവഹർലാൽ നെഹ്റു അവരെ സ്വീകരിക്കയുമുണ്ടായി. 1962—ൽ ബോയിംഗ് വിമാനസർവ്വീസ് ഉൽഘാടനംചെയ്തപ്പോഴും, ഈയാഴ്ച ഡൽഹി—മോസ്കോ—ലണ്ടൻ സർവ്വീസ് എയർ ഇൻഡ്യാ ഉൽഘാടനംചെയ്ത അവസരത്തിലും, നമ്മുടെ റഷ്യൻജോലിക്കാരിലാരേയും വിമാനത്തിൽ ഇൻഡ്യയിലേക്കയെയ്ക്കാൻ കഴിയാതെപോയതു കഷ്ടംതന്നെ. ഇൻഡ്യയിൽ സന്ദർശനംനടത്താൻ ലഭിക്കുന്ന അവസരം ഏതൊരു റഷ്യാക്കാരനും കോരിത്തരിപ്പിക്കുന്ന അവിസ്മരണീയാനുഭവമാണ്.

ക്രൂഷ്ചോവിനെ ഇവിടെവച്ച് സന്ദർശിക്കാമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. മോസ്കോ വിട്ടുപോകുന്നതിനു മുമ്പ് അവളുടെ അമ്മയെച്ചെന്നു കാണാതിരിക്കരുതെന്ന് റാഡാ നിർബ്ബന്ധിതമായി അനുജിയോടു പറഞ്ഞിട്ടുമുണ്ടായിരുന്നു. പക്ഷേ, കഴിഞ്ഞമാസത്തിൽ ഞങ്ങൾ മോസ്കോവിലെത്തിയിരുന്ന സമയം, ക്രൂഷ്ചോവ് ഒരു ഔദ്യോഗികസന്ദർശനത്തിനായി ചെക്കോസ്ലോവാക്യായിൽ പോയിരിക്കയായിരുന്നു; ഇപ്പോഴാകട്ടെ, അദ്ദേഹം വിശ്രമാർത്ഥം ദക്ഷിണദിക്കിലേക്കു പോയിരിക്കയുമാണ്. 'വെൽവെറ്റ് സീസൺ' (വില്ലൂസ് ഋതു) എന്നു വിളിക്കപ്പെടുന്ന സെപ്റ്റംബർമാസമാണു വിശ്രമസുഖവാസത്തിനു റഷ്യയിൽ ഏററവും പററിയ കാലം. പക്ഷേ, നമ്മുടെ പ്രസിഡൻറ്, ഐക്യഅറബിറിപ്പബ്ളിക്കിൻെറ പ്രധാനമന്ത്രി ആലി സാബ്രി, ഇൻഡോനേഷ്യയിലെ പ്രസിഡൻറ് സുകർണ്ണോ, സൈപ്രസ്സിലെ വിദേശകാര്യമന്ത്രി, തുടങ്ങി ഒട്ടധികം പ്രാമാണികരുടെ സന്ദർശനമുണ്ടായതുമൂലം ബഹുകാര്യവ്യഗ്രനായി മോസ്കോവിൽ തങ്ങിപ്പോയിരുന്ന ക്രൂഷ്ചോവിനു് അക്കാലം വിശ്രമസുഖത്തിനുവേണ്ടി

പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല. അതിനുംപുറമേ വിവിധ രാജ്യങ്ങളിൽനിന്നെത്തിയിരുന്ന പല പ്രതിനിധിസംഘങ്ങളെ സ്വീകരിക്കേണ്ടതായിട്ടുമുണ്ടായിരുന്നു, അദ്ദേഹത്തിന്. അന്യരുടെ ഭൂമി കൈവശപ്പെടുത്താൻ സോവിയററ്റഷ്യയ്ക്കു് അതിമോഹമുണ്ടെന്നാരോപിച്ചുകൊണ്ടു് ഒരു ജാപ്പനീസ് പ്രതിനിധിസംഘത്തോടു സംഭാഷണം നടത്തവേ മൗത്സ്തുംഗ് അഴിച്ചുവി ഉഗ്രമായ ആക്രമണത്തെ സൂചിപ്പിച്ചുകൊണ്ടു മോസ്കോ സന്ദർശിച്ചിരുന്ന ജാപ്പനീസ് പ്രതിനിധിസംഘത്തോ ക്രൂഷ്ചോവ് ചോദിച്ചു, സിങ്കിയാങ്ങിൽ ചൈന ന്തുകാര്യമാണുള്ളതെന്നു്. ചരിത്രാതീതകാലം മുത ചീനർ അവിടെ പാർത്തുപോരികയാണോ? വർഗ്ഗപര യോ ഭാഷാപരമായോ മററു വല്ല കാര്യത്തിലോ അന്നാ ലെ ജനങ്ങളുമായി വല്ല സാജാത്യവുമുണ്ടോ ചീനർക്കു സിങ്കിയാങ്ങിലെ ജനങ്ങൾ ചീനരല്ല; ഉയ്ഗ്ഗുറുകളും കസാ ക്കുകളും കിർഗിസുകളുമാണ് അവിടെയുള്ളത്.

***മോസ്കോ, ഒക്ടോബർ, 9***

ഞങ്ങളുടെ സഞ്ചാരപരിപാടി സമാപിച്ചു. നാളെ ഇൻഡ്യയിലേക്കു മടങ്ങുകയാണ്.

മോസ്കോവിൽ മടങ്ങിയെത്തിയപ്പോൾ ഞങ്ങളെ പീഡിപ്പിച്ചിരുന്ന മനോവൈക്ലബ്യം മാറിയിരിക്കുന്നു. അകാലികമായി തള്ളിക്കയറിവന്ന ശീതകാലം അത്ഭുതകരമാംവിധം മാറി സുവർണ്ണോജ്ജ്വലമായ ശരൽക്കാലം രംഗപ്രവേശംചെയ്തിരിക്കുന്നു. കഴിഞ്ഞ ഏതാനും ദിവസങ്ങളായിട്ട് ഇവിടെ ഏതാണ്ട് ഇൻഡ്യൻഗ്രീഷ്മകാലത്തിന്റെ മട്ടാണെന്നു പറയാം. ചൂടുണ്ടെങ്കിലും ഉഷ്ണംവമിക്കാത്ത ഈ കാലാവസ്ഥയ്ക്കു മുത്തശ്ശിവേനലെന്നാണ് ഇവിടെ പറയാറ്. നീലാകാശത്തേക്കു നോക്കിയാൽ ഏതാണ്ടു മെഡിറററേനിയൻസമുദ്രത്തിന്റെ പ്രതീതിയാണു തോന്നുക. രാത്രിയിൽ നക്ഷത്രജാലം തെളിഞ്ഞുനിൽക്കുന്നു. പക്ഷികുലം ആനന്ദനിമഗ്നരാണ്. അവയുടെ ശബ്ദകോലാഹലംകൊണ്ടു് അന്തരീക്ഷം വീണ്ടും മുഖരിതമായിത്തുടങ്ങി.

ഇല പൊഴിഞ്ഞുനില്ക്കുന്ന മരങ്ങരംപോലും അവയുടേതായ ഒരു ശാന്തിസൗഭഗം ചൊരിയുംപോലെ തോന്നി. ഇതൊ ...ക്ക ഞങ്ങളുടെ മാനസികനവോത്ഥാനത്തിന്നു സഹായ കമായി.

കാലാവസ്ഥയിൽ സംഭവിക്കുന്ന ആകസ്മികമായ മാററങ്ങരംക്കു മനുഷ്യരായ നാം എത്രവേഗമാണടിമപ്പെട്ടു ...പാകുന്നതു്! കേരളത്തിൽ നാം കാലാവസ്ഥയെ ഗണ്യമാ ...ാറില്ല. പക്ഷേ, അവിടെ കാലാവസ്ഥാമാററമെന്നൊ ന്നില്ലല്ലോ. മഴക്കാലത്തൊഴിച്ചാൽ ആണ്ടുവട്ടം മുഴവൻ ഒരേ കാലാവസ്ഥയാണു്.

കാലാവസ്ഥയിൽ സംഭവിച്ച മാററത്തേക്കാളധികമായി ഞങ്ങളുടെ മാനസോല്ലാസത്തിനു സഹായകമായതു് പഴയ സ്നേഹബന്ധങ്ങരം പുതുക്കാൻ അവസരം കിട്ടിയതാണു്. അകലെയുള്ള ലെനിൻഗ്രാഡിൽനിന്നു് അനുജിയെ സന്ദർശിക്കാനായി ബെർക്കത്തു് വന്നെത്തിയതു് അവളെ പ്രത്യേകിച്ചു സന്തുഷ്ടയാക്കി. ഞങ്ങരം അടുത്ത ബന്ധം പുലത്തിയിരുന്ന മോസ്ക്കോവിലെ നാടകകലാവിദ്യാലയത്തിൽ (Institute of Dramatic Art) നിന്നു ബിരുദം നേടിയ ഒരു യുവബാലേ ആചാര്യൻ എന്ന നിലയിൽ ഞങ്ങരം ആദ്യം പരിചയപ്പെട്ടിരുന്ന അദ്ദേഹത്തിനു് ലെനിൻഗ്രാഡിലാണിപ്പോരം ജോലി. അദ്ദേഹത്തിൻെറ വലിയ മോഹങ്ങളിലൊന്നായിരുന്നു, ഒരു ഇൻഡ്യൻബാലേ സംവിധാനംചെയ്യണമെന്നുള്ളതു്. ഇൻഡ്യൻപുരാണകഥകളിൽ അത്യവഗാഹമുള്ള അദ്ദേഹം പരുന്തു് എന്നത്ഥംവരുന്ന ബെർക്കത്തു് എന്ന പേരുകാരനാകയാൽ 'ഗരുഡനാ'ണു താൻ, എന്നവകാശപ്പെടാറുണ്ടു്. അനുജിയുടെ പ്രേരണപ്രകാരവും സഹകരണത്തോടുകൂടിയും നമ്മുടെ ക്ലാസ്സിക്കൽ നാടകമായ 'നള—ദമയന്തി'യെ ഉപജീവിച്ചു് ഒരു ബാലേയുടെ സംവിധാനം അദ്ദേഹം പൂത്തിയാക്കിയിട്ടുണ്ടു്. ലെനിൻഗ്രാഡിലെ സുപ്രസിദ്ധമായ കിറോവ് തീയേറ്റർ അതു സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. അടുത്ത വഷം ആരംഭംമുതൽ അതു രംഗത്തവതരിപ്പിച്ചുതുടങ്ങും. മറെറാരു ഇൻഡ്യൻബാലേയായ 'ശാകുന്തളം' റീഗാ തീയേറ്ററിൽ

നടന്നുകൊണ്ടിരിക്കയാണെന്നും അതു വളരെ ജനപ്രീതി നേടിയിരിക്കുന്നുവെന്നും അറിയാനിടയായതും സന്തോഷ കരമായിരുന്നു. അതിൻെറ അനുഗൃഹീതസംവിധായകനായ ബാലാസൻയാനുമായുള്ള സ്നേഹബന്ധം പുതുക്കാൻ അവസരം കിട്ടിയതും ഞങ്ങൾക്ക് ആനന്ദകാരണമായിരുന്നു. 'ശാകുന്തള'ത്തിന് പ്രതീക്ഷയിൽക്കവിഞ്ഞതോതിൽ വമ്പിച്ച സ്വീകരണമാണു റീഗാ തീയേറ്ററിൽ ലഭിച്ചിരിക്കുന്നതെന്നും നിറഞ്ഞ സദസ്സിൻെറ മുമ്പിലാണു തുടർച്ചയായി പ്രദർശനംനടന്നുകൊണ്ടിരിക്കുന്നതെന്നുമാണു ബാലാസൻയാൻ പറഞ്ഞതു്. മോസ്കോവിൽ നൃത്തസംവിധാനശാസ്ത്രമഭ്യസിച്ചുകൊണ്ടിരിക്കുന്ന രണ്ടു് ഇൻഡ്യൻനത്തകർ—മായാ റാവുവും ശിവശങ്കറും—ശാകുന്തളത്തിൻെറ നൃത്താവിഷ്കരണത്തിൽ ഏറെ സഹായിച്ചിരുന്നു എന്നദ്ദേഹം പറഞ്ഞു. രംഗപ്രയോഗവിഷയത്തിൽ അനുജി വളരെ താല്പര്യപൂർവ്വം ഉത്സാഹിച്ചിരുന്ന രാമായണനാടകം ഇപ്പോഴം മോസ്കോവിലെ ചിൽഡ്രൻസ് തീയേറ്ററിൻെറ അഭിനയപരിപാടിയിൽ തുടർന്നുപോരുന്നുണ്ടെന്നു കേട്ടതും ഞങ്ങളെ വളരെ സന്തുഷ്ടരാക്കി.

ഞങ്ങളുടെ കാലത്തു മോസ്കോവിലുണ്ടായിരുന്ന നയതന്ത്രപ്രതിനിധികളിൽ ഏതാണ്ടു് അരഡസൻ ആളുകൾ ഇപ്പോഴം ഇവിടെത്തന്നെ തുടരുന്നുണ്ടു്; അഫ്ഗാൻ അംബാസഡറായ ഷാഹലാമി, ഐക്യഅറബിറിപ്പബ്ളിക്കിൻെറ അംബാസഡർ ഗാലബ്, സുഡാനീസ് അംബാസഡർ ഉസ്മാൻ, ഇറാനിയൻ അംബാസഡർ അഡാമിയാററ്, ഘാനായുടെ അംബാസഡർ എലിയട്ട്. അവർ മാറി മാറി ഓരോരുത്തരായി ഞങ്ങളെ സൽക്കരിക്കയായിരുന്നു. ഷാഹലാമിയാണു് അംബാസഡറന്മാരുടെ കൂട്ടത്തിൽ മൂത്ത കാരണവർ. ഇജിപ്ഷ്യൻ എംബസിയോടു ബന്ധപ്പെട്ട ഒരു ഡാക്ടർ എന്ന നിലയിലാണു പത്തുകൊല്ലംമുമ്പു ഗാലബിനെ ഞങ്ങൾ പരിചയപ്പെട്ടിരുന്നതു്. നാസർ താല്പര്യപ്പെട്ടതനുസരിച്ചു ഡാക്ടർവേല മതിയാക്കി നയതന്ത്രമണ്ഡലത്തിലേക്കു പ്രവേശിച്ച അദ്ദേഹം ഇപ്പോൾ ഐക്യഅറബിറിപ്പബ്ളിക്കിൻ്റെ അതിസമർത്ഥ

രായ നയതന്ത്രപ്രതിനിധികളിലൊരാളായിക്കഴിഞ്ഞിരിക്കുന്നു. ഞങ്ങൾ ആദ്യം പരിചയപ്പെട്ട കാലത്തു് സരസനായ ഒരവിവാഹിതനായി കഴിഞ്ഞുകൂടിയിരുന്ന അദാമിയാററ് അടുത്തുതന്നെ വിവാഹിതനാകാൻ പോകുന്നു. അദ്ദേഹത്തിൻെറ സഹോദരനാണ് ഇൻഡ്യയിലെ ഇറേനിയൻ അംബാസഡർ. എലിയട്ടിൻെറ മകൾ നല്ലൊരു ബാലേ നർത്തകിയായി വികസിച്ചുകൊണ്ടിരിക്കുന്നു. ഏഷ്യയുടെയും ആഫ്രിക്കയുടെയും വിവിധ ഭാഗങ്ങളുടെ പ്രാതിനിദ്ധ്യംവഹിക്കുന്ന ഇവർ ഞങ്ങളോടു കാണിച്ച കാരുണ്യവും സ്നേഹവുമൊക്കെയോക്കുമ്പോൾ, ആരെന്തു പറഞ്ഞാലും, യഥാർത്ഥമായ വികാരവായ്പുതന്നെയാണ് ബന്ദുംഗ്സമ്മേളനത്തിൽ തുടിച്ചിരുന്നതു് എന്നു വിശ്വസിക്കാനാണ് എനിക്കു തോന്നിപ്പോകുന്നതു്.

ഇൻഡ്യൻ സിവിൽ സർവ്വീസിലെ പഴയ സുഹൃത്തുക്കളിലൊരാളായ ഹംഫ്രി ട്രെവലൃനുമൊത്തു ഞങ്ങൾ മുത്താഴം കഴിച്ചു. അദ്ദേഹവും ഞാനും ഏതാണ്ടു് ഒരേ മാതൃകയിലാണ് സിവിൽ സർവ്വീസിലൂടെ സഞ്ചരിച്ചതെന്നു പറയാം—മദ്രാസ്പ്രസിഡൻസിയിൽ ജില്ലാഭരണപരിശീലനം, നാട്ടുരാജ്യങ്ങളിൽ ജോലി, കേന്ദ്ര സെക്രട്ടേറിയററിൽ, തുടന്നു് ഇൻഡ്യ സ്വാതന്ത്ര്യം നേടിയശേഷം ചൈനായിലും റഷ്യയിലും നയതന്ത്രമണ്ഡലത്തിൽ ഇൻഡ്യയുടെ സ്വാതന്ത്ര്യപ്രാപ്തിയെത്തുടന്നു ജോലിയിൽനിന്നു വിട്ടുപോയ ബ്രിട്ടീഷ് ഐ. സി. എസ്.കാരുടെ കൂട്ടത്തിൽ ഏററവുമധികം ഉയന്നുപോയ ആൾ ഹംഫ്രിയാണ്.

ഓരോ ക്ഷണം സ്വീകരിച്ചു തുടച്ചയായി ഞങ്ങളിങ്ങനെ പുറത്തു പോയി ഭക്ഷണംകഴിച്ചുകൊണ്ടിരിക്കുന്നതിനാൽ പാചകനെന്ന നിലയിൽ സ്വന്തം വൈഭവം തെളിയിക്കാൻ തനിക്കവസരം കിട്ടുന്നില്ലെന്നു മുഹമ്മദ് ജാൻ പരാതിപ്പെടുന്നു. സാമൂഹ്യചടങ്ങുകളിലൊന്നും സംബന്ധിക്കാൻ ബാദ്ധ്യതയില്ലാതെ വല്ല സായാഹ്നവും ഒഴിഞ്ഞു കിട്ടിയാൽ അന്നു ഞങ്ങൾ നാടകശാലയിൽ പോകും. ക്രെംലിനിലെ മദ്ധ്യശതകങ്ങൾവരെ പഴക്കമുള്ള മനോഹരമായ പള്ളികൾക്കു സമീപത്തായി അടുത്തകാലത്തു്

അത്യാധുനികമാതൃകയിൽ പണിതീർത്തിട്ടുള്ള 'പാലസ് ഒഫ് ദി കോൺഗ്രസ്സസി'ൽ പോയി 'സ്വാൻലേക്ക്' നൃത്തനാടകം കണ്ടു. എത്രാമത്തെ തവണയാണിപ്പോൾ 'സ്വാൻലേക്ക്' കാണുന്നതെന്നു പറയാനറിഞ്ഞുകൂടാ; അത്രയധികം പ്രാവശ്യം അതു കണ്ടിരിക്കുന്നു. അതിസമർത്ഥയായ ഒരു ഉക്രേൻകാരി യുവനർത്തകിയാണു കറുത്ത അരയന്നത്തിൻെറയും വെളുത്ത അരയന്നത്തിൻെറയും ഭാഗമെടുത്ത് അഭിനയിച്ചിരുന്നതു്. എങ്കിലും, ഇപ്പോൾ ബോൾഷോയ് നൃത്തസംഘത്തോടൊപ്പം വിദേശപര്യടനത്തിലേർപ്പെട്ടിരിക്കുന്ന മായാ പ്ലിസെറ്റ്സ്കായായുടെ കുററമറ്റ അതുല്യാഭിനയത്തിനൊപ്പമെത്തിയില്ല അതു്. എൺപതു വയസ്സുകാരനായ നൃത്തസംവിധായകൻ ഫേയറെ വീണ്ടും കാണാൻ സൗകര്യപ്പെട്ടതു ഞങ്ങൾക്കു സന്തോഷമായി; ഞങ്ങൾ അവിടെയുണ്ടായിരുന്നപ്പോഴാണു് 75—ാം വയസ്സിൽ അദ്ദേഹത്തിൻെറ സുവർണ്ണജൂബിലിയാഘോഷിച്ചതു്.

ബിസേയുടെ 'വേരിയേഷൻസ്', റാവലിൻെറ 'ബൊളറോ', ആർ. സ്റ്റ്രാസിൻെറ 'ഡോൺ ജൂവാൻ', ജെ. സ്റ്റ്രാസിൻെറ 'സ്ട്രാസിയാനാ' എന്നിവയെ ഉപജീവിച്ചുള്ള നാലു് ഏകാങ്കബാലേകൾ സ്റ്റാനിസ്ലാവ്സ്കി തീയേറ്ററിൽ അഭിനയിച്ചു കണ്ടു. വ്യക്തമായും പുതിയ പരീക്ഷണങ്ങളായിരുന്നു, അവ—ബാലേയുടെ മണ്ഡലത്തിൽ പുതിയ മേഖലകളിൽ കാൽകുത്താൻ സോവിയറ്റ് യൂണിയനു സങ്കോചമാണെന്നുള്ള ആക്ഷേപം നീക്കാൻ ഉന്നിക്കൊണ്ടുള്ള പരീക്ഷണം. ഗ്രന്ഥകാരൻെറ വൈകാരികജീവിതത്തിൻ്റെ ഈഷദ്ദർശനംനല്കിക്കൊണ്ടും 'ബ്ളൂഡാന്യൂബ്' ഗാനങ്ങളാൽ പ്രകാശമാനമാക്കിക്കൊണ്ടും അവതരിപ്പിക്കപ്പെട്ട 'സ്ട്രാസിയാനാ'യുടെ രംഗപ്രയോഗം പ്രത്യേകിച്ചും മോഹനമായിരുന്നു.

ബാലേകളെക്കാൾ ഞങ്ങളെ രസിപ്പിച്ച ഇനമാണു്, ചെക്കോവിൻെറ 'ചെറിമരത്തോപ്പ്' എന്ന നാടകം. മാലി തീയേറ്ററിലാണു് അതു കണ്ടതു്. പഴയ പ്രശസ്തനടി തരസോവാ ഉൾപ്പെടെ ഞങ്ങൾക്കു വളരെ ഇഷ്ടപ്പെട്ട നടീനടന്മാരെ പലരെയും അവിടെവച്ചു കാണാൻ തരപ്പെട്ടു.

അന്നാകരേനീനായുടെ ഭാഗം അത്ഭുതകരമായ സാമത്ഥ്യ ത്തോടെ അഭിനയിക്കാറുണ്ടായിരുന്ന തരസോവാ, അന്ന യുടെ അമ്മയാകാനുള്ള പ്രായത്തിലെത്തിയിട്ടും ആ കഥാ പാത്രത്തിൻെറ ഭാഗം മററാരാഠക്കു വിട്ടുകൊടുക്കാൻ കൂട്ടാ ക്കിയിട്ടില്ല. 'ചെറിമരത്തോപ്പി'ലെ ഓരോ പാത്രത്തി ൻെറ ഭാഗവും കുററമററരീതിയിൽ അഭിനയിക്കപ്പെട്ടു. ചെ ക്കോവിൻെറ നാടകങ്ങളിൽ അഭിനയത്തിനെന്നതിനെ ക്കാഠം പ്രാധാന്യം അന്തരീക്ഷസൃഷ്ടിക്കാണു് എന്നൊരു കാര്യമുണ്ടു്. പഴയ വ്യവസ്ഥിതി പുതിയതിന്നു വഴിമാ റിക്കൊടുക്കുന്ന അന്തരീക്ഷം ഇതിനെക്കാഠം ആടോപരഹി തമായും വിശ്വസനീയമായ രീതിയിലും അവതരിപ്പി ക്കാൻ മററൊരു നാടകസംഘത്തിനും കഴിയുമെന്നു തോന്നു ന്നില്ല. ചെറിമരത്തോപ്പിൻെറ വില്പനയെത്തുടന്നു് പഴയ ഉടമസ്ഥർ അശ്രുവാത്തുകൊണ്ടു് അവിടം വിടുകയും പുതു മടിശ്ശീലക്കാരനായ പുതിയ ഉടമസ്ഥൻ ചെറിമരങ്ങളും ഫിർമരങ്ങളുമെല്ലാം മുറിച്ചുതള്ളാനാരംഭിക്കയും പഴയ ഭൃത്യൻ രംഗത്തെത്തി ഹൃദയംതകന്നു മരിക്കയുംചെയ്യുന്ന അവസാനഭാഗത്തെത്തിയപ്പോഴേക്കു് സദസ്യരിൽ വളരെ പ്പേർ കണ്ണീരൊഴുക്കിപ്പോയി. ഇതൊക്കെയായാലും അശു ഭാപ്തിവിശ്വാസംവിതയ്ക്കുന്നൊരു നാടകമാണു ചെക്കോ വിൻേറതു് എന്നു പറയാവതല്ല. വരുംകാലത്തിലെ കൂടു തൽ ഉൽകൃഷ്ടമായ വ്യവസ്ഥിതിയെപ്പററി പ്രത്യാശയു ണത്തുന്ന ഒരു കലാശില്പമാണതു്. നിത്യവിജ്ഞാനവ്യസ നിയായ ട്രെഫിമോവ് അത്യുത്സാഹപൂവ്വം ഭാവിയുടെ ചിത്രം സങ്കല്പിക്കുന്നതു നോക്കുക:

''വിശ്വസിക്കു, ആനിയാ, എന്നെ വിശ്വസിക്കു! എനി ക്കു വയസ്സു മുപ്പതായിട്ടില്ല, ചെറുപ്പമാണു്, ഇന്നും വിദ്യാ ത്ഥിയാണു് എന്നൊക്കെയിരിക്കിലും ഇക്കാലത്തിനിട യിൽത്തന്നെ എന്തെല്ലാം ഞാനനുഭവിച്ചുകഴിഞ്ഞിരിക്കുന്നു എന്റെ ആത്മാവിൽ ഓരോ നിമിഷവും, രാവും പകലും, ഭാവിസാദ്ധ്യതകളെപ്പററിയുള്ള വിവരണാക്ഷമമല്ലാത്ത ചി ന്തകഠം നിറഞ്ഞുമുററുന്നു. നല്ലകാലത്തിന്റെ ആഗമനത്തെ ഞാൻ പ്രതീക്ഷിക്കുന്നുണ്ടു് ആനിയാ. ഇപ്പോഠംത്തന്നെ അ

തിന്റെ സൂചനകറം ഞാൻ കാണുന്നു....അതാ നല്ലകാലം വരുന്നു —അതാ നോക്കു, അതു വരുന്നു! അതു് അടുത്തടുത്തുവന്നുകൊണ്ടിരിക്കുന്നു; എനിക്കതിൻെറ ചുവടുവയ്പിന്റെ ഒച്ച കേറംക്കാം. നമുക്കതു കാണാൻ കഴിഞ്ഞില്ലെങ്കിൽത്തന്നെ—അനുഭവിക്കാൻ കഴിഞ്ഞില്ലെങ്കിൽത്തന്നെ—തരക്കേടെന്തു്? നമ്മുടെ പിൻമുറക്കാർ അതു കണ്ടുകൊള്ളും.''

അലസിപ്പോയ 1905—ലെ വിപ്ലവത്തിലേക്കു സംഭവഗതികറം നയിച്ചിരുന്ന കാലഘട്ടത്തിലാണു്, റഷ്യയിൽ ഒരു പുതുജീവിതത്തിൻെറ നവോദയത്തെ സൂചിപ്പിക്കുന്ന ഈ വാക്കുകറം എഴുതപ്പെട്ടതു്. 1917—ലെ വിപ്ലവത്തിനുശേഷവും, സ്റ്റാലിൻഭരണത്തിൻെറ നീണ്ടുനിന്ന പേടിസ്വപ്നകാലത്തും, ഈ വാക്കുകറം ക്രൂരമായ പരിഹാസംപോലെ അനുഭവപ്പെട്ടിരുന്നു. ഒടുവിൽ ഇപ്പോഴിതാ, അവയ്ക്കു് ഏതാണ്ടത്ഥമുള്ളതായി അനുഭവപ്പെട്ടുതുടങ്ങിയിരിക്കുന്നു.

# ഉപസംഹാരം

ചരിത്രത്തിന്റെ അധിദേവതയായ ക്ലിയോ കൃതഘ്നയായൊരു ദേവിതന്നെ. അസാധാരണ സിദ്ധികളുള്ളവരെ തിരഞ്ഞെടുത്തുതന്റെ ആയുധമായുപയോഗപ്പെടുത്തിയശേഷം, തകൎന്നനിലയിൽ വഴിവക്കിൽ ഉപേക്ഷിച്ചുകളയുകയാണു് അവറം പലപ്പോഴും ചെയ്യുക. എന്നിട്ടു്, തകൎന്ന കഷണങ്ങറം പെറുക്കിക്കൂട്ടി കഴിവുള്ളത്ര യുക്തിസഹമായ ഒരു ചിത്രം ഭാവിതലമുറകളുടെ ആവശ്യത്തിനുവേണ്ടി തയ്യാറാക്കുന്ന ജോലി ചരിത്രകാരന്മാക്കും നയതന്ത്രപ്രവത്തകക്കും വിട്ടുകൊടുത്തുകൊണ്ടു്, ഒന്നും സംഭവിക്കാത്ത മട്ടിൽ ക്ലേശലെന്യേ ഭാവിയിലേക്കുള്ള പ്രയാണം തുടരുകയാണവറം.

റഷ്യയിൽക്കഴിഞ്ഞ ഒൻപതു വഷങ്ങറംക്കിടയിൽ നടന്ന ഒട്ടധികം രാഷ്ട്രീയപ്രേതവിചാരണകറംക്കു ഞാൻ ദൃക്സാക്ഷിയായിരുന്നു. സ്റ്റാലിൻ, ബെറിയാ, മലങ്കോവ്, മോളറേറാവ്, കഗനോവിച്ച്, മാർഷൽ സുക്കോവ്, ബുറംഗാനിൻ എന്നിവരുറംപ്പെടെ വളരെപ്പേർ

ശസ്ത്രക്രിയാമേശമേൽ കിടത്തപ്പെട്ടു; വിശദമായ പരിശോധനയ്ക്കു വിഷയമാക്കപ്പെട്ടു. ഓരോ ആളുടെമേലും ശസ്ത്രപ്രയോഗം നടത്തിയതു ക്രൂഷ്ചോവാണ്. അദ്ദേഹത്തെയാണ ക്ലിയോ തൻെറ ഉപകരണമായി തിരഞ്ഞെടുത്തത്. അങ്ങനെയുള്ള അദ്ദേഹത്തിൻെറമേലുള്ള പ്രേതവിചാരണയും അദ്ദേഹത്തിൻെറകാലത്തുതന്നെ നടക്കുമെന്നു ഞാനേതും കരുതിയിരുന്നില്ല.

ലോകത്തിലെ രാജ്യതന്ത്രജ്ഞന്മാരുടെ ഗണത്തിൽ ജവഹർലാൽ നെഹ്റുവിനെ കഴിഞ്ഞാൽ ഞാൻ ഏററവും കൂടുതൽ അടുത്തറികയും ആദരിക്കയും ചെയ്തിട്ടുള്ളതു ക്രൂഷ്ചോവിനെയാണ്. മററാരുമായുള്ള സമ്പക്ത്തിൽ, ഇത്രയധികം രസകരമായ, ഇത്രയധികം ഉത്തേജകമായ, സംഭാഷണത്തിലേപ്പെട്ട്, ഇത്രയധികം സമയം, ഇത്രയധികം പ്രാവശ്യം, കഴിച്ചുകൂട്ടാൻ എനിക്കിടയായിട്ടില്ല. സോവിയററ്യൂണിയനിൽ ക്രൂഷ്ചോവ് നേടിയിട്ടുള്ള പദവി, അദ്ദേഹത്താൽ വിശിഷ്ടമായും വിദഗ്ദ്ധമായും സേവിക്കപ്പെട്ട ജനങ്ങളുടെ സ്നേഹത്തിൽ അധിഷ്ഠിതമാണെന്നതിനാൽ, അതിന്നു വല്ല തകരാറുമുണ്ടാവുക സാദ്ധ്യമല്ലെന്നാണ ഞാൻ എപ്പോഴും വിചാരിച്ചിട്ടുള്ളത്.

ക്രൂഷ്ചോവിൻെറ പതനം എങ്ങനെ സംഭവിച്ചു? പല കാരണങ്ങളുണ്ടാവാം, അതിന്ന്. എങ്കിലും സർവ്വപ്രധാനമായതു ചൈനയാണെന്നു തോന്നുന്നു. ചൈനയോടിടപെടുന്നതിൽ ക്രൂഷ്ചോവ് സ്വീകരിച്ച സമീപനസമ്പ്രദായം അദ്ദേഹത്തിന്റെ സ്വഭാവദാർഢ്യത്തിനും വികാരവശഗതയ്ക്കും തെളിവാണ്. ക്രൂഷ്ചോവിൻെറ മുഖ്യകാർമ്മികത്വത്തിൽ നടന്ന ഇരുപതാംകോൺഗ്രസ്സിൽവച്ച് മാർക്സിസത്തിൻെറ അടിസ്ഥാനതത്വങ്ങളിൽത്തന്നെ, അണുകയുഗത്തിൻെറ യാഥാർത്ഥ്യങ്ങൾക്കനുഗുണമാംവിധം ചില മാററങ്ങൾ വരുത്തുകയുണ്ടായി, യുദ്ധം അനിവാര്യമല്ലെന്നും, ആയിരുന്നുകൂടെന്നും, മാർക്സിസ്റ്റ്സിദ്ധാന്തങ്ങളെ മറികടന്നുകൊണ്ടു ക്രൂഷ്ചോവ് പുറപ്പെടുവിച്ച സർവ്വപ്രധാനമായ പ്രഖ്യാപനമുൾപ്പെടെയുള്ള അദ്ദേഹത്തിൻെറ എല്ലാ സിദ്ധാന്തങ്ങളെയും, ശക്തമായും, നിരന്തരമായും,

അടുത്തകാലത്തായിട്ടു പൈശാചികമായ ക്രൂരതയോടുകൂടിയും എതിർത്തുകൊണ്ടിരിക്കയാണു ചൈനാ. ഒരു നെല്ലിടപ്പോലു വിട്ടുകൊടുക്കാൻ കൂട്ടാക്കിയിരുന്നില്ല, ക്രൂഷ്ചോവ്. ആദ്യമാദ്യം നേരിയൊരു മറപിടിച്ച് അപവാദ്യയായും യോഗ്യമായ ഭാഷയിലും ആരംഭിച്ചുനടന്നിരുന്ന ഈ വിവാദം, കുറേ കഴിഞ്ഞപ്പോൾ മറയൊക്കെ പിച്ചിച്ചീന്തിക്കൊണ്ടു രൂക്ഷഭാവത്തിൽ പ്രത്യക്ഷപ്പെട്ടു; ഏറെക്കഴിയുന്നതിനുമുമ്പുതന്നെ, വെറും പ്രത്യയശാസ്ത്രപരമായ ഒരുഭിപ്രായവ്യത്യാസം മാത്രമല്ലിതെന്നും, ചരിത്രപരവും, ഭൂമിശാസ്ത്രപരവും, രാഷ്ട്രീയവും, മനഃശാസ്ത്രപരവും വർഗ്ഗപരം പോലും ആയി ആഴത്തിൽ ചെന്ന വേരുകളുള്ള ഒരു അന്താസംസ്ഥാനമത്സരംതന്നെയാണെന്നും വ്യക്തമായി വന്നു. ചീനക്കു നില്ക്കാൻ രാശിയില്ലാതാക്കണമെന്നു ദൃഢനിശ്ചയംചെയ്തിരുന്ന ക്രൂഷ്ചോവ്, വിവിധ നാടുകളിലെ കമ്മ്യൂണിസ്റ്റ്കക്ഷികളുടെ ഒരു യോഗം വിളിച്ചുകൂട്ടി. അദ്ദേഹത്തിൻെറ ഹിതംപോലെ കാര്യങ്ങൾ നടന്നിരുന്നുവെങ്കിൽ ചൈനയെ ഒററപ്പെടുത്തുകയെന്നതായിരുന്നേനെ അതിൻെറ ഫലമായി സംഭവിക്കുക; ഒരു കാലത്തും നികത്താനാകാത്തവിധം കമ്മ്യൂണിസ്റ്റ്ലോകത്തിൽ പിളപ്പു സംഭവിക്കയുംചെയ്തേനെ. സാധാരണഗതിയിൽ സോവിയററ്സ്വാധീനതയ്ക്കു വശംവദരായിനില്ക്കുന്ന നാടുകളിലെ കമ്മ്യൂണിസ്റ്റ്പാർട്ടികൾക്കുപോലും,. ഇത്തരമൊരു സാദ്ധ്യതയിലേക്കു നയിക്കാനിടയുള്ള ഒരു നടപടിയെ അക്ഷോഭ്യതയോടെ സ്വീകരിക്കാനാവാത്ത ചിത്തചാഞ്ചല്യമനുഭവപ്പെട്ടു. ഇതായിരുന്നിരിക്കണം ക്രൂഷ്ചോവിൻെറ രാജിയിലേക്കു കാര്യങ്ങൾകൊണ്ടെത്തിച്ച മുഖ്യഘടകം.

ഇതൊക്കെയായാലും, ചൈനയോടോ ഇൻഡ്യയോടോ ലോകപ്രശ്നങ്ങളോടോ ഉള്ള സോവിയററ്റഷ്യയുടെ സമീപനത്തിന്നോ പൊതുനയത്തിന്നോ അടിസ്ഥാനപരമായ വല്ല മാററവും ഇതുകൊണ്ടു സംഭവിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. റഷ്യയും ചൈനയും തമ്മിലുള്ള വിരോധം അടുത്തകാലത്തെങ്ങും മാറാനും പോകുന്നില്ല. ക്രൂഷ്

ചോവിനെ വളഞ്ഞുപിടിച്ചു നിലംപററിക്കയും—ഒരുതരത്തിൽ അവക്ക്ങ്ങനെ അഭിമാനിക്കാം—ഒരണുകബോംബു പൊട്ടിക്കയും ചെയ്യതോടെ ചൈനാ ഒരുവേള, എന്നത്തെക്കാളും കൂടുതലായി സ്വയം സ്വഗ്ഗീയൗന്നത്യം സങ്കല്പിക്കുന്നുണ്ടാവണം; പക്ഷേ, ഭൗതികമോ സ്വഗ്ഗീയമോ ആയ വല്ല ശക്തിയുടെയും മുമ്പിൽ പാദപ്രണാമം ചെയ്യാനൊരുമ്പെടുന്ന ലോകത്തിലെ അവസാനത്തേ രാജ്യമായിരിക്കും റഷ്യ. വാസ്തവം പറഞ്ഞാൽ, കൂടുതൽ സ്വഗ്ഗീയഭാവം കാണിക്കുന്ന രാഷ്ട്രങ്ങളോടും സംസ്ഥാനങ്ങളോടും കൂടുതൽ വെറുപ്പാണു റഷ്യയ്ക്കു്. സഹവത്തനസിദ്ധാന്തത്തെ ആവേശത്തോടെ പ്രചരിപ്പിച്ചിരുന്ന ക്രൂഷ്ചോവിൻെറ പിൻഗാമികൾ ചൈനയുമായി യോജിപ്പിലെത്താനുള്ള ശ്രമത്തിൽ സമാധാനപൂർണ്ണമായ സഹവത്തിത്വമെന്ന നയം കൈവെടിഞ്ഞേക്കുമെന്നു പാശ്ചാത്യലോകം ഭയപ്പെടേണ്ടതില്ല. ഇൻഡ്യയോടുള്ള സോവിയററ് യൂണിയൻെറ സൗഹാർദ്ദത്തിനും ഭംഗമുണ്ടാകുമെന്നു ഭയപ്പെടാൻ കാരണമില്ല; അതു പലവിധത്തിൽ തെളിയിച്ചുകഴിഞ്ഞിരിക്കുന്നതാണും. ഇന്നത്തെ റഷ്യൻഭരണമണ്ഡലത്തിൽ ഉയന്ന സ്ഥാനങ്ങളലങ്കരിക്കുന്ന മിക്കോയാൻ, കോസിജിൻ, ബ്രഷ്നേവ് എന്നിവരും ക്രൂഷ്ചോവിനെപ്പോലെതന്നെ നല്ല യാഥാത്ഥ്യബോധമുള്ളവരാണു്. തന്നെയല്ല, അവക്കു പെരുമാററത്തിൽ കൂടുതൽ അന്തസ്സും, പാകതയുമുണ്ടുതാനും. ജവഹർലാൽ നെഹ്റു കരുപ്പിടിച്ച വിദേശനയത്തിൻെറ വിശാലതത്വങ്ങൾ നാം കൈവിടാത്തിടത്തോളംകാലം, അവരുടെ സൗഹൃദം തുടന്നുകൊണ്ടിരിക്കുമെന്നു് ഇൻഡ്യയ്ക്കു് ഉറപ്പായി വിശ്വസിക്കാം.

സ്റ്റാലിൻ മരിച്ചതിനെത്തുടർന്നെടുത്ത തീരുമാനങ്ങളിലൊന്നു്, വ്യക്തിപൂജാസിദ്ധാന്തത്തെ തകക്കുകയും പ്രധാനമന്ത്രിസ്ഥാനവും പാട്ടിയുടെ ഒന്നാംസെക്രട്ടറിസ്ഥാനവും ഒരേയാൾ കൊണ്ടുനടക്കുന്ന സമ്പ്രദായം അവസാനിപ്പിക്കയുംവേണമെന്നുള്ളതായിരുന്നു എന്നോമ്മിക്കണം. പക്ഷേ, ബുൾഗാനിനെ സ്ഥാനഭ്രഷ്ടനാക്കിക്കൊണ്ടു് പാട്ടിയുടെ ഒന്നാംസെക്രട്ടറിസ്ഥാനം വഹിച്ചിരുന്ന ക്രൂഷ്ചോവ്

1958–ൽ പ്രധാനമന്ത്രിയായിക്കൂടെ അവരോധിക്കപ്പെട്ടു. അന്നത്തെ എൻെറ ഡയറിക്കുറിപ്പ് 'ദി ഫ്ളയിംഗ് ട്രോയിക്ക' എന്ന എന്റെ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. അന്നു ഞാൻ എഴുതിയിരിക്കയാണു്: ''ഏകകക്ഷിഏകാധിപത്യം എപ്പോഴും ഒരു വ്യക്തിയുടെ ഏകാധിപത്യത്തിൽ ചെന്നു പരിണമിക്കുന്ന പ്രക്രിയ അനിവാര്യമാക്കിത്തീക്കുന്ന എന്തോ ഒരു പ്രത്യേകത ഈ രാജ്യത്തിൻെറ യന്ത്രസംവിധാനത്തിൽ അന്തർഭവിച്ചിട്ടുണ്ടെന്നു തോന്നുന്നു.''

പക്ഷേ, ക്രൂഷ്ചോവ് ഒരേകാധിപതിയായി പരിണമിക്കുന്നതു് അസാദ്ധ്യമാക്കിത്തീക്കുന്നതെന്നു ഞാൻ സങ്കല്പിച്ചിരുന്ന ചില ഘടകങ്ങളെപ്പററി ഞാൻ തുടന്നു പരാമശിച്ചിരുന്നു. ഈ ഘടകങ്ങരം സജീവമായി പ്രവത്തിച്ചു; ക്രൂഷ്ചോവ് ഏകാധിപത്യത്തിലെത്തിയതുമില്ല. എത്ര അനായാസമായാണു് അദ്ദേഹത്തെ അധികാരത്തിൽ നിന്നു നീക്കിയതു് എന്ന ഒരു കാര്യംമാത്രം ശ്രദ്ധിച്ചാൽ അറിയാവുന്നതേയുള്ളു, അദ്ദേഹം ഏകാധിപതിയായിരുന്നില്ലെന്നു്. ക്രൂഷ്ചോവിന്റെ മാർഗ്ഗദർശനമനുസരിച്ചു പാർട്ടിയുടെ കേന്ദ്രസമിതി ഫലപ്രദമായി പ്രവത്തിക്കുന്ന ഒരു സുശക്തഘടകമായിത്തീന്നിട്ടുണ്ടെന്നും, ക്രൂഷ്ചോവ് ഉൽക്കടമായി അഭിലഷിച്ചിരുന്നപോലെ ''പാർട്ടിക്കുള്ളിലെ ആഭ്യന്തരജനാധിപത്യവ്യവസ്ഥിതി'' നടപ്പിലായിട്ടുണ്ടെന്നുമാണു് ഇതു തെളിയിക്കുന്നതു്.

ഒന്നാം സെക്രട്ടറിയുടെ പദവിയും പ്രധാനമന്ത്രിസ്ഥാനവും ഒരാളിൽത്തന്നെ വന്നുചേന്നിട്ടും അതിന്നു് ഏകാധിപത്യത്തിൻെറ ഛായയുണ്ടായില്ലെങ്കിലും, സ്വാഭാവികമായി അതു് ഒററവ്യക്തിയുടെ––ക്രൂഷ്ചോവിന്റെ––പരമാധികാരത്തിന്നു വഴിതെളിച്ചു. ഇതൊഴിവാക്കാൻ അദ്ദേഹത്തിന്നു കഴിയുമായിരുന്നില്ല; ഇതു വച്ചുപൊറുപ്പിക്കാൻ പാർട്ടിക്കും കഴിയുമായിരുന്നില്ല.

ക്രൂഷ്ചോവിൻെറ സർവ്വസമ്മതമായ നേതൃത്വത്തെപ്പററി പാർട്ടിക്കു സന്തോഷവും സംതൃപ്തിയും മാത്രമല്ല അഭിമാനവും ഉള്ളതായി തോന്നിയിരുന്നു. 1959 ഏപ്രിൽ മാസത്തിൽ അദ്ദേഹത്തിൻെറ 65–ാംജന്മദിനമാഘോഷി

കുന്നവേളയിൽ ''നമ്മുടെ കാരണവരായ സഖാവ്'' എന്നു വാഴ്ത്തിക്കൊണ്ടു് ക്രൂഷ്ചോവിൻെറ ഗുണഗണങ്ങളെ മുക്തകണ്ഠം പ്രകീർത്തിക്കവേ, ''കമ്മ്യൂണിസത്തെ ലോകത്തിലൊട്ടാകെ വിജയിപ്പിക്കുന്നതിനും സമാധാനം കൈവരുത്തുന്നതിനുംവേണ്ടി അക്ഷീണപരിശ്രമം നടത്തുന്ന വ്യക്തി'', ''ക്ഷീണിക്കാത്ത മനീഷയും വമ്പിച്ച അനുഭവജ്ഞാനവും നല്ല വിവേകവും ധീരമായി മുൻകൈയെടുത്തു പ്രവർത്തിക്കാൻ കഴിവുമുള്ള മേധാശാലി'', ''തൊഴിലാളികളുടെ സർവ്വതോമുഖമായ ക്ഷേമത്തെ ലക്ഷ്യമാക്കിക്കൊണ്ടു സമൂലപരിഷ്കരണങ്ങളേർപ്പെടുത്തിയ നേതാവ്'', വിദൂരവീക്ഷണയുക്തവും ആയാമ്യവും തത്വാധിഷ്ഠിതവുമായ ഒരു വിദേശനയം സോവിയററ്യൂണിയനുവേണ്ടി സംവിധാനംചെയ്തു്, അതു പ്രയോഗത്തിൽ വരുത്താൻവേണ്ടി തൻെറ കർമ്മകൗശലവും ബുദ്ധിശക്തിയും വിനിയോഗിച്ചുകൊണ്ടിരിക്കുന്ന മനുഷ്യൻ'', ''മാർക്സിസം, ലെനിനിസം എന്നീ സിദ്ധാന്തസംഹിതകളെ രചനാത്മകമാംവിധം സമ്പന്നമാക്കിയ വ്യക്തി'' എന്നൊക്കെയാണു് പ്രസ്താവിച്ചിട്ടുള്ളതു്.

വീണുപോയ ഒരു വിഗ്രഹം പിന്നെ പൂജിക്കപ്പെടാറില്ല. അങ്ങനെയുള്ളയാരം, വിശ്വാസഘാതകനോ അവിശ്വാസിയോ എന്ന നിലയിൽ ശാപത്തിനും ശകാരത്തിനും വിഷയമാകുന്നതാണു് സോവിയറ്റ്യൂണിയനിലെ പതിവു്. പക്ഷേ, ക്രൂഷ്ചോവിൻെറനേരേ അത്ര വലിയതോതിൽ ആക്രമണമഴിച്ചുവിടപ്പെട്ടില്ല. അദ്ദേഹത്തെപ്പററിയുണ്ടായ ആക്ഷേപങ്ങളിൽ ഏറ്റവും രൂക്ഷമായതു 'പ്രാവ്ദാ'യിലാണു പ്രത്യക്ഷപ്പെട്ടതു്. അതിൽത്തന്നെയും അദ്ദേഹത്തിൻെറ പേരെടുത്തുപറയാതെ, ഗവൺമെൻറാകട്ടെ പാർട്ടിയാകട്ടെ ''മണ്ടൻപദ്ധതികളുണ്ടാക്കുകയോ, (hare-brained scheming) അപക്വമായ നിഗമനങ്ങളംഗീകരിക്കുകയോ, ആലോചനാശൂന്യമായ തീരുമാനങ്ങളെടുക്കുകയോ. പൊങ്ങച്ചം പറയുകയോ, വായാടിത്തം പ്രകടിപ്പിക്കയോ, ദുരധികാരപ്രവണത കാട്ടുകയോ (commandism)'' ഒന്നും ചെയ്തുകൂടെന്ന ആക്ഷേപസൂചന പരോക്ഷമായി നടത്തിയിട്ടേയുള്ളു.

'Commandism', 'hare--brained scheming' തുടങ്ങിയ വിശേഷപ്പെട്ട പദപ്രയോഗങ്ങൾക്കൊന്നും ഷേക്സ്പിയർ മുതിർന്നിട്ടില്ലെങ്കിലും സാധാരണക്കാർക്കു മനസ്സിലാകുന്ന ഭാഷയിൽ മനുഷ്യന്റെ ദുർന്നിവാരമായ വിധിയെപ്പററി ഹൃദയസ്പൃശിയാംവിധം പാടിയിട്ടുണ്ടു്:

''നാടകം മോശം, നടനുമതേവിധം,
രംഗം തകർത്തവനാടിയൊപ്പിച്ചുകൊ–
ണ്ടെങ്ങോ മറഞ്ഞു, മറവിയിലാണ്ടു പോയ്,
ഏതോ മടയൻ ചമച്ചോരു നാടകം,
ഏറ്റും കഥയില്ല, ശബ്ദമുഖരിതം.''

എങ്കിലും ക്രൂഷ്ചോവിനെ ഒരു മോശപ്പെട്ട നടനെന്നോ, അദ്ദേഹത്തിന്റെ കഥ ഒരു മടയൻ പറഞ്ഞ കഥയെന്നോ കരുതാൻ ചരിത്രം കൂട്ടാക്കുകയില്ല. ആ കഥയിലും അഭിനയത്തിലും ശബ്ദകോലാഹലവും ആടിത്തകർക്കലുമൊക്കെയുണ്ടായിരുന്നു എന്നതു വാസ്തവം; പക്ഷേ, സോവിയററ്യൂണിയനും ലോകത്തിനും വളരെ പ്രധാനമായിരുന്നു അതൊക്കെ. ലോകം അണുകയുഗത്തിലേക്കു കാൽകുത്തിയ മുഹൂർത്തത്തിൽ കർമ്മകുശലതയും ധീരതയും വിദൂരവീക്ഷണചാതുരിയുമുള്ള ക്രൂഷ്ചോവിനെപ്പോലൊരാൾ സോവിയററ്യൂണിയന്റെ വിധി നിർണ്ണയിക്കുന്നസ്ഥാനത്തിരുന്നു കാര്യങ്ങൾ നിയന്ത്രിക്കാനിടയായതു ഭാഗ്യമായിപ്പോയി. അദ്ദേഹം രംഗത്തുനിന്നു നിഷ്ക്രമിക്കയും ജെ. എഫ്. കെന്നെഡി കൊല്ലപ്പെടുകയും നമ്മുടെ ജവഹർലാൽ നെഹ്റു നിര്യാതനാവുകയും ചെയ്തതിൽവച്ചു് ലോകം ഏറെ ദരിദ്രമായിപ്പോയിരിക്കുന്നു. എങ്കിലും, അവരവശേഷിപ്പിച്ചുപോയ പൈതൃകത്തെപ്പററിയോർക്കുമ്പോൾ—തങ്ങളുടെയും നാഗരികതയുടെയൊട്ടാകെത്തന്നെയും സമ്പൂർണ്ണനാശം വരിക്കാൻ ... ാതെ അനന്തരഗാമികൾക്കു് അവ ... റത്തായ പൈതൃകമാണതു്—അവ ... കൊണ്ടു ദരിദ്രമെങ്കിലും, അതേസമ ... ിക്കുന്നു ലോകം, എന്നുകൂടെ പറയ...

MUL
249669
249669
53342
U8:1:N6
32K6.2
UNIVERSITY LIBRARY
20 APR 1967